1
നാരായണ മേനോൻ വള്ളത്തോൾ

കാവ്യമഞ്ജൂഷ

POORNA

വള്ളത്തോൾ

Digitized By Kerala Sahitya Akademi

കാവ്യമഞ്ജുഷ

Digitized By Kerala Sahitya Akademi

title
KAVYAMANJUSHA
poetry
O
author
VALLATHOL NARAYANA MENON
O
language
MALAYALAM
POORNA FIRST EDITION DEC. 1994
O
Price
RUPEES TWENTY TWO
RIGHTS VASANTHI MENON
O
Cover :
PRADEEP
O
Printing
G. N. K. PRESS
O
Publishers :
POORNA PUBLICATIONS
TBS BUILDING G. H. ROAD, CALICUT-1.

POORNA

1314 (12-94) 53. I. A. ISBN. 81-7180-413-6.

Digitized By Kerala Sahitya Akademi

വള്ളത്തോൾ

കാവ്യമഞ്ജുഷ

കവിതകൾ

വില

22-00

പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

Digitized By Kerala Sahitya Akademi

ഉള്ളടക്കം

വള്ളത്തോൾ കവിതയിലേയ്ക്ക്...

1 പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി

2 സത്യഗാഥ

3 കോഴി

4 പുരാണങ്ങൾ

5 ഉണ്ണാനില്ല, ഉടുപ്പാനില്ല

6 നിത്യകന്യക

7 ഇരുളിൽനിന്ന്

8 പാംസുസ്നാനം

9 പനിനീർപ്പൂവും പൈതലും

10 കൊച്ചുസീത

11 കൊച്ചുസീത: ഒരു പഠനം

Digitized By Kerala Sahitya Akademi

വള്ളത്തോൾ കവിതയിലേയ്ക്ക്......

മഹാകവി വള്ളത്തോളിന് മലയാളഭാഷയുടെ നേരെ ഒരു കാമുകന്റെ മനോഭാവമാണുള്ളത്. അഭിജാതനും, അഭികാമ്യനും, ആത്മധീരനും ആയ ത്രിവിക്രമകുമാരനെപ്പോലെ അദ്ദേഹം അവളുടെ അരികിലേക്ക് കടന്നുചെല്ലുന്ന കാഴ്ച കാണേണ്ടതാണ് — ഏതാണ്ട് ഇങ്ങിനെ ഒരഭിപ്രായം ഡോക്ടർ കെ. ഭാസ്കരൻനായർ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. വള്ളത്തോൾ കവിതയുടെ സൗന്ദര്യം കോരിക്കുടിച്ച ഒരു സഹൃദയന്റെ ഉള്ളിൽ തട്ടിയ അഭിപ്രായപ്രകടനം ആണ് ഇത്. ശീലിലും ശൈലിയിലും വെണ്മണി പ്പാരമ്പര്യത്തിൽ പൊട്ടിവിടർന്ന ആ കാവ്യജീവിതത്തെ വ്യതിരിക്തമാക്കിയ നിർണ്ണായകഘടകം ഇവിടെ സൂചിതമായ ആ ആഭിജാത്യംതന്നെ ആണ്. കാളിദാസ കവിതയുടേയും, രാമായണത്തിന്റേയും തിരുമുററങ്ങളിൽ കച്ചകെട്ടി ചൊല്ലിയാടിക്കഴിഞ്ഞപ്പോൾ വള്ളത്തോൾകവിത അഭിജാതസൗന്ദര്യത്തിന്റെ മൂർത്തിമദ്ഭാവമായി. രചനയുടെ ചാരുതയിൽ ഇത്ര സൂക്ഷ്മദൃക്കായ മറെറാരു കവി നമുക്കില്ലതാനും. അതുകൊണ്ടു തന്നെ വള്ളത്തോൾകവിതയെപ്പററി എന്തെങ്കിലും അഭിപ്രായം പറയുവാൻ, ഒരു കാവ്യാസ്വാദകൻ എന്ന നിലയിൽ എനിക്കു ഭയം തോന്നുന്നു. സ്വാഭാവികമായും ഒന്നേ ഇവിടെ ചെയ്യുവാനുള്ളൂ — പ്രത്യേകിച്ചും ഈ തിരഞ്ഞെടുത്ത കവിതകൾ, മഹാകവിയുടെ കാവ്യലോകത്തിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ വിദ്യാർത്ഥികൾക്ക് ഉള്ളതാവുമ്പോൾ നമ്മുടെ ലബ്ധപ്രതിഷ്ഠരായ നിരൂപകർ വള്ളത്തോൾ കവിതയുടെ അടിസ്ഥാനസ്വഭാവങ്ങളായി കണ്ടെത്തിയിട്ടുള്ള സത്യങ്ങൾ ഈ കവിതകളിൽ എത്രത്തോളം ഒക്കെ നിഴലിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കുക.

Digitized By Kerala Sahitya Akademi

മഹാകവി സ്വന്തം മണ്ണിൽ സ്വർണ്ണം വിളയിച്ചിരുന്ന കാലത്ത് ഇന്ത്യയുടെ ദേശീയബോധം ഒരു ജൈവശക്തിയായി നമ്മുടെ സാംസ്കാരികമണ്ഡലത്തിൽ അലകാം സൃഷ്ടിച്ചിരുന്നു. വൈദേശികാധിപത്യത്തിന്റെ കാരക്കോലിൻ കീഴിൽനിന്നും മോചനം നേടാനുള്ള തീവ്രവും യാതനാനിർഭരവും ആയ സമരത്തിന്റെ ഒരു മുഖം, പ്രാചീനഭാരതത്തിന്റെ അന്തസ്സിലും അന്തസ്സത്തയിലും അഭിമാനംകൊള്ളുക എന്നതായിരുന്നു. ഒരർത്ഥത്തിൽ ഇന്ത്യയെ കണ്ടെത്തൽതന്നെ. ബ്രിട്ടീഷ് ആധിപത്യത്തോട് അസഹിഷ്ണുത പ്രദർശിപ്പിക്കുക, വൈദേശികസംസ്കാരത്തെ പരിഷ്കൃതിയുടേയും പുരോഗതിയുടേയും അവസാന വാക്കായി അംഗീകരിക്കാതിരിക്കുക എന്നിങ്ങനെ പല മുഖങ്ങളുണ്ട് ആർഷസംസ്കാര പ്രകീർത്തനത്തിന്. ത്യാഗം നേട്ടവും, താഴ്മ അഭ്യുന്നതിയും ആയി കണ്ട ആ സംസ്കാരം വള്ളത്തോളിന് എന്നും ആവേശമായിരുന്നു. ഭൗതികശക്തികളെയും, ലോകസുഖത്തെയും നിഷേധിക്കുന്നിടത്തോളം ഈ അഭിമാനം വളരാതെ കർമ്മനിരതവും ധ്യാനധന്യവും ആയ ഒരു ജീവിതദർശനമാക്കി മാററി മഹാകവി ഈ മനോഭാവത്തെ. കർമ്മയോഗത്തിന്റെ മാർഗ്ഗവും അതുതന്നെ ആയിരുന്നു. ഭാരതീയസംസ്കാരത്തിൽ കളങ്കം ചാർത്തുന്ന ജാതിസമ്പ്രദായത്തിനെതിരെ ഒട്ടേറെ കവിതകറം മഹാകവി എഴുതിയിട്ടുണ്ടല്ലോ. ഭാരതവർഷത്തിലെ പൂർവ്വരായ ഋഷീന്ദ്രൻമാരെ, പാരിനുള്ളടിക്കല്ലു പാർത്തുകണ്ടറിഞ്ഞവർ എന്നാണ് അദ്ദേഹം വിശേഷിപ്പിക്കുന്നത്. ഋഷിപ്രോക്തങ്ങളായ കൃതികളെക്കുറിച്ച് വർണ്ണിക്കുമ്പോറം കവി അഭിമാന വിജൃംഭിതനായി, വാചാലനാകുന്നത് കാണാം. ലോലചാമരയായ രാജലക്ഷ്മി, പർണ്ണശാലയുടെ മുററമടിക്കുന്ന നാടിനെപ്പററി അദ്ദേഹത്തിന് അഭിമാനമായിരുന്നു.

ജാതിപരമായ ഉച്ചനീചത്വത്തിനെതിരെ ധാർമ്മികരോഷംകൊണ്ട മഹാകവിയുടെ പ്രസിദ്ധ കൃതിയായ

Digitized By Kerala Sahitya Akademi

'പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി' ജാത്യാചാരങ്ങളെ മാനിക്കുന്നതല്ലേ, എന്ന ചോദ്യം കേട്ടിട്ടുണ്ട്. ആശാന്റെ ദുരവസ്ഥയും ആയി ഇതിലെ പ്രമേയം താരതമ്യപ്പെടുത്തുമ്പോൾ, ഉപരിപ്ലവമായ വായനയിൽ അങ്ങിനെ തോന്നുകയും ചെയ്യാം. ദുരവസ്ഥയിൽ അന്തണ-ചണ്ഡാല സംസർഗ്ഗത്തിന് കളമൊരുക്കിയതിന്റെ ക്രെഡിററ്, മാപ്പിളലഹളക്കാണ് എന്ന കാര്യം കാണാതെ പോവുന്നതും, പട്ടിൽ പൊതിഞ്ഞ തീക്കൊള്ളിയിൽ വള്ളത്തോൾ ഗർഹണീയമായിക്കണ്ടത് വ്യഭിചാരം ആണ് എന്ന് മനസ്സിലാക്കാതിരിക്കുന്നതും ആണ് ഈ ധാരണയ്ക്കിടംകൊടുക്കുന്നത് എന്നു മാത്രം സൂചിപ്പിക്കട്ടെ.

പ്രകൃതി മഹാകവിക്ക് എന്നും ഈശ്വരന്റെ കാരുണ്യമായിരുന്നു. അതിന്റെ മനോഹാരിതക്കു മുന്നിൽ നമ്രശിരസ്കനായി നില്ക്കുന്നതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കവിമനസ്സ് തൃപ്തമായി. പ്രകൃതിയുടെ നിഗൂഢരഹസ്യങ്ങൾ ആരായുന്നതിൽ അദ്ദേഹത്തിന് താല്പര്യമില്ല. പ്രകൃതിയെ ഈശ്വരനായി കാണുന്ന അദ്വൈതമല്ല, പ്രകൃതിയെ ഈശ്വരന്റെ മനോജ്ഞ സൃഷ്ടിയായി കരുതുന്ന ദ്വൈതമാണ് വള്ളത്തോളിനെ ആകർഷിച്ചത്. 'കൊണ്ടൽത്തലപ്പാവും വൃക്ഷലതാദികൾകൊണ്ടുള്ളുടുപ്പുമായ്' നില്ക്കുന്ന പർവ്വതങ്ങൾ, മിന്നലാകുന്ന പള്ളിവാൾ, മേഘമാകുന്ന തേര്, ഇടിനാദമാകുന്ന പടഹം, നറുനിലാവാകുന്ന വാത്സല്യധാര,—പ്രകൃതി അതിന്റെ ഭീകരവും സുന്ദരവും ആയ ദൃശ്യങ്ങൾ കവിയുടെ മുന്നിൽ വാരിവിതറുന്നു. ഇവയ്ക്കു പിന്നിൽ കുടികൊള്ളുന്ന സനാതനശക്തിയുടെ പൊരുൾ അറിഞ്ഞുകളയാം എന്ന സാഹങ്കാരമായ മുഗ്ദ്ധമോഹം ഈ കവിക്കില്ല. 'നിൻ തൃക്കൊടിക്കൂറ തൻ തണലൊന്നൊഴിഞ്ഞെന്തുള്ളൂ നിർവ്വാണസ്ഥാനം വേറെ; ഈടുററ നിൻ തൃക്കാലാകും കിരീടത്തെ ചൂടുന്ന താരവനാണരചൻ' എന്ന വിനയാന്വിതനായ ഭക്തനായ് പ്രത്യക്ഷപ്പെടാനാണ് മഹാകവിക്ക്

Digitized By Kerala Sahitya Akademi

ഇഷ്ടം. "ഇപ്പടി നൂറുനൂറായിരം ഹർമ്മ്യങ്ങൾ എപ്പൊഴും പുത്തനായ് വച്ചുപോററി, ഒപ്പം അതുകളിലൊക്കെ വിളങ്ങിടുന്ന" പരാശക്തിയെ കൂപ്പുന്നതിലധികം മനുഷ്യന് മനസ്സമാധാനത്തിന് മറെറന്തു മാർഗ്ഗം.

സൗന്ദര്യം . ഈശ്വരൻെറ കൈയക്ഷരമാണ് എന്നൊരു ചൊല്ലുണ്ട്. മഹാകവി അക്ഷരാർത്ഥത്തിൽ അതു വിശ്വസിച്ചു—കല സൗന്ദര്യമാണ് എന്നും. സന്മാർഗ്ഗംപോലും, കലയ്ക്കു താഴെ ആണ് എന്ന തൻെറ വിശ്വാസം ഉറക്കെപ്പറഞ്ഞ് അല്പം ബഹളം ഒരിക്കൽ അദ്ദേഹം ഉണ്ടാക്കിയിട്ടുണ്ടല്ലോ. മാനഞ്ചും മിഴിയാളുടെ മനോരമണനിൽ ചായുന്ന കൺകോണിൽ മാത്രമല്ല, താറാവിൻെറ നടപ്പിലും തടിയനാം പോർക്കിൻ കിടപ്പിങ്കലും കവിത കണ്ട വള്ളത്തോളിന്, അരിപ്പിറാവിലും കോഴിയിലും പ്രകൃതി വാരിക്കോരി വിന്യസിച്ച ഭംഗിക്കു നേരെ അന്ധനാകുവാൻ ആവില്ല. 'കിഞ്ചിതോന്നമിതമാം കഴുത്തും', 'ചഞ്ചലാക്ഷി പുട വീക്ഷണവും', തങ്കവർണ്ണത്തിലുള്ള കൊക്കും. 'അനാതങ്കമുജ്ജ്വലതരമായ വിലോചനവും', മയിൽപ്പീലിപോലുള്ള അങ്കവാലും, സുവിചിത്രപത്രവും ചേർന്ന, ഈ വീട്ടുപക്ഷിയെ കവി വരച്ചു കാണിക്കുമ്പോൾ, അദ്ദേഹത്തോടൊപ്പം, കാളിദാസ പാരമ്പര്യം ഉൾക്കൊള്ളുന്ന സഹൃദയനും ചോദിക്കും, 'ചന്തമേററമിയലുന്നൊരാകൃതിക്കെന്തലങ്കരണമായ് ചമഞ്ഞിടാ?' എന്ന്. ഒരരിപ്പിറാവിൽ മഴവില്ലു പിഴിഞ്ഞെടുത്ത സൗന്ദര്യം കണ്ട കണ്ണാണല്ലോ മഹാകവിയുടേത്.

ജീവിതത്തിൻെറ പ്രസന്നമുഖം കാണാൻ ആഗ്രഹിച്ച കവിയാണ് വള്ളത്തോൾ. വള്ളത്തോൾ മരണഭീരുവാണ് എന്നു പറഞ്ഞ നിരൂപകനോട്, മരണഭീരു എന്നാൽ ജീവിതധീരൻ എന്നാണർത്ഥമെന്നും, അതുകൊണ്ട് ആ വിശേഷണം ഒരു ബഹുമതിയാണ് എന്നും തിരിച്ചടിക്കുവാനുള്ള നർമ്മബോധം അദ്ദേഹം കാണിച്ചു. ഈ പ്രസന്നതയ്ക്ക് ദുസ്സഹമാണ് ദാരിദ്ര്യം. സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ വള്ളത്തോൾ

Digitized By Kerala Sahitya Akademi

ദേശീയസ്വാതന്ത്ര്യംകൊണ്ട് അർത്ഥമാക്കിയത് ദാരിദ്ര്യത്തിൽനിന്നുള്ള മോചനംകൂടി ആയിരുന്നു. ഇന്ത്യയിൽ ഒരു കുട്ടി ഭക്ഷണമില്ലാത്തതുകൊണ്ട് പട്ടിണി കിടക്കേണ്ടി വന്നാൽ, ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടി എന്നു താൻ വിശ്വസിക്കുകയില്ല എന്നു പറഞ്ഞ ഗാന്ധിജി ആയിരുന്നല്ലോ വള്ളത്തോളിന്റെ ഗുരുനാഥൻ. ലോകത്തിൽ മരണം സർവ്വസാധാരണമാണ്, എന്നാൽ വിശപ്പിൽ ദഹിക്കൽ, ഐക്യക്ഷയത്താൽ അടിമശ്ശവങ്ങൾ അടിഞ്ഞുകൂടുന്നത് ഈ ചുടുകാട്ടിൽ, പരതന്ത്രയായ ഇന്ത്യയിൽ മാത്രമാണ് എന്നദ്ദേഹം പറഞ്ഞു. ഉണ്ണാനില്ല ഉടുപ്പാനില്ല എന്ന കവിതയിൽ ദാരിദ്ര്യവും അഭിമാനവും തമ്മിലുള്ള ഏറ്റുമുട്ടലിൽ ജീവിതം ഒടുക്കേണ്ടി വന്ന ഒരു സാധ്വിയുടെ കഥയാണല്ലോ അദ്ദേഹം പറയുന്നത്. പീരങ്കി വമിച്ച ധൂമം പൂരിച്ച യൂറോപ്പിന്റെ വാനിനെക്കാൾ, ദാരിദ്ര്യതപ്തശ്വസിതോദ്ഗമത്താൽ ഇരുണ്ട ഭാരതാഭ്രത്തെപ്പററി വേദനയോടെ ആണ് കവി പറയുന്നത്. നിത്യകന്യകയുടെ പശ്ചാത്തലത്തിലും കാളിമ പുരട്ടുന്നുണ്ട് ഈ മനുഷ്യസൃഷ്ടമായ ദാരിദ്ര്യം.

വാക്ചിത്രങ്ങളാണ് വള്ളത്തോറം കവിതയുടെ നാടകീയതയിലെ ഒരു മുഖ്യഘടകം. വള്ളത്തോളിന്റെ കഥാപാത്രങ്ങളുടെ നേരെ നിന്നാൽ അവർ നടന്നുവന്ന് മേക്കിട്ടുകയറും എന്ന് മുണ്ടശ്ശേരി സൂചിപ്പിച്ചത് സത്യമാണ്. ചിന്താവിഷ്ടയായ ഉഷ, ഉദ്ധതനായ പരശുരാമൻ, ക്രുദ്ധയായ പാർവ്വതി, ശാലീനയായ കൊച്ചുസീത, ഭക്തനായ പൂന്താനം—തൂലികാചിത്രങ്ങളുടെ ഒരു വൻനിരതന്നെ മഹാകവി വരച്ചുവച്ചിട്ടുണ്ട്. ഇതു കേൾക്കൂ എന്നദ്ദേഹം പറയാറില്ല; പറയാറുള്ളത് ഇതു കാണൂ എന്നാണ്.

'മേലാകവേ ചെള്ളിളകിക്കിതപ്പിൽ
സ്ഥൂലാസ്ഥി പാർശ്വങ്ങളുയർന്നു താണും
കോലായിലേതാണ്ടു നമസ്കരിച്ച
പോലായ് കിടപ്പുണ്ടൊരു സാരമേയം

Digitized By Kerala Sahitya Akademi

അന്നായ മുൻകാലിണ നീട്ടിവച്ചു
നന്നായതിൽച്ചായ്ച്ച ശിരസ്സുയർത്തി
വന്നാളെ വാർദ്ധക്യ വിവർണ്ണ ദൃക്കാ-
ലൊന്നാകുലം നോക്കുക മാത്രമുണ്ടായ്''
എന്ന സരളമായ വാക്ചിത്രം നോക്കുക.

വശ്യവചസ്സായ കവിക്കുപോലും വഴങ്ങാത്ത ഭാവമാണ് വാത്സല്യം എന്നാണല്ലോ പറയാറുള്ളത്. അവ്യക്തവർണ്ണരമണീയ വചപ്രവൃത്തികളാർന്ന കുഞ്ഞിനെ വർണ്ണിക്കുമ്പോൾ കാളിദാസൻെറ തൂവൽത്തുമ്പിനുപോലും തെല്ലൊരു സംഭ്രാന്തി ഉണ്ടാവുന്നു എന്നത്രേ പണ്ഡിതമതം. ചെറുശ്ശേരി പലപ്പോഴും അക്ലിഷ്ട മനോഹരമായി സാധിച്ച ഈ കർമ്മം, അനായാസമായിത്തന്നെ വള്ളത്തോളും നിർവ്വഹിക്കുന്നു. പയ്യിനെ ചാലേ കറക്കുന്ന അമ്മയുടെ സമീപത്തു നില്ക്കുന്ന ഉണ്ണിക്കൃഷ്ണൻ, ഭൂലോകരംഗത്തേക്കു വേണ്ടുന്ന അച്ഛൻെറ കവിതപഗോഷ്ടി ആരും കാണാതിരിക്കാൻ കവിത കീറി കാററിൽ പറത്തുന്ന കുഞ്ഞിക്കൈകൾ, നാട്യങ്ങൾ ശീലിക്കുന്ന സീത, ബ്രഹ്മതേജസ്സിൻെറ കൂമ്പോടു ചേരുന്ന ക്ഷാത്രതേജസ്സിൻെറ കാമ്പ'—ഇവിടേയും രംഗങ്ങൾക്കും ചിത്രങ്ങൾക്കും പഞ്ഞമൊന്നുമില്ല. വൃദ്ധനായ അച്ഛൻെറ കൈകളിൽനിന്നും മാണിക്യക്കുഞ്ഞിയളുക്കുകളാകുന്ന പനിനീർപ്പൂക്കൾ വാരിയെടുത്ത് കവിളിൽ ആഹ്ലാദത്തിൻെറ പനിനീർപ്പൂ വിരിയിക്കുന്ന കുഞ്ഞിൻെറ ചിത്രം പനിനീർപ്പൂവും പൈതലും എന്ന കവിതയിൽ, മഹാകവി ആലേഖനം ചെയ്യുന്നുണ്ടല്ലോ,

'പൂവോ നീ ബാല്യമേ, ബാല്യമോ പൂവേ; നീ
കേവലമൊന്നിൻ പേരാകാം രണ്ടും' എന്ന കവിയുടെ കണ്ടെത്തൽ കേവലം ഭംഗിവാക്കാണ് എന്നു പറയാനാവില്ല. കുഞ്ഞിക്കൈകൊണ്ട് ഇലഞ്ഞിപ്പൂമാലയായി കോർത്തപ്പോൾ കുട്ടിക്ക് കൈവിരൽ നൊന്തുവോ, എന്ന് ആശങ്കിക്കുകയും, പാറയെക്കാളും കഠോരമായ പാമ്പിൻപത്തിയിൽ നൃത്തം ചവിട്ടിയപ്പോൾ

Digitized By Kerala Sahitya Akademi

കുരുന്നുകാലോമൽകുഞ്ഞിനു നോവുകില്ലേ എന്ന് ഉല്കണ്ഠിതനാവുകയും ചെയ്ത കവിയാണല്ലോ വള്ളത്തോൾ.

വള്ളത്തോൾ തന്റെ കഥകളുടെ പശ്ചാത്തലമായി പലപ്പോഴും കുടുംബങ്ങളെ പ്രതിഷ്ഠിക്കാനാണ് ശ്രദ്ധിച്ചിട്ടുള്ളത്. കുടുംബാന്തരീക്ഷം ഇത്ര ഹൃദ്യമായി ആവിഷ്കരിക്കുന്ന കവികൾ നമുക്ക് നന്നെ ചുരുക്കമാണ്. ഒരു ഭാവഗീതത്തിന്റെ കെട്ടുറപ്പിനിടയിലും, ഒരു കുടുംബത്തിന്റെ ഹൃദ്യചിത്രം ധ്വനിപ്പിക്കാനെങ്കിലും വള്ളത്തോളിന് താല്പര്യമുണ്ട്; വിരുതുണ്ട്. രാധയുടെ കൃതാർത്ഥതയിലും, ഒടുക്കത്തെ കുറിപ്പിലും ഒക്കെ ശ്രദ്ധിച്ചാൽ ഇതു കാണാം. അദ്ദേഹത്തിന്റെ കവിതയിൽ, മകളുടെ ദുഃഖത്തിനു മുന്നിൽ ഉള്ളുരുകുന്ന സാധാരണക്കാരനാവുന്നു കുംഭാണ്ഡൻ; മുത്തശ്ശന്റെ വാത്സല്യത്തിന്റെ പ്രതീകമാവുന്നു ബ്രഹ്മാണ്ഡ തപശ്ശക്ത്യാ വരുത്തി ബ്രഹ്മർഷി പദം വാങ്ങിയ വിശ്വാമിത്രൻ. വിദ്യാർപ്പണം പാത്രമറിഞ്ഞുവേണം എന്ന് ശിവനോട് തട്ടിക്കയറുന്ന പാർവ്വതി, കാലകാലനെ, ജ്വലിച്ച കൺകൊണ്ട് നോക്കുന്ന ക്ഷുഭിതയായ വീട്ടമ്മയാവുന്നു. നിനക്കു ഗർഭപ്രസവാദി പീഡയാൽ മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ എന്ന് ഗിരിജയെ സാന്ത്വനിപ്പിക്കുന്ന പ്രവാളനേർപ്പട്ടുടയാട പൂണ്ട രാധയാവട്ടെ നല്ല അയൽക്കാരിയായിത്തീരുന്നു. ഗണപതിക്കുറിപ്പായ ഖണ്ഡകാവ്യത്തിലെ ശീതളാചലകുമാരി, നവോഢയും തുഷ്ടി പൂണ്ടു കൊഴുത്ത ശരീരവും ആയി വീട്ടുമുററത്തെത്തിയ അരിപ്പിറാവിനോട്, 'തവഗേഹിനിയെങ്ങ്?' എന്നു മഹാകവി ചോദിക്കുന്നു. വിരുന്നുകാരൻ വരുമ്പോൾ, 'അല്ലാ ഒററക്കേ ഉള്ളൂ' എന്നു ചോദിക്കുന്ന ഗൃഹനാഥന്റെ സ്വരംതന്നെ ആണ് ഇവിടെ. സിദ്ധാർത്ഥനെപ്പററ ധരിത്രിയിലേക്ക്, വെടികൊണ്ട പക്ഷി വീണപ്പോൾ, കവി തേങ്ങുന്നത് അനാഥമായിത്തീർന്ന ഒരു കുടുംബത്തെ ഓർത്താണ്.

Digitized By Kerala Sahitya Akademi

'അകാലവൈധവ്യമണഞ്ഞൊരമ്മ പത്രം മുളയ്ക്കാത്ത കുറേ കിടാങ്ങൾ ഹേ ദുഷ്ടശിക്കാരി ഭവാനൊരുണ്ടകൊണ്ടീക്കുടുംബം മുഴുവൻ തുലച്ചൂ' എന്നാണല്ലോ അദ്ദേഹം കുറിച്ചത്. നിത്യകന്യകയിലും ഒരു കുടുംബകഥയാണ്, ഒരു ഗ്രാമീണന്റെ സഹതാപമുണർത്തുന്ന കഥയാണ് മഹാകവി വിവരിക്കുന്നത്.

ഔചിത്യമാണ് കാവ്യജീവൻ എന്ന പഴയ ചൊല്ലിന് വള്ളത്തോൾക്കവിതപോലെ മികച്ച ഉദാഹരണം മലയാളത്തിൽ അപൂർവ്വമാണ്. ഒരു വാക്കു പ്രയോഗിക്കുന്നതിനു പിന്നിൽ വള്ളത്തോളിന്റെ ഉന്മിഷത്തായ പ്രതിഭ മാത്രമല്ല, അപാരമായ വ്യുല്പത്തിയും, ക്ഷീണിക്കാത്ത അഭ്യാസബലവും പ്രകടമാണ്. ഔചിത്യത്തിന്റെ കുറെക്കൂടി തീക്ഷ്ണമായ ഭാവം ആണ് പ്രകരണശുദ്ധി എന്ന് അദ്ദേഹം തെളിയിക്കുന്നു. പകുതി പറഞ്ഞ ഒരു വാക്ക്, ഒരു സംബോധന, ഒരു വിശേഷണം— കാവ്യാന്തരീക്ഷത്തിൽ മനസ്സുചേർന്ന സഹൃദയന് ആ പദം മാററി മറെറാരു പര്യായം അവിടെ പ്രതിഷ്ഠിക്കുക അസാധ്യമാണ് എന്ന് വേഗം ബോധ്യപ്പെടും. ബാലയാം പ്രിയയിൽ നാണമാം തിരശ്ശീലകൊണ്ടു മറവാർന്ന കാമനെ വെളിപ്പെടുത്തുന്ന ശിവൻ, മഹാനടനാണ്. കിളിക്കൊഞ്ചലിലെ സീത ആരാമവൃത്താന്തമാണ് പറയുന്നത്— സീതയ്ക്ക് രാമവൃത്താന്തമല്ലാതെ എന്താണു പറയാൻ? രാധ. സംബോധന 'ആര്യപു—' എന്ന് അർദ്ധോക്തിയിലാണ് അവസാനിപ്പിച്ചത്.

ഹൈന്ദവപുരാണകഥകൾ കൈകാര്യം ചെയ്യുന്ന അതേ ഗൗരവത്തോടും, അനായാസതയോടുംകൂടി അദ്ദേഹം ക്രൈസ്തവ മാഹമ്മദ കഥകളും കൈകാര്യം ചെയ്യുന്നു. ദേശീയബോധത്തിന്റെ ആദ്യനാളുകളിൽ അതിന്റെ മുഖശ്രീ ആയിരുന്നല്ലോ മതസമന്വയം. മഗ്ദലനമറിയം വള്ളത്തോൾ തൊട്ടപ്പോഴാണ് അദ്ഭുതം ഒരിക്കൽ കൂടി സംഭവിച്ചത്—പച്ചവെള്ളം മുന്തിരിച്ചാറാവുന്ന അത്ഭുതം, അല്ലാഹ്, പാംസുസ്നാനം,

Digitized By Kerala Sahitya Akademi

ജാതകം തിരുത്തി തുടങ്ങിയ വിദിത കവിതകൾ, ഇത്തരം പ്രമേയങ്ങൾ കൈകാര്യം ചെയ്യുമ്പോഴും താനൊരു രാജശില്പിതന്നെ ആണ് എന്ന് വള്ളത്തോൾ പ്രഖ്യാപിക്കുന്നതിന്റെ തെളിവാണ്.

ക്ലാസിസിസത്തിന്റെ ആഭിജാത്യവും, കാല്പനികതയുടെ ശാലീനസൗന്ദര്യവും—ഇവയുടെ ചേർച്ച ഏതു പ്രതിഭാശാലിക്കും വെല്ലുവിളിതന്നെ ആണ്. അദൃഷ്ടപൂർവ്വമായ മട്ടിൽ വള്ളത്തോൾ ഇവ ഇണക്കിയിരിക്കുന്നു. 'വിഷ്ണുരമയ്ക്കു നിശയ്ക്കു ശശാങ്കൻ ഉമയ്ക്കുഹരൻ' എന്നു പറഞ്ഞപോലെ ഈ ചേർച്ച ഏതു കാവ്യാസ്വാദനകുതുകിക്കും അനർഘനിമിഷങ്ങൾ വാരിക്കോരികൊടുക്കുന്നു. വള്ളത്തോളിനെ കണ്ടെത്തുക, കാവ്യതീർത്ഥാടനത്തിലെ ധന്യമുഹൂർത്തമാണ് കാവ്യാനന്ദം ബ്രഹ്മാനന്ദസഹോദരമാണ് എന്നൊക്കെ പറയുന്നത് സത്യം മാത്രമാണ് എന്ന് വള്ളത്തോൾ തെളിയിക്കുന്നു.

വൃന്ദാവനം
കാലടി

എസ്. കെ. വസന്തൻ

Digitized By Kerala Sahitya Akademi

പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി

ചട്ടററ കർക്കടകമാസി കറുത്ത വാവാ-
ണൊ;ട്ടല്ല രാത്രിയുടെ തീവ്രഭയങ്കരത്വം;
'വെട്ടം' പ്രദേശമിതു തന്നുടെ പേരു പാഴാം-
മട്ടത്ര കൂരിരുളിലാണ്ടു കിടന്നിടുന്നു. 1

വാരാണ്ടിടും പരിഖ പോലെയിതിൻ പടിഞ്ഞാ-
റാരാൽ കിടക്കു'മറബിക്കടൽ' തന്നിരമ്പം
സ്ഫാരാട്ടഹാസരവതുല്യമുയർന്നിടുന്നു;
ഘോരാഭ,മിപ്രകൃതിതൻ കരിതേച്ച വേഷം! 2

തോരയ്ക്കുമില്ല പഴുതെന്ന നിലയ്ക്കിരുട്ടു
പാരത്രയും പടുകരിമ്പടമിട്ടു മൂടി;
വാരഞ്ചുമീ മറ തുലോമുപയുക്തമാകാം
ക്രൂരർക്കു,തൻകുടിലവൃത്തികളാചരിപ്പാൻ. 3

ആകാശമണ്ഡലമഖണ്ഡഘനാവകീർണ്ണം;
പാകാതെയില്ലിരുളിളാവലയത്തിലെങ്ങും;

1 ചട്ടററ = കുറവില്ലാത്ത. (ദീർഘമായ) തീവ്രം = കഠിനം. വെട്ടം = ഒരു നാടിൻെറ പേർ, വെളിച്ചമെന്നും.

2 പരിഖ = കിടങ്ങ്. ആരാൽ = സമീപത്ത്. സ്ഫാരം = വർദ്ധിച്ച. രവം = ശബ്ദം. ഘോരാഭം = കണ്ടാൽ പേടിയാകുന്നത്. 'കരിവേഷം' അലറുകയും മററും ചെയ്യുമല്ലോ.

3 കുടിലവൃത്തികരം = കള്ളത്തരങ്ങരം.

4 അഖ........കീർണ്ണം = ഇടതിങ്ങിയ മേഘങ്ങളാൽ വ്യാപ്തം. ഇളാവലയം = ഭൂമണ്ഡലം. ഏകാഭം =

Digitized By Kerala Sahitya Akademi

ആകാ തിരിച്ചറിയുവാനൊരു വസ്തു കണ്ണി-
ന്നേ;-കാഭ,മിന്നുലകൊരുക്കനിരിമ്പുഗോളം. 4

നീലപ്പുതപ്പുടയ വാനില താതിടത്തായ്
നാലഞ്ചു താരകകൾ മങ്ങി മയങ്ങിനില്പൂ,
ആ ലക്ഷ്മിതൻ മിഴികളിൽപ്പതിയാത്ത വേശ്മ-
ജാലത്തിലെച്ചെറുവിളക്കുകളെന്നപോലെ. 5

മന്നായ മന്നഖിലമാശു വശീകരിച്ച
സന്നാഹിരാവിനി,രുളാകുമുടുപ്പുതന്മേൽ
പൊന്നാൽച്ചമച്ച 'പുകൾമുദ്രകെ'ളെന്നപോലെ,
മിന്നാമിനുങ്ങുകളതാതിടമുജ്ജ്വലിപ്പൂ. 6

നാമിങ്ങു നില്ക്കെ,യിനി വല്ലയിടത്തുമുണ്ടോ
ഭൂമിയ്ക്കിരുട്ടുകുറവെന്നറിയുന്നതിന്നോ.
വ്യോമിശ്രവാരിദകദംബമിടയ്ക്കിടയ്ക്കു
തൂമിന്നലാം മിഴി തുറന്നിഹ നോക്കിടുന്നു! 7

ചെന്തിയ്യു വീണഖിലമൊന്നു കരിഞ്ഞു കാടിൻ
പന്തിയ്ക്കു കാണുമസിതാംബര മണ്ഡലത്തിൽ
പൊന്തിത്തഴയ്ക്കുമിടിയൊച്ചയിടയ്ക്കു കേൾപ്പൂ
ദന്തിപ്രമാഥിയുടെ ഗർജ്ജിതമെന്നപോലെ. 8

ഒന്നായിച്ചമഞ്ഞതു്.

5 താരകകൾ=നക്ഷത്രങ്ങൾ. ലക്ഷ്മി......ജാലം=പണം പിടിച്ച വീടുകൾ.

6 മിന്നാമിനുങ്ങുകൾ ഇരുട്ടാകുന്ന ഉടുപ്പിന്മേൽ പതിച്ച കനകകീർത്തിമുദ്രകളാണെന്ന് ഉൽപ്രേക്ഷ.

7 വ്യോമി....... ദംബം=കൂടിക്കലർന്ന മേഘക്കൂട്ടം.

8 അഖിലം=മുഴുവൻ. അസി.......ണ്ഡലം=കറുത്തിരുണ്ട ആകാശം. ദന്തിപ്രമാഥി=സിംഹം. ഗർജ്ജിതം=അലർച്ച.

Digitized By Kerala Sahitya Akademi

നേരം നിശീഥമൊടടുത്തുതുടങ്ങി; -യിത്ര-
നേരത്തെ മട്ടു മഴ പെയ്യുവതില്ലിദാനീം:
നീരന്ധ്രമേഘനിര തെല്ലിട വിശ്രമിപ്പാൻ
പാരം തിടുക്കമൊടൊരുങ്ങുകയോ നഭസ്സിൽ! 9
രാവത്ര രാക്ഷസതപൂണ്ടതു കണ്ടു ഭീതി
കൈവന്നപോലെ, സുദൃഢസ്വപനച്ഛലത്താൽ
ജീവങ്ങൾ മുന്നമിഹ കണ്ണുമടച്ചു വാഴ്കെ,-
യാവൽക്കുലം, ഹഹ, പറന്നുകളിച്ചിടുന്നു. 10
'വെട്ടം നൃപർക്കു' പരദേവതയായ്, പ്രശസ്തി
നട്ടജ്ജഗജ്ജനനി മേവിന കോവിൽതാനും,
തിട്ടം, കവാടനയനങ്ങളടച്ച്,നക്കം
വിട്ടത്രയും നിഭൃതമായ്സ്സുഖനിദ്ര കൊൾവൂ. 11
തിക്കും നിലയ്ക്കിലകളൊത്തു പടർന്നു പന്ത-
ല്ക്കൊക്കുന്ന കൊമ്പുകൾ ചുഴന്നു വടദ്രുമങ്ങൾ
തൃക്കുന്നിൽമാതിനുടെ കോവിലിതിൻ നടയ്ക്കൽ
നില്ക്കുന്നു, കൂരിരുളിനങ്ങതിപുഷ്ടികൂട്ടി. 12
ക്ഷേത്രത്തിനിത്തിരി വടക്കുവശം ദിവാന്ധ-
ഗോത്രത്തിലുള്ള ചിലർ മൂളുവതുണ്ടു കാട്ടിൽ,

9 നിശീഥം = അർദ്ധരാത്രി. നീരന്ധ്രം = ഇട തൂർന്നത്.

10 ഭീതി = ഭയം. സുദൃ...........ലത്താൽ = ഗാഢനിദ്രാവ്യാജേന. ജീവങ്ങൾ = പ്രാണികൾ.

11 പ്രശസ്തി = കേ൦ വി. ജഗജ്ജനനി = ലോകമാതാവ്. കവാടനയനങ്ങൾ = വാതിലുകളാകുന്ന കണ്ണുകൾ. നിഭൃതം = നിശ്ചലം.

12 വടദ്രുമങ്ങൾ = പേരാൽമരങ്ങൾ. തൃക്കുന്നിൽ മാത് = ശ്രീപാർവ്വതി.

13 ദിവാന്ധ........ചിലർ = ചില മൂങ്ങകൾ. തിമി....യോരാൽ = ഇരുട്ടാകുന്ന അഞ്ജനത്തിന്റെ പ്രയോഗം

Digitized By Kerala Sahitya Akademi

മാത്രയ്ക്കുചേർന്ന തിമിരാഞ്ജനസംപ്രയോഗാൽ
നേത്രം തെളിഞ്ഞി,രവു കണ്ടു രസിച്ചപോലെ. 13

ആ രിത്രിതൻ കൊടുമയും, ഘനമാമിരുട്ടു-
മോരാതൊരാളി,രുളിനൊക്കുമുടുപ്പുമായി,
ധീരാനുരൂപഗതി, തെക്കുവശത്തുനിന്നാ
നാരായണീനിലയമുഖ്യനടയ്ക്കലെത്തി. 14

തുച്ഛൻ പുമാനൊരുവനല്ലിത;-വൻെറ ഗാത്രം
സ്വച്ഛപ്രഭം സമവിഭക്തസുലക്ഷണാംഗം,
സ്വച്ഛന്ദരാത്രിചരണോചിതമാമുടുപ്പാൽ
പ്രച്ഛന്നമാകിലുമതിൻ മഹിമാവു കാട്ടി 15

ശ്രേയസ്കരാകൃതിയവൻ; നിയതം വയസ്സാ-
സ്വായത്തയൌവനനു നാല്പതിലേറെയായി;
കായം തദീയമനഘം, സുഖവൃത്തികൾക്കാ-
പ്രായത്തിൽ മുററുമുളവാം തടി പൂണ്ടിരുന്നു. 16

മൂലം. അഞ്ജനമെഴുതിയാൽ കൺകാഴ്ച തെളിയുമല്ലോ.

14 ധീരാനിരൂപഗതി = ധീരന്മാർക്ക് ചേർന്ന നടത്തത്തോടു കൂടിയവൻ. നാരായണീനിലയം = ഭഗവതീക്ഷേത്രം.

15 തുച്ഛൻ = നിസ്സാരൻ. ഗാത്രം = ശരീരം. സ്വച്ഛ....ചിതം = സ്വൈരമായ രാത്രിസഞ്ചാരത്തിന്നു പററിയത്. പ്രച്ഛന്നം = മറയ്ക്കപ്പെട്ടത്.

16 ശ്രേയസ്കരാകൃതി = മംഗളകരമായ ആകൃതിയോടുകൂടിയവൻ. നിയതം = തീർച്ചയായും. സ്വായത്തം = സ്വാധീനം. തദീയംകായം = അവൻെറ ശരീരം. സുഖവൃത്തികൾ = സു ഖ സ്ഥി തി യി ലിരിയ്ക്കുന്നവർ.

Digitized By Kerala Sahitya Akademi

വ്യായാമദാർഢ്യമൊടു നീണ്ടുനിവർന്നതായെ-
ന്തായാസമോടുമെതിർനില്ക്കുവതായ മെയ്യും,
ആയാമിയാം മണികവാടമണിഞ്ഞ നെഞ്ചും,-
മായാളൊരൊത്ത ഭടനെന്നു വിളിച്ചുചൊല്ലി. 17

എന്നാൽ, വളർപ്പുരികമൊത്ത,ളികം പരന്നു,-
മന്നാസ നീണ്ടു,മൊരു ഗൌരവമാർന്ന വക്ത്രം,
എന്നാളുമാജ്ഞകളെ മൂളുവതല്ല, ചൊല്ലു-
ന്നൊന്നാണിതെന്നു ഹൃദി തോന്നിടുമാറു മിന്നി- 18

വൻപന്നു തക്കൊരു തുണയ്ക്കു പിടിയ്ക്കു താഴെ
പൊൻപററണിഞ്ഞ വടിയുണ്ടു വലത്തു കയ്യിൽ:
സമ്പന്നശില്പഗുണമതിനുള്ള, വാളാം
വൻപന്നഗം മരുവിടും മടയായിരുന്നു 19

സുക്ഷത്രിയാഭനെവനോ, വടിവാളിടത്തെ-
ക്കക്ഷത്തിൽവെച്ച്, കരതാമരസങ്ങരം കൂപ്പി,

17 വ്യായാമദാർഢ്യം = വ്യായാമത്താലുള്ള ദൃഢത (കെല്പ്) ആയാസം = ക്ലേശം. ആയാമം = വിശാലം, കവാടം = വാതിൽ.

18 എന്നാൽ, കേവലം ഒരു ഭടനാണെന്നു കരുതിക്കൂടാ എന്നു പറയുന്നു. അളികം = നെററി. നാസ = മൂക്ക്. വക്ത്രം = മുഖം. ഹൃദി = മനസ്സിൽ.

19 സംപന്നശില്പഗുണം = വിചിത്രപ്പണികളോടുകൂടിയത്. പന്നഗം = പാമ്പ്.

20 സുക്ഷത്രിയാഭൻ = നല്ല ക്ഷത്രിയനെപ്പോലിരിയ്ക്കുന്നവൻ, കരതാമരസങ്ങരം = താമരപ്പൂവുപോലെയുള്ള കൈകരം. ത്ര്യക്ഷൻെറ മങ്ക = പാർവ്വതി.

Digitized By Kerala Sahitya Akademi

ത്ര്യക്ഷന്റെ മങ്കയുടെ മുമ്പിൽ മുഹൂർത്തനേര-
മക്ഷയ്യഭക്തിയൊടു വീർപ്പുമടക്കി നിന്നാൻ. 20

ധീരപ്രശാന്തത വിളഞ്ഞ മുഖത്തു, രണ്ടു
താരം കണക്കെ വിലസുന്ന വിലോചനത്തെ
ദൂരത്തു നാലിടവുമൊന്നു നടത്തിയിട്ടാ
സ്ഫാരപ്രഭാവനഥ യാത്ര തുടർന്നുകൊണ്ടാൻ 21

ഏകാകിയാകിലു, മധൃഷ്യനിജാനുഭാവോ-
ദ്രേകാലവൻ, ഭടർ ചുഴന്നവനെന്നു തോന്നി,
പ്രാകാശ്യമോടു പുതുമിന്നൽവിളക്കു പൊങ്ങി
നാകാന്തരത്തിലിടിയാം പടഹം മുഴങ്ങി. 22

ഘോരാർദ്ധരാത്രി പകലായ്ക്കരുതിഗ്ഗമിയ്ക്കു-
മാ രാജലക്ഷണസമന്വിതനാം പുമാനിൽ
പാരാതെ പെയ്തിതി,ളകുന്ന ദളങ്ങൾകൊണ്ട-
പ്പേരാൽമരങ്ങൾ മഴനീർക്കണപുഷ്പവർഷം. 23

മുഹൂർത്തനേരം=കുറച്ചുനേരം. അക്ഷയ്യഭക്തി= കുറയാത്ത ഭക്തി.

21 താരം=നക്ഷത്രം. സ്ഫാരപ്രഭാവൻ=മാഹാത്മ്യമേറിയവൻ.

22 ഏകാകി=ഏകൻ (ഒററയ്ക്ക്) അധൃ...... ദ്രേകാൽ=ആക്രമിയ്ക്കാവതല്ലാത്ത തന്റെ മഹിമാതിശയത്താൽ. നാകാന്തരത്തിൽ = ആകാശമധ്യത്തിൽ. അവന്റെ യാത്രയെ ഒരു രാജയാത്രയ്ക്കൊപ്പം വർണ്ണിയ്ക്കുകയാണ്.

23 രാജ.. മന്വിതൻ=രാജലക്ഷണങ്ങളോടുകൂടിയവൻ. ദളങ്ങൾ=ഇലകൾ. നീർക്കണം=നീർത്തുള്ളി.

Digitized By Kerala Sahitya Akademi

മിന്നാളുമല്ലിനുടെ വിഭ്രമപർവ്വതങ്ങൾ–
തന്നാഭപൂണ്ട ചില 'പൊന്ത'കളങ്ങുമിങ്ങും
മിന്നാമിനുങ്ങുകൾ പതിഞ്ഞു, തദധ്വപാർശ്വേ
പൊന്നാലണിഞ്ഞ കൊലയാനകൾപോലെ–
കാണായ്. 24

ഉച്ചങ്ങൾ തെങ്ങണികളോ,ലകൾതൻ തലയ്ക്ക
ലുച്ചണ്ഡവർഷവേവാരികണങ്ങളാലേ
നൽച്ചന്തമാർന്ന,രിയ വെള്ളിയലുക്കണിഞ്ഞ
പച്ചത്തൂകിൽക്കുടകൾ പോലെ വിളങ്ങി
മാർഗേ 25

ഈന്തൽദ്രുമങ്ങളുടെ, തിങ്ങി വളർന്നു തൂങ്ങി
പ്രാന്തം മറച്ചു പുതുപട്ടകൾ കാററിലാടി,
താൻതന്നെ പോമവനു, പച്ചനിറത്തിലുള്ള
കാന്തങ്ങളാം തഴകൾതൻ തൊഴിലാചരിച്ചു 26

തൂമപ്പെടുന്ന മഴനീരൊലിവിൻനിനാദ-
സാമഗ്രികൊണ്ടു വയൽ, തോടിവ പാട്ടു പാടി;

24 അല്ല്=ഇരുട്ട്. വിഭ്രമപർവ്വതങ്ങൾ–ക്രീഡാശൈലങ്ങൾ. പൊന്തകൾ=വള്ളിക്കെട്ടുകൾ; മൊന്ത എന്നു ചിലർ. തദധ്വപാർശ്വേ=അവൻെറ വഴിയ്ക്കരികിൽ.

25 ഉച്ചങ്ങൾ=ഉയർന്നവ. തെങ്ങണികൾ=നിരന്നു നില്ക്കുന്ന തെങ്ങുകൾ, ഉച്ച... ണങ്ങൾ–പെരുമഴകൊണ്ടുണ്ടായ വെള്ളത്തുള്ളികൾ.

26 പ്രാന്തം–ചുററുമുള്ള വശം. കാന്തകൾ=മനോഹരങ്ങൾ. തഴ ...രിച്ചു—തഴകളെപ്പോലെയായി എന്നു സാരം.

27 നിനാദസാമഗ്രി=ശബ്ദമാകുന്ന ഉപകരണം.

Digitized By Kerala Sahitya Akademi

ആമന്ദ്രമാമിടിമുഴക്കമിടയ്ക്കു കേൾപ്പ-
താ മഞ്ജുഗാനകലവിയ്ക്കു മൃദംഗമായി 27

വൻപാടവേന നയനശ്രവണങ്ങളർപ്പി-
ച്ചെമ്പാടുമുററ പരിശോധന ചെയ്തുകൊണ്ടും,
തൻപാണിയഷ്ടിലത വീശിയുമല്ലിലാ നി-
ഷ്കമ്പാശയൻ വൃഷഭഗാമി ഗമിച്ചു താനേ. 28

തന്നിച്ചുപോലെ,യരയോജന നീണ്ടമാർഗ്ഗം
പിന്നിട്ടനേര, മവനങ്ങൊരു കാഴ്ച കാണായ്:
മുന്നിൽക്കുറച്ചകലെയുണ്ടൊരു, കൊള്ളി മെല്ലെ
മിന്നിച്ചൊരാൾ സരഭസം നടകൊണ്ടിടുന്നു. 29

മൂലം കരിഞ്ഞൊരെരികൊള്ളി വലത്തുകയ്യി-
ലോ,ലപ്പെരുംകുടയിടത്തുകരത്തിലേ,വം
ആലക്ഷ്യമാകിയ വപുസ്സതു വെള്ളവസ്ത്ര-
ത്താലത്രയും മറയുമാറു പുതച്ചിരുന്നു. 30

തിക്കൊത്തിടും തിമിരമാമുരകല്ലുതന്മേ-
ലക്കൊള്ളിവീശൽ ചില പൊൻവര
ചേർത്തിടുമ്പോൾ

ആമന്ദ്രം = ഗംഭീരം.

28 വൻപാടവേന = അതിസാമർത്ഥ്യത്തോടു കൂടി. നയനശ്രവണങ്ങൾ = കണ്ണുകളും ചെവികളും. എമ്പാടും = നാലുപാടും, പാണിയഷ്ടിലത = കൈയിലുള്ള വടി. നിഷ്കമ്പാശയൻ = നിശ്ചല ഹൃദയൻ. വൃഷഭഗാമി = വൃഷഭത്തെ (കാളയെ)പ്പോലെ നടക്കുന്നവൻ.

29 അരയോജന = നാലുനാഴിക: രണ്ടു നാഴിക എന്നു പക്ഷാന്തരം. സരഭസം = വേഗത്തിൽ.

30 മൂലം = കട. ആലക്ഷ്യം = ദൃശ്യം. വപുസ്സത് = ആ ശരീരം.

31 വീശുകൊള്ളിയുടെ ദീപ്തരേഖ ഇരുട്ടിന്മേൽ

Digitized By Kerala Sahitya Akademi

തൽക്കൊച്ചുമൈവടിവൊരിത്തിരി കാണ്കയാലി-
ച്ചോലക്കൊണ്ട പാന്ഥനതൊരംഗനയെന്നു
തോന്നീ. 31

"ആരാണിതാ,ണൊരുവനും തനിയേ നടപ്പാൻ
പോരാത്ത പാതിരയിതെങ്ങോ?-രു
പെണ്ണിതെങ്ങോ?
ഘോരാർത്തി വല്ലതുമിവൾക്കു
പിണഞ്ഞിതോ?" എ-
ന്നാ, രാമയെ സ്വയമവൻ പഥി പിന്തുടർന്നു. 32

ആലോലമാം വിറകുകൊള്ളിയതിൻ വെളിച്ച-
ത്താലോട്ടുകൈവളകൾ മിന്നിയ തൽഭുജാന്തം
ആലോകപദ്ധതിയിലല്പമണഞ്ഞനേര-
ത്താ,ലോകമാന്യനറിയാതൊരു ഞെട്ടൽ ഞെട്ടി. 33

"അന്തസ്സെഴും ധരണിദേവകുലേ പിറന്നോ-
രന്തർജ്ജനം നിശി 'ബഹിർജ്ജന' തുല്യമട്ടിൽ
പന്തം കൊളുത്തി നടകൊള്ളുകയോ തനിച്ചി;-
തെന്തുക്രമം; മിഴി ചതിയ്ക്കുകയല്ലി നമ്മെ!" 34

നാലായിരം ക്ഷണികശങ്കയൊടാ നിശീഥ-
കാലാടനപ്പതിവുകാരനനുവ്രജിയ്ക്കേ,

ഉരകല്ലിന്മേൽ പൊന്നുരസിയ വരപോലെ കാണപ്പെട്ടു.

32 ഘോരാർത്തി=ഭയങ്കരദുഃഖം. രാമ=സ്ത്രീ. പഥി=വഴിയിൽ.

33 ആലോലമാം=ഇളകുന്ന. തൽഭുജാന്തം=അവളുടെ കൈത്തണ്ട. ആലോകപദ്ധതിയിൽ=ദൃഷ്ടിമാർഗ്ഗത്തിൽ.

34 ധരണിദേവകുലേ=ബ്രാഹ്മണവംശത്തിൽ. നിശി=രാത്രിയിൽ. ബഹിർജ്ജനം=പുറത്തു സഞ്ചരിപ്പാൻ വിരോധമില്ലാത്തവർ.

35 ക്ഷണികശങ്ക = ക്ഷണനേരം മാത്രം

Digitized By Kerala Sahitya Akademi

ലോലാക്ഷിതൻ ഗതി വഴിയ്ക്കൊരു
പൊട്ടവീടിൻ
കോലായിലാണു വിരമിയ്ക്കുവതെന്നു
കാണായ്. 35

'കന്നാല'പോലെയെഴുമക്കുടിലിങ്കലെത്തീ-
ട്ടന്നാരി കൊള്ളി കുടയെന്നിവ താഴെ വെച്ചു;
ചെന്നാ സ്ഥലത്ത,വഹിതേന്ദ്രിയനായ്വളപ്പിൽ
നിന്നാൻ നിഗൂഢമവരംതന്നനുയായിതാനും. 36

നീലത്തഴക്കുഴലി കോമളമാം കരത്താൽ
നാലഞ്ചുവട്ടമഥ വാതിലിൽ മുട്ടിയപ്പോരം,
ആലസ്യമററതിഥി സൽക്രിയകരംക്കൊരുങ്ങും
പോല,ങ്ങകത്തു ചെറുതൊച്ചയനക്കമുണ്ടായ്. 37

തിങ്ങും നിശാനിഭൃതതയ്ക്കിടിവേകുമൊച്ച
പൊങ്ങുംപടിയ്ക്കു നടവാതിലൊരാരം തുറന്നു,
അങ്ങുള്ളിൽനിന്നഭിഗമിച്ചൊരു കൈവിളക്കിൻ
മങ്ങും വെളിച്ചമവരംതൻ തളിർമെ തലോടി. 38

നില്ക്കുന്ന സംശയം. നിശീ....കാരൻ = രാത്രിയിൽ സഞ്ചരിയ്ക്കുക പതിവുള്ളവൻ. അനുവ്രജിയ്ക്കേ = അനുഗമിയ്ക്കേ. ലോലാക്ഷി = ചഞ്ചലാക്ഷി. വിരമിയ്ക്കുക = അവസാനിയ്ക്കുക.

36 കന്നാല = തൊഴുത്ത്. അവഹിതേന്ദ്രിയൻ = ശ്രദ്ധാലു. നിഗൂഢം = മറഞ്ഞ്. അനുയായി = അനുഗാമി.

37 ആലസ്യം = മന്ദത (നിദ്ര). അതിഥിസൽക്രിയ = അതിഥിയെ സൽക്കരിയ്ക്കൽ.

38 നിശാനിഭൃതത = രാത്രിയിലെ നിശ്ശബ്ദത. അഭിഗമിച്ച് = നേരേ വന്ന് (എതിരേററ്).

Digitized By Kerala Sahitya Akademi

പൂ തോററ പാണിയിണകൊണ്ടു പുതപ്പെടുത്തു
കാൽ തോർത്തുമക്കമനിതൻ കമനീയരൂപം,
ചേതോഭവൻെറ വിളയാട്ടമൊടാ വെളിച്ച-
ത്തേ,തോ സുരാംഗനയുടേതു കണക്കു കാണായ്. 39

ചുററിട്ട കാതിണ തുടുംകവിളിൽപ്പതിഞ്ഞും
നെററിയ്ക്കു ചന്ദനവരക്കുറി ചെററു മാഞ്ഞും
'തെററിത്തെറിച്ച'മിഴി തുള്ളിയുമാ വെളിച്ചം
പററിത്തിളങ്ങി,യരുണാധരിതൻ മുഖാബ്ജം. 40

ചേലോലുമാ യുവഗൃഹസ്ഥനൊരല്പനേരം
നീലോല്പലാക്ഷിയെ മിഴിച്ചു പകച്ചുനോക്കി;
ആലോചിയാതെയൊരു ഭാഗ്യമണഞ്ഞ ഭാവ-
മാലോലമായ് വിലസി, തൻമുഖമണ്ഡലത്തിൽ. 41

ലോലസ്വരത്തിലവനോതി:-യിതെൻെറ "കുഞ്ഞാ-
ത്തോലല്ലയോ: തിരുമനസ്സു മനയ്ക്കലില്ലേ?"
"ആലത്തിയൂർക്കവിലിനായ് നടകൊണ്ടു സായം-
കാലത്തിലെന്നു" കളവാണിയകത്തു പുക്കാൾ. 42

39 പാണിയിണ=ഇരുകൈപ്പടം. ചേതോഭവൻ =കാമൻ. സുരാംഗന=ദേവസ്ത്രീ.

40 ചുററ്=ഒരുതരം കർണ്ണാഭരണം. അരുണാധരി=മുറുക്കിച്ചുമപ്പിച്ച ചുണ്ടോടുകൂടിയവൾ.

41 ആലോലം=ചഞ്ചലം.

42 ലോലസ്വരത്തിൽ=ഇളകിയ (ഇടർച്ചയുള്ള) സ്വരത്തിൽ. 'ലോല'ത്തിന്നു ആഗ്രഹമുള്ള എന്നും അർത്ഥമാകാം. ആലത്തിയൂർ ഗ്രാമദേവനായ ഹനുമാനു വഴിപാടായി അവിൽ നിവേദിയ്ക്കാറുണ്ട്. അതു ഭക്ഷിപ്പാൻ ബ്രാഹ്മണർ വന്നുകൂടുകയും പതിവാണ്.

Digitized By Kerala Sahitya Akademi

ദ്വാരം തുറന്നവനൊരന്ത്യജ;–നീ വിരുന്നു–
കാരത്തിയോ ദ്വിജകുടുംബിനിതന്നെയല്ലോ;
ആ രണ്ടുപേരുടെയിടയ്ക്കു കിടക്കുമത്ര
ദൂരം മനോഭവശരത്തിനൊരെറുമ്പുചാലോ? 43

സല്ലാപസാരമിതു കേട്ടു വളപ്പിൽ നില്ക്കും
ചൊല്ലാർന്ന മർത്ത്യനുടലാസകലം തരിച്ചു;
ഒല്ലാക്കിനാവുകളിലോടിനടക്കയാണോ
നില്ലാതെ തൻകരണമെന്നുമവന്നു തോന്നി. 44

ഹേ—ലേശമില്ല പിഴ; ധാർമ്മികനങ്ങു കണ്ട
പോലേ, കുലീനയിവൾ- കുത്സിതവൃത്തിതന്നെ:
മേലേത്തരത്തിലുടയോരുടെ ഹീനകൃത്യം
മേലേത്തരത്തിലുലകിങ്ങനെയല്ലി പണ്ടും? 45

ഉപ്പഞ്ചിടും വയലിൽ നന്മഴനീരുപോലെ,
കുപ്പസ്ഥലത്തു തുളസീദളമാലപോലെ
അപ്പട്ടടക്കുഴിയിലാഹുതിപോലെ, വിപ്ര–
തൃപ്തിയക്കുടിലിനുള്ളിലണഞ്ഞശേഷം. 46

43 ദ്വാരം=വാതിൽ. അന്ത്യജൻ= ശൂദ്രൻ. ദ്വിജ കുടുംബിനി = ബ്രാഹ്മണപത്നി. മനോഭവ (കാമ) ശരത്തിന്ന് അവരെ കൂട്ടിച്ചേർപ്പാൻ ഒരു പ്രയാസവുമുണ്ടായില്ല.

44 ഒല്ലാക്കിനാവ് = ദുസ്സ്വപ്നം. കരണം= ഇന്ദ്രിയം.

45 ഹേ—അദ്ദേഹത്തെ യഥോചിതം അഭിസംബോധനം ചെയ്‌വാൻ തുടങ്ങിയതിനെ എന്തോ കാരണത്താൽ കവി വേണ്ടെന്നുവെച്ചു. കുത്സിതവൃത്തി= നീചപ്രവൃത്തിയോടുകൂടിയവൾ. ആളുകളുടെ ഔന്നത്യമനുസരിച്ച് അവരുടെ ദുഷ്കൃത്യങ്ങൾക്കു നീചത്വം കൂടുമെന്നാണ് അനുഭവമെന്നു സാരം.

46 ആഹുതി= ഹോമം.

Digitized By Kerala Sahitya Akademi

ഒന്നാത്മചിന്തയിലുറച്ച,തു കണ്ടു നില്പോൻ
ചെന്നാശു കൊള്ളിയതെടുത്തു കരസ്ഥമാക്കി;
ഇന്നാട്ടുവിപ്രരുടെ 'തററുടവസ്ത്ര'ഖണ്ഡ-
മൊന്നാലതിൻകട സുവേഷ്ടിതമായിരുന്നു. 47

"അല്ലേ കെടുംവിറകുകൊള്ളി; മമ പ്രമാദം
ചെല്ലേണ്ടതെന്ത്?- ബലയാളിലമർന്ന നിന്നെ
മല്ലേഷുവെയ്തൊരു മഹാനലബാണമാണെ-
ന്നല്ലേ,ഷ ഞാൻ പരിഗണിച്ചതൃജൂസ്വഭാവാൽ! 48

ആമേദുരസ്മരമദാൽ സ്വസതീവ്രതാഖ്യ-
പ്പൂമേട ചുട്ടുകളയുന്നതിനാണു നിന്നെ
ഈ മേന്മയുള്ള കുലനാരി വഹിച്ചതെന്നു,
നാമേതുമാദ്യ,മെരികൊള്ളി, നിനച്ചതില്ല! 49

ചാരിത്രമെത്ര വിലയേറിയതീ,— ക്കുമാരി
ഭൂരിശ്രമത്തൊടതു വിററു കളഞ്ഞ ദിക്കോ,

47 ഇന്നാട്ടുവിപ്രർ = നമ്പൂതിരിമാർ. ഖണ്ഡം = കഷണം. അതു — കൊള്ളി. സുവേഷ്ടിതം = ചുററപ്പെട്ടത്.

48 മമ പ്രമാദം = എൻെറ തെററ്. മല്ലേഷു = കാമദേവൻ. മഹാനലബാണം = വമ്പിച്ച ആഗ്നേയാസ്ത്രം. ഏഷ = ഈ. പരിഗണിച്ചത് = വിചാരിച്ചത്. ഋജൂസ്വഭാവാൽ = കള്ളമറിഞ്ഞുകൂടായ്കയാൽ. ഇവളിൽ സ്ഥിതിചെയ്ത കൊള്ളി കാമൻെറ ആഗ്നേയാസ്ത്രമാണെന്നു ഞാൻ ആദ്യം ഊഹിച്ചില്ല.

49 ആമേ....മദാൽ = വലിയ കാമഭ്രാന്തുനിമിത്തം. സ്വസ.. മേട = തൻെറ പാതിവ്രത്യമാകുന്ന പൂമേട.

50 ചാരിത്രം = പാതിവ്രത്യം ഭൂരിശ്രമം = അതിയത്നം. ദാരിദ്രമഗ്നം = ദാരിദ്ര്യത്തിൽ മുങ്ങിയത്.

Digitized By Kerala Sahitya Akademi

ദാരിദ്ര്യമഗ്നമൊരു പാഴ്കുടിലെ;ന്തുതന്നെ
ചേരില്ല, ഹാ, യുവതിചാപലജൃംഭിതത്തിൽ? 50

പാരന്നലംകൃതികളാം കുലനാരിമാർക്കു
ചാരിത്രഭഞ്ജനമിതാത്മഹതിയ്ക്കു തുല്യം
നേരിട്ടതിന്നു തുണനില്ക്കുകയെന്ന കുററം
പൂരിച്ച നിന്നെ,യെരികൊള്ളി വൃഥാ വിടാ ഞാൻ.
51

ഹാ, മന്ത്രപൂതമുഖനാമൊരു വിപ്രനിഷ്ട-
ക്ഷേമം ഗ്രഹിച്ചൊരു കരത്തിലിരുന്നു നീ താൻ
ഈമട്ടതിൻെറയുടമസ്ഥയെ നിത്യദുഃഖ-
ഭീമക്കുഴിയ്ക്കടിയിൽ വീഴ്ത്തുകയല്ലി
ചെയ്തു!" 52

തെറേറശാത്ത വിചാരമീവിധമിയ-
ന്നട്ടിക്കു വിട്ടാനവൻ;
മറേറതോ നരനല്ലിതാ,ച്ചരമനാം
വെട്ടത്തു രാജാവു താൻ;
പിറേറന്നാം മുതലർക്കരശ്മി ജഡനാ-
ബ്രാഹ്മണീജാരനിൽ-

യുവ...ഭിതം = തരുണിമാരുടെ ചാപലൃത്തള്ളൽ.

51 അലംകൃതികൾ = ആഭരണങ്ങൾ. ഭഞ്ജനം നശിപ്പിയ്ക്കൽ. വൃഥാ = വെറുതേ.

52 മന്ത്ര...മുഖൻ = മന്ത്രംകൊണ്ടു പരിശുദ്ധമായ മുഖത്തോടുകൂടിയവൻ. മന്ത്രോച്ചാരണത്തോടെ എന്നു സാരം. ഇഷ്ടക്ഷേമം = ക്ഷേമമിച്ഛിച്ച". അതിൻെറ = കരത്തിൻെറ.

53 ചരമനാം = ഒടുവിലത്തെ. അർക്കരശ്മി = സൂര്യരശ്മി. ജഡൻ = മൂഢൻ. ആവാസം = പാർ

Digitized By Kerala Sahitya Akademi

ചെററററീല;-രചന്റെ കല്ലറയവ-
ന്നെന്നേയ്ക്കുമാവാസമായ്. 53

രാവിൻ മൂടുപടത്തിൽനിന്നു ഭുവനം
വേർപെട്ടിടുമ്പോഠം, നൃപൻ
കേഠംവിപ്പെട്ട മനയ്ക്കലേയ്ക്ക, ഹഹ, ത-
ന്നാജ്ഞാവശന്മാർവശം
പൂവിന്നൊത്ത പുതൂത്തുകിൽപ്പൊതിയിൽ വെ-
ച്ചെത്തിച്ച തൽക്കൊള്ളിതാ-
നാ, വിപ്രാംഗനയെ,ബ്ബലേന, 'കുടയും
തല്ലി'പ്പുറത്താക്കിപോൽ, 54

പ്പിടം.

54 രാവിൻ...ടുമ്പോഠം=നേരം പുലർന്നപ്പോഠം. നൃപൻ=രാജാവ്. ആജ്ഞാകരന്മാർ = കിങ്കരന്മാർ. വിപ്രാംഗന=ബ്രാഹ്മണസ്ത്രീ. 'ദോഷ'പ്പെട്ട അന്തർജ്ജനത്തെ കുട (മറക്കുട)തല്ലിക്കളഞ്ഞാണ്, പുറത്താക്കുക.

Digitized By Kerala Sahitya Akademi

സത്യഗാഥ

(ചെറുശ്ശേരി മട്ട്)

അമ്മേ, ജയിയ്ക്ക ജയിയ്ക്കുക സൽസത്യ-
ധർമ്മാധിദേവതേ ധന്യധന്യേ!
നിന്മഹിമാവൊന്നുതാനല്ലോ നിശ്ശേഷ-
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾക്കേകാലംബം. 1

മേൽവശത്തററമില്ലാതെ കിടക്കുമാ-
ക്കേവലമാം മരുഭൂമിതന്നിൽ
എത്രപുഷ്പങ്ങളെ മിന്നിത്തിളങ്ങിപ്പൂ
ചിത്രം നിൻ തേജസ്സിൻ കന്ദളങ്ങൾ! 2

ആലക്ഷ്യമായൂർദ്ധ്വഭാഗത്തീ മാഹേന്ദ്ര-
നീലപ്പലകപ്പുറത്തു നീളേ

1 സൽസത്യധർമ്മാധിദേവത = സത്യമയിയാകുന്ന ശക്തി. ഏകാലംബം = ഉററ ആധാരം. 'സർവ്വം സത്യേ പ്രതിഷ്ഠിതം'.

2 മരുഭൂമിപോലെ ശൂന്യമായ ആകാശത്തു പുഷ്പ (നക്ഷത്ര)ങ്ങളായി കാണപ്പെടുന്നതു സത്യതേജസ്സിൻെറ കന്ദളങ്ങൾ (മുളകൾ = ശകലങ്ങൾ) ആണെന്നതിൽനിന്നും സത്യപ്രഭാവത്തിന്ന് അസാധ്യമൊന്നുമില്ലെന്നു വ്യഞ്ജിയ്ക്കുന്നു.

3 ആലക്ഷ്യമായ് = കാണാവുന്നതായി, ഊർദ്ധ്വഭാഗത്ത് = മേൽഭാഗത്ത്. മാഹേന്ദ്രനീലം = ഇന്ദ്രനീലരത്നം. ആകാശത്തെ ഇന്ദ്രശിലാഫലകവും നക്ഷത്രങ്ങളെ തങ്കലിപികളുമാക്കി കല്പിച്ചിരി

Digitized By Kerala Sahitya Akademi

തങ്കലിപികളാൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരി, നിൻചരിത്രാംശലേശം. 3

മുപ്പാരുകൾക്കേകെറാണിയാം നിന്നുടെ
തൃപ്പാണിച്ചെങ്കോലിൻ കാന്തിയത്രേ,
നാകസ്ഥലത്തേശിക്കാലേ നിയോഗിപ്പു
ലോകരെ വേലയ്ക്കും വിശ്രാന്തിയ്ക്കും. 4

ദേവി, നിൻകോവിലിൻ താഴികപ്പൊൻകുടം
തൂവിന രമ്യമാം രശ്മിജാലം
പീവരധ്വാന്തത്തെപ്പാടനം ചെയ്തതി-
പാവനമാക്കുന്നു പാരിടത്തെ. 5

നീ, വിശ്വമാതാവേ, പൊക്കിപ്പിടിച്ച നൽ-
ത്തൂവെള്ളിക്കിണ്ണത്താലുൾക്കുളിർക്കെ

ക്കുന്നു. ശങ്കരി = സുഖപ്രദായിനി. ആകാശത്തു നിലകൊള്ളുന്ന അനന്തജ്യോതിർഗ്ഗോളങ്ങൾപോലും സത്യത്തിൻെറ ചരിത്രത്തെ അല്പസ്വല്പമേ വെളിപ്പെടുത്തുന്നുള്ളു. അഹോ, അതിൻെറ അപാരത!

4 മുപ്പാരുകൾ = ഭൂസ്വർഗ്ഗപാതാളങ്ങൾ. തൃപ്പാണി = തൃക്കൈ. നാകസ്ഥലം = ആകാശദേശം. ഉദയാസ്തമയങ്ങളിൽ ലോകരെ വേലയ്ക്കും വിശ്രമത്തിനും പ്രേരിപ്പിയ്ക്കുന്ന സൂര്യച്ചെങ്കതിർ സത്യശക്തിയുടെ പ്രകാശമാണെന്നു പറയുന്നു.

5 കോവിൽ = ക്ഷേത്രം. താഴികപ്പൊൻകുടം എന്നതു സൂര്യമണ്ഡലത്തെ കുറിക്കുന്നു. പീവരധ്വാന്തം = കൂരിരുട്ട്. പാടനംചെയ്ക = പിളർത്തുക, നശിപ്പിക്കുക പാവനം = പരിശുദ്ധം. പാരിടം = ഭൂമി. സത്യപ്രകാശം ലോകത്തിൻെറ അജ്ഞാനാന്ധകാരത്തെ നീക്കി പരമാർത്ഥത്തെ വെളിപ്പെടുത്തുന്നുവെന്നും ധ്വനിക്കുന്നു.

6 പൊക്കി.. കിണ്ണം = ആകാശത്തിൽ പ്രശോഭിയ്ക്കുന്ന ചന്ദ്രബിംബം, ചന്ദ്രനിൽനിന്നു നറുംപാൽ

Digitized By Kerala Sahitya Akademi

അന്നന്നൊഴുക്കിത്തരുന്നതു ദിവ്യമാം
വെൺനറുംപാലോ, നിൻ വാത്സല്യമോ! 6

മന്നാകെ മുക്കാനനുക്ഷണം ഭീഷണ-
സന്നാഹമാർത്തെത്തുമർണ്ണവത്തെ
പിന്നാക്കമൊശു പിടിച്ചു തള്ളീടുമീ
നിന്നാജ്ഞപ്പൈതലിൻ ക്രീഡ കൊള്ളാം! 7

കൊണ്ടൽത്തലപ്പാവും വൃക്ഷലതാദികൾ
കൊണ്ടുള്ളുടുപ്പുമായ്പ്പർവ്വതങ്ങൾ
നിന്നരുളപ്പാടു കേൾപ്പതിന്നായിതാ,
നിന്ന നിലയ്ക്കിളകാതെ നില്പൂ! 8

ഏകത്ര തീക്കപ്പൽ പാറമേൽച്ചെന്നടി-
ച്ചാകവേ പെട്ടെന്നുടഞ്ഞീടുന്നു:

പോലെ നിർഗ്ഗളിയ്ക്കുന്ന കുളിർനിലാവിനെ സത്യസ്വരൂപിണിയുടെ വാത്സല്യമായി ഉൽപ്രേക്ഷിയ്ക്കുന്നു.

7 അനുക്ഷണം = ക്ഷണംതോറും. ഭീഷണസന്നാഹം = ഭയങ്കരമായ ഒരുക്കത്തോടുകൂടുംവണ്ണം പാഞ്ഞുകയറുന്ന അർണ്ണവത്തെ പിന്നാക്കംതന്നെ പിടിച്ചുതള്ളുക എന്നത്, സത്യശക്തിയുടെ ആജ്ഞയാകുന്ന പൈതലിൻെറ ഒരു കളിയാണ്. സമുദ്രം സ്വസീമയെ അതിലംഘിയ്ക്കാതെ നില്ക്കുന്നതു, സത്യത്തിൻെറ ഒരു ചെറു ആജ്ഞയാലാണെന്നു ഭാവം.

8 കൊണ്ടൽത്തലപ്പാവ് = മേഘമാകുന്ന തലപ്പാവ്. പർവ്വതങ്ങളെ ആജ്ഞാനുവർത്തികളായ ഭടന്മാരായി കല്പിച്ചിരിയ്ക്കുന്നു. സത്യശക്തിയാൽ ചെയ്യപ്പെട്ട വ്യവസ്ഥയാലാണ്, പർവ്വതങ്ങൾ അചഞ്ചലങ്ങളായി നില്ക്കുന്നതെന്നു സാരം.

9 സത്യദേവതാപ്രഭാവത്താൽ ഏകത്ര (ഒരിടത്തും സന്താപകരമായിത്തീർന്നതുതന്നെ അന്യത്ര (മറ്റൊരി

Digitized By Kerala Sahitya Akademi

അന്യത്ര കാർമൂടലപ്പോഴേ നീങ്ങുന്നു
നിന്നുടെ വൻകൊടും കാററിനാലേ. 9

മിന്നൽ നിൻപള്ളിവാരം; മേഘം നിൻ
പള്ളിത്തേർ
ഉന്നതമാമിടി നിൻപടഹം;
ശാശ്വതമാകുമകൃത്രിമശബ്ദങ്ങ-
ളീശ്വരീ, നിൻജയകാഹളങ്ങൾ! 10

ശ്രീമത്താം നേർവഴി കാട്ടും പ്രദീപമേ,—
ഹാ, മർത്ത്യജാതിതൻ ദുർമ്മോഹങ്ങൾ...
മാറാലകൊണ്ട് മറയ്ക്കാംപോലെ,ന്നെന്നും
മാറാതെ നില്പതാം നിൻവെളിച്ചം! 11

അററമില്ലാത്ത നിൻപ്രേമമോ നിന്നുടെ
കററക്കിടാങ്ങളെക്കാത്തിരിപ്പൂ.
നിൻകഴൽ ചുംബിപ്പാൻ താഴും ശിരസ്സിനു
ശങ്കയില്ലെങ്ങുമുയർന്നു നില്ക്കാം. 12

ടത്തു) സന്തോഷകരമായിത്തീരുന്നു.

10 പടഹം = വാദ്യവിശേഷം. അകൃത്രിമശബ്ദങ്ങൾ = വേദങ്ങൾ. പ്രകൃതിയിലെ പ്രതിഭാസങ്ങളെല്ലാം സത്യത്തെ ആശ്രയിച്ചിരിയ്ക്കുന്നവതന്നെ.

11 ശ്രീമത്താം......പ്രദീപം = മനുഷ്യരുടെ പരമാദർശത്തിലേയ്ക്കുള്ള മാർഗ്ഗത്തെ തെളിയിച്ചു കാണിയ്ക്കുന്ന വിളക്ക്. അതിൻെറ വെളിച്ചത്തെ വല്ലവണ്ണവും മറയ്ക്കാൻ നാം ദുർമ്മോഹംമൂലം മുതിരുന്നു; സത്യദേവതയോ, ആ കുററം പൊറുത്ത് അപാരപ്രേമംമൂലം തൻെറ കററക്കിടാങ്ങളെ (നമ്മെ) സംരക്ഷിച്ചു പോരുന്നു!

12 കഴൽ = പാദം. സത്യസന്ധനായി ജീവിയ്ക്കുന്നവൻ എവിടെയും ഉൽകൃഷ്ടനായിത്തീരുമെന്നർത്ഥം

Digitized By Kerala Sahitya Akademi

നിൻ തൃക്കൊടിക്കൂറതൻ തണലൊന്നൊഴി–
ഞ്ഞെന്തുള്ളൂ നിർവ്വാണസ്ഥാനം വേറേ?
ഈടുററ നിൻ തൃക്കാലാകും കിരീടത്തെ–
ച്ചൂടുന്നതാര,വനാണരചൻ; 13

ശ്രേഷ്ഠമാം നിന്നുപദേശമോരോന്നിഹ
കേട്ടു പഠിച്ചവനാണു വിദ്വാൻ;
താവക നിശ്ശബ്ദഗീതങ്ങൾ പാടുന്ന–
തേവനോ, കാവ്യകൃത്തായവൻ താൻ! 14

ത്വൽപ്പദപീഠത്തിൽ സർവ്വസ്വവും ശരി–
യ്ക്കർപ്പണം ചെയ്‌വതേ ത്യാഗധർമ്മം;
നൂനം നിൻ നിർമ്മലമംജുളരൂപത്തെ
ധ്യാനിച്ചുകൊൾവതേ രാജയോഗം 15

13 നിർവ്വാണസ്ഥാനം = താപംപോക്കുന്ന സ്ഥലം. മുക്തിപ്രദമായിട്ടുള്ളതും സത്യനിഷ്ഠതന്നെ.

ഈടുററ = ശാശ്വതമായ. അരചൻ = രാജാവ്.

14 കാവ്യകൃത്ത് = കവി. നീ നിശ്ശബ്ദമായി പാടുന്നതിനെ സശബ്ദമായി പാടുന്നവനത്രേ കവി.

15 ത്വൽപ്പദപീഠം = നിൻെറ പാദപീഠം. (സത്യത്തിനുവേണ്ടി സർവ്വവും ത്യജിച്ച ഹരിശ്ചന്ദ്രൻെറ പവിത്രചരിത്രം ഇവിടെ സ്മർത്തവ്യം.)

മംജുളരൂപം = മനോഹരാകാരം. രാജയോഗം = ചതുർവ്വിധമുക്തിമാർഗ്ഗങ്ങളിലൊന്ന്.

ഈ ഗാഥ വായിയ്ക്കുമ്പോൾ ഓർമ്മിയ്ക്കേണ്ടവയായ ഉപനിഷദ്വാക്യങ്ങൾ വിസ്തരഭയത്താൽ ഉദ്ധരിയ്ക്കപ്പെടാത്തതാണ്. ഇതിനെ മററു പ്രകാരങ്ങളിലും വ്യാഖ്യാനിയ്ക്കാമെന്നെനിയ്ക്കു തോന്നുന്നു.

Digitized By Kerala Sahitya Akademi

കോഴി

1 ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൌശലം
ഹാ, കനിഞ്ഞു വെളിവാക്കിടുന്നു; കാൺ-
കാകമാനമഴകാർന്ന കോഴിയെ!

2 കിഞ്ചനോന്നമിതമാം കഴുത്തൊടും,
ചഞ്ചലാക്ഷിപുടവീക്ഷണത്തൊടും
തഞ്ചമായ്ക്കൃശപദങ്ങൾ വെച്ചിതാ,
സഞ്ചരിപ്പിതൊരു കോഴി മെല്ലവേ.

3 തങ്കവർണ്ണമിതിനുള്ള കൊക്ക; നാ-
തങ്കമുജ്ജ്വലതരം വിലോചനം;

1 ഏകഭാവനയൊട് = സമബുദ്ധിയോടുകൂടി. ജനം = വർഗ്ഗം. ലോകശില്പി — ഈശ്വരൻ. നിജ.... ....ലം = തന്റെ സൃഷ്ടിസാമർത്ഥ്യം. കനിഞ്ഞു = ദയചെയ്തു. ഈശ്വരൻ പക്ഷഭേദമെന്യേ എല്ലാ പ്രാണികളിലും സൌന്ദര്യം നിർമ്മിയ്ക്കുന്നു എന്നു കോഴിയെ ഉദാഹരണമാക്കിപ്പറയുന്നു.

2 കിഞ്ചനോന്നമിതം — അല്പമൊന്നുയർത്തപ്പെട്ടത്. ചഞ്ച..... ക്ഷണം = ഇളകിക്കൊണ്ടിരിയ്ക്കുന്ന കണ്ണുകൾകൊണ്ടുള്ള നോട്ടം. തഞ്ചമായ് = തക്കവിധം. കൃശപദങ്ങൾ = വണ്ണമില്ലാത്ത കാലുകൾ

3 അനാതങ്കം = അഴലില്ലാതെ. ഉജ്ജ്വലതരംഗം = തിളങ്ങുന്നത്. വിലോചനം = കണ്ണ്. അങ്കമേല്പ

Digitized By Kerala Sahitya Akademi

'അങ്കവാലു' മയിലിൻെറ പീലിയോ.
ടങ്കമേല്പതിനതീവ പേശലം.
4 ശ്രീവളർന്നിടുമിതിൻെറ കോമള-
ത്തൂവലാർന്ന സുവിചിത്രപത്രവും,
പൂവണിത്തലയു,മംഗപുഷ്ടിയും
ദൈവമേകിയൊരനുഗ്രഹങ്ങളാംതാൻ.
5 അക്ഷിമോഹനസുരൂപമാളുമി-
പ്പക്ഷിയിങ്കലതിമാത്രകൌതുകാൽ
പക്ഷിവാഹനുടെ പത്നിയാകുമാ
ലക്ഷ്മി വന്നു നിവസിച്ചിടുന്നിതോ!
6 സന്തതം പൊടിപുരണ്ടിരിയ്ക്കിലും,
ഹന്ത! സുന്ദരമിതിൻ കളേബരം:
ചന്തമേററമിയലുന്നൊരാകൃതി-
യ്ക്കെന്തലങ്കരണമായ''ച്ചമഞ്ഞിടാ?
7 ചാരമണ്പൊടി തുടച്ചുനീക്കുവാ-
നാര?-സാദ്ധ്യമതുപോലുമെങ്കിലും,

തിനു=പോരിടുവാൻ. അതീവ=ഏററവും. പേശലം=സമർത്ഥം (ത്രാണിയുള്ളത്).

4 ശ്രീ=ശോഭ. സുവിചിത്രപത്രം=നാനാവർണ്ണമായ ചിറക്.

5 അക്ഷി.....മാളും = കണ്ണിനെ മയക്കുന്ന സൌന്ദര്യമുള്ള. അതിമാത്രം = ഏററവും. പക്ഷിവാഹനുടെ (വിഷ്ണുവിൻെറ) പത്നിയായ ലക്ഷ്മിയ്ക്കു പക്ഷിയിങ്കൽ നിവസിപ്പാൻ (സ്ഥിതിചെയ്യാൻ) കൌതുകം കൂടുമല്ലൊ.

6 സന്തതം=എപ്പോഴും. കളേബരം = ശരീരം. സുന്ദരം = അഴകുള്ളത്. 'നല്ലാകാരമതിന്നലംകരണമാമെല്ലാ പദാർത്ഥങ്ങളും.'

7 സാരശോഭനം = സാരം (സൌന്ദര്യം)കൊണ്ടു

Digitized By Kerala Sahitya Akademi

സാരശോഭനമിതിൻെറ മേനി: സം-
സ്കാരമെന്തിനു നിസർഗ്ഗചാരുവിൽ?
8 കേകയോടു കിടനിന്നിടുന്ന നൽ-
ക്കൂകലൊത്ത,തിവിചിത്രരൂപിയായ്
ലോകരമ്യത കലർന്ന കോഴി കീ-
ഴാകയില്ല മയിലിന്നൊരിയ്ക്കലും.
9 കാർത്തികേയനഴകാർന്ന കേകിയെ-
പ്പാർത്തിണക്കി നിജവാഹമാക്കിനാൻ;
മൂർത്തിചാരുത മുഴുത്ത കോഴിയെ-
ച്ചാർത്തിടുന്നു കരതാരിലെപ്പൊഴും.
10 തന്നഭംഗതനുഭംഗിയാലിത-
ങ്ങന്നമായ്പ്പൊരുതുമെന്ന ഭീതിയാൽ
അന്നവാഹനരുളീല കുക്കുട-
ത്തിന്നമർത്ത്യപഥചംക്രമക്രമം.

ശോഭനം. മേനി=ശരീരം. സംസ്കാരം = വെടുപ്പു വരുത്തൽ. നിസർഗ്ഗചാരു=സ്വതേ സുന്ദരം.

8 കേക = മയിലിൻെറ ശബ്ദം. വിചിത്രം= നാനാവർണ്ണം.

9 കാർത്തികേയൻ=സുബ്രഹ്മണ്യൻ. കേകി= മയിൽ. നിജവാഹം = തൻെറ വാഹനം. മൂർത്തി ചാരുത = ശരീരഭംഗി. മയൂരവാഹനനും കുക്കുടധര നുമത്രേ സുബ്രഹ്മണ്യൻ.

10 അഭംഗം=കോട്ടമില്ലാത്തത്. തനു=ശരീരം. അന്നമായ്..... ഭീതിയാൽ=അരയന്നത്തിനെ അതിശയി യ്ക്കുമോ എന്ന ഭയത്താൽ. അന്നവാഹൻ=ബ്രഹ്മാ വ്. അമർത്ത്യപഥചംക്രമം=ആകാശസഞ്ചാരം തൻെറ വാഹനമായ ഹംസത്തിനെ ശരീരഭംഗിയിൽ തോല്പി ച്ചാലോ എന്നു പേടിച്ചിട്ടാണോ, ബ്രഹ്മാവ് കോഴി യ്ക്ക് ആകാശസഞ്ചാരത്തിനുള്ള ശക്തി കൊടുക്കാ ഞ്ഞത് എന്നു ഗമ്യോൽപ്രേക്ഷ.

Digitized By Kerala Sahitya Akademi

11 കാമമന്യവിഹഗങ്ങളെന്നപോ-
ലീ മനോജ്ഞത തികഞ്ഞ പക്ഷിയും
വ്യോമസീമനി പറന്നിടാത്തതു-
ദ്ദാമമായ നരനേത്രഭാഗ്യമാം.

12 കാമമേറിയ മനുഷ്യർ സാമ്പ്രതം
വ്യോമയാനപരരായിരിയ്ക്കവേ,
ഈ മഹീതലവിഹാരമേ നിജ
ക്ഷേമമെന്നു കരുതുന്നു കോഴി, നീ!

13 തിട്ടമങ്ങയുടെ ചെമ്പരുത്തി കീഴ്-
പ്പെട്ട ചൂഡയിതു, താമ്രചൂഡമേ,
മട്ടറിഞ്ഞു വിധി തന്ന പക്ഷിരാട്-
പട്ടമായ്പ്പരിലസിച്ചിടുന്നിതേ.

14 ലോകബാന്ധവനണഞ്ഞുദിയ്ക്കുമാ-
റാകവേ, സുഭഗ, താമ്രചൂഡമേ,

11 കാമം എന്ന അവ്യയപദത്തിന്നു ശരി, കൊള്ളാം എന്നർത്ഥം. അന്യവിഹഗങ്ങൾ = മററു പക്ഷികൾ. വ്യോമസീമനി = ആകാശത്തിൽ. ഉദ്ദാമമായ = തടവററ. നരനേത്രഭാഗ്യം = മനുഷ്യരുടെ കണ്ണുകൾക്കുള്ള ഭാഗ്യം. കോഴി പറക്കാത്തതുമൂലം എപ്പോഴും അടുക്കൽ കണ്ട് ആനന്ദിപ്പാൻ മനുഷ്യർക്കു സാധിയ്ക്കുന്നു.

12 കാമം = ആഗ്രഹം, (ദൂര) സാമ്പ്രതം = ഇപ്പോൾ. വ്യോമയാനപരർ = ആകാശസഞ്ചാരണതൽപരർ (വിമാനചാരികൾ) മഹീതലവിഹാരം = ഭൂമിയിൽത്തന്നെ പെരുമാറുക. മനുഷ്യരെക്കാൾ കൂടുതൽ അലംഭാവം കോഴിയ്ക്കുണ്ടെന്നർത്ഥം.

13 ചൂഡ = കോഴിയുടെ തലയിലെ പൂവ്. വിധി = സ്രഷ്ടാവ്. പക്ഷിരാട്പട്ടം = പക്ഷിരാജപട്ടം. പരിലസിയ്ക്കുക = ശോഭിയ്ക്കുക.

14 ലോകബാന്ധവൻ = സൂര്യൻ, സുഭഗൻ =

Digitized By Kerala Sahitya Akademi

നീ കഴുത്തുയരുമാറു കൂകിടും
കൂകലെത്ര രസമുണ്ടു കേൾക്കുവാൻ!

15 ഏതവന്നു,ഷസി നിൻെറ കൂജിതം
വീതജാഡ്യമൊരുണർച്ച നല്കിടാ:
പൂതവാസരസമാഗമോത്സവ-
സ്ഫീതകാഹളരവം കണക്കിനെ?

16 തങ്കലീർഷ്യയൊടടർക്കു മുന്നിട-
ത്തിങ്കലെത്തുമെതിർകോഴിയോടുടൻ
ശങ്കവിട്ടു, ചരണായുധേന്ദ്ര, നീ-
യങ്കമേല്പതൊരു നല്ല കാഴ്ചയാം.

17 വീരലോകമുറ കണ്ട നീ കിട-
ക്കാരനോടു പൊരുതുന്ന പോരിനെ
ചാരവേ ചെറുതു കാൺകിലാരുമാ
നാരദർഷിയെ വൃഥാ പഴിച്ചിടാ!

18 വല്ലതും ഭുവി കൊഴിഞ്ഞ ധാന്യമൊ-
ന്നല്ലയോ, തവ വിശപ്പടക്കുവാൻ?

സുന്ദരൻ. താമ്രചൂഡം=പുംകോഴി.

15 ഉഷസി=പുലർകാലത്ത്. കൂജിതം=കൂകൽ. വീതജാഡ്യം=മാന്ദ്യം കൂടാത്ത. പൂതം=പരിശുദ്ധം. വാസരം=പകൽ. സമാഗമം=വരവ്. സ്ഫീതം=വർദ്ധിച്ച.

16 അടർ=യുദ്ധം. ചരണായുധൻ=കോഴി. അങ്കം=പോര്.

17 കിടക്കാരൻ=എതിരാളി. കോഴിയങ്കം കണ്ടവർ നാരദമുനിയെ കലഹപ്രിയനെന്നു കുറ്റപ്പെടുത്തുകയില്ല; തങ്ങളും കലഹദർശനത്തിൽ കുതുകികളാകും.

18 ഭുവി=ഭൂമിയിൽ. ബാധ=ഉപദ്രവം. ഉഞ്ഛവൃത്തി=വയലിലും മററും ചിന്നിക്കിടക്കുന്ന ധാന്യ

Digitized By Kerala Sahitya Akademi

ഇല്ല ബാധ പരനു;ജഞ്ചരാവൃത്തിയാം
നല്ല താപസനയി ദ്വിജേന്ദ്ര നീ–

19 കോമളച്ചെറുകിടാങ്ങളൊത്തു ത–
ന്നോമനപ്പിടയടുത്തു ചെല്കവേ,
പ്രേമരമ്യമൃദുകൂജിതത്തൊട–
ക്ഷാമഹർഷമെതിരേല്പതുണ്ടവൻ.

20 സ്വീയസന്തതികളെപ്പരുന്തു മു–
മ്പായ കണ്ടകരിൽനിന്നു കാപ്പതിൽ
ജായയൊത്തതിമനസ്സുവെപ്പതു–
ണ്ടായതപ്രണയനീപ്പതത്രവാൻ.

21 അത്ര വന്മഴ പൊഴിച്ചിടുംവിധൌ
വിത്രസിച്ചുഴലുമിക്കിടാങ്ങളെ
പത്രമാം കുട പിടിച്ചു കാത്തിവൻ
പുത്രകപ്രണയപുഷ്ടി കാട്ടിടും.

22 നിൻകുടുംബിനി സ്വഖാസുഖങ്ങളിൽ–
പ്പങ്കുകൊണ്ടനുസരിയ്ക്കുവോളിവരു;

ങ്ങൾ പെറുക്കിയെടുത്ത് ജീവിയ്ക്കുന്നവൻ. ദ്വിജ ശബ്ദം ബ്രാഹ്മണപക്ഷിപര്യായമാകുന്നു.

19 പ്രേമരമ്യമൃദുകൂജിതം = പ്രേമംകൊണ്ട് രമണീയമായ ശബ്ദവിശേഷം. അക്ഷാമഹർഷം = അനല്പമായ സന്തോഷത്തോടു കൂടുംവണ്ണം.

20 സ്വീയസന്തതികൾ = തന്റെ കുഞ്ഞുങ്ങൾ. കണ്ടകർ = ക്രൂരന്മാർ. ജായ = ഭാര്യ. ആയതപ്രണയൻ = അതിസ്നേഹവാൻ. പതത്രവാൻ = പക്ഷി.

21 വിത്രസിച്ച് = ഭയപ്പെട്ട്. പത്രം = ചിറക്. പുത്രകപ്രണയപുഷ്ടി = മക്കളിലുള്ള വാത്സല്യാതിരേകം.

22 കുടുംബിനി = ഗൃഹിണി. സൌഷ്ഠവം =

Digitized By Kerala Sahitya Akademi

നിൻകുമാരരവരംഗസൌഷ്ഠവം
തങ്കുവോർ, പതഗ, ഭാഗ്യവാൻ ഭവാൻ!

23 ദേഹമെന്നപടി, നിൻെറ മാംസവും
മോഹനം മധുരമെന്നിരിയ്ക്കയാൽ,
സ്നേഹശൂന്യരിഹ നിന്നെയെപ്പൊഴോ
ഹാ, ഹനിപ്പതു വയററുപോററികൾ?

24 ഇത്തിരിയ്ക്കുമൊരുപദ്രവംപരർ-
ക്കെത്തിടാതെ പുലരുന്ന നിന്നുടെ
വൃത്തികൂടിയ കഴുത്തിലുഗ്രമായ്-
ക്കത്തി വെയ്ക്കുവതിനാർക്കു തോന്നിടും?

25 ആവതോളമിഹ നിത്യവും ഭുജി-
യ്ക്കാവതായ്പ്പല പദാർത്ഥമില്ലയോ?
പാവ,മീ നിരപരാധപക്ഷിയെ-
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!

26 ഭദ്രകക്കുടകുലാസ്രതർപ്പണാൽ
ഭദ്രകാളി ബഹുദുഷ്ടമർദ്ദിനി,

ഭംഗി. തങ്കുവോർ=ഉള്ളവർ. പതഗം=പക്ഷി

23 സ്നേഹശൂന്യർ = ഭൂതദയയില്ലാത്തവർ. ഹനിയ്ക്കുക=കൊല്ലുക.

25 ഭുജിയ്ക്ക=ഭക്ഷിയ്ക്ക.

26 ഭദ്ര....തർപ്പണാൽ=അഴകേറിയ കോഴികളുടെ ചോരചൊരിയുന്നതുമൂലം. ബഹുദുഷ്ടമർദ്ദിനി= അനവധി ദുഷ്ടന്മാരെ കൊല്ലുന്നവൾ. സമ്പ്രസം= സസന്തോഷം. കരുണ=ദയ. ക്ഷുദ്ര... മതം=നീചമായ മാന്ത്രികന്മാരുടെ അഭിപ്രായം. 'ബഹുദുഷ്ടമർദ്ദിനി' എന്ന വിശേഷണം, ഭദ്രകാളി ഇത്തരം നിർ

Digitized By Kerala Sahitya Akademi

സ്വദ്രസം കരുണ ചെയ്യുമെന്നൊരീ
ക്ഷുദ്രമാന്ത്രികമതം ഭയങ്കരം!

27 ഭീമഘാതുകർ കഴുത്തറുക്കവേ
രാമ, രാമ, കരുണസ്വരത്തൊടും
കീഴ്മലച്ചു പിടയുന്ന കോഴിയെ-
ക്കാണ്മവർക്കു കരൾ പൊട്ടുകില്ലയോ!

28 "ചൊല്ലാർന്നിടും വലിയ ധർമ്മമഹിംസയാണെ-
ന്നുല്ലാസമേകുമറിവെങ്ങുമുയർന്നിടട്ടെ!
വല്ലാതിവണ്ണമപമൃത്യുപെടാതെ, നിങ്ങൾ-
ക്കെല്ലാം സുഖപ്പൊറുതി കുക്കുടമേ, വരട്ടെ!"

ദ്രോഷ ജീവികളുടെ ഹിംസമൂലം ഒരിയ്ക്കലും പ്രസാദിയ്ക്കുകയില്ലെന്നു സൂചിപ്പിയ്ക്കുന്നു.

27 ഭീമഘാതുകർ=ഭയങ്കരന്മാരായ കൊലയാളികൾ.

28 ചൊല്ലാർന്നിടും = കേളികേട്ട. 'അഹിംസാ പരമോ ധർമ്മഃ' അപമൃത്യു=അകാലമരണം.

Digitized By Kerala Sahitya Akademi

പുരാണങ്ങൾ

(കിളിപ്പാട്ട്)

ഭാരതവർഷത്തിലെ-
        പ്പൂർവ്വരാമൃഷീന്ദ്രന്മാർ,
പാരിനുള്ളടിക്കല്ലു
        പാർത്തുകണ്ടറിഞ്ഞവർ,
യോഗൈകനിരതന്മാർ,
        ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാ-
        ര;-വർതൻ വാസങ്ങളോ, 1

പൊട്ടപ്പുല്ലുകാകൊണ്ടും
        ശുഷ്കപത്രൗഘംകൊണ്ടും

1 പൂർവ്വർ = പ്രാചീനർ. പാരി....ഞ്ഞവർ= ലോകോൽപത്തിരഹസ്യം ശരിയായി മനസ്സിലാക്കിയിട്ടുള്ളവർ. യോഗൈകനിരതന്മാർ = പരമാത്മാവുമായുള്ള ചേർച്ചയിൽമാത്രം താല്പര്യമുള്ളവർ. ഭോഗനിസ്പൃഹർ=വിഷയസുഖങ്ങളിൽ ആഗ്രഹമില്ലാത്തവർ. പരി....ണന്മാർ=ത്യാഗം മാത്രം ധനമായി കരുതുന്നവർ. ഇത്ര വളരെ മാഹാത്മ്യമുള്ള ആ ദിവ്യപുരുഷന്മാരുടെ വാസം എവിടെയെന്നു പറയുന്നു. ശുഷ്കപത്രൗഘം = ഉണങ്ങിയ ഇലകളുടെ കൂട്ടം. ആഡംബരശൂന്യവും അതീവ കേവലവുമായ ജീവിതമെന്നു സാരം

2 അവയിൽനിന്ന് = ആ പാഴ്കുടിലുകളിൽ

Digitized By Kerala Sahitya Akademi

കെട്ടിമേഞ്ഞവയായ
പാഴ്കുടിലുകളത്രേ.
എങ്കിലുമവയിൽനി-
ന്നങ്ങു കിട്ടിയ മണി-
ത്തങ്കങ്ങൾ മഹാർഘങ്ങൾ,
മറെറങ്ങുമലഭ്യങ്ങൾ. 2

പട്ടുമെത്തയെക്കാളു-
മിഷ്ടമായ്‌വാഗ്ദേവിയ്ക്ക
ശിഷ്ടരാമവരുടെ
ദർഭപ്പുൽവിരിപ്പുകൾ:
തത്ത്വചിന്തോദ്രേകത്താ-
ലെങ്ങാനുമർദ്ധന്യർക്കു
വിസ്തീർണ്ണത്തിരുനെററി
വിയർത്താലപ്പോളെല്ലാം, 3
പ്രേമവിഹ്വലയായ്ത്തൻ
പോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്ന
വാഗധീശ്വരിതൻെറ

നിന്ന്. മണിത്തങ്കങ്ങൾ=പ്രകൃതത്തിൽ വേദശാസ്ത്ര പുരാണേതിഹാസാദികൾ. മഹാർഘങ്ങൾ=വിലയേറിയവ. അലഭ്യങ്ങൾ=കിട്ടാത്തവ.

3 ശിഷ്ടർ=ഉത്തമന്മാർ. ലൌകികമോടിയിൽ ജീവിച്ച ധനവാന്മാരെക്കാൾ കൂടുതലായി ഈ നിർദ്ധനന്മാരിലാണ്, വാഗ്ദേവി പ്രസാദിച്ചതെന്നു സാരം.

4 തത്ത്വചിന്തോദ്രേകത്താൽ= തത്ത്വവിചാരാധിക്യത്താൽ. പ്രേമവിഹ്വലയായ് = പ്രേമപരവശയായി. കോമളം = മൃദുവാകുംവണ്ണം. വാഗധീശ്വരി = സരസ്വതി. മഞ്ജു=മനോഹരം. ശിഞ്ജിതം=കിലു

Digitized By Kerala Sahitya Akademi

മഞ്ജുകൈത്തണ്ടിൽച്ചിന്നി
　　മിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽ–
　　നിന്നുനാമിന്നും കേൾപ്പൂ! 4

അമ്മഹാശയന്മാരാം
　　മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം
　　നിർത്തി വിശ്രമിയ്ക്കുമ്പോൾ
നന്മയിൽക്കവിതയാം
　　ദേവിയുമായിച്ചെയ്ത–
നർമ്മസല്ലാപങ്ങളേ,
　　നിങ്ങൾക്കു നമസ്കാരം; 5

ഭാസകാളിദാസാദ്യ–
　　ന്മാരെയും പുലർത്തിയ
ഭാസുരസാരസ്വത–
　　ഭണ്ഡാരപ്പുരകളേ,
ദുർഗ്രഹമാഹാത്മ്യമാ–
　　മാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ
　　നിർമ്മലനദികളേ,

ങ്ങുന്ന ശബ്ദം. സരസ്വതിദേവി അത്രമാത്രം അവർക്കുധീനയായിരുന്നുവെന്നു സാരം. പുരാണവചനങ്ങളുടെ സുശ്രവത്വവും വ്യഞ്ജിയ്ക്കുന്നു.

5 അനുവേലം = കൂടെക്കൂടെ. ബ്രഹ്മനിശ്ചലധ്യാനം = ദൃഢമായ പരബ്രഹ്മധ്യാനം. നർമ്മസല്ലാപങ്ങൾ — മഹർഷിമാർ വേദാന്തതത്ത്വചിന്താക്ലേശം തീർക്കുവാൻവേണ്ടി വിശ്രമിക്കുമ്പോൾ, കവിതാദേവിയുമായി നടത്തിയ കളിവചനങ്ങളാണ് പുരാണങ്ങൾ

Digitized By Kerala Sahitya Akademi

ഉച്ചകൈരുപനിഷ-
ദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുർവർഗ്ഗാഭിഖ്യ-
സസ്യകക്ഷേത്രങ്ങളേ,
പേർപെറുമാര്യന്മാർതൻ
വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ,
നിങ്ങൾക്കു നമസ്കാരം!
തേനൊലിപ്പഴങ്ങളും
തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തി-
ക്കളിയ്ക്കും കുളിർകാററും,
മാനസം തെളിഞ്ഞുള്ള
പക്ഷികളുടെ കള-
ഗാനവും ചേരും ലീലാ-
രാമങ്ങൾ ചില ദിക്കിൽ;

എന്നു ചുരുക്കം. പുരാണനിർമ്മാണം അവർക്കു സുഖസാധ്യമായിരുന്നു എന്നു ധ്വനി. ഭാസ...പുലർത്തിയ-ഭാസൻ, കാളിദാസൻ തുടങ്ങിയ മഹാകവികൾക്കു കാവ്യ നിർമ്മാണത്തിന്നായി വിഷയങ്ങൾ സംഭരിച്ചു കൊടുത്ത. ഭാസുര...പ്പുരകൾ-ശോഭിയ്ക്കുന്നവയായ വാഗ്ദേവിയുടെ ഈടുവെപ്പുകൾ. ദുർഗ്രഹമാഹാത്മ്യം ഗ്രഹിയ്ക്കുവാൻ പ്രയാസമുള്ള മഹിമയോടു കൂടിയത്. ആമ്നായാദ്രി-വേദമാകുന്ന പർവ്വതം. നിർഗ്ഗമിയ്ക്ക-പുറപ്പെടുക. പുരാണങ്ങളുടെ ഉത്ഭവം വേദത്തിൽനിന്നാണെന്നർത്ഥം. ഉച്ചകൈ...ത്രങ്ങൾ= ഉന്നതങ്ങളായ ഉപനിഷത്തുകളാകുന്ന ദേവകളുടെ ക്ഷേത്രങ്ങൾ; ഉപനിഷത്സാരങ്ങൾ അന്തർഭവിച്ച എന്നു ഭാവം. സച്ച...ത്രങ്ങൾ-ധർമ്മാർത്ഥകാമമോ

Digitized By Kerala Sahitya Akademi

താമരയിലകളാൽ
പച്ചവില്പീസ്സു പുത-
ച്ചം മട്ടിൽ വിളങ്ങുന്ന
പൊയ്കകൾ ചില ദിക്കിൽ;
നക്ഷത്രങ്ങളെച്ചൂഡാ-
രത്നങ്ങളാക്കും നാനാ
വൃക്ഷങ്ങൾ തിങ്ങും ശൈലാ-
രണ്യങ്ങൾ ചില ദിക്കിൽ;
പാറമേൽത്തട്ടിപ്പാരം
പളുങ്കിന്മണി ചിന്നി-
ച്ചാരാവമോടേ പായും
പുഴകൾ ചില ദിക്കിൽ-
പ്രകൃതിരമണീയം,
ശാന്തഗംഭീരം ഹാ ഹാ,
സുകൃതിനിഷേവ്യമേ
നിങ്ങൾതൻ മഹാരാജ്യം! 5

ക്ഷങ്ങളാകുന്ന സസ്യങ്ങളുടെ വയലുകൾ 'തേനൊലി' എന്നു തുടങ്ങി 'മഹാരാജ്യം' എന്നവസാനിയ്ക്കുന്ന വാക്യംകൊണ്ടു പുരാണക്കളുടെ സുവിശ്രമകരത്വം, നിഗൂഢഭാവത്വം, ഗഹനത, നൈർമ്മല്യം മുതലായ വയെ സൂചിപ്പിച്ചിരിയ്ക്കുന്നു. അഥവാ നിങ്ങൾതൻ മഹാരാജ്യം എന്നതിനെ ഭാരതവർഷമെന്നും വ്യാഖ്യാനിയ്ക്കാം. ഇന്ത്യയിലെ പ്രകൃതിരാമണീയകം അന്യാദൃശമാണല്ലോ. ചൂഡാരത്നം=ശിരോഭൂഷണമായ രത്നം. വൃക്ഷങ്ങളുടെ അസാമാന്യമായ പൊക്കം സൂചിപ്പിയ്ക്കുന്നു, ആരാവം-ശബ്ദം. സുകൃതിനിഷേവ്യം-സുകൃതികളാൽ സേവിയ്ക്കപ്പെടുവാൻ യോഗ്യം.

Digitized By Kerala Sahitya Akademi

ദണ്ഡനാധികാരത്താൽ–
　　കണ്ണുരുട്ടിയോ, സ്നേഹാ–
ഖണ്ഡശക്തിയാൽ കൈയ്ക്കു
　　പിടിച്ചു നിറുത്തിയോ,
ഭംഗിയിലനുരാഗാ–
　　ലണച്ചു തഴുകിയോ,
നിങ്ങൾ പിന്തിരിപ്പിപ്പൂ
　　ദുഷ്കൃതത്തിൽനിന്നെന്നെ. 6

മണ്ണിനെപ്പൊന്നാക്കുന്ന
　　മായതൻ കളിത്തരം
കണ്ണിമയ്ക്കാതെ നോക്കി–
　　ക്കണ്ടേററം ചിരിയ്ക്കുന്നു;
മർത്ത്യജീവിതപുഷ്പം
　　ചേററിൽ വീഴുവതോർത്തി–
ട്ടത്തലാൽക്കരയുന്നു
　　തൽക്ഷണംതന്നേ നിങ്ങൾ. 7

6 ദണ്ഡ ......ട്ടിയോ = ശിക്ഷാധികാരംമൂലം ഭയപ്പെടുത്തിയോ. ....ശക്തിയാൽ = സ്നേഹത്തിൻെറ സമഗ്രശക്തിയാൽ. കൈക്കു പിടിച്ചു നിറുത്തിയോ = സ്നേഹിതൻെറ നിലയിൽ തടഞ്ഞിട്ടോ. പുരാണങ്ങൾ വേദവിധികൾകൊണ്ടു ശാസിച്ചും, മിത്രരീത്യാ ഹിതം ഉൽബോധിപ്പിച്ചും, കാന്തയെപ്പോലെ കാവ്യരസംകൊണ്ട് വശീകരിച്ചും നമ്മെ ദുർമ്മാർഗ്ഗത്തിൽനിന്നു തിരിച്ചുവിടുന്നുവെന്നർത്ഥം.

7 മണ്ണിനെ.......ചിരിയ്ക്കുന്നു — നിസ്സാരങ്ങളെ സസാരങ്ങളാക്കിക്കാണിച്ചു വ്യാമോഹിപ്പിക്കുന്ന മായയുടെ പരമാർത്ഥസ്ഥിതി വെളിപ്പെടുത്തുന്നു.

Digitized By Kerala Sahitya Akademi

നീതിയുമനീതിയും
ധർമ്മവുമധർമ്മവും
വേർതിരിച്ചിഹ നിങ്ങ
ളേണം നടത്തുന്നു,
പൈതലാം ലോകത്തിന്നു
വിശ്രമാനന്ദം നല്കാൻ
പ്രീതിയാൽത്താലോലിച്ചു
താരാട്ടു പാടീടുന്നു. 8

ചെങ്കോലു ദൂരത്തിട്ടു
യോഗദണ്ഡെടുക്കുന്നു
പൊങ്കിരീടത്തെജ്ജടാ-
ജൂടമായ് മാററീടുന്നു;
സ്വർഗ്ഗവും തൃണപ്രായം
നിങ്ങൾക്കു ജഗത്തിങ്കൽ

8 മർത്ത്യ....നിങ്ങൾ = ഉൽകൃഷ്ടമായ മനുഷ്യജന്മം കാമാദികളിൽ പതിച്ചു പാഴായിപ്പോകുന്നതു കണ്ടു തന്നിവാരണമാർഗ്ഗം ഉപദേശിയ്ക്കുന്നു. ഭരണം നടത്തുന്നു = ജീവിതയാത്രയെ വേണ്ടതിൻവണ്ണം നിയന്ത്രിയ്ക്കുന്നു. പൈതലാം.......പാടീടുന്നു = ലോകം നിത്യശാന്തിയിലെത്തി പരമാനന്ദമാകാനുള്ള വഴികൾ കാണിച്ചുകൊടുക്കുന്നു. (ലോകം ഒരു കുട്ടിയെപ്പോലെ ക്ഷണികസുഖങ്ങളിൽ ഭ്രമിച്ചുഴലുകയാണ് ചെയ്യുന്നത്.)

9 ചെങ്കോലു......മാററീടുന്നു = ലൌകികമായ ഔന്നത്യം ദൂരെ ത്യജിച്ച് ആധ്യാത്മികമായ ശ്രേയസ്സിന്നുവേണ്ടി പ്രയത്നിയ്ക്കുവാൻ ഉപദേശിയ്ക്കുന്നു. സ്വർഗ്ഗം-ചെയ്തിട്ടുള്ള പുണ്യകർമ്മങ്ങളുടെ ഫലം തീരുന്നതുവരെ സുഖിയ്ക്കുവാനുള്ള സ്ഥലം. (യഥാർത്ഥ മുമുക്ഷുവിനു സ്വർഗ്ഗത്തിലാശയു

Digitized By Kerala Sahitya Akademi

മൃഗ്യമായൊന്നേയുള്ളൂ;
സ്വാതന്ത്ര്യം — സാക്ഷാൽ മോക്ഷം. 9

പൂതമോംകാരംപോലെ
ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം ലഭിപ്പാനായ്-
ക്കരണത്രിതയത്താൽ
സാദരം പ്രയതിപ്പിൻ;
സാഫല്യപ്പെടുത്തുവിൻ,
സോദരന്മാരേ, നിങ്ങൾ
സാരമാം നരജന്മം! 10

ണ്ടാകുന്നതല്ല.) മൃഗ്യം—അന്വേഷിയ്ക്കത്തക്കത്. സ്വാതന്ത്ര്യം=മായാബന്ധ (കർമ്മബന്ധ)ത്തിൽനിന്നു വിട്ടിട്ടുള്ള അവസ്ഥ. അതുതന്നെ സാക്ഷാൽ മോക്ഷം. ഒരു മനുഷ്യൻെറ പരമാദർശമായ ഈ മുക്തിയ്ക്കുള്ള മാർഗ്ഗമാണ്, പുരാണങ്ങളിൽ പ്രധാനമായി പ്രതിപാദിയ്ക്കുന്നത്.

10 പൂതം = പരിശുദ്ധം. ഓംകാരം – അ (വിഷ്ണു) ഉ (ശിവൻ) ഒ് (ബ്രഹ്മാവ്) എന്നു ത്രിമൂർത്തികളേയും സൂചിപ്പിച്ചു പരബ്രഹ്മവാചകമായി പറയുന്ന 'ഓം' എന്ന പ്രണവധ്വനി. ത്ര്യക്ഷരാത്മകം-മൂന്നക്ഷരങ്ങളുള്ളത്. കരണത്രിതയത്താൽ–മനസാ, വാചാ, കർമ്മണാ അതിപ്രയത്നം ചെയ്ത് ആ പരമപദം പ്രാപിച്ചു ജന്മോദ്ദേശം നിറവേററുകയെന്നു സാരം.

Digitized By Kerala Sahitya Akademi

ഉണ്ണാനില്ല, ഉടുപ്പാനില്ല

I

കാലത്തു മെയാഞ്ഞതുകൊണ്ടു മാരിയേ–
റ്റോലപ്പുറംതോൽ പെരുതുംവലിഞ്ഞഹോ,
സാലസ്യമായ്പ്പട്ടിണിപെട്ടതിൽക്കഴൂ–
ക്കോലസ്ഥി പേർത്തുന്തിയ ഗേഹമൊന്നിതാ! 1

പാരം ദ്രവിയ്ക്കും പഴയോലകൾക്കെഴും
ദ്വാരത്തിലൂടേ വെയിലാപതിയ്ക്കയാൽ,
സ്വൈരം നിലത്തിങ്ങു ലസിപ്പതുണ്ടതി -
ക്രൂരങ്ങൾ ദാരിദ്ര്യപിശാചദൃഷ്ടികൾ. 2

ഒട്ടും വിടാതേ മഴയേറ്റു ചോർന്നൊലി–
ച്ചിട്ടുള്ള പാടല്പിതു ശുഭ്രഭിത്തിമേൽ;
ഒട്ടുക്കു പാഴാക്കിന 'ചേട്ട' കെട്ടഴി
ച്ചിട്ടുള്ള ചെങ്കുന്തളമായിരിയ്ക്കണം! 3

1 കാലത്ത് – വേണ്ടസമയത്ത്. മാരി = മഴ. സാലസ്യമായ് = ക്ഷീണിച്ച. ഗൃഹം പട്ടിണിപ്പെട്ട് എല്ലും തൊലിയുമായിത്തീർന്നു ഒരു ജീവിയായി കല്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു.

2 ആപതിയ്ക്കയാൽ = വീഴുകയാൽ (പ്രവേശിയ്ക്കുകയാൽ) ലസിയ്ക്കുന്നു = പ്രകാശിയ്ക്കുന്നു. ദാരി...... ഷ്ടികൾ – ദാരിദ്ര്യമാകുന്ന പിശാചിന്റെ കണ്ണുകൾ.

3 ശുഭ്രഭിത്തി = വെള്ളച്ചുമർ. ചേട്ട = ജ്യേഷ്ഠ. (അലക്ഷ്മി)....ചെങ്കുന്തളം = ചെമ്പിച്ച തലമുടി.

Digitized By Kerala Sahitya Akademi

അല്ലായ്കില, ന്നസ്സിലിരുന്ന തൻനില-
യ്ക്കെല്ലാമിതിന്മട്ടിടിവേററതോർക്കയാൽ
വല്ലാതെ നൊന്തിപ്പുരതൻെറ കണ്ണിൽനി-
ന്നുല്ലാഘവം ചോരയൊലിച്ചതായ്‌വരാം! 4

സ്വീയദ്വിപാർശ്വങ്ങളിലീയുരൽപ്പുറ-
പ്രായങ്ങൾ മാറാലകൾ പററിനില്ക്കയാൽ,
ശ്രീയററതാമുമ്മറവാതിൽ കാൺക, കാ-
രീയപ്പതുത്തോടകളിട്ട പോലെയായ്. 5

ആരാണുനോക്കുന്നതിനററകുററ?-മി-
പ്പേരാണ്ട വീടിന്നുടമസ്ഥയായവൾ
നേരായി വീർപ്പൊന്നിടുവാനുമുംബലം
ചേരാതെയഞ്ചാംപുരയിൽത്തനിച്ചതാ! 6

ദാരിദ്ര്യക്ലപ്താനശനവ്രതാലുടൽ-
ത്താരിൽച്ചടപ്പേറിടുമിത്തപസ്വിനി
പൂരിച്ച വാട്ടത്തൊടടുപ്പിനന്തികേ
നേരിട്ടിരുന്നഗ്നിസപര്യ ചെയ്കയോ? 7

കീറിപ്പൊളിഞ്ഞുള്ളൊരുടുപ്പിലും, വിളർ-
പ്പേറി ക്ലമപ്പെട്ട മുഖാംബുജത്തിലും,

4 നൊന്ത് = വേദനപ്പെട്ട്. ഉല്ലാഘവം = എളുപ്പത്തിൽ (വേഗത്തിൽ)

5 സ്വീയദ്വിപാർശ്വങ്ങൾ = തൻെറ രണ്ടു വശങ്ങൾ. ഉരൽ... യങ്ങൾ = വട്ടത്തിലുള്ളവ. ശ്രീയററ = അശ്രീബാധിച്ച.

6 അഞ്ചാംപുര = അടുക്കളപ്പുര.

7 ദാരി......വ്രതാൽ = ദാരിദ്ര്യനിർമ്മിതമായ (ദാരിദ്ര്യംമൂലമുണ്ടായ) പട്ടിണിവ്രതം. തപസ്വിനി = പാവപ്പെട്ടവൾ. പൂരിച്ച = നിറഞ്ഞ. അന്തികേ = സമീപത്ത്. അഗ്നിസപര്യ = അഗ്നിപൂജ.

8 ക്ലമപ്പെട്ട = വാടിയ. മാറിന്നകം = മനസ്സ്. കുലീ

Digitized By Kerala Sahitya Akademi

മാറിന്നകം വേവുമിവരക്കിതാ, നിറം–
മാറിക്കിടപ്പുണ്ടു കുലീനതാഗുണം, 8

മുപ്പത്തിയെട്ടിൽപ്പുറമായ്‌വരാ വയ–
സ്സി.പ്പക്ഷ്മളാക്ഷിയ്ക്കു തികഞ്ഞ യൌവനം
ഉൽപ്പക്ഷദുർഭിക്ഷനിപീതശേഷമായ്–
സ്സൽപ്പല്ലവാംഗേ വിലസുന്നിതിപ്പൊഴും. 9

തൈലവ്യയത്താൽച്ചകിരിയ്ക്കു തുല്യമാം
കോലത്തൊടിക്കാണ്മൊരു കേശപാശമോ,
നാലഞ്ചു മാസത്തിനു മുമ്പുകൂടിയും
നീലത്തഴയ്ക്കൊത്തു ലസിച്ചിരുന്നതാം. 10

മാലിന്നിതേ സംഗതി: കാലവൈശസ–
ത്താലിങ്ങെഴും സ്വത്തുകരം വിററു തിന്നുപോയ്;
മേലിൽപ്പൊറുപ്പാൻ വഴിയോർത്തു കാന്തനോ,
കൂലിപ്പണിയ്ക്കായ് മറുനാടു പൂകിനാൻ. 11

സ്നേഹം തഴയ്ക്കും പതിയൊത്തുദാരമാം
ഗേഹത്തിനേകേശ്വരിയായ് സ്സുഖിച്ചവരം,
ഹാഹന്ത, പൈദാഹവശാൽത്തകർന്നു തൻ–
ദേഹം മറപ്പാൻ തുണിപോലുമെന്നിയേ, 12

നതാഗുണം = തറവാടിത്തം.

9 പക്ഷ്മളാക്ഷി – സുന്ദരി. ഉൽപക്ഷ.... ശേഷം = വമ്പിച്ച ദാരിദ്ര്യം കുടിച്ചതിൻെറ ബാക്കി. ദാരിദ്ര്യത്തിന്നു ഭൃംഗത്വവും യൌവനത്തിന്നു മകരന്ദത്വവും വ്യഞ്ജിയ്ക്കുന്നു. സൽപല്ലവാംഗേ – നല്ല തളിരുപോലുള്ള ദേഹത്തിൽ.

10 തൈലവ്യയത്താൽ = എണ്ണതേയ്ക്കാത്തമൂലം. കോലം = ആകൃതി. കേശപാശം = തലമുടി.

11 കാലവൈശസം = കാലദോഷം, കാന്തൻ – ഭർത്താവ്.

12 ഉദാരം – ഉയർന്ന സ്ഥിതിയിലുള്ളത്.

Digitized By Kerala Sahitya Akademi

ശോകത്തിലും ലജ്ജയിലും നിലീനയായ്
വേകട്ടെയെന്നാണു വിധിപ്രകല്പിതം:
ലോകപ്രഭോ, കാഞ്ചനകേതകത്തിലും
നീ കർക്കശം മുള്ളു പതിപ്പതെന്തിനോ! 13

ആയിഷ്ടവാക്കാം വലയസ്വനത്തോടേ
പായിട്ടിരുത്തിപ്പലപേർക്കു ഭക്ഷണം
ഭൂയിഷ്ഠമായ് നല്കിയ കയ്യിതൊന്നു വ-
ററായിട്ടു നാളെത്ര കഴിഞ്ഞു കഷ്ടമേ! 14

ഒരു പിടിയരിയിന്നവൾക്കുദഞ്ചൽ-
ക്കരുണമൊരാളയൽവീട്ടിൽനിന്നു നല്കീ;
ഒരുവിധമതുകൊണ്ടു കഞ്ഞിവെപ്പാൻ
കരുതിയടുക്കളെ പുക്കതോണിദാനീം: 15

II

അതാ, യുവാവായൊരുദാരരൂപ-
ന,താതു ശങ്കിച്ചതുപോലെ ചുററും
തതാഭമാം ദൃഷ്ടിപതിച്ചുകൊണ്ടീ
പ്രതാന്തമാകും ഭവനത്തിലെത്തി. 1

13 ശോകം = ദുഃഖം. നിലീന = ലയിച്ചവൾ. (മുഴുകിയവൾ) ലോകപ്രഭു = ഈശ്വരൻ. കാഞ്ചനകേതകം = പൊന്നിൻകൈതപ്പൂവ്. കർക്കശം = കടുപ്പമുള്ള.

14 വലയസ്വനത്തെ (വളകൾ കിലുങ്ങുന്ന ശബ്ദത്തെ) ഇഷ്ടവാക്കായി ('ലോഗ്യം' പറയിലായി) കല്പിച്ചിരിയ്ക്കുന്നു. ഭൂയിഷ്ഠം = ധാരാളം.

15 ഉദഞ്ചൽകരുണം = ഉയരുന്ന ദയയോടു കൂടും വണ്ണം.

II

1 ഉദാരരൂപൻ = കാഴ്ചയിൽ അന്തസ്സുള്ളവൻ. തതാഭം = ശോഭയേറിയത്. പ്രതാന്തം = തുലോം ക്ഷീണിച്ചത്. (ദാരിദ്ര്യപീഡിതം എന്നു സാരം.)

Digitized By Kerala Sahitya Akademi

'ഇല്ലാ, വഴിത്തെററു നമുക്കു വന്നി-
ട്ടില്ലാ ദൃഢം; വീടിതുതന്നെ; പക്ഷേ
വല്ലാത്തതാം മാററമിതെ;-ന്തു പററീ
ചൊല്ലാർന്ന മൽബന്ധുജനത്തിനാവോ?' 2

എന്നായ് നിനച്ചോട്ടിട പൂമുഖത്തു
നിന്നാനവൻ തെല്ലു പരുങ്ങലോടേ;
മുൻ നാളിലെപ്പോലതിഥിയ്ക്കടുക്കൽ
വന്നാരുമഭ്യർച്ചന ചെയ്തതില്ല. 3

മേലാകവേ 'ചെള്ളി'ളകിക്കിതപ്പിൽ
സ്ഥൂലാസ്ഥിപാർശ്വങ്ങളുയർന്നുതാണും,
കോലായിലേതാണ്ടു നമസ്കരിച്ച-
പോലായ്ക്കിടപ്പുണ്ടൊരു സാരമേയം; 4

അന്നായ, മുൻകാലിണ നീട്ടിവെച്ചു
നന്നായതിൽച്ചായ്ച ശിരസ്സുയർത്തി,
വന്നാളെ വാർദ്ധക്യവിവർണ്ണദൃക്കാ-
ലൊന്നാകുലം നോക്കുക മാത്രമുണ്ടായ്! 5

പില്പാടു താൻതന്നെയകത്തു പുക്കാ
നൽപ്പാന്ഥനങ്ങിങ്ങു നടന്നിടുമ്പോൾ,

3 അഭ്യർച്ചന = സൽക്കാരം.

4 സ്ഥൂലാസ്ഥിപാർശ്വങ്ങൾ = തടിച്ച എല്ലുകളോടുകൂടിയ വാരിഭാഗങ്ങൾ. സാരമേയം = നായ.

5 വാ....ദൃക്കാൽ = വാർദ്ധക്യംമൂലം നിറംകെട്ട (മങ്ങിയ) കണ്ണുകൊണ്ട്. ആകുലം = അവശമാംവണ്ണം.

6 തൽപാ..... സ്വനം = അയാൾ കാൽ വെയ്ക്കുന്നതിൻെറ ചെറുശബ്ദം. ഉൽപാ....ദോഗം = ഉണ്ടാക്ക

Digitized By Kerala Sahitya Akademi

തൽപാദവിന്യാസമൃദുസ്വനത്താ-
ലുൽപാദിതോദ്വേഗമെണീററു തന്വി. 6

ഇളംമൃണാളിയ്ക്കെതിരാം ഭുജത്താൽ
വിളർത്ത മാർത്തട്ടു മറച്ചു മന്ദം,
തളർന്ന കാൽവെപ്പൊടുടൻ വടക്കേ-
ത്തളത്തിൽ വന്നൊന്നവളെത്തിനോക്കി. 7

ചട്ടററ തൻദാരസവിത്രിയെക്ക-
ണ്ടിട്ടങ്ങറിഞ്ഞീല കുമാരനാദ്യം.
പട്ടന്നു, പാളത്തൊലിയിന്ന;-വൾക്കു
മട്ടത്രയും മാറിമറിഞ്ഞുവല്ലോ! 8

ക്ഷാമാംഗിയാകട്ടെ,യൊരൊററനോക്കിൽ
ശ്രീമാനതാരെന്നു ശരിയ്ക്കറിഞ്ഞു!
ആ മാത്രയിൽത്താനവൾതൻ വപുസ്സിൽ-
സ്സാമാന്യമല്ലാത്തൊരു മിന്നൽ പാഞ്ഞു! 9

ഉടൻ, യുവാവന്ധത പൂണ്ടുനില്ക്കെ-
പ്പിടഞ്ഞുകൊണ്ടൂക്കിലൊരോട്ടമോടി,
വടക്കിനിക്കെട്ടിലെ മച്ചിനുള്ളിൽ-
ക്കടന്നതിൻ വാതിലടച്ചുകൊണ്ടാൾ; 10

ഈ വന്നവൻ ഗേഹിനി, നിൻെറ ജാമാ-
താവല്ലയോ ദൂരതരാധ്വഖിന്നൻ?

പ്പെട്ട നെഞ്ചിടിപ്പോടുകൂടി

7 മൃണാളി=താമരവളയം.

8 ചട്ടററ=കുറവില്ലാത്ത (നല്ലവളായ) ദാരസവിത്രി=ഭാര്യയുടെ അമ്മ. കുമാരൻ ചെറുപ്പക്കാരൻ.

9 ക്ഷാമാംഗി=കൃശാംഗി. വപുസ്സ്=ശരീരം.

10 അന്ധത=പകപ്പ്.

11 ഗേഹിനി = ഗൃഹിണി. ദൂര.. ...ഖിന്നൻ= അതിദൂരത്തുനിന്നു വരികയാൽ ക്ഷീണിച്ചവൻ. ഈ

Digitized By Kerala Sahitya Akademi

നീ വല്ലതും സ്വാഗതവാക്കുമോതാ-
തീവണ്ണമെന്തോടിയൊളിച്ചതയ്യോ! 11

അല്ലായ്കിലാ,ണാമൊരുവന്റെ മുമ്പിൽ-
ച്ചെല്ലാനിവരാക്കെങ്ങിനെ കാലു നീങ്ങും?
നല്ലാർകളും കാണുകവയ്യയല്ലോ,
മല്ലാക്ഷിയാരംതന്നുടലത്ര നഗ്നം! 12

ഫുല്ലാക്ഷനപ്പുരുഷനമ്പരപ്പു
തെല്ലാറിയപ്പോളനുമാനയുക്ത്യാ,
വല്ലായ്മ തൻ ശ്വശ്രുവിനിന്നതെന്നൊ-
ട്ടെല്ലാം ഗ്രഹിച്ചാശു പുറത്തിറങ്ങി. 13

"രണ്ടാണ്ടിടയ്ക്കിഗ്ഗിരിയിത്രമാത്രം
കുണ്ടാകിൽ എൺതിട്ടുകളെന്തു പിന്നെ?
തണ്ടാരിലമ്മയ്ക്കുമുടുപ്പുമുണ്ടു-
മുണ്ടാവുകില്ല,ത്ര നിറഞ്ഞു പഞ്ഞം! 14

പോരിന്റെ പീരങ്കി വമിച്ച ധൂമം
പൂരിച്ച യൂറോപ്പിലെ വാനിനേക്കാരം

പദം വിശേഷിച്ചും സൽക്കാരാർഹതയെ ദ്യോതിപ്പിയ്ക്കുന്നു.

12 നല്ലാർകളും — സ്ത്രീകളും. മല്ലാക്ഷി= താമരക്കണ്ണാരം.

13 ഫുല്ലാക്ഷൻ-അദ്ഭുതത്താൽ വികസിച്ച കണ്ണുകളോടു കൂടിയവൻ. അനുമാനയുക്ത്യാ= ഊഹം കൊണ്ട്. ശ്വശ്രൂ= ഭാര്യയുടെ അമ്മ. ആശു = വേഗത്തിൽ.

14 ഗിരി= പർവ്വതം. വളരെ സ്വത്തുണ്ടായിരുന്ന ഈ ഭവനം ഇത്ര ക്ഷണം അധഃപതിച്ചപ്പോരം 'ഇടത്തരം' വീടുകളുടെ സ്ഥിതിയെന്തായിരിയ്ക്കുമെന്നു സാരം. തണ്ടാരിലമ്മ= ലക്ഷ്മീദേവി.

15 പോര്= ഇയ്യിടെ കഴിഞ്ഞ 'ലോകമഹാ

Digitized By Kerala Sahitya Akademi

പാരിച്ചിരുട്ടാണ്ടിതു ഭാരതാഭ്രം,
ദാരിദ്ര്യതപ്തശ്വസിതോൽഗമത്താൽ!" 15

തുടർന്നൊരേതാദൃശചിന്തയോടേ
നടന്നു പണ്യത്തെരുവിങ്കലെത്തി,
ഉടൻ കുറെച്ചേലകൾ വാങ്ങി മാന്യൻ
മടങ്ങിവന്നു ശ്വശൂരാലയത്തിൽ 16

ജാമാതൃസത്തമ, വധൂജനനിയ്ക്കുടുപ്പാൻ
പ്രേമാർദ്രനങ്ങിവിടെ വാങ്ങിയ കോടിവസ്ത്രം
ആ മാനിനിയ്ക്കു ചരമാവരണത്തിനാവാം:
ഹാ, മാറി രംഗ;- മറവാതിൽ തുറന്നുനോക്കൂ! 17

ദാരിദ്ര്യമില്ല, രുജയില്ല, ജനങ്ങൾ തമ്മിൽ-
പ്പോരിട്ടു നീളെ വിഷവായു പൊഴിയ്ക്കലില്ല;
ഭൂരിപ്രശാന്തഗുണമിങ്ങിനെയുള്ളൊരേടം
ചാരിത്രശാലിനിയണഞ്ഞുകഴിഞ്ഞു താൻതാൻ! 18

യുദ്ധം.' വമിച്ച=പുറപ്പെട്ട. ധൂമം=പുക. വാന്=ആകാശം. ഭാരതാഭ്രം=ഭാരതവർഷത്തിലെ ആകാശം. ദാരി....മത്താൽ=ദാരിദ്ര്യംകൊണ്ട് തപിച്ചവരുടെ നെടുവീർപ്പിനാൽ.

16 ഏതാദൃശചിന്ത=ഇമ്മാതിരി വിചാരം. പണ്യത്തെരുവ് = അങ്ങാടി. ചേലകൾ = വസ്ത്രങ്ങൾ. ആലയം=വീട്.

17 ജാമാതൃസത്തമ=ഏറ്റവും നല്ലവനായ ജാമാതാവേ. വധൂജനനി=ഭാര്യയുടെ അമ്മ. മാനിനി=അഭിമാനമുള്ള. ചരമാവരണം=ഒടുക്കത്തെ ആച്ഛാദനം (ശവം മൂടൽ) രംഗം മാറി=അവസ്ഥ തുലോം വ്യത്യാസപ്പെട്ടിരിയ്ക്കുന്നു. (അവൾ മൃതിയടഞ്ഞിരിയ്ക്കുന്നു.)

18 രുജ = രോഗം (ദുഃഖം) ചാരിത്രശാലിനി=പതിവ്രത.

Digitized By Kerala Sahitya Akademi

നിത്യകന്യക

I

ഒന്ന്

വയലിൽപ്പണിനിർത്തി–
    ത്തിരിയേ വന്നിട്ടാ, ത്മ–
പ്രിയയാൽ നല്കപ്പെട്ട
    കഞ്ഞിയിത്തിരി മോന്തി
കുടിലിൻ കോലായ്‌വക്കിൽ
    വിശ്രമംകൊള്ളും ചേന്ന–
നുടലിൽ വീശും പച്ച–
    ത്തുപ്പായ വിശറിമേൽ
പവിഴത്തുണ്ടുകളെ–
    പ്പതിച്ചു കൂടെക്കൂടേ,
പരിണാമഗമായ
    പകലിൻ കതിരുകൾ.
വേണ്ട, ചെമ്പവിഴവും
    തങ്കവുമൊന്നുമവ–

1 പരിണാമഗം—അവസാനിക്കാറായത്. പച്ചത്തുപ്പ്—പച്ചയിലകൊണ്ടുള്ള തുപ്പ്. വൈകുന്നേരത്തെ സൂര്യരശ്മികളുടെ തുടുപ്പിനെ പവിഴത്തുണ്ടുകളായി കല്പിച്ചിരിക്കുന്നു. വേണ്ട .. പോരും—ആഡംബരത്തിലും പണത്തിലുമൊന്നും ചേന്നനു കൊതി

1104 കുംഭമാസത്തിൽ എഴുതിയത്.

Digitized By Kerala Sahitya Akademi

ന്നാണ്ടുപാട്ടത്തിൽക്കട-
ക്കാരനാകാഞ്ഞാൽപ്പോരും
ഏഴരപ്പറകൂടി-
ച്ചെല്ലണം പാട്ടംനെല്ലു:
'ചാഴിയുമുണക്കവും'
ജന്മിയെബ്ബാധിക്കുമോ?
ഏഴരപ്പറയ്ക്കു മൂ-
വ്വഞ്ചുറുപ്പികവെച്ച-
തേ,ഴതൻ പേരിൽ, 'ത്തമ്പ്രാ'-
ന്നൻപുദിക്കയാലത്രേ!

രണ്ട്

ഇറയത്തുള്ളാ 'ച്ചായ്ചു-
കെട്ടി'യാം തൊഴുത്തിൻെറ
പരിശൂന്യത പേർത്തു-
മവനെപ്പീഡിപ്പിച്ചു:
ഒരിളംപയ്യാകുന്ന
തന്നേകസംപത്തിൻ പൂ-
ട്ടറയായിരുന്നു തൽ-
സ്ഥാനമിന്നലെയോളം.

യില്ല; കൊല്ലംതോറും അടയ്ക്കാനുള്ള പാട്ടം, കടക്കാരനാവാതെ തീർത്തടയ്ക്കാൻ കഴിയുകയേ വേണ്ടൂ. ഏഴര...അൻപുദിക്കയാലത്രേ — ഏഴരപ്പറയ്ക്കു പതിനഞ്ചുറുപ്പിക. മതി എന്നുവെച്ചത്. ആ സാധുവിൻെറ പേരിൽ തമ്പുരാനു (ജന്മിക്കു) ദയ തോന്നിയതുകൊണ്ടാണ്!

പരിശൂന്യത—ശൂന്യത്വം. തത്സ്ഥാനം = ആ

Digitized By Kerala Sahitya Akademi

ജന്മിക്കു 'പുക്കിക്കേ'ണം
നെൽവില ചിലനാളാൽ-
ത്തന്മകരം ചിരുതയെ-
ക്കെട്ടിച്ചുകൊടുക്കേണം:
രണ്ടിനത്തിനുംകൂടി-
യൊട്ടുറുപ്പിക കിട്ടാൻ
കണ്ടില്ല വേറേ മാർഗം-
വിററു പയ്യിനെപ്പാവം!
കായത്തിൻ കറുപ്പായ
രാത്രിയാൽപ്പണ്ടേ കൂമ്പി-
പ്പോയ പുണ്ഡരീകപ്പൂ-
പോലൊരു വെള്ളച്ചൂട്ടി
നെററിമേൽ വിലസുമാ-
ഗ്ഗോവിനെ ക്രേതാവിൻെറ
യുററവരുന്തിത്തള്ളി-
ക്കൊണ്ടുപോവതു കാൺകേ
ചെററല്ല വാർന്നൂ കണ്ണീർ,
ചേന്നനുമുണ്ണൂലിക്കും:

സ്ഥലം. പുക്കിക്ക — കൊടുത്തുതീർക്കുക. ചില പൈക്കളുടെ നെററിമേൽ വെളുത്ത ചുട്ടിയുണ്ടാകാറുണ്ട്. ഈ പയ്യിൻെറ നെററിച്ചൂട്ടി പുണ്ഡരീകപ്പൂ (വെള്ളത്താമരപ്പൂ) പോലെയുള്ളതാണ്. അതു കൂമ്പിയത് കായത്തിൻെറ (ശരീരത്തിൻെറ) കറുപ്പാകുന്ന രാത്രിയിലായിരിക്കാം. താമര രാത്രിയിൽ കൂമ്പുമല്ലോ. ആ ചുട്ടി വെൺതാമരമൊട്ടുപോലെയായിരുന്നു. ക്രേതാവ് — വാങ്ങിയ ആരം. ഉററവർ... കൂട്ടർ. ഉണ്ണൂലി: ചേന്നൻെറ ഭാര്യയുടെ പേർ. ഔരസകുമാരി — സ്വന്തം മകരം; ഉണ്ണൂലി ചേന്നന്മാരുടെ സ്വന്തം മകരം.

Digitized By Kerala Sahitya Akademi

മറെറാരു മകളാണ–
ക്കൊച്ചുപയ്യിവർക്കല്ലോ;
ഇട്ടീനഗൃഹസ്ഥർത–
ന്നൗരസകുമാരിയോ,
മർദ്ദിക്കപ്പെടുകയായ്,
സ്വാനുജാവിയോഗത്താൽ!
ചേന്നനും കുടുംബവു–
മൊപ്പമേ നോക്കിപ്പോററി–
പ്പോന്നവളാണാ,ത്തള്ള
ചത്ത പൈക്കിടാവത്രേ:
പയ്യിൽ വേകുമററുണ്ട–
പ്പാവങ്ങരം പലപ്പോഴും:
പയ്യിൻെറ വയറൊട്ടാൻ
സമ്മതിക്കുകില്ലന്നും!
ഭൂവിൻെറ മരതക-
രശ്മികന്ദളമായ
പൂവൽപ്പുല്ലതിന്നേകും,
വേനലിൽപ്പോലുമവർ!
ഗോവതോ, തൽപാർശ്വത്തിൽ–
ച്ചാരിനിന്നുമ്പയിടും;

സ്വാനുജാവിയോഗത്താൽ (തൻെറ അനുജത്തിയുടെ വേർപാടിനാൽ; തൻെറ അച്ഛൻെറ മറെറാരു മകളായ ആ പയ്യ് അവരംക്കൊരനുജത്തിയാണ്.) ഞെക്കി ഞെരുക്കപ്പെട്ടു. തള്ള ചത്ത പൈക്കിടാവത്രേ. ചേന്നനും ഉണ്ണൂലിക്കും ആ പയ്യിൻെറ അനാഥത്വത്തിൽ വിശേഷിച്ചും സ്നേഹവും അലിവുമുണ്ടായി. പയ്യ്— വിശപ്പ്. തങ്ങരം പട്ടിണികിടന്നാലും അവർ ആ പയ്യിനെ പട്ടിണിയിടാറില്ല, മരതകരശ്മികന്ദളം — ഇളം പുല്ല്. ഇന്ദ്രനീലക്കല്ലിൻെറ രശ്മിയുടെ മുളപോലെ

Digitized By Kerala Sahitya Akademi

നാവിനാൽ നക്കിത്തോർത്തു-
 മവർതൻ ഗാത്രങ്ങളെ.
കൈകളാൽക്കണ്ഠം കെട്ടി
 പ്പിടിച്ചു കുനിഞ്ഞു നി-
ന്നാക്രമമായപ്പയ്യിൻ
 ഫാലാബ്ജമുകുളത്തെ
നൂറുരു മുകർന്നാലും
 നിർത്തില്ല ചേന്നൻ,നതിൽ,
നേരിയ കുശുമ്പുരംച്ചേർ-
 ന്നിട്ടുണ്ടാം ചിരുതയ്ക്കും!
അഞ്ജനാഭമാം മെയ്യും,
 മയ്യെഴുതിയ കണ്ണും,
കുഞ്ഞിത്താടയുമൊട്ടു
 വളഞ്ഞ വളർകൊമ്പും,
മഞ്ജുലക്ഷണശ്രീതൻ
 കാളാഞ്ചിപോലാം വാലും
അഞ്ജസാമായുന്നൊന്ന-
 ല്ലിവർക്ക,പ്പയ്യിൻ ചിത്രം.

പച്ചവർണമുള്ളതാണല്ലോ. ആക്രമം — സുന്ദരം. ഫാലാബ്ജമുകുളം — നെററിയിലുള്ള താമരമൊട്ട് (വെള്ളച്ചുട്ടി.) നൂറുരു.. ചിരുതയ്ക്കും. ആ കവിഞ്ഞ വാത്സല്യപ്രകടനത്തെ ചേന്നൻെറ പ്രിയപുത്രിയായ ചിരുതതെല്ലൊരസൂയകൂടാതെ എങ്ങനെ നോക്കിക്കാണും? അഞ്ജനാഭം — അഞ്ജനംപോലെ കറുത്തത്. മയ്യ് — മഷി. വളർകൊമ്പ് — വളർന്നുവരുന്ന കൊമ്പ്. മഞ്ജുലക്ഷണശ്രീ — നല്ല ലക്ഷണങ്ങളുടെ ശ്രീ (ലക്ഷ്മി). കാളാഞ്ചി. പൊന്തൊങ്ങൽ. ചേന്നൻെറയും ഉണ്ണൂലിയുടെയും മനസ്സിൽ മായ്ക്കാത്ത ചിത്രമാണ് ആ പയ്യ് വരച്ചിട്ടുള്ളത്! ഗോരൂപമായ് ...പശു

Digitized By Kerala Sahitya Akademi

ചിനയുണ്ടാകാമുടൻ,
    ചേന്നൻെറയപ്പുത്രിക്കു;
കുനക്കെത്തൂങ്ങാ,മൊരു
    പൊല്ക്കുടമകിടിങ്കൽ;
വാൽ പൊക്കിയോടി–
    ച്ചാടിക്കളിക്കാം വളപ്പിൽ,ഗ്ഗോ–
രൂപമായ്പ്പിറന്ന തൽ–
    പ്പിഞ്ചുദൗഹിത്രിപ്പൈതൽ-
തീരുമോ, 'കറുമ്പി'യെ–
    ക്കുറിച്ചു സംസാരിച്ചാ–
ലാ–രാവും കഴിഞ്ഞിത–
    ങ്ങവർക്കു കൺചിമ്മാതെ.
ആരക്തമായീ കിഴ–
    ക്കാ,മിഷവിപണി പോ–
ലാ,രുണാധ്വാവിൽപ്പാറി–
    പ്പറന്നൂ പതഗങ്ങൾ.

വിൻെറ ആകൃതിയിൽ. ദൗഹിത്രപ്പൈതൽ—പയ്യ് മകളാവുമ്പോൾ, അതിൻെറ കുട്ടി മകളുടെ കുട്ടിയാവുമല്ലോ. കറുമ്പി: ചേന്നൻെറ പയ്യിൻെറ പേര്. ആരക്തം—ചുവന്നത്. ആമിഷവിപണി—മാംസച്ചന്ത. അതു പ്രാണിരക്തത്താൽ തുടുത്തിരിക്കുമല്ലോ. ആരുണാധ്വാവ്—അരുണൻെറ (സൂര്യൻെറ) തായ മാർഗം; ആകാശം. പതഗങ്ങൾ—പക്ഷികൾ. പിറേറന്നു നേരം പുലർന്നുവെന്നു പറയുന്നതോടൊപ്പം, വരാനിരിക്കുന്ന ആ അനിഷ്ട സംഭവത്തെ (പയ്യിനെ വെട്ടിക്കൊല്ലാൻ പോകുന്നതിനെ) സൂചിപ്പിച്ചിരിക്കുന്നു.

Digitized By Kerala Sahitya Akademi

മൂന്ന്

കല്യാണത്തിനു കഷ്ടി-
　　പിഷ്ടി വല്ലതും വാങ്ങാൻ
ചില്ലറക്കടകരംതൻ
　　തെരുവിൽ നടക്കവേ,
ചന്തമൈതാനത്തൊരേ-
　　ടത്തൊരാരംക്കൂട്ടത്തെക്ക-
ണ്ടെന്തിതെന്നറിയാനാ
　　യങ്ങോട്ടു ചെന്നു ചേന്നൻ.
കാല്കരം നാലിടത്തേക്കു
　　വലിച്ചുകെട്ടപ്പെട്ടും
വായ് കടും ചരടിനാൽ
　　വരിയപ്പെട്ടും ഹാ ഹാ,
കണ്ഠമന്തകദ്വാര-
　　ത്തെക്കു നീട്ടിക്കപ്പെട്ടു-
മുണ്ടൊരു, കറുമ്പിപ്പ-
　　യ്യങ്ങു നിശ്ചേഷ്ടം നില്പൂ,
ഭീമസംഗരഭൂത-
　　തർപ്പണാലൊടുങ്ങിയ
ഗോമാംസം കൊതിച്ചെത്തി-
　　ച്ചേർന്ന മർത്ത്യർതൻ മദ്ധ്യേ!
തീർന്നു സംശയം രണ്ടാ-
　　മത്തെ നോട്ടത്തില,തു

കല്യാണം: ചേന്നന്റെ മകളുടെ വിവാഹം. അതിനുവേണ്ടിയിട്ടും കൂടിയാണല്ലോ, പയ്യിനെ വിററത്. അന്തകദ്വാരം — അന്തകന്റെ (മരണത്തിന്റെ വായ.) ഭീമസംഗരഭൂതതർപ്പണാൽ—ഘോരയുദ്ധമാകുന്ന ഭൂതത്തിനു തർപ്പണം ചെയ്തതുനിമിത്തം. പട്ടാളക്കാർക്കു

Digitized By Kerala Sahitya Akademi

ചേന്നൻെറ പൈതാൻ: നെററി-
    യ്ക്കുണ്ടു തണ്ടലർമൊട്ടും.
തിയ്യൊന്നു പറഞ്ഞു ചിക്കെ-
    ന്നാ,യാരംതൻ തലച്ചോറിൽ-
'പ്പയ്യിനെക്കൊന്നല്ലോ, പ
    ത്തൈമ്പതു രൂപയ്ക്കായ് ഞാൻ!'
ഓട്ടുകിങ്ങിണിമാല
    ചാർത്തേണ്ടിയിരുന്ന തൻ-
വീട്ടുപൈക്കിടാവിൻെറ
    നീരംക്കഴുത്തിങ്കലതാ,
ആഴ്കയായ് കശാപ്പിൻവാരം:
    കഴിവെന്തു?രംബ്ബോധം കെ
ട്ടാകുലാശയൻ വീണാ-
    ന,ഹിംസാനാടിൻ മണ്ണിൽ.
ആർക്കിതിൽപ്പതിയും ക-
    ണ്ണോ? രംപ്പരീക്ഷയ്ക്കാ,മൃതി-
വ്യാഘ്രി നാററിയ മാംസ-
    പ്പൊതിമേലല്ലോ നോട്ടം.

തിന്നാൻ വെട്ടിവെട്ടി ഗോക്കരം മുക്കാലും ഒടുക്കപ്പെട്ടിരിക്കുന്നു. തിയ്യൊന്നു... ഞാൻ– ഐമ്പതുരൂപയ്ക്കു വേണ്ടിയുള്ള തൻെറ ഞെരുക്കം നിമിത്തമാണല്ലോ ഈ പയ്യിനെ കൊല്ലാൻ കൊടുക്കേണ്ടിവന്നത്. ആകുലാശയൻ—മനസ്സു കലങ്ങിയവൻ. ഓട്ടുകിങ്ങിണിമാല ആ പയ്യിൻെറ കഴുത്തിൽ അണിയിക്കാൻ ചേന്നനു മോഹമുണ്ടായിരുന്നു; കാശില്ലായ്കയാൽ കഴിഞ്ഞില്ല. അഹിംസാനാട്—ബുദ്ധൻെറ കാലംമുതല്ക്കേ ഭാരതം ഇങ്ങനെ പ്രശസ്തി നേടിയിട്ടുണ്ടല്ലോ മൃതിവ്യാഘ്രി — മരണമാകുന്ന പെൺപുലി. എല്ലാവരും ആ മാംസത്തിനു കൊതിച്ചു നില്ക്കുകയാണ്.

Digitized By Kerala Sahitya Akademi

2

എന്നാലപ്പശുവിൻെറ–
　　യായുസ്സിൻ ബലത്താലോ,
കന്നിനെപ്പൊന്നായ്ക്കാണും
　　കണ്ണിൻെറ പുണ്യത്താലോ,
'ചങ്ങാതിമാരേ, നില്ക്കിൻ
　　നില്ക്കി'നെന്നോടിക്കിത–
ച്ചങ്ങെത്തീ, ദയാദൂതൻ
　　പോലൊരു മുസ്ലിം മാന്യൻ
'നൂറുറുപ്പിക തന്നാൽ–
　　പ്പയ്യിനെ വിടാ'മെന്നു
കൈ രണ്ടും മലർത്തിനാ–
　　ന,തിനെ വാങ്ങിച്ചവൻ.
'ചെന്നിണം തളിക്കയോ,
　　ശുദ്ധവേദത്തിൻ താളി–
ലെ,ന്നുപായാതൻ ചെയ്ത
　　ദൗഷ്ട്യഖണ്ഡനത്താലേ
കാലപാശോഗ്രക്കെട്ടിൽ–
　　നിന്നു വേർപെട്ടപ്പെൺനാ–
ല്ക്കാലിയൊരാശ്വാസത്തിൻ
　　ശബ്ദമിട്ടതോടൊപ്പം,

2 എന്ന് = എന്നു പറഞ്ഞ്. ദയാദൂതൻ=ദയയുടെ ദൂതൻ. ഉപായാതൻ = അടുത്തു ചെന്നവൻ. ദൗഷ്ട്യഖണ്ഡനം=ദുഷ്ടതയെ മുറിക്കൽ. കാലപാശോഗ്രക്കെട്ട്=കാലപാശത്തിൻെറ (യമൻെറ കയറിൻെറ; മരണത്തിൻെറ) ഉഗ്രമായ കെട്ട്. ആ മുസ്ലിംമാന്യൻ 'ശുദ്ധവേദത്തിൽ, കുറാനിൽ ചോര തെറിപ്പിക്കയോ?' എന്ന ചോദ്യംകൊണ്ട്, പയ്യിനെ കൊല്ലാൻവേണ്ടി വരി

Digitized By Kerala Sahitya Akademi

കേരളകൃഷകൻെറ
　　കഷ്ടപ്പാടിനിമേലും
പേറുവാനുണർന്നേററ
　　ചേന്നനാ മുസൽമാനെ
വററിയ ചുണ്ടാലതിൻ
　　വാസ്തവമറിയിച്ചാൻ;
'വിററതൈംപതിന്നാണു,
　　നൂറുറുപ്പികയ്ക്കല്ലൊ;
വെട്ടുമെന്നറിഞ്ഞെങ്കിൽ
　　വില്ക്കില്ലായിരുന്നു ഞാൻ ...'
പെട്ടെന്നു തേങ്ങിത്തേങ്ങി-
　　ക്കേഴ്കയായ് കൃഷിക്കാരൻ;
ആർദ്രമാനസരാക്കീ,
　　ഗോവധം സധൈര്യരായ്-
പ്പാർത്തുനിന്നവരെയും,
　　ചേന്നൻെറ പശ്ചാത്താപം.

3

സാമർഷഹാസാശ്ചര്യ-
　　സംഭ്രമാദിയാം ദൃഷ്ടി-

ഞ്ഞൂകെട്ടിയിരുന്നവരുടെ ദൃഷ്ടതയെ ഛേദിച്ചു. ഈ ചോദ്യത്താൽ അവരുടെ മുറുക്കിപ്പിടുത്തം ഒന്നയഞ്ഞു; അതോടുകൂടി പശുവിനു ശ്വാസം വിടാമെന്നായി. ചേന്നൻ മൃതപ്രായനായിരുന്നു. കേരള.. ചേന്നൻ = കേരളത്തിലെ കൃഷിക്കാരുടെ കഷ്ടപ്പാട് മേലിലും ചുമക്കാനാണ്, അവൻ മോഹാലസ്യംവിട്ടെഴുന്നേററത്! ആർദ്രമാനസർ = ഹൃദയമലിഞ്ഞവർ.

3 സാമർഷഹാസാശ്ചര്യസംഭ്രമാദി — അമർഷം (അരിശം), ഹാസം (പരിഹാസം), ആശ്ചര്യം, സംഭ്രമം

Digitized By Kerala Sahitya Akademi

സ്തോമത്താൽസ്സമാവൃത-
　　നാകിയ ചേന്നൻ മെല്ലെ
മുപ്പത്തഞ്ചുറുപ്പിക
　　യുള്ളതു മടിയിൽനി-
ന്നല്പവും മടികൂടാ-
　　തെടുത്തു സമർപ്പിച്ചാൻ,
ചെലവായ്പ്പോയീ പാട്ടം
　　തീർക്കുവാൻ പതിനഞ്ചെ'-
ന്നലഘുകൃതജ്ഞതാ-
　　നമ്രനായ,മ്മാനൃങ്കൻ.
ചേന്നൻെറ മുപ്പത്തഞ്ചിൽ
　　നാല്പതു തൻകയ്യാലേ
ചേർത്തെഴുപതുമഞ്ചും
　　രൂപകൊണ്ടൊരുമട്ടിൽ
മൃത്യുച്ഛന്തയിൽനിന്നു
　　മേടിച്ചസ്സുരഭിയെ-
ത്തൃപ്തനാമവന്നുതാ-
　　നേകിനാനദ്ധർമ്മിഷ്ഠൻ.

മുതലായവയോടുകൂടിയത്. ദൃഷ്ടിസ്തോമം — കണ്ണുകളുടെ കൂട്ടം. അവിടെ കൂടിനിന്നിരുന്ന ആളുകളിൽ അപ്പോഴുണ്ടായ വിവിധ വികാരങ്ങളാണു മേല്പറഞ്ഞവ. സമാവൃതൻ — മൂടപ്പെട്ടവൻ. എല്ലാ കണ്ണുകളുംകൂടി ചേന്നനെ പൊതിഞ്ഞുകളഞ്ഞു. പയ്യിനെ വെട്ടാൻ വാങ്ങിയവർക്ക് അതു തരപ്പെടാത്തതിലുള്ള ക്രോധം; മററു ചിലർക്ക്, ഈ നാടൻ ഇത്ര വിഡ്ഢിയാണല്ലോ എന്ന പരിഹാസം; വേറെ ചിലർക്ക് ഒരു പയ്യിനെച്ചൊല്ലി ഇത്രയൊക്കെ ഒരാരം വ്യസനിക്കുമോ എന്ന ആശ്ചര്യം; ഇനിയും ചിലർക്ക് ഇയാരം എന്തു ചെയ്യുമെന്ന സംഭ്രമം. അലഘുകൃതജ്ഞതാനമ്രൻ —

Digitized By Kerala Sahitya Akademi

വിററ പൈ വീണ്ടും കയ്യിൽ
വന്നതല്ല,പമൃത്യു
പററിയില്ലതിനെന്ന-
താണവനത്യാശ്വാസം;
കല്യാണം നടത്താൻ കാ-
ശില്ലെങ്കിൽ വേണ്ടാ; നിത്യ
കന്യയായിരുന്നുകൊ-
ള്ളട്ടെ, തൻപൊന്നുമകൾ!

കനത്ത കൃതജ്ഞതയാൽ കുനിഞ്ഞവൻ. അമ്മാന്യങ്കൽ സമർപ്പിച്ചാൻ—അദ്ദേഹത്തിന്റെ കൈയിൽക്കൊടുത്തു. സുരഭി—പയ്യ്. ചേന്നന് ആ പയ്യ് (സുരഭി—കാമധേനു) തന്നെയാണ്. ഇതിന്—പയ്യിന്.

Digitized By Kerala Sahitya Akademi

ഇരുളിൽനിന്ന്

1

ആവലിൻ ചിറകുക-
ളിളകീ കൂടെക്കൂടേ;
രാവിനെങ്ങോട്ടോ പോകാൻ
വാഹനമിവയാമോ!
മൈത്രിയാൽപ്പേർത്തും പേർത്തും
വിടചോദിച്ചീടിന
രാത്രിയോടനുമതി-
മൂളിയ മൂങ്ങക്കൂട്ടം,
അല്പകന്നർക്കജ്യോതി-
സ്സണഞ്ഞപ്പൊഴോ, കൺകെ-
ല്പില്ലാഞ്ഞു പതുങ്ങുന്നു
വല്ല പൊത്തുകളിലും.

1 ആവലുകൾ പുലരാൻ കാലമാവുമ്പോൾ, വൃക്ഷങ്ങളിലേക്കു നിരനിരയായി പറക്കാറുണ്ടല്ലോ; അതിനെ രാത്രിക്കു പോകാനുള്ള വാഹനമാണെന്ന് ഉത്പ്രേക്ഷിക്കുന്നു. മൈത്രി.. മൂങ്ങക്കൂട്ടം — പേർത്തും പേർത്തും വിടചോദിച്ചീടിന എന്നതുകൊണ്ടു വിട്ടുപിരിയുന്നതിലുള്ള മടി ധ്വനിക്കുന്നു. അനുമതി മൂളിയ മൂങ്ങകളുടെ മൂളലിനെ രാത്രിക്കു പോകാനുള്ള മൂളലായി അഭ്യവസായം ചെയ്തിരിക്കുന്നു. അല്പക .. പൊത്തുകളിലും - ഇരുട്ടുമായി ഇടപഴകി ശീലിച്ച

1106 വൃശ്ചികത്തിൽ എഴുതിയത്.

Digitized By Kerala Sahitya Akademi

എന്തമസ്സിനെ യാത്ര-
യയപ്പാനൊരുങ്ങാറു-
ണ്ടന്തരാന്തരാ ഞാനും
തന്നെത്താൻ മറക്കയാൽ:
സന്തതചിത്തേജസ്സേ,
സൂര്യന്നുമൊരു സൂര്യൻ
നിന്തിരുവടി കാലേ
പ്രത്യക്ഷീഭവിച്ചെന്നാൽ
എന്തൊരു നിലയിലായ്-
പ്പോയേക്കുമന്നേരത്തു

മൂങ്ങകൾ, അല്ലുകന്ന് (ഇരുട്ടകന്ന്) അർക്കജ്യോതിസ്സ് (സൂര്യപ്രഭ) അണഞ്ഞപ്പോൾ, കണ്ണിനു കൊലപ്പില്ലാതെ (വെളിച്ചം കാണാൻ കണ്ണിനു ശക്തിയില്ലാതെ) ഏതെങ്കിലും പൊത്തുകളിൽപോയി ഒളിക്കുന്നു. ഇങ്ങനെയാണ്. അല്ലുമായി (അജ്ഞാനവുമായി) ഇടപഴകിയ കൂട്ടർ വെളിച്ചം കാണുമ്പോൾ (പരമമായ ജ്ഞാനത്തിൻെറ ദീപ്തിയുമായി ഏററുമുട്ടുമ്പോൾ) സംഭവിക്കുക എന്ന് കവി തൻെറ അനുഭവത്താൽ കാണിക്കുന്നു. എന്തമസ്സിനെ = എൻെറ ഇരുട്ടിനെ; മുററിയ അജ്ഞാനത്തെ. അന്തരാന്തരാ = കൂടെക്കൂടെ. ഞാനും തന്നെത്താൻ മറക്കയാൽ = വെളിച്ചത്തോടിടപെടാൻ പോരാത്തവനാണെന്നതു വിസ്മരിക്കയാൽ, സന്തതചിത്തേജസ്സ് = സനാതനമായ ബ്രഹ്മതേജസ്സ്. സൂര്യന്നുമൊരു സൂര്യൻ = ലോകത്തിനു വെളിച്ചം കൊടുക്കുന്ന സൂര്യനുതന്നെയും വെളിച്ചം കൊടുക്കുന്ന ഒരു സൂര്യനാണ്, ഈ സനാതന ബ്രഹ്മതേജസ്സ്; അങ്ങനെയുള്ള നിന്തിരുവടി കാലേ (സമയത്ത്) പ്രത്യക്ഷീഭവിച്ചെന്നാൽ (പ്രത്യക്ഷനായാൽ) അശക്താക്ഷനായ (കൺകെലപ്പില്ലാത്ത) ഞാൻ ആ ദീപ്തിയുടെ നേർക്കു നോക്കാൻ തക്കവണ്ണം കണ്ണിനു ശക്തിയില്ലാത്ത മറെറാരു മൂങ്ങയായ ഞാൻ) എന്തൊരു വിഷമാവസ്ഥ

Digitized By Kerala Sahitya Akademi

ഹന്ത, മററൊരു മൂങ്ങ–
 യായ ഞാനശക്താക്ഷൻ!

2

കാണുകിലതോടൊപ്പം–
 വയ്യാ, മേ കടും പേടി:
ഞാനൊരു തമഃപ്രാണി,
 നിന്മുഖം ദീപ്താൽദ്ദീപ്തം.
അങ്ങയെക്കാണേണമെ–
 ന്നില്ലെനിക്ക,വിടുന്നു–
ണ്ടെങ്ങുമെന്തിലുമെന്നു
 കേട്ടിരിപ്പതേ പോരും.
ഈയിവൻ മേവും മഹാ–
 ഗോളത്തിനെക്കാളനേ–
കായിരമിരട്ടിയാണവ–
 തൻ വലുപ്പംപോൽ,

യിലാവും അകപ്പെടുക! മററൊരു മൂങ്ങയായ ഞാൻ: സാധാരണ മൂങ്ങയെപ്പോലെതന്നെ തനിക്ക് ഇരുട്ടുമായുള്ള അടുപ്പത്തെ വ്യഞ്ജിപ്പിക്കുന്നു.

2 കാണുകിലതോടൊപ്പം: കണ്ടാൽ അതോടൊപ്പം തനിക്ക് ഉണ്ടായേക്കാവുന്ന വൈവശ്യത്തെ സൂചിപ്പിക്കുന്നു. എന്തുകൊണ്ടെന്നാൽ, താനൊരു തമഃപ്രാണിയാണ്; ഇരുട്ടിൽ കഴിഞ്ഞുകൂടുന്ന ജീവിയാണ്. നിൻ മുഖം ദീപ്താൽദീപ്തം = അങ്ങയുടെ മുഖമാവട്ടെ, ഉജ്ജ്വലമായവയിൽവെച്ച് ഉജ്ജ്വലവുമാണ്! പിന്നെ തനിക്കെങ്ങനെ പേടിയില്ലാതിരിക്കും? അതിനാൽ എനിക്കങ്ങയെ നേരിട്ടു കാണണമെന്നാഗ്രഹമില്ല. അവിടുന്ന് എല്ലായിടത്തും എല്ലാററിലുമുണ്ടെന്നു കേട്ടിട്ടുള്ളതുകൊണ്ടുതന്നെ ഞാൻ തൃപ്തനാണ്. ഈയിവൻ... ഗോളങ്ങൾ = ഭൂമിയെക്കാൾ എത്രയോ ആയിരം ഇരട്ടി

Digitized By Kerala Sahitya Akademi

നക്ഷത്രസമാഖ്യങ്ങ-
    ളദ്ദിവ്യഗോളങ്ങൾ നി-
ന്നക്ഷയമഹസ്സിൻെറ
    കൊച്ചുതുണ്ടുകളല്ലോ.
അവയുണ്ടിരുളിൽ മേ
    വിശേഷം, വെളിച്ചത്തി-
ന്ന,വതൻ ശേഷക്കാരി-
    ങ്ങുണ്ടു ഖദ്യോതങ്ങളും.

3

ഇരുളേ, വർത്തിക്ക നാം
    തങ്ങളിൽപ്പിരിയാതേ;
വരുവാൻ ക്ഷണിച്ചീടു-
    ന്നില്ല ഞാൻ വെളിച്ചത്തെ.
പകലും രാവും തമ്മി-
    ലെത്രയ്ക്കുണ്ടൊരു ഭേദം?

വലുപ്പമേറിയവയാണ് നക്ഷത്രങ്ങളെന്നു പ്രസിദ്ധം. നക്ഷത്രസമാഖ്യങ്ങൾ = നക്ഷത്രങ്ങളെന്നു പേരുള്ള. അക്ഷയമഹസ്സ് = നാശമില്ലാത്ത തേജസ്സ്. സനാതനമായ ബ്രഹ്മതേജസ്സിൻെറ ചെറിയ തുണ്ടുകളാണ് നക്ഷത്രങ്ങൾ. അവയുണ്ട്.. വെളിച്ചത്തിന്ന്. ഇരുട്ടിൽ എനിക്കു വെളിച്ചം കാട്ടിത്തരാൻ അവിടുത്തെ അനശ്വരതേജസ്സിൻെറ ഈ കൊച്ചുതുണ്ടുകൾ മതി; പോരെങ്കിൽ, അവതൻ...ഖദ്യോതങ്ങളും = അവയുടെ ശേഷക്കാരായ (ചാർച്ചക്കാരായ) ഖദ്യോതങ്ങ (മിന്നാമിനുങ്ങുക)ളുമുണ്ട്.

3 അഥവാ, രാവും പകലും തമ്മിൽ അത്ര വലിയ വ്യത്യാസമൊന്നുമില്ല. അതിനാൽ, ഇരുളേ...വെളിച്ചത്തെ = (കവി ഇരുട്ടിനോടു പറയുന്നു) നാം തമ്മിൽ ഒരിക്കലും വേർപിരിയാതിരിക്കുക. വെളിച്ചത്തെ

Digitized By Kerala Sahitya Akademi

പ്രകൃതീശ്വരി, തൻെറ
പൈതലാമുലകത്തെ
തെല്ലിട വെളുപ്പുടു-
പ്പിടുവിച്ചിരുത്തട്ടേ;
തെല്ലിട കറുപ്പുടു-
പ്പിടുവിച്ചിരുത്തട്ടേ.
എങ്കിലും ഭവാനൊരു
ഭാഗ്യവാൻ വെളിച്ചമേ:
വെൺകളിയിടുന്നു നിൻ
കീർത്തി ദിഗ്ഭിത്തികളിൽ.
ഇരുളോ, നേരേമറി-
ച്ചകീർത്തിയ്ക്കുപമാനം;
നരരീ നിർഭാഗ്യങ്കൽ-
ക്കണ്ണടയ്ക്കയേ ചെയ്വൂ.
പൂംകോഴിപ്പരിഷതൻ
കാഹളം വിളികളാൽ-

ഞാൻ ക്ഷണിച്ചുവരുത്തുന്നില്ല. എന്തുകൊണ്ടു വ്യത്യാസമില്ലെന്നു പറയുന്നു. പ്രകൃതീശ്വരി തൻെറ പൈതലായ ഉലക (ലോക)ത്തെ തെല്ലുനേരം വെളുപ്പുടുപ്പിടുവിച്ചിരുത്തട്ടെ; തെല്ലുനേരം കറുപ്പുടുപ്പിടുവിച്ചിരുത്തട്ടെ. ഇതിന് എത്രകണ്ടുണ്ട് വ്യത്യാസം? കേവലം ഉടുപ്പിൻേറതു മാത്രം. ആന്തരമായ വസ്തുവിന് ഇതുകൊണ്ടു വ്യത്യാസമൊന്നും വരുന്നില്ലല്ലോ. എങ്കിലും (വാസ്തവം ഇതൊക്കെയാണെങ്കിലും) വെളിച്ചം ഒരു ഭാഗ്യവാനാണ്. വെളിച്ചത്തിൻെറ കീർത്തി ദിക്കുകളിൽ വെണ്മ പൂശുന്നതാണല്ലോ! ഇരുളോ... ഉപമാനം = അകീർത്തിയെ എല്ലാവരും ഇരുട്ടിനോടുപമിക്കുന്നു. (കീർത്തി വെളുത്തതും, അകീർത്തി കറുത്തതുമെന്ന് കവിസങ്കേതം.) നരരീ .. ചെയ്വൂ = ഭാഗ്യംകെട്ട ഇരുട്ടിൻെറ നേരെ ആളുകൾ കൺമിഴിക്കില്ല; ഇരുളിൽ

Digitized By Kerala Sahitya Akademi

പ്പൂരിതദിഗന്തമായ്
      പ്പുറപ്പെട്ടീടും പകൽ
ജീവിതപ്പോരിന്നിറ-
      ക്കുന്നു ലോകത്തെ,ശ്ശാന്ത-
ഭാവമാം രാവോ, സുഖ-
      വിശ്രമം പൂകിക്കുന്നു.
ഒന്നൊന്നായ്പ്പകുക്കുന്നൂ
      വെളിച്ചമുലകത്തെ-
യൊന്നാക്കിച്ചമയ്ക്കയൊ-
      ണിരുളം ചെയ്യുവതല്ലോ.

4

വളരെശ്ശതാബ്ദങ്ങൾ
      മുഴുകിക്കഴിഞ്ഞല്ലോ,

(രാത്രിയിൽ) ആളുകൾ ഉറങ്ങുകയാണല്ലോ. പൂങ്കോഴി... പകൽ = നേരം വെളുക്കുന്നത് കോഴികളുടെ കൂകലോടെയാണല്ലോ; അതിനെ കാഹളംവിളിയായി കല്പിച്ചിരിക്കുന്നു. പൂരിതദിഗന്തം = ദിക്കുകളെ നിറച്ചത്. കാഹളം വിളികളാൽ ദിക്കുകളെ നിറച്ചുകൊണ്ടു പുറപ്പെടുന്ന പകൽ ലോകത്തെ ജീവിതപ്പോരിന്നിറക്കുന്നു. (യുദ്ധാരംഭത്തിൽ കാഹളമൂതുക പതിവാണല്ലോ.) ശാന്ത....പൂകിക്കുന്നു = ഒതുങ്ങിയ മട്ടിലുള്ള രാത്രിയാകട്ടെ, ലോകത്തെ സുഖവിശ്രമം കൊള്ളിക്കുന്നു. ഒന്നൊന്നായ്....ചെയ്യുവതല്ലോ = വമ്പിച്ച ലോകത്തെ വെവ്വേറെയായി ഭാഗിക്കുന്നു; പദാർത്ഥങ്ങളെ വേർതിരിച്ചു കാണിക്കുന്നു. ഇരുട്ടാകട്ടെ, എല്ലാററിനെയും ഒന്നാക്കിത്തീർക്കുകയാണ്; യാതൊരുതരം വ്യത്യാസവും കാണിക്കുന്നില്ല.

4 വളരെ....രുളിങ്കൽ = മനുഷ്യൻ തൻെറ ആവിർഭാവം മുതല്ക്കേ വെളിച്ചത്തെ തേടി നടക്കുകയാണ്;

Digitized By Kerala Sahitya Akademi

വെളിച്ചം തേടിത്തേടി-
    നടന്നിട്ടിരുളിങ്കൽ;
എത്ര കിട്ടിയാൽ നിങ്ങാം
    തൃപ്തരാം വെളിച്ചത്താൽ?

പ്രത്യഹം തേടുന്നുണ്ടാം
    സൂര്യനും വെളിച്ചത്തെ!
പകൽതന്നുദിപ്പിങ്കൽ-
    ക്കോട്ടുവായ് കൊാംവൂ പൂക്കാം,

വികസിപ്പാനായ്
    രാവിലുറക്കമെിളയ്ക്കയാൽ.

ജീവിതത്തിൻെറ ശിരോ-
    രേഖ നന്നി,ഷ്ടം കൃഛ്റാൽ-

ചെന്നെത്തുന്നതോ ഇരുട്ടിലും! എത്ര വെളിച്ചം കിട്ടിയാലാണു മനുഷ്യനു തൃപ്തി വരിക? സൂര്യനും പ്രത്യഹം (പകൽതോറും) വെളിച്ചത്തെ അന്വേഷിക്കുന്നുണ്ടാവാം! പകൽ... മിളയ്ക്കയാൽ. പൂക്കാം രാവിലെ വികസിക്കുന്നതിനെ രാത്രി ഉറക്കമിളച്ചതുകൊണ്ടുണ്ടായ കോട്ടുവായയായി കല്പിച്ചിരിക്കുന്നു. പകലിൻെറ വരവും കാത്തുകാത്ത് രാത്രി മുഴുവൻ ഉറക്കമിളച്ച പൂക്കാം പകൽ വന്നാൽ ഉന്മേഷപൂർണങ്ങളായിത്തീരുകയല്ല, കോട്ടുവായിട്ടു മാന്ദ്യംകൊള്ളുകയാണ്. പിന്നെ എന്തിനാണ്, ആളുകാം വെളിച്ചത്തിൻെറ ആഗമനത്തെ കാത്തുകൊണ്ടിരിക്കുന്നത്? ജീവിത...തളരുന്നു = ജീവിതത്തിൻെറ വിധി നന്ന്. വളരെ ക്ലേശിച്ച് ഇഷ്ടം സാധിക്കുമ്പോഴേക്കും വെളിച്ചം കുടിച്ചു ചൈതന്യപൂർണമായിത്തീരാൻ കഴിയുമ്പോഴേക്കും ഇതിൻെറ (ജീവിതത്തിൻെറ) കല്യത (ആരോഗ്യം) തളർന്നുപോവുന്നു! ഇരുട്ടിൽനിന്നു വെളിച്ചത്തിലേക്കു കടക്കാൻ കഴിയുമെന്നാവുമ്പോഴേക്ക്, ജീവിതം വാടിക്കൊഴിയുമെ

Digitized By Kerala Sahitya Akademi

കൈവെരുമ്പൊഴെയ്ക്കിതിൻ
കല്യത തളരുന്നൂ!

5

എങ്ങുനിന്നിവിടത്തിൽ
വന്നു ഞാനി?രുളിൽനി-
ന്നെ,ങ്ങിനെയുള്ളൊന്നാണ-
താ?രുമില്ലറിഞ്ഞവൻ;
എങ്ങോട്ടു നടകൊണ്ടീ-
ടുന്നു ഞാനി?രുളിലെ-
യ്ക്കെ, ന്തിനാണിടയിൽവെ-
ച്ചിത്രയും വെളിച്ചം മേ?

ന്നായിത്തീരുന്നു. ഇതാണു ജീവിതത്തിൻെറ യോഗം!

5 എങ്ങു...വെളിച്ചം മേ = ഞാൻ ഈ ലോകത്തിൽ എവിടെനിന്നു വന്നു? ഇരുട്ടിൽനിന്ന്. ഈ ഇരുട്ട് എന്നു പറയുന്ന വസ്തുവിൻെറ സ്വരൂപമെന്താണ്? അതൊരാൾക്കും അറിഞ്ഞുകൂടാ. ഞാൻ ഇനി പോകുന്നതോ, ഇരുട്ടിലേക്കു (മരണം) തന്നെ. ഇതിനിടയിൽ എനിക്കെന്തിനാണ് ഇത്രയധികം വെളിച്ചം? മനുഷ്യൻ ഇരുട്ടിൽനിന്നു (ശൂന്യതയിൽനിന്ന്) പിറന്നു; ശൂന്യതയിലേക്കുതന്നെ തിരിച്ചുപോവുന്നു. അതിനിടയിലുള്ള ഈ ഇഹലോകജീവിതത്തിൻെറ അർത്ഥമെന്താണെന്ന ചോദ്യം അവശേഷിക്കുന്നു.

Digitized By Kerala Sahitya Akademi

പാംസുസ്നാനം

1

'ഹാ, കണ്ടതിൽക്കണ്ടതിലീശ്വരത്വം
കല്പിച്ചു കല്പിച്ചു നടന്നൊടുക്കം,
നിരീശ്വരത്വത്തിലടിഞ്ഞുവീണൂ;
നിരസ്തവിശ്വാസറേബിയക്കാർ!

2

കുറുമ്പു മാറാത്ത കുറൈഷിവര്യർ-
ക്കോതിക്കൊടുത്തേൻ പലവട്ടവും ഞാൻ'
'ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-
ല്ല,ള്ളാവു സർവ്വാതിഗശക്തനേകൻ.'

3

ഇവർക്കിരുട്ടേ പ്രിയമിത്ര,മൂതി-
ക്കെടുക്കയായ്, കൈത്തിരികൊണ്ടുചെന്നാൽ;

1 നിരസ്തവിശ്വാസർ = വിശ്വാസം വിട്ടവർ. അറേബിയക്കാർ ആദ്യകാലത്തു കണ്ണിൽക്കണ്ടതിലൊക്കെ ഈശ്വരത്വം കല്പിച്ച് ഒടുവിൽ ഈശ്വരവിശ്വാസികളല്ലാതായിത്തീർന്നു

2 കുറൈഷി = ഒരു വർഗത്തിൻെറ പേർ സർവാതിഗശക്തൻ = എല്ലാററിനെയും കവിക്കുന്ന ശക്തിയുള്ളവൻ.

3 ഊതി....ചെന്നാൽ = കൈത്തിരി (ജ്ഞാനം) കൊണ്ടുചെന്നാൽ ഊതിക്കെടുത്തുന്നു. ഇക്കൂട്ടർക്ക്

1116 ചിങ്ങമാസത്തിൽ എഴുതിയത്.

Digitized By Kerala Sahitya Akademi

മിന്നാമിനുങ്ങിൻ ചെറുതാം വെളിച്ചം
പോലും സഹിക്കാത്ത തമസ്സിദേതോ!

4

കലാവിശേഷം കൊലയിബ്ബലോഗ്രർ–
ക്കി,ത്തൃഡ്ഢാശന്മാർക്കെരികള്ളിളംപാൽ;
പിശാചർ വംശേശ്വരരിക്കുഭക്തർ–
ക്കി,തിൽക്കവിഞ്ഞെന്തവിവേകമുള്ളൂ?

5

കഷ്ടാവമാനങ്ങളിൽ വീഴ്ത്തിടുന്നു
കാമാതിരേകാൽക്കുലനാരിമാരേ;
ആരാധ്യമാരാമവരമ്മപെങ്ങ–
ന്മാരെന്നു കാണ്മാനിവർ കൺമിഴിക്കാ!

6

മൃഗോപമന്മാർ പെരുമക്കൃഷിക്കു
നുകങ്ങളം വെപ്പൂ, നരർതൻ കഴുത്തിൽ,
സഗർഭ്യരെച്ചെന്നടിമക്കുടുക്കി–
ട്ടങ്ങോട്ടുമിങ്ങോട്ടുമിഴച്ചിടുന്നു!

ഇരുട്ടാണ്' ഉററ ചങ്ങാതി. തമസ്സ്=ഇരുട്ട്; അജ്ഞാനം. സാധാരണ തമസ്സ് മിന്നാമിനുങ്ങിൻ വെളിച്ചത്തെ കൈക്കൊള്ളുന്നുണ്ടല്ലോ.

4 കലാ....ബലോഗ്രർക്ക് = ഈ കരുത്തന്മാരുടെ കലാവിദ്യ കൊലപാതകമത്രേ. തൃഡ്ഢാശന്മാർ=തൂട്ടിന് (തൃഷ്ണയ്ക്ക്; ദാഹത്തിന്) അടിപെട്ടവർ. ഈ കുഭക്തർക്ക് പിശാചുക്കളാണ്' വംശേശ്വരർ (കുലദേവതകൾ). അവിവേകം=വിവേചനബുദ്ധിയില്ലായ്ക.

6 മൃഗോപമന്മാർ: അവരാണ്, കന്നുകാലികൾ പോലെ നുകംവെക്കപ്പെടേണ്ടുന്നവർ. പെരുമക്കൃഷി = മേന്മവിളയിക്കൽ സഗർഭ്യർ=സഹോദരർ.

Digitized By Kerala Sahitya Akademi

7

സൗധങ്ങൾതോറും സമസൃഷ്ടദുഃഖ-
ക്കണ്ണീരുകൊണ്ടേ പനിനീരൊഴുക്കി,
അനേകദുർവൃത്തികളെപ്പുണർന്നു
രമിക്കയാണി, സ്സുഖലോലുപന്മാർ!

8

അശക്തമാമെന്നുടെ ഹസ്തമെങ്ങി
യധഃസ്ഥിതോദ്ധാരണകൃത്യമെങ്ങോ?
ചളിക്കകത്താഴുമൊരാനയെപ്പോയ്-
പ്പിടിച്ചുകേററാൻ കുഴിയാനതാനോ!

9

കരുത്തനമ്മാമനു, മാത്മനാഥ
കദീജയും കീർത്ത്യവശേഷരായ്പ്പോയ്;
ഞാനേകനെ,ൻ ചുററുമൊരെട്ടുപത്ത-
ല്ലെ,ൻചോരയിൽത്തൃഷ്ണ വളർന്ന ഖഡ്ഗം!'

7 അനേക ... ...പുണർന്നു: വേശ്യാ സംഗത്തെ സൂചിപ്പിക്കുന്നു. സുഖലോലുപന്മാർക്കു പനിനീർ തളിക്കലും മററും വേണമല്ലോ; ഇവർ സമസൃഷ്ടരുടെ ദുഃഖബാഷ്പത്തെയാണ് പനിനീരായി ഉപയോഗിക്കുന്നത്.

8 അധഃസ്ഥിതോദ്ധാരണം = താഴെ നില്ക്കുന്നവരെ മേല്പോട്ടുയർത്തൽ; തൻെറ വിനയം സൂചിപ്പിക്കുന്നു.

9 ആത്മനാഥ = പ്രിയപത്നി. കീർത്ത്യവശേഷർ = കീർത്തിമാത്രം അവശേഷിച്ചവർ; മരിച്ചുപോയവർ. എട്ടു....ഖഡ്ഗം = തന്നെ കൊല്ലാൻ എട്ടുപത്തു വാളുകളല്ല തക്കം പാർത്തിരിക്കുന്നത്.

Digitized By Kerala Sahitya Akademi

10

ഇതൊക്കെയൊവാം നിനവാ,യിരത്തി -
മുന്നൂറുകൊല്ലത്തിനു മുമ്പൊരിക്കൽ,
മെക്കായിലെക്കൈവഴിയൊന്നിലൂടേ
നടന്നുപോകും നബിതൻ മനസ്സിൽ

11

'കില്ലില്ല, ഞാനെന്നുടെ ചോരകൊണ്ടു -
മിദ്ധർമ്മസസ്യത്തെ നനച്ചുനോക്കും;'
ആ മാതൃകാകർഷകനായ കൃസ്തു -
വവ്വണ്ണമല്ലോ ഭുവി ചെയ്തു കാട്ടീ.

12

അധൈര്യമേ, നിൻകെടുമഞ്ഞു വീഴാ -
യ്ക,ഹമ്മദിൻ സജ്വരമായ നെഞ്ചിൽ:
ചന്ദ്രാർക്കരെക്കൈകളിൽ വെച്ചുതന്നാൽ -
പ്പോലും നിറുത്തില്ല, വനിപ്രയത്നം!

13

ഇത്തീർപ്പു പേർത്തും മുറുകീ, മഹാൻെറ
പാഴ്ചൊല്ലു തീണ്ടാത്ത ശുഭാധരത്തിൽ

11 ചോര....നനച്ചുനോക്കും = വേണ്ടിവന്നാൽ ഈ ധർമം പുലർത്താനായി ജീവൻപോലും കളയും. കൃസ്തു = കുരിശേററം ഓർക്കുക,

12 ജ്വരം = ധർമഭ്രംശം കണ്ടിട്ടുള്ള സന്താപം. ജ്വരത്തിൽ (പനിയിൽ) മഞ്ഞേററുകൂടല്ലോ. മുഹമ്മദിനെ അഹമ്മദെന്നും വിളിച്ചിരുന്നു.

13 പരിക്ലേശം = ബുദ്ധിമുട്ട്. പാഴ്ചൊല്ല് =

Digitized By Kerala Sahitya Akademi

ഓരോ പരിക്ലേശവുമീദൃശന്മാർ-
ക്കുച്ചൈർഗ്ഗതിക്കുള്ള ചവുട്ടുകല്ലാം.

14

പെട്ടെന്നു പാർശ്വങ്ങളിൽനിന്നു ഹാ, ഹാ-
മൺ കോരിയിട്ടാർ ചില മുഷ്കരന്മാർ.
കൃതജ്ഞരെങ്കിൽ, കനകാഭിഷേകം
ചെയ്യേണ്ടതാമിഗ്ഗുരുവിൻ ശിരസ്സിൽ!

15

രജസ്തമോദോഷമകററി നാട്ടിൽ-
സ്സത്ത്വം പരത്തുന്നൊരു സത്യവാനേ,
രജസ്സു വർഷിച്ചു നിറംകെടുത്താ-
നൊരുങ്ങിപോൽ, മർത്ത്യകുലേ പിറന്നോർ!

16

മറെറന്തു, മന്നിൻനിഴൽ പൂകി ചന്ദ്രൻ;
പാഴ്മഞ്ഞിനാൽ പ്രാവൃതമായ് പ്രഭാതം;

അസത്യഭാഷണം. ഉച്ചൈർഗതി = മേല്പോട്ടുപോകൽ; ഉന്നതി.

14 മുഷ്കരന്മാർ—മുഠാളന്മാർ. നന്ദിയുള്ളവരാണെങ്കിൽ ഈ ആചാര്യനു കനകാഭിഷേകം ചെയ്യേണ്ടുന്ന കൂട്ടർ അദ്ദേഹത്തിൻെറ തലയിൽ മണ്ണു കോരിയിടുകയാണുണ്ടായത്!

15 രജസ്സ് = രജോഗുണം; പൊടി സത്ത്വം = സത്ത്വഗുണം. നാട്ടിൽ രജസ്തമോദോഷങ്ങളകററി, സത്ത്വഗുണത്തിൻെറ വെണ്മ പരത്തിപ്പോന്ന ഈ സത്യസന്ധൻെറമേൽ പൊടി കോരിച്ചൊരിഞ്ഞു നിറംകെടുത്താൻ ശ്രമിച്ചവരും മനുഷ്യരാണുപോൽ!

16 മറെറന്തു = ഇതിൽ മറെറാന്നും പറയാനില്ല. പ്രാവൃതം = മൂടപ്പെട്ടത്. അവിദ്യ — അജ്ഞാനം.

Digitized By Kerala Sahitya Akademi

മിഥ്യാപവാദത്തിൽ മറഞ്ഞു സത്യ-
മവിദ്യതൻ മൂടലിലായ്‌വിബോധം!

17

വിജ്ഞാനഗർഭം തിരുമൗലി തൊട്ടു
സന്മാർഗസഞ്ചാരി പദംവരെയ്ക്കും
പാംസൂൽക്കരം പററിയ ശുദ്ധിമാനെ-
പ്പാർത്തങ്ങു തെമ്മാടികൾ കൂക്കിയാർത്തു:

18

'അയ്യയ്യ, മൺകൊണ്ടഭിഷിക്തനായി-
ക്കഴിഞ്ഞുവല്ലോ, മതസാർവ്വഭൗമൻ:
മുഴക്കുവിൻ ഹേ ജയശബ്ദമെങ്ങും;
വാഴട്ടെ,യിസ്ലാംതിരുമേനി നീണാൾ!

19

അന്നീ നരസ്നേഹി നമസ്കരിച്ചു
കിടന്നപോതി, ത്തിരുവങ്കഴുത്തിൽ

വിബോധം — ജ്ഞാനം. നിഴൽ പററിയ ചന്ദ്രനും മററും പോലെയായി, മണ്ണിൽക്കുളിച്ച മൂഹമ്മദ്.

17 വിജ്ഞാന....വരെയ്ക്കും = ജ്ഞാനത്തിൻെറ വിളനിലമായ ശിരസ്സുതൊട്ടു സന്മാർഗത്തിൽ സഞ്ചരിക്കുന്ന കാൽവരെക്കും. പാംസൂൽക്കരം = പൊടിപടലം. ശുദ്ധിമാൻ: പൊടികൊണ്ടു മൂടിയിട്ടും അദ്ദേഹം ശുദ്ധിമാനായിരുന്നു!

18 അഭിഷിക്തൻ = അഭിഷേകം ചെയ്യപ്പെട്ടവൻ. മതസാർവഭൗമൻ = മതത്തിൻെറ ചക്രവർത്തി. ജയശബ്ദം: ചക്രവർത്തിയുടെ അഭിഷേകം കഴിഞ്ഞാൽ ജയഘോഷം വേണമല്ലോ. അവർ പരിഹസിക്കുകയാണ്.

19 നരസ്നേഹി = മനുഷ്യസ്നേഹി. ഒരിക്കൽ, നമസ്കരിക്കുന്ന മുഹമ്മദിൻെറ കഴുത്തിൽ തെമ്മാടി

Digitized By Kerala Sahitya Akademi

ഒരൊട്ടകത്തിൻ കുടർമാല ചാർത്തി-
പ്പാനേ ലഭിച്ചുള്ളു നമുക്കു ഭാഗ്യം!

20

മദോന്നതം, മറെറാരു യേശുവാമീ
മതാധിരാജൻെറയുമുത്തമാംഗം
ശ്രീമുൾക്കിരീടാർപ്പണയോഗ്യമല്ലോ;
കർത്തവ്യകർമങ്ങളിൽ മന്ദർ നമ്മൾ!'

21

ഈദ്ധൂളികൊണ്ടോ കളിയാക്കൽകൊണ്ടോ
മുഖാഭ മങ്ങാതെയഭംഗസത്വൻ,
മണ്ണിൽക്കുളിച്ചോരു ഗജം കണക്കേ
മന്ദം നടന്നാത്മഗൃഹത്തിലെത്തി.

22

ആമൂർദ്ധപാദം പൊടിമൺപുരണ്ട
പിതാവിനെക്കണ്ടതിവെമ്പലോടേ

കൾ ഒട്ടകക്കുടർമാല കൊണ്ടിടുകയുണ്ടായി.

20 മദോന്നതം = ഗർവംകൊണ്ടുയർന്നത്. ഉത്തമാംഗത്തിൻെറ വിശേഷണം. ഉത്തമാംഗം = തല. ക്രിസ്തുവിനെയെന്നപോലെ മുഹമ്മദിനെയും തിരുമുൾക്കിരീടം ചൂടിക്കാഞ്ഞ നമ്മൾ മന്ദർ (ഉത്സാഹരഹിതർ) തന്നെ!

21 മുഖാഭ = മുഖത്തിൻെറ ശോഭ. അഭംഗസത്വൻ = മുറിപ്പെടാത്ത മനക്കരുത്തോടുകൂടിയവൻ. മണ്ണിൽ.... കണക്കെ = ആനയ്ക്കു മണ്ണിൽ കുളിച്ച ഭാവമേ, നബിക്കു പൊടിയിൽ മുഴുകിയതിനാലുണ്ടായുള്ളു. മന്ദം: ആരെങ്കിലും കണ്ടാലോ എന്നു ശങ്കിച്ചു സ്വഗൃഹത്തിലേക്കു വെമ്പിനടന്നില്ല; പതുക്കെയേ നടന്നുള്ളുവെന്ന്.

Digitized By Kerala Sahitya Akademi

താൻതാൻ കുളിപ്പിപ്പതിനായ് മുതിർന്നു
തണ്ണീർക്കുടംകൊണ്ടു,ഴലാണ്ട പുത്രീ:

23

പിടിച്ചിരുത്തിച്ചളി പോക്കുവാനായ്-
പ്പകർന്ന കുംഭോദകമോടുകൂടി,
താതന്റെ ഗാത്രങ്ങളിലാപതിച്ചു,
കുമാരിയാരംതൻ ചുടുകണ്ണുനീരും,

24

മാലാർന്നു കേഴും മകളെത്തലോടി-
ക്കൊണ്ടാശ്വസിപ്പിച്ചു സുശാന്തശീലൻ:
'നിന്നച്ഛനെക്കാത്തരുളാതിരിക്കി-
ല്ലുള്ളാവു; പാഴിൽക്കരയായ്ക കുഞ്ഞേ!'

22 ആമൂർദ്ധപാദം=മുടിമുതൽ അടിവരെ.

23 കുംഭോദകം = കുടത്തിലെ വെള്ളം. ഗാത്രങ്ങരം=അവയവങ്ങരം.

Digitized By Kerala Sahitya Akademi

പനിനീർപ്പൂവും പൈതലും

1

സ്വൈരമാം സായാഹ്നസഞ്ചാരവേളയിൽ
വാരുണതോപ്പിലെച്ചെന്താർകളെ
വാരിയെടുപ്പാനോ നുള്ളാനോ വാഞ്ഛ മൂ-
ത്തോരാതെ പൊങ്ങിയ മൽക്കരങ്ങൾ,
പാർത്ഥിവമായൊരു തോപ്പിലെ മുൾച്ചെടി-
ച്ചാർത്തൊടു ചേർച്ച ലഭിക്കയാലേ
ഹന്ത സമ്പൂർണ്ണങ്ങളായ്ത്തീർന്നിതേ,താനു-
മന്തിച്ചുകപ്പിൻ നുറുങ്ങുകളാൽ!

1 വാരുണത്തോപ്പ് = വരുണന്റെ തോട്ടം (പടിഞ്ഞാറേ ദിക്ക്). വാരുണ....ചെന്താർകളെ = അന്തിച്ചുകപ്പിൻകഷ്ണങ്ങളെ വരുണന്റെ തോട്ടത്തിലെ തുടുപൂക്കളായി കല്പിച്ചിരിക്കുന്നു. നുള്ളുക = അറുക്കുക. പാർത്ഥിവം = ഭൂമിയിലുള്ളത്. മുൾച്ചെടിച്ചാർത്ത് = പനിനീർച്ചെടിക്കൂട്ടം. ആകാശത്തിലെ അന്തിത്തുടുപൂക്കൾക്കായി പൊങ്ങിയ എന്റെ കൈകൾ ഭൂമിയിലെ ഏതാനും പനിനീർപ്പൂക്കളാകുന്ന അന്തിച്ചുവപ്പിന്റെ തുണ്ടുകളാൽ നിറഞ്ഞു! പനിനീർപ്പൂ കൈനിറയെ നുള്ളിയെടുത്തു.

1117 ചിങ്ങമാസത്തിൽ എഴുതിയത്.

Digitized By Kerala Sahitya Akademi

2

എന്തിനു മെല്ലെക്കിതച്ചുകൊണ്ടീയെന്നെ-
പ്പിന്തുടർന്നെത്തുന്നു തെന്നലേ, നീ?
നിങ്കലുതിർക്കാനല്ലി,പ്പുഷ്പസൗരഭ്യ-
മെങ്കയ്യിലില്ലത്ര സമ്പത്തൊന്നും;
ഞാൻതന്നേ വേണ്ടോളമൊന്നാസ്വദിച്ചീലി-
ത്തേൻതുള്ളി താവിന തൂമണത്തെ!
പാതയ്ക്കടുത്ത ഗൃഹത്തിൽ,ക്കരിംകുഴൽ
കോതിനില്ക്കുന്നൊരു താരുണ്യശ്രീ
വാർദ്ധകനീതങ്ങളാമസ്സുമങ്ങളിൽ-
ക്കൂർത്ത കൺകോണാലൊരേറെറിഞ്ഞു!
ഹൃദ്യമാം ഗന്ധം പരക്കിലും, ഹാ, പറ-
ന്നെത്തീല വണ്ടുകളെൻ പൂക്കളിൽ;

2 അപ്പോൾ കാററു വീശിയത്, തൻെറ കൈയിലുള്ള പുഷ്പസൗരഭ്യത്തെ തട്ടിയെടുക്കാനാണെന്നു കരുതി, കവി കാററിനോടു പറയുന്നു. തൻെറ പിന്നാലെ വരേണ്ടെന്ന്. താൻതന്നെ നല്ലവണ്ണമൊന്നാസ്വദിക്കാതെ മറെറാരാൾക്ക് എങ്ങനെ കൊടുക്കും? കരിങ്കുഴൽ = കറുത്ത തലമുടി താരുണ്യശ്രീ = യൗവനലക്ഷ്മി; തരുണി എന്നു സാരം. വാർദ്ധകനീതങ്ങൾ = വാർദ്ധക്യത്താൽ (കിഴവനായ എന്നാൽ) കൊണ്ടുപോകപ്പെടുന്ന കൂർത്ത....ഏറെറിഞ്ഞു = ഒരു കിഴവൻ ഈ തരുണോചിതങ്ങളായ പൂക്കൾ എന്തിനു നുള്ളിക്കൊണ്ടു പോകുന്നുവെന്നാവാം, ആ കൂർത്ത നോട്ടത്തിനർത്ഥം! ഹൃദ്യമാം... കൃതജ്ഞതാർഹർ = അത്യധികം അകം കുളിർപ്പിക്കുന്ന പരിമളമുണ്ടായിരുന്നിട്ടും, എൻെറ പൂക്കളിൽ വണ്ടുകൾ പറന്നെത്തിയില്ല. അതേതൻകൊതിയരെ (വണ്ടുകളെ) പുത്തൻ കവിതക്കാർ ആട്ടിയോടിച്ചിരിക്കുന്നുവല്ലോ! വണ്ടും തണ്ടാരും മററും ചേർന്നാൽ കവിത പഴഞ്ചനാകുമെന്നല്ലേ, അവ

Digitized By Kerala Sahitya Akademi

അത്തേൻകൊതിയരെയാട്ടിയോടിച്ചതിൽ-
പ്പുത്തൻകവികൾ കൃതജ്ഞതാർഹർ!

3

വാടൊല്ലേ വാടൊല്ലേ, ഞൊറിഞ്ഞൊല്ലേ, ഞെരിഞ്ഞൊല്ലേ,
വാടികാസൗഭാഗ്യക്കൂമ്പുകളേ,
കാൽ വേദനിപ്പിക്കും കല്പറമ്പിങ്കൽനി-
ന്നാവിർഭവിച്ച പതുപ്പുകളേ,
മുള്ളുനിറഞ്ഞൊരു ജീവിതത്തേയുമൊ-
ട്ടുല്ലസിപ്പിക്കുന്ന ഭാഗ്യങ്ങളേ,
ഇച്ഛപോലൊന്നു തൊടാതല്ലോ കൈകളിൽ
വെച്ചിരിക്കുന്നതു നിങ്ങളെ ഞാൻ!

രുടെ ഉദ്ഘോഷണം? അങ്ങനെ വണ്ടുകളെ അകററി വിട്ടതുകൊണ്ട് എൻെറ പൂക്കൾക്കു ഭംഗബാധ സംഭവിച്ചില്ല; ഈ ഉപകാരത്തിനു പുതുകവികളോടു നന്ദി പറയേണ്ടിയിരിക്കുന്നു.

3 വാടികാസൗഭാഗ്യക്കൂമ്പുകൾ = പൂക്കളെ വാടികയുടെ (ഉദ്യാനത്തിൻെറ) സൗഭാഗ്യ (സൗന്ദര്യ)ക്കൂമ്പുകളെന്ന് അദ്ധ്യവസായം ചെയ്തിരിക്കുന്നു. കീഴ്വരികളിലും അദ്ധ്യവസായംതന്നെ. കാൽ... പതിപ്പുകളെ = കാലിനെ എന്തെന്നില്ലാതെ വേദനിപ്പിക്കുന്ന കല്പറമ്പിൽനിന്ന് ഈ പതുപ്പുകൾ (അതിമാർദവമുള്ളവ) ഉണ്ടായതെത്ര അദ്ഭുതം! മുള്ളു...ഭാഗ്യങ്ങൾ = മുള്ളുള്ള പനിനീർച്ചെടിയുടെ ജീവിതത്തെപ്പോലും ഉല്ലാസവത്താക്കുന്ന ഭാഗ്യങ്ങളാണ് ഈ പൂക്കൾ. ഇച്ഛ....ഞാൻ = അതു വാടുകയോ ഞെരുങ്ങുകയോ ചെയ്താലോ എന്നു പേടിച്ച്.

Digitized By Kerala Sahitya Akademi

4

തോട്ടത്താൽപ്പൂജിതനാകിയ ഞാനെൻെറ
വീട്ടിൻപടിക്കൽച്ചെന്നപ്പൊഴെയ്ക്കും,
'അച്ഛാ, പൂ, പൂവെന്നു' പൂവിളം ചുണ്ടിനാ-
ലുച്ചരിച്ചോടിവന്നാളെൻ പൈതൽ
മാൺപേറുമേതോ പണിത്തരമാകുമാ
മാണിക്യകുഞ്ഞിയളുക്കുകളെ
ഒന്നൊന്നായ് വെച്ചുകൊടുത്തേൻ കുനിഞ്ഞുനി-
ന്ന,ന്നറും പിഞ്ചുകുടന്നയിൽ ഞാൻ.
വൃദ്ധൻെറ ചുക്കിച്ചുളിഞ്ഞു കുഴഞ്ഞുള്ള
ഹസ്തത്തിൽനിന്നു കിടാവിനുടെ
പൂവൽക്കരത്തിൽപ്പകർന്നതോടൊപ്പ,മ-
പ്പൂവുകൾ പൂവുകളായീ പേർത്തും!
പൂവോ, നീ ബാല്യമേ? ബാല്യമോ, പൂവേ, നീ?
കേവലമൊന്നിൻ പേരാകാം രണ്ടും!
കൊച്ചിൻെറയൗദാര്യം ചോദിച്ചു സാഹ്ലാദ-
'മച്ഛനു വേണ്ടയോ പൂവിതൊന്നും?'
'അച്ഛന്നിങ്ങിപ്പനിനീർപ്പൂവേ പോരു'മെ-
ന്ന,ച്ചെങ്കവിളിൽ മുകർന്നേനിവൻ!

4 തോട്ടത്താൽ പൂജിതൻ = തോട്ടത്തിൽനിന്നു പൂക്കൾ കിട്ടിയവൻ. മാൺപ് = ഭംഗി. മാണിക്യക്കുഞ്ഞിയളുക്കുകളെ = അളുക്കുപോലുള്ള പനിനീർപ്പൂക്കളെ. അന്നറും പിഞ്ചുകുടന്ന = കുട്ടിയുടെ കുടന്ന. വൃദ്ധൻെറ....പേർത്തും = ചേരേണ്ടതിനോടു ചേർന്നപ്പോൾ പുഷ്പങ്ങളുടെ ചന്തം തെളിഞ്ഞു കാണപ്പെട്ടു. ബാല്യവും പൂവും വാസ്തവത്തിൽ ഒന്നുതന്നെ. ഇപ്പനിനീർപ്പൂവ് = കുട്ടിയുടെ ആഹ്ലാദത്തുടുപ്പിയന്ന കവിൾ,

Digitized By Kerala Sahitya Akademi

കൊച്ചുസീത

Digitized By Kerala Sahitya Akademi

അവതാരിക

'കൊച്ചുസീത' മഹാകവി വള്ളത്തോളിന്റെ മററു ഖണ്ഡകാവ്യങ്ങളെക്കാൾ സാമൂഹ്യ പ്രാധാന്യമർഹിയ്ക്കുന്ന ഒരു വിശിഷ്ടകൃതിയാണ്. 1104-ൽ ആണ് അതാദ്യമായി പുറത്തുവന്നത്. അന്നത്തെപോലെ ഇന്നും, അരനൂററാണ്ടിനുശേഷവും, അതിന്റെ പ്രസക്തി നിലനില്ക്കുന്നു. സമുദായ പരിഷ്കരണത്തെ ലക്ഷ്യമാക്കി, വേശ്യാവൃത്തിയ്ക്കെതിരായി എഴുതിയ ഒരു കൃതിയാണിത്. മഗ്ദലനമറിയത്തിലെ വിഷയവും അതാണെങ്കിലും, വേശ്യാവൃത്തിയെ സമുദായശരീരത്തിലെ അർബുദമായിക്കണ്ട് അതു തുടച്ചുമാററുന്നതിന് കൊച്ചുസീതയിലെന്നപോലെ ശക്തിയായി ഉദ്ബോധിപ്പിക്കാൻ കവി അതിൽ ഉദ്യമിച്ചിട്ടില്ല. ദേശീയ നവോത്ഥാന കാലത്ത് മുഴങ്ങി കേട്ടിരുന്ന സ്ത്രീസ്വാതന്ത്ര്യത്തിനുള്ള ആവേശകരമായ ആഹ്വാനമാണ് കൊച്ചുസീതയിൽ ആദ്യവസാനം മാറെറാലിക്കൊള്ളുന്നത്.

ചാരിത്രം സംരക്ഷിയ്ക്കാൻ ദൃഢവ്രതം കൈക്കൊള്ളുകയും അതിനുവേണ്ടി ജീവൻ വെടിയുകയും ചെയ്യേണ്ടിവന്ന ചമ്പകവല്ലിയെന്ന ഒരു ദേവദാസിത്തരുണിയുടെ കഥ, ആ കാലത്ത് ഏതോ തമിഴ് പത്രത്തിൽ വന്നിരുന്നുവത്രെ. ആ വാർത്തയാണ് ഈ സമുജ്ജ്വല കൃതി രചിയ്ക്കാൻ മഹാകവിയ്ക്ക് പ്രേരണ നൽകിയതെന്ന്, കൊച്ചു സീതയുടെ ആദ്യത്തെ പതിപ്പിന്ന് ശ്രീ കുട്ടികൃഷ്ണമാരാർ എഴുതിയ ഉപോൽഘാതത്തിൽ പ്രസ്താവിച്ചു കാണുന്നു. ശുഷ്കമായ ആ പത്രവാർത്ത മഹാകവിയുടെ ഭാവനയിലൂടെ കടന്നു വന്നപ്പോൾ ഭാവോജ്ജ്വലമായ ഒരു ഇതിവൃത്തമായി

Digitized By Kerala Sahitya Akademi

പരിണമിച്ചിരിക്കുന്നു. നായികയ്ക്കു നൽകിയ പേർ പത്രത്തിൽ കണ്ടതുതന്നെ. എന്നാൽ അതിലെ സംഭവങ്ങളും കഥാപാത്രങ്ങളുമെല്ലാം കവികല്പിതമാണ്. അമ്മയില്ലാത്ത ആ കൊച്ചു ദേവദാസി, ചെറുപ്പം മുതൽ. രാമായണനായികയായ സീതയെ ആദർശമായി സ്വീകരിച്ച് ആ ദേവിയെപ്പോലെ പ്രതിപ്രേമ ചാരിത്രപൂതമാകണം തൻെറ ജീവിതമെന്ന് തീരുമാനിച്ചു. എന്നാൽ അവളുടെ കുലടയായ മുത്തശ്ശി അതിനവളെ അനുവദിച്ചില്ല. ആ വൃദ്ധ തൻെറ ദൌഹിത്രിയെ ശാസിച്ചും ശിക്ഷിച്ചും, പരമ്പരാഗതമായ വേശ്യാവൃത്തിയ്ക്ക് പ്രേരിപ്പിച്ചുകൊണ്ടിരുന്നു. തന്മൂലം എന്തെന്തുക്ലേശങ്ങളാണ് സൽപഥാന്വേഷിണിയായ ആ യുവതിക്ക് സഹിക്കേണ്ടി വന്നതെന്ന് പിന്നീടവരം സ്മരിക്കുന്നു.

“വിട്ടുപോയ് ദേവി സീതയ്ക്കു നൈവേദ്യം
മൃഷ്ടമായൊരു ക്കാനെന്നിടയ്ക്കിടെ
പട്ടിണിയ്ക്കിട്ടു തള്ളയില്ലാത്തൊരു
കുട്ടിയാമെന്നെ മുത്തശ്ശിരുഷ്ടയായ്”

എന്നീ വരികരം തന്നെ വ്യക്തമാക്കുന്നുണ്ട്. അങ്ങിനെ നാളുകരം കഴിയവേ, ഒരു ദിവസം സമ്പന്നനായ ഒരു മദ്ധ്യവയസ്കൻ ചമ്പകക്കുട്ടിയിൽ കമ്പംപൂണ്ട് അവിടെ എത്തിപ്പെട്ടു. മുത്തശ്ശിയാവട്ടെ, അയാളിൽ നിന്ന് ആരുമറിയാതെ പിടിപ്പത് മുൻകൂർ പ്രതിഫലം വാങ്ങി, ലജ്ജാവതിയായ തൻെറ ദൌഹിത്രി ഉറക്കമായാൽ അവളുടെ മുറിയിൽ പ്രവേശിച്ചുകൊള്ളാൻ അനുമതിയും നല്കി. ഇത് തൽസമയം കേട്ടറിയാനിടയായ നായിക, ആ കൂരാക്കൂരിരുട്ടിൽ പുറത്തുചാടി രക്ഷപ്പെട്ടു. തനിയ്ക്ക് പ്രാണനെക്കാരം വിലപ്പെട്ട ചാരിത്രം രക്ഷിക്കാൻ അവരം വേറെ മാർഗ്ഗം കണ്ടില്ല.

തള്ളക്കുലട നിർദ്ദേശിച്ചതുപോലെ, നേരം ഇരുട്ടി

Digitized By Kerala Sahitya Akademi

യപ്പോാം ഭോഗലാലസയോടെ കന്യകാതലപ്പത്തിൽ ചെന്നു വീണ ആ വിടപ്രമാണി അത്യാസക്തിയോടെ കെട്ടിപ്പിടിച്ചത്

"ചേലുററ ചേലയാൽ മൂടിവെച്ചുള്ളൊരു
നീളൻ തലയണയായിരുന്നു!"

പൊൻപണം വാങ്ങി തന്നെ ചതിച്ച ആ മുതുമുത്തിയെ ശപിച്ചുകൊണ്ട് ആ വിടശിരോമണി ഇളിഭ്യനായി അവിടെനിന്നും തടിതപ്പി.

പല ദിക്കിലും ഏതാനും നാളുകൾ അലഞ്ഞു തിരിഞ്ഞ ചമ്പകവല്ലി ചാരിത്രം രക്ഷിക്കാൻ മററു മാർഗ്ഗം കാണാതെ തൻെറ കരളലിയിപ്പിക്കുന്ന കദന കഥ ഒരു കത്തിലെഴുതിവെച്ച് ആത്മാഹുതി ചെയ്തു. ഇതാണ് കൊച്ചു സീതയിലെ ഇതിവൃത്തത്തിൻെറ ചുരുക്കം.

ഈ കഥാവസ്തു മൂന്നാക്കി തിരിച്ച്, തൻെറ സഹജമായ കലാചാതുര്യത്തോടെ, 170 ഈരടികളിൽ, മഹാകവി നാടകീയമായി ആവിഷ്കരിച്ചിരിക്കയാണ്. പൂമണിമേടത്തളത്തിൽ ഉച്ചയ്ക്ക് രാമായണം വായിക്കുന്ന ചമ്പകവല്ലിയെയാണ് കാവ്യാരംഭത്തിൽ അവതരിപ്പിച്ചിട്ടുള്ളത്. ആ 'കൊച്ചുസീത'യ്ക്കും അവൾ മനസ്സിൽ വെച്ചാരാധിയ്ക്കുന്ന ആദർശത്തിനുമാണ് സ്വകൃതിയിൽ പ്രാമുഖ്യമെന്ന് ഈ ചിത്രീകരണത്തിലൂടെ കവി ധ്വനിപ്പിച്ചിരിക്കുന്നു. കാവ്യത്തിലുടനീളം ആ വേശ്യപ്പെൺകൊടി നിറഞ്ഞു നിൽക്കുകയാണ്. ചമ്പകവല്ലിയെക്കുറിച്ചു പറയുമ്പോഴെല്ലാം വള്ളത്തോൾക്കവിത ഉദാത്തതയിലേയ്ക്കുയരുന്നതു കാണാം. "ഇന്നിത്രവേഗം കഴിഞ്ഞുവോ വായിക്കലെ"ന്ന മുത്തശ്ശിയുടെ ചോദ്യത്തിന്, സീതയെപ്പോലെ ആദർശോജ്ജ്വലമായ ജീവിതം നയിക്കുക എന്നതാണ് തൻെറ മനോരഥം എന്ന് ആ കൊച്ചുനായിക വെട്ടിത്തുറന്നു പറയുന്നു. അതു കേട്ട മാത്രയിൽ കവി രോമാഞ്ചംകൊണ്ട്,

Digitized By Kerala Sahitya Akademi

പരിസരംപോലും മറന്ന് ഉദ്ഘോഷിക്കുന്നതു നോക്കുക:

"അമ്പോ മഹിമാവിതാർഷഭൂവേ,തവ
വൻപേർക്കളത്തിലും നിഷ്കാമ കാഹളം!
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി,
വേശത്തെരുവിലും ചാരിത്രസൗരഭം!"

താൻ ആരുടെ ഭാഗത്താണെന്ന് കവി ഇവിടെ സ്വയം വ്യക്തമാക്കുന്നുണ്ട്. എന്നാൽ തള്ളക്കുലടയേയും അദ്ദേഹം അനുഭാവത്തോടെ ചിത്രീകരിച്ചിരിയ്ക്കുന്നു. ചമ്പകക്കുട്ടിയും മാതാമഹിയായ വൃദ്ധയുമാണ് കാവ്യത്തിലെ രണ്ടു പ്രധാന കഥാപാത്രങ്ങൾ. അവർ യഥാക്രമം വേശ്യാവൃത്തിയ്ക്ക് പ്രതികൂലവും അനുകൂലവുമായ രണ്ടു കാഴ്ചപ്പാടുകളെ പ്രതിനിധാനം ചെയ്യുന്നു. ദേശീയ നവോത്ഥാനത്തിൻെറ ആദർശോജ്ജ്വലമായ സന്ദേശത്താൽ ഉയിർത്തെഴുന്നേററ സ്ത്രീത്വത്തിൻെറ വക്താവാണ് ചമ്പകവല്ലി. അവളുടെ മുത്തശ്ശിയാകട്ടെ പരമ്പരാഗതമായ തൻെറ കുലത്തൊഴിലായ വേശ്യാവൃത്തിയ്ക്കുവേണ്ടി നിലകൊള്ളുകയും ചെയ്യുന്നു. പരസ്പരവിരുദ്ധമായ ഈ കാഴ്ചപ്പാടുകൾ തമ്മിലുള്ള സംഘട്ടനം കാവ്യത്തിന് നാടകീയത വർദ്ധിപ്പിയ്ക്കാൻ സഹായിച്ചിരിക്കയാൽ അതിനനുഗുണമായി പാത്രങ്ങളുടെ സ്വഭാവം ആവിഷ്കരിക്കുന്നതിലും കവി പൂർണ്ണമായും വിജയിച്ചുകാണുന്നു. ദൗഹിത്രിയുടെ ജീവിതാഭിലാഷം വൃദ്ധയെ ചൊടിപ്പിച്ചു. ചമ്പകവല്ലിയെ സാമദാന ഭേദദണ്ഡവിധികൾ പ്രയോഗിച്ച് കുലവൃത്തിയിലേക്ക്തന്നെ തിരിച്ചുകൊണ്ടുവരാൻ അവർ ഉദ്യമിക്കുന്നു ആ നിലയ്ക്ക് ഒരു നീചപാത്രമായിട്ടാണ് ആ വൃദ്ധയെ കരുതേണ്ടതെങ്കിലും അവളെ വളരെ ദയാദാക്ഷിണ്യത്തോടെയാണ് മഹാകവി ചിത്രീകരിച്ചിട്ടുള്ളത്. വേശ്യാവൃത്തി സമുദായത്തിൽ വരുത്തിവെച്ചതുതന്നെ പുരുഷന്മാ

Digitized By Kerala Sahitya Akademi

രുടെ മേധാവിത്വവും സ്വാർത്ഥതല്പരതയും അമിതമായ ഭോഗേച്ഛയുമാണെന്ന് വള്ളത്തോൾ കരുതുന്നു. കവിയുടെ ഈ അഭിപ്രായമാണ് വൃദ്ധയുടെ വാക്കുകളിലൂടെ അദ്ദേഹം വീറോടെ പ്രകാശിപ്പിച്ച് അവളെ കാവ്യരംഗത്ത് ഉയിർക്കൊള്ളിച്ചിട്ടുള്ളത്. സതീധർമ്മം തന്നെ, സ്വന്തം കാര്യസാദ്ധ്യത്തിനുവേണ്ടി സ്വാർത്ഥിയായ പുരുഷൻ ആകർഷകമായ നല്ല പേരിട്ട് സ്ത്രീയുടെമേൽ കെട്ടിവച്ച കടുത്ത പാരതന്ത്ര്യമാണെന്നു വൃദ്ധ സരസമായി വാദിക്കുന്നതു നോക്കുക:

"നിച്ചിലും സ്വാർത്ഥമേ കാട്ടും ചില നര-
രിച്ഛപോലെ കുടൂക്കിട്ടു നല്ലാർകളെ
മൊച്ച കളിപ്പിയ്ക്കുവാനായ് വിരചിച്ച
തൃച്ചങ്ങലയ്ക്കാം, സതീധർമ്മമെന്നപേർ."

മാത്രമല്ല,

"അദ്ദശകണ്ഠൻ കിഴിഞ്ഞതപേക്ഷിക്കിലു-
മത്ര പതിഭക്തി കാണിച്ച സീതയെ
പത്തും തികഞ്ഞ നാളൃക്ഷതരക്ഷുക്കൾ
തത്തിന കാട്ടിൽ കളഞ്ഞീലയോ പ്രിയൻ?"

എന്ന് അതിനുദാഹരണമായി തന്റെ ദൗഹിത്രി ആരാധിക്കുന്ന പൗരാണിക നായികയുടെ അനുഭവത്തിലേയ്ക്ക് തന്നെ വിരൽചൂണ്ടുകയും ചെയ്യുന്നു.

"ജീവിതമെന്നാൽ യഥേഷ്ടം സുഖിയ്ക്കലൊ-
ണാ;-വഴിയ്ക്കല്ലീ സതീവ്രതത്തിൻ ഗതി."

ഇതാണ് മുത്തശ്ശിയുടെ ജീവിതസിദ്ധാന്തം. ചമ്പകവല്ലിയുടേതാകട്ടെ ആദ്ധ്യാത്മികമായ ആദർശപരതയിലേക്ക് ഉയർന്നുനില്ക്കുകയും ചെയ്യുന്നു. സരസ്സിന്നടിയിലെ ചേറും അതിന്റെ മുകളിൽ വിടർ

Digitized By Kerala Sahitya Akademi

ന്നുനില്ക്കുന്ന ആമ്പലും തമ്മിലുള്ള അന്തരമുണ്ടവ യ്ക്ക്. പുതിയതും പഴയതുമായ രണ്ടു സംസ്കാര ങ്ങൾ തമ്മിലുള്ള ഏററുമുട്ടലാണ് നാമവിടെ കാണു ന്നത്. രണ്ടിനേയും തുല്യശക്തിയോടെ അവതരിപ്പി ച്ച് ഭാവദീപ്തിയുള്ളവാക്കാൻ കഴിഞ്ഞിരിയ്ക്കുന്നു വെന്നതാണ് കവിയുടെ കലാപരമായ വിജയത്തിന്നടി സ്ഥാനം.

രണ്ടാം ഭാഗത്തിലാണ് മഹാകവി, വൃദ്ധയുടെ വേശ്യാവൃത്തിയ്ക്കനുകൂലമായ വാദഗതിയ്ക്ക് തക്ക തായ മറുപടി പറയുന്നത്. അപ്സരസ്ത്രീകളെന്ന് മുത്തശ്ശി വിശേഷിപ്പിയ്ക്കുന്ന ദേവദാസികൾ യഥാർ ത്ഥത്തിൽ വാഴുന്നത് നരകത്തിലാണെന്ന് അദ്ദേഹം വ്യക്തമാക്കുന്നു.

കള്ളുനിറച്ചു പുറത്തു ഗംഗാംബുവെ–
ന്നുള്ള പേരൊട്ടിച്ച പാനികളാൽ
പാവങ്ങൾ വഞ്ചിക്കപ്പെട്ടുപോയ്—കാൺകെ,ത്ര
പാവനമാം പദം—'ദേവദാസി'!

എന്നുതന്നെയല്ല,

താരാട്ടുപാടിപ്ഫലിപ്പിച്ച കൂട്ടർതൻ
താളത്തിനൊത്തിങ്ങു തുള്ളുകയാൽ
അപ്സരസ്ത്രീകളേ, നിങ്ങൾ നരകത്തി–
ലത്രേ പുലരുന്നു, വിണ്ണിലല്ല.

എന്ന് ഉറപ്പിച്ചു പറയുകയും ചെയ്യുന്നു. എന്നാൽ അതോടൊപ്പം വൃദ്ധയായ ആ വേശ്യയിൽ, അനുകമ്പ പൂണ്ടും, സുശീലയായ തൻെറ പേരക്കുട്ടിയെ വഴി തെററിക്കുന്നതിൽ അവളുടെ പേരിൽ വെറുപ്പും രോഷ വും തോന്നിയിരിയ്ക്കാവുന്ന വായനക്കാരെ ആശ്വസി പ്പിച്ചുകൊണ്ടും ആ കുലടയുടെ അധാർമ്മികമായ

Digitized By Kerala Sahitya Akademi

പെരുമാററത്തിനു കാരണം കല്ലൊത്ത മാമൂലിൻെറ ഞെക്കൽ മൂലമാണെന്ന വസ്തുത വ്യക്തമാക്കാനും കവി വിസ്മരിക്കുന്നില്ല.

ഇല്ലായ്കയില്ലാ മനഃസാക്ഷിയെന്നതി-
ത്തള്ളക്കുലടയ്ക്കുമുള്ളിലെന്നാൽ
തെല്ലൊന്നനങ്ങുവാൻ പോലുമാളല്ലതു
കല്ലൊത്ത മാമൂലിൻ ഞെക്കൽമൂലം!

എന്നീ വരികൾതന്നെ അതിനു ദൃഷ്ടാന്തമാണല്ലോ.

എന്തിൻെറ തേജസ്സരുന്ധതീ നക്ഷത്ര-
മന്തരീക്ഷാന്തരേ നിത്യ ദീപ്തം,
അപ്പാതിവ്രത്യവും പാഴ്കരിക്കട്ടെപോ,-
ലദ്ഭുതം ദൃഷ്ടിമറിവിതയ്യോ!

എന്നിങ്ങനെ സന്ദർഭം കിട്ടുമ്പോഴെല്ലാം ഭാരതീയ പുരാണേതിഹാസങ്ങളിൽ വാഴ്ത്തി സ്തുതിച്ചിട്ടുള്ള പാതിവ്രത്യത്തിൻെറ മഹിമാതിശയത്തെ ഉദ്ഘോഷിക്കുന്നതിനും അതിനു മങ്ങലേല്ക്കുന്നതിൽ തനിയ്ക്കുള്ള ഖേദം രേഖപ്പെടുത്തുന്നതിനും മഹാകവി സന്നദ്ധനായി കാണുന്നു. രണ്ടാംഭാഗത്തിൽ അവശേഷിച്ച ഏതാനും വരികളിൽ മദ്ധ്യവയസ്കനായ ആ വിടപ്രമാണി വന്നുകേറുന്നതും അയാൾക്ക് അമളി പിണയുന്നതുമായ കാവ്യത്തിലെ മുഖ്യസംഭവം പരിണാമഗുപ്തി പാലിച്ചുകൊണ്ട് നാടകീയതയോടെ അനാവരണം ചെയ്തിട്ടുള്ളതിൽ കാണുന്ന കലാമർമ്മജ്ഞത സ്തുത്യർഹമാണ്.

മൂന്നാം ഭാഗത്തിൽ, ആത്മാഹുതിക്കു മുമ്പ് ചമ്പകവല്ലി എഴുതിവച്ച കത്ത് അതേപടി ഉദ്ധരിച്ച് ആ ദയനീയസംഭവത്തിൽ കവിയ്ക്കുളവായ ധാർമ്മികരോഷവും വിഷാദവും സ്തോഭജനകമായി രേഖപ്പെടു

Digitized By Kerala Sahitya Akademi

ത്തി കാവ്യം ഉപസംഹരിച്ചിരിക്കയാണ്. കത്തിൽ നായിക ചാരിത്രസംരക്ഷണത്തിനുവേണ്ടി തനിക്കു സഹിയ്ക്കേണ്ടിവന്ന നിരന്തരക്ലേശങ്ങരം ആരുടെ ഹൃദയവുമലിയുമാറ് വിവരിച്ചിരിക്കുന്നു. തനിക്കനുഭവിക്കേണ്ടിവന്ന യാതനകരം വിസ്തരിച്ചതിനുശേഷം ചാരിത്രത്തിന്റെ സർവ്വോൽകൃഷ്ടതയെ സാവിത്രി, ദമയന്തി, ശീലാവതി, സംയുക്ത, പത്മിനി തുടങ്ങിയ പുരാതന ഭാരതീയ വനിതാരത്നങ്ങളുടെ രോമാഞ്ചപ്രദമായ കഥകരം ചമ്പകവല്ലി സാദരം സ്മരിക്കുന്നുണ്ട്. അവരുടെ രാജ്യത്ത് തന്റെ സമകാലികരായ അനേകം സഹോദരിമാർ അന്ധവിശ്വാസത്തിനും അനാചാരങ്ങരംക്കും അടിപെട്ട് ചാരിത്രം സംരക്ഷിക്കാൻ കഴിയാതെ നരകതുല്യമായ ജീവിതം നയിച്ചുവരുന്നതിൽ അവരം അത്യന്തം വിഷാദിക്കുന്നു. വിവിധ വികാരവിഹ്വലയായിട്ടാണ് അവരം മാതൃഭൂമിയോട് അവസാനം യാത്ര ചോദിക്കുന്നത്.

"ജന്മമുണ്ടിനി മേലിലുമെങ്കിൽ ഞാൻ
നിന്മടിയിതിൽത്തന്നെ പിറക്കാവൂ,
സൂദിത പാരതന്ത്ര്യമാരാകിയ
സോദരിമാരെ നീളവേ കാണാവൂ.
മാത, രാർഷോക്തി മാധുരീ തർപ്പണ-
പ്രീതലോകേ, പ്രശസ്ത സുചരിതേ,
സീത തൻ ജന്മഭൂവേ, ജയിച്ചാലും."

ദേശാഭിമാനോജ്ജ്വലമായ ഈ പ്രാർത്ഥനയോടുകൂടിയാണ് ചമ്പകവല്ലി തന്റെ കത്ത് ഉപസംഹരിക്കുന്നത്. അതിൽ വികാരതരളിതനായ മഹാകവി,

സ്വാദുവാല്മീകി സൂക്തസംസേവനാൽ
ജാതബോധയാമക്കൊച്ചു മൈഥിലി

Digitized By Kerala Sahitya Akademi

മാനരക്ഷാർത്ഥമാണ്ടു മറഞ്ഞുപോയ്
മാതൃഭൂവിൻ പിളർന്ന ഹൃദയത്തിൽ!

എന്ന് നെടുവീർപ്പിട്ടുകൊണ്ട് ആ ദുഃഖപര്യവസായിയായ കഥക്ക് വിരാമമിട്ടിരിക്കുകയാണ്.

കാവ്യം ഇവിടെ ഉപസംഹരിക്കാമായിരുന്നില്ലേ, എന്ന് ചിലരൊക്കെ, അത് ആദ്യം പുറത്തുവന്ന സന്ദർഭത്തിൽ ചോദിക്കയുണ്ടായിട്ടുണ്ട്. ഇന്നും അതുതന്നെ ചോദിക്കുന്നവരുണ്ടാകാം. വള്ളത്തോൾ സർവ്വോപരി. സൗന്ദര്യാരാധകനായ ഒരു കലാകാരനാണ്. ആ നിലക്ക് കാവ്യരംഗത്ത് അദ്ദേഹം വ്യംഗ്യമര്യാദയെ സാധാരണ ഉല്ലംഘിക്കാറില്ല. എന്നാൽ തൻെറ ചുററുപാടും മനുഷ്യജീവിതത്തിൻെറ വിവിധ തുറകളിലും പുരോഗമനാത്മകമായ പരിവർത്തനങ്ങൾ നടന്നുകൊണ്ടിരുന്ന നവോത്ഥാനകാലത്ത് ജീവിച്ചിരുന്ന, സാമൂഹ്യവീക്ഷണമുള്ള ഒരു ദേശീയ മഹാകവിയുംകൂടിയായിരുന്നു അദ്ദേഹം. ആ നിലക്ക് സമകാലികമായ സാമൂഹ്യരാഷ്ട്രീയ ദോഷങ്ങളെക്കുറിച്ചു പ്രസ്താവിക്കേണ്ടിവരുമ്പോൾ വ്യംഗ്യമര്യാദയെ വിസ്മരിച്ചുപോലും ഉചിതാനുരൂപമായ ഉദ്ബോധനങ്ങൾ ശക്തിയായി ഉദ്ഗാനം ചെയ്യാറുണ്ട്. വള്ളത്തോളിൻെറ മററു ഖണ്ഡകാവ്യങ്ങളിലും അതിനുദാഹരണങ്ങൾ കാണാം. അതാണ് കൊച്ചുസീതയിലും സംഭവിച്ചത്. ആ കാവ്യത്തിൽനിന്ന് വ്യംഗ്യമായി ധ്വനിക്കുന്ന ആശയത്തെത്തന്നെ ഭാവുകചിത്തത്തിൽ ആഞ്ഞുപതിപ്പിക്കാൻ വേണ്ടി വാച്യമാക്കി

'ക്ഷുദ്രധീത്വമേ, സ്വാർത്ഥപരത്വമേ,
നിർദ്ദയത്വമേ, നിന്നെരിതീയിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങിനെ
ദഗ്ധയാകുന്നു ഭാരതപ്പൂങ്കാവിൽ!

എന്ന് ഉൽഘോഷിച്ചതിനുശേഷമേ കൃതി അവസാനി

Digitized By Kerala Sahitya Akademi

പ്പിക്കുന്നുള്ളു. കൊച്ചുസീത പുറത്തുവന്നപ്പോറം അതിലെ മൂന്നാംഭാഗം അധികപ്പററാണെന്ന്, 'കവിരാക്ഷസൻ' എന്ന തൂലികാനാമധേയത്തിൽ ഒരു വിദ്വാൻ അധിക്ഷേപിക്കുകയുണ്ടായി. സമുദായ പരിഷ്കരണതത്വങ്ങറം പ്രസംഗിക്കുന്നതിന് കവി ചമ്പകവല്ലിയെ കരുവാക്കുകയാണെന്ന് ചില ആധുനിക വിമർശകരും ആക്ഷേപിച്ചിട്ടുണ്ട്. എന്നാൽ സാമുഹ്യവിരുദ്ധമായ ഒരു യാഥാസ്ഥിതിക മനസ്സിന്നല്ലാതെ, ഹൃദയദ്രവീകരണക്ഷമമായ മൂന്നാംഭാഗത്തെ തള്ളിപ്പറയാൻ കഴിയുമെന്ന് തോന്നുന്നില്ല എന്നുതന്നെയല്ല. ഹൃദയാലുക്കറംക്ക്, യാതൊരസ്വാഭാവികതയും അനുഭവപ്പെടാത്തവിധം ഭാവോജ്ജ്വലമായിട്ടുണ്ട് അതിലെ അവസാനഭാഗമെന്ന് പറയാതിരിക്കാൻ വയ്യ, പ്രാചീന ഭാരതീയ നായികമാരെ ഭക്ത്യാദരപൂർവ്വം ചമ്പകവല്ലി അനുസ്മരിക്കെ

"(അക്ഷരമിങ്ങു കൈവിറയാൽച്ചെരി-
ഞ്ഞശ്രുപാതാൽ നനഞ്ഞുമിരിക്കുന്നു.)

എന്ന വലയിതവരികറം വായിക്കുന്ന ആരും കണ്ണുതുടക്കാതിരിക്കുകയില്ല, ആ കത്ത് ആദ്യന്തം ഹൃദയാവർജ്ജകമായിട്ടുണ്ട്. നിത്യമായ രാമായണ പാരായണത്തിൽ നിന്ന് സീതാദേവിയെ ആദർശപാത്രമായി സ്വീകരിച്ച, ആധുനിക കാലത്തെ ഒരു പെൺകൊടിക്ക് തോന്നാവുന്ന ആശയങ്ങളേ അതിൽ പ്രതിപാദിച്ചിട്ടുള്ളു. തന്മൂലം അതിൽ അസ്വാഭാവികതക്ക് അവകാശമില്ല, മൂന്നാംഭാഗമാണ് കാവ്യത്തിന് പൂർണ്ണിമ വരുത്തുന്നതെന്ന വസ്തുതയും വിസ്മരിച്ചുകൂടാ. കാവ്യനിർമ്മാണത്തിൻെറ പ്രധാന ലക്ഷ്യം തന്നെ സമുദായ പരിഷ്കരണമാണല്ലൊ. അതിനാവശ്യമായ വസ്തുതകറം ഇത്രമാത്രം കലാസുഭഗമായി അവതരിപ്പിച്ചിട്ടുള്ള മററൊരു കൃതി അതിനുമുമ്പോപിമ്പോ, ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല.

Digitized By Kerala Sahitya Akademi

മഹാകവി വള്ളത്തോൾ വാഗ്ദേവതയുടെ പുരുഷാവതാരമാണെന്ന് ശ്രീ കുട്ടികൃഷ്ണമാരാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അത്രമാത്രം പഴുതടച്ച, ചതുരശ്രശോഭികളായ കലാസൃഷ്ടികളാണ് അദ്ദേഹത്തിന്റെ മികച്ച കൃതികളെല്ലാം. അസുലഭമായ ആ സിദ്ധിവിശേഷങ്ങൾ കൊച്ചുസീതയിൽ ആദ്യവസാനം അവയുടെ പരിവേഷം ചാർത്തി ആ കൊച്ചുകൃതിക്ക് അനാദൃശമായ, സൗഭാഗ്യം കൈവരുത്തിയിരിക്കുന്നു. സന്ദർഭോചിതമായ ഭാവം അന്യൂനമായി പ്രകാശിപ്പിക്കുന്നതിന് പര്യാപ്തമായ ശബ്ദങ്ങളും അർത്ഥങ്ങളും അലങ്കാരങ്ങളും മററു കാവ്യോപാധികളും തിരഞ്ഞെടുത്ത് സന്നിവേശിപ്പിച്ചിട്ടുള്ള കാവ്യത്തിലെ ഭാഷാശൈലി പ്രശംസനീയംതന്നെ. ഇതിവൃത്തത്തിന്റെ മർമ്മപ്രധാനമായ ഘട്ടങ്ങളിൽ തന്റെ മററു ഖണ്ഡകൃതികളിലെന്നപോലെ കവി ഒരു കഥാപാത്രത്തിന്റെ നിലയിൽ രംഗത്തുവന്ന് വായനക്കാരിൽ സമുചിതമായ പ്രതികരണം സൃഷ്ടിക്കുന്നതിനും ശ്രദ്ധിച്ചുകാണുന്നു. വിടാഗ്രേസരൻ കന്യാനികേതത്തിലെ ശയ്യയിൽ ചെന്ന് വീണപ്പോൾ പരിസരം മറന്ന് മഹാകവി,
ഹാ ഹാ,

"നീർമ്മീലിതങ്ങളായ്പ്പോയിതോ, ധർമ്മമേ
നിത്യവിനിദ്രങ്ങൾ നിൻ കൺകളും" എന്ന്

പെട്ടെന്ന് വിലപിക്കുകയും അടുത്ത നിമിഷത്തിൽ ആ വങ്കന്റെ ആശ്ലേഷത്തിന് പാത്രീഭവിച്ചത് ചേലുററ ചേലയാൽ മൂടിവെച്ച നീളൻതലയണയാണന്നറിഞ്ഞ്, ആഹ്ലാദപൂർവ്വം ആ കാമകിങ്കരനെ

ജാലരന്ധ്രാപ്ത നിലാവിനെ നക്കിനാൻ
പാലെന്നോർത്തിപ്പൂച്ച പാവം, പാവം!

എന്ന് ഭംഗ്യന്തരേണ കളിയാക്കുകയും ചെയ്തിരിക്കുന്നത്, അതിന് നല്ലൊരു നിദർശനമാണ്. വാക്കുകളെക്കൊണ്ട് ഭാവോജ്ജ്വലമായ ചിത്രമെഴുതുന്നതിലുള്ള

Digitized By Kerala Sahitya Akademi

കവിയുടെ കരവിരുത് ഈ കൊച്ചുകൃതിയിലും സുലഭമായിക്കാണാം.

"ബാലതൻ മുത്തശ്ശിയായ കിഴവിയു-
ണ്ടാലസ്യമോടങ്ങടുത്തൊരു കട്ടിലിൽ
തെല്ലു വളഞ്ഞു ചെരിഞ്ഞു കിടക്കുന്നു
മല്ലീശരൻെറയൊടിഞ്ഞ വിൽ പോലവേ"

എന്ന വൃദ്ധയുടെ ചിത്രംതന്നെ നോക്കുക. രണ്ടാം ഭാഗത്തിൽ, തെറിപ്പാക്കു ചവയ്ക്കുന്ന മുത്തശ്ശിയുടെ സമീപത്തുനിന്ന് എഴുന്നേററ് ശുഭ്രരാമായണ പുസ്തകം,

ചെമ്പട്ടുകഞ്ചുകച്ഛന്നമായ്ത്താരുണ്യ
സമ്പത്തുയർന്നു വരുന്ന മാറിൽ
കല്ലും പവിഴവും പൊന്നുമണിഞ്ഞുള്ള
കണ്ഠം തൊടുമാറുവെച്ചഴകിൽ,
ഇത്തിരി ചാഞ്ഞൊരു തണ്ടലർ പോലായ
വക്ത്രത്തിൻ കീഴ്വശം കൊണ്ടമർത്തി
കന്മോതിരമണി കൈത്താർകളാൽപ്പിന്നിൽ-
ക്കത്രമമാം കാർകൂന്തൽ കെട്ടിക്കൊണ്ടും
പാവാടത്തുമ്പുകരം മേൽപ്പുറം ചുംബിച്ച
പാടല പാദതലങ്ങളാലേ
കണ്ണാടി പോലാം നിലത്തു പദേ പദേ
കാശ്മീരച്ചാറു തളിച്ചുകൊണ്ടും"

തൻെറ മച്ചിലേക്ക് പോകുന്ന നായികയുടെ രൂപവും ചലച്ചിത്രത്തിലെന്നപോലെ ഭാവുകചിത്തത്തിൽ പതിയാതിരിക്കുകയില്ല.

ദേവദാസീസമ്പ്രദായം തമിഴ്നാട്ടിലും മററുമുള്ളതുപോലെ കേരളത്തിലുണ്ടായിരുന്നില്ലെങ്കിലും നമ്മു

Digitized By Kerala Sahitya Akademi

ടെ നാട്ടിലെ പല ഹൈന്ദവസമുദായങ്ങളിലും നിലനിന്നിരുന്ന തിരണ്ടുകുളി, കെട്ടുകല്യാണം തുടങ്ങിയ അനാചാരങ്ങൾക്കെതിരായുള്ള ഒരു വെല്ലുവിളിയും കൂടിയാണ് കൊച്ചു സീതയിൽ മുഴങ്ങികേൾക്കുന്നതെന്ന് കൊച്ചുസീതയുടെ ഒന്നാം പതിപ്പിന്നെഴുതിയ ഉപോൽഘാതത്തിൽ സുപ്രസിദ്ധ നിരൂപകനായ ശ്രീ. കുട്ടികൃഷ്ണമാരാർ സൂചിപ്പിച്ചിരുന്നു. അതിനു നേരെ, ചില സമുദായ പ്രമാണികളും സാഹിത്യകാരന്മാരും ചന്ദ്രഹാസമിളക്കുകയുണ്ടായി. എന്നാൽ മാരാരുടെ നിഗമനം ശരിയായിരുന്നുവെന്ന് കാലം തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. 1929ലാണ് കൊച്ചുസീത പ്രസിദ്ധീകരിച്ചത്. ശ്രീ മാരാർ സൂചിപ്പിച്ച ദുഷിച്ച അനാചാരങ്ങൾ, നായർസമുദായത്തിലും, നമ്പൂതിരി സമുദായത്തിലും മററാന്തരാളവിഭാഗങ്ങളിലും ധാരാളമായി നടന്നിരുന്നു, സമുദായപരിഷ്കർത്താക്കളുടെ നിരന്തരമായ പരിശ്രമം മൂലമാണ് അവ ഏറെക്കുറെ ഇല്ലാതായത്. യോഗക്ഷേമസഭയുടെയും, നായർസർവ്വീസ്സൊസൈററി, എസ്. എൻ ഡി പി. തുടങ്ങിയ മററു സംഘടനകളുടെയും നേതൃത്വത്തിൽ നടന്ന സമുദായ ശുദ്ധീകരണ പ്രസ്ഥാനത്തിന് കൊച്ചുസീതയെ പോലുള്ള കൃതികൾ നൽകിയ പ്രചോദനം, വിസ്മരിച്ചുകൂടാ. ഇന്നും ആ ശുദ്ധീകരണം മുഴുമിച്ചിരിക്കുന്നുവെന്ന് പറഞ്ഞുകൂടാതാനും, ഭാരതം രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയിട്ട് നാല്പതുവർഷങ്ങളായെങ്കിലും പരിപൂർണ്ണസ്വാതന്ത്ര്യം എത്രയോ ദൂരത്താണിന്നും. സ്ത്രീധനത്തിൻെറ പേരിലും വിവാഹമോചനത്തിൻെറ പേരിലും സ്ത്രീകൾ ഇന്നും തെരുവുതെണ്ടികളാകുന്നു, ആത്മഹത്യചെയ്യാൻപോലും നിർബ്ബന്ധിതരാകുന്നു. ബലാൽകാരമായി അവരെ നിഷ്കരുണം നിഗ്രഹിക്കുന്ന സംഭവങ്ങളും അപൂർവ്വമല്ല. ജാതിമതാദിഭേദഭാവങ്ങളും മററസംഖ്യം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇന്നും സമുദായ ശരീരത്തിൽനിന്ന് പിഴുതെറിയേണ്ടതായിട്ടുണ്ട്. അതിനാൽ

Digitized By Kerala Sahitya Akademi

കൊച്ചുസീതയെപ്പോലുള്ള കൃതികളുടെ പ്രസക്തി വർദ്ധിച്ചുവരികയാണെന്ന് പറഞ്ഞേ തീരൂ. കേരളത്തിൽ ദേശീയ നവോത്ഥാനത്തിന്റെ ആവേശഭരിതമായ സന്ദേശങ്ങരം നാടുനീളെ പരത്തിയത് വള്ളത്തോറം കവിതയാണ്. സുന്ദരകല എന്ന നിലക്ക് സാഹിത്യത്തിന്റെ വ്യക്തിത്വത്തിന് ഹാനിതട്ടാതെ അത് ഫലപ്രദമായ ഒരു പ്രചരണായുധമാക്കാമെന്ന് തെളിയിച്ചതും മററാരുമല്ല. ഇന്ന് ഏററവും അത്യാവശ്യമായ ഒരു പരിവർത്തനത്തിന് സുശക്തമായ പ്രേരണ നൽകാനും നമുക്കതത്യാവശ്യമായിരിക്കയാണ്.

പ്രൊഫ: ബാലകൃഷ്ണവാരിയർ

സാധന
തൃശൂർ-1

Digitized By Kerala Sahitya Akademi

കൊച്ചുസീത

I

(കാകളി)

പൂമണിമേടത്തളത്തിലുച്ചയ്ക്കൊരു
കോമളകാണ്ഠിയാം വേശകുമാരിയാൾ
രാമായണം മുദാ വായിച്ചിടും വിധൌ
വ്യോമാന്തരേ നിന്നു നിശ്ചലം ഭാസ്കരൻ 1

അച്ചാരുഗാത്രിതൻ വക്ത്രചന്ദ്രങ്കൽനി-
ന്നുച്ചലിയ്ക്കുമൃഷികാവ്യഗാനാമൃതം

ലഘു വ്യാഖ്യാനം

1 പൂമണിമേടത്തളം=സ്വച്ഛവും സമ്പന്നവുമായ മാളികയിലെ തളം. കോമളകണ്ഠി=മൃദുലമായ കണ്ഠം (സ്വര)ത്തോടുകൂടിയവൾ. വേശകുമാരി=വേശ്യാഗൃഹത്തിലെ പെൺകിടാവ്. മുദാ=ഭക്തിജന്യമായ ആനന്ദത്തോടെ. വ്യോമാന്തരേ=ആകാശമദ്ധ്യത്തിൽ. നിത്യഗതിയായ സൂര്യൻപോലും ആ വായനകേട്ടു നിന്നുപോയി! രാമായണം വായിയ്ക്കുമ്പോൾ, അതു കേൾക്കുവാൻ ദിവ്യന്മാർ സശ്രദ്ധരായിരിയ്ക്കുമെന്നാണ് ഹിന്ദുക്കളുടെ വിശ്വാസം.

2 ഉച്ചലിയ്ക്കുക=പുറപ്പെടുക. ഋഷി......മൃതം =ഋഷികാവ്യം (രാമായണം) വായിയ്ക്കലാകുന്ന അമൃത്. അച്ച .. ങ്കണം=ആ മാളികയുടെ അഴുക്കററ

Digitized By Kerala Sahitya Akademi

ഉച്ചക്കൊടും വെയിൽ വെണ്ണിലാവാകുമാ-
റച്ഛസൌധാങ്കണത്തിങ്കലൊഴുകിതേ 2

ബാലതൻ മുത്തശ്ശിയായ കിഴവിയു-
ണ്ടാലസ്യമോടങ്ങടുത്തൊരു കട്ടിലിൽ
തെല്ലു വളഞ്ഞു ചെരിഞ്ഞു കിടക്കുന്നു
മല്ലീശരൻെറയൊടിഞ്ഞ വിൽപോലവേ. 3

പെട്ടെന്നു വായന നിർത്തി, യാ നീണ്ടിടം-
പെട്ട മയ്ക്കണ്ണൊട്ടടച്ചക്കുമാരിയാൾ.
ഏതോ വിചാരത്തിലാണ്ടുപോയ്, പൊൻകവിൾ-
പ്പൂതന്നിലുണ്ടാം പുളകാങ്കരത്തൊടും 4

പാട്ടുകേൾപ്പാനായ് വളർത്തുപെൺമാൻ ചെവി-
പാർത്തുനിന്ന മലർത്തോപ്പിൻെറ വീർപ്പുകൾ

മുററം. ചന്ദ്രനിലെ അമൃത (= ജല)ത്തോടുള്ള സംസർഗ്ഗത്താലാണല്ലോ, സൂര്യപ്രകാശം ചന്ദ്രികയാവുന്നത്. എരിവെയിലുള്ള ആ മുററത്തേയ്ക്കു ചെല്ലുന്ന ആരും ആ പാട്ടുകേട്ടു ചൂടറിയാതെ ആനന്ദസ്തബ്ധനായി നിന്നുപോവും!

3 ബാല = (പതിനാറു വയസ്സെത്താത്ത) പെൺകിടാവ്. ആലസ്യം = തളർച്ച. ഈ വൃദ്ധ ഒരു കാലത്ത് യുവാക്കന്മാരെ മയക്കാൻ കാമന്ന് ഒരായുധമായിരുന്നു.

4 മയ്ക്കണ്ണ് = മഷിയെഴുതിയ കണ്ണ്. പൊൻകവിളിലുണ്ടാകുന്ന പുളകം (= രോമാഞ്ചം) കൊണ്ട്, അവൾ ആഹ്ലാദപ്രദമായ ഒരു വിചാരത്തിലാണ് ആണ്ടുപോയതെന്നൂഹിയ്ക്കാം.

5 പാട്ടു...നിന്ന—ആ പാട്ടു തിര്യക്കുകളെപ്പോലും ആകർഷിക്കുന്നതായിരുന്നു. മലർ.......വന്നു = പൂക്കളിൽത്തട്ടിവരുന്ന കാററെന്ന വ്യാജേന, പൂന്തോട്ടത്തിൻെറ നിശ്വാസം തന്നെയാണ് വന്നതെന്നു താല്പര്യം. അവളെക്കൊണ്ടു കുറച്ചുകൂടി വായിപ്പിക്കാനാ

Digitized By Kerala Sahitya Akademi

താർത്തെന്നലായ് വന്നു, തയ്യലിൻ കാർകുഴൽ-
ച്ചാർത്തണിത്തൂനെററി ചുംബിച്ചു മെല്ലവേ

അച്ഛൻെറ നേരിനായ്സ്സർവ്വസ്വവുമുപേ-
ക്ഷിച്ച കണവൻെറ കൂടേ നടന്നൊവൾ
ഉച്ചണ്ഡകാനനപ്പുൽപ്പരപ്പും ചിരം
പച്ചനീരാളത്തിരുമെത്തയാക്കിനാൾ;
മാലത്രവായ്ക്കിലുമാരുടെ സുസ്ഥിര-
ശീലമാം ചിത്തത്തെയൊട്ടൊന്നിളക്കുവാൻ.
കൈലാസപർവ്വതം കൊണ്ടു പന്താടിയ
കൈകൾക്കുപോലും കഴിഞ്ഞീലൊരിയ്ക്കലും;
ആരുടെ ചാരിത്രതേജസ്സിലാഹന്ത,
ഘോരമായാളിന തിയ്യും തണുത്തുപോയ്;
വേറെ വിളഞ്ഞീലെവൾക്കൊത്ത രത്നമീ-
ബ്ഭാരതഭൂവിൻ വിശുദ്ധഗർഭത്തിലും;

യിരിയ്ക്കാം. പുങ്കാവു നെടുവീർപ്പുകൊണ്ടു ചുംബിച്ചു ലാളിച്ചത്.

6 അവളുടെ വിചാരം എന്തായിരുന്നു? ഉച്ചണ്ഡം = ഭയങ്കരം. പച്ചനീരാളം = പച്ചപ്പട്ട്. "ഇളംപുല്ലിൽക്കിടപ്പൻ ഞാൻ വനത്തിൽ വനഗോചര! അതിൽക്കവിഞ്ഞെന്തു സുഖം മൃദുപട്ടുകിടയ്ക്കമേൽ?" (ആരണ്യം:3014) ഇത്യാദി രാമായണവചനം നോക്കുക. സുസ്ഥിരശീല = നല്ലവണ്ണം ഉറച്ച 'ശീല(ചാരിത്ര)ത്തോടുകൂടിയത്. കൈലാ...കൈകൾ = രാവണൻെറ കൈകൾ. അത്രയ്ക്കു വീര്യബല ശാലിയായ രാവണനിൽ സീതയ്ക്കു ലേശവും ആഭിമുഖ്യമുണ്ടായില്ലല്ലോ. തിയ്യും തണുത്തുപോയ് - ലങ്കയിൽവെച്ചു ചാരിത്രപരീക്ഷയ്ക്കായി അഗ്നിയിൽച്ചാടിയ സന്ദർഭത്തിൽ സീതയ്ക്കു തീയ്യു ചൂടുള്ളതായി തോന്നിയില്ലല്ലോ; ആളിക്കത്തുന്ന തിയ്യിനേക്കാളും ഊർജ്ജസ്വലമായിരുന്നു സീതയുടെ ചാരിത്രതേജസ്സ്. അവൾക്കൊത്ത

Digitized By Kerala Sahitya Akademi

ആ മൈഥിലിയായ്ച്ചമഞ്ഞവരം ചേതസാ
ശ്രീമൽഗൃഹത്തിലും കാട്ടിലുമൊപ്പമേ,
രാമഭദ്രന്നു സമാനനായോരഭി–
രാമപുരുഷൻെറ പതിയായ്മേവിനാരം 6

എന്നാലിതിന്നൊരു വിഘ്നമായ് മുത്തശ്ശി,
യന്നിനവിങ്കൽനിന്നാത്മജാപുത്രിയെ,
'ഇന്നിത്ര വേഗം കഴിഞ്ഞുവോ വായിയ്ക്ക–
ലെ'ന്നചോദ്യത്താലിറക്കിവിട്ടീടിനാരം 7

അപ്പോരംത്തുറന്നു പറകതാൻ ചെയ്തിതാ–
സ്സൽപഥാന്വേഷിണി, തൻെറ മനോരഥം:
'സീതയെപ്പോലെ പതിപ്രേമചാരിത്ര–
പൂതമാക്കാവൂ ഞാനെന്നുടെ ജീവിതം.' 8

രത്നം—സീത ഭൂഗർഭജാതയായതുകൊണ്ടാണ്, രത്നമായി അധ്യവസാനം ചെയ്യപ്പെട്ടത്. ചേതസാ=മനസ്സുകൊണ്ട്, രാമനെപ്പോലെ സുന്ദരനായ ഒരു പുരുഷൻെറ പതിയാവണമെന്നും, ശ്രീമത്തായ ഗൃഹത്തിലും കാട്ടിലും—അതായതു സുഖത്തിലും ദുഃഖത്തിലും ഒരുപോലെ അദ്ദേഹത്തെ അനുഗമിയ്ക്കണമെന്നും അവരം മനോരാജ്യം വിചാരിച്ചു.

7 ആത്മജാപുത്രി=മകളുടെ മകരം. ഇറക്കിവിട്ടീടിനാരം ...ആ നിനവിൻെറ ഔന്നത്യത്തെ (ഉൽകൃഷ്ടതയെ)സൂചിപ്പിക്കുന്നു.

8 സൽപഥാന്വേഷിണി=സന്മാർഗ്ഗം തേടുന്നവരം. നിഷ്കാമകാഹളം – നിഷ്കാമകർമ്മത്തിൻെറ കാഹളംവിളി. പതി......പൂതം=ഭർത്തൃസ്നേഹത്താലും ചാരിത്രത്താലും പരിശുദ്ധം. ഈ വിചാരം അവരംക്കു മുമ്പുതന്നെ ഉണ്ടായിരുന്നു എന്നു സൂചിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

അമ്പോ മഹിമാവിതാർഷഭൂവേ: തവ
വൻപോർക്കളത്തിലും നിഷ്കാമകാഹളം;
വേടക്കുടിലിലും ബ്രാഹ്മണ്യസമ്പത്തി;
വേശത്തെരുവിലും ചാരിത്രസൌരഭം! 9

തള്ള പിടഞ്ഞെഴുന്നേററു: 'മുളയിലേ
നുള്ളിക്കളയേണ്ടുവൊന്നിക്കെടുമതം;
സീതയോ മാതൃകയെന്മണിപ്പൈതല്ക്കു?
സീതയെക്കാളെത്ര മീതെയാണെന്മകൾ!
ഇന്നിൻ കഴൽത്താരിൽ വീണുരുണ്ടീടുവാ-
നൊന്നല്ല, പത്തല്ല രാവണനൂഴിയിൽ! 10

താനൊട്ടു പൊന്തിച്ച തൻതറവാടിനെ
വാനത്തുരുമ്മിയ്ക്കുമാത്മജാവൈഭവം

9 നിഷ്കാമകാഹളം = നിഷ്കാമകർമ്മത്തിന്റെ കാഹളംവിളി - ഭഗവൽഗീതയെ അനുസ്മരിക്കുന്നു. ബ്രാഹ്മണ്യസമ്പത്തി = ബ്രാഹ്മണ്യതേജസ്സിന്റെ സമൃദ്ധി-വാല്മീകിയെ അനുസ്മരിക്കുന്നു. ചാരിത്രസൌരഭം = പാതിവ്രത്യത്തിന്റെ സൌരഭ്യം-ഉദാഹരണം പ്രസ്തുത സംഗതിതന്നെ. പോർക്കളത്തിൽ കാഹളവും, വേശത്തെരുവിൽ സൌരഭ്യവും സാധാരണം തന്നെ; അവ നിഷ്കാമത്തിന്റേയും ചാരിത്രത്തിന്റേയുമായതാണ് അദ്ഭുതം. വേടക്കുടിലിൽ സമ്പത്തി= (സമ്പത്ത്) ഉണ്ടാവുന്നതുതന്നെ അസാധാരണമാണ്.

10 ഇക്കെടുമതം = ചാരിത്രവതിയാവണമെന്നുള്ളത്. സീതയെപ്പററി വൃദ്ധയ്ക്കുള്ള മതിപ്പ് ഇത്രമാത്രമാണ്. 'സീതയ്ക്കു നല്ല സൌന്ദര്യമുണ്ടായിരുന്നു; ത്രൈലോക്യവിജയിയായ രാവണൻപോലും അവളുടെ കാല്ക്കൽ വീണുരുണ്ടില്ലേ?'

11 ആത്മജാവൈഭവം = മകളുടെ (നിന്റെ) പോരുമ. അണ്ടർനാടു (=സ്വർഗ്ഗം) ഉറപ്പുക നിന്റെ അമ്മയ്ക്കു, നീ ഈ തറവാടിനെ വാനത്തുരുമ്മിച്ച്

Digitized By Kerala Sahitya Akademi

കണ്ടാശ്വസിയ്ക്കട്ടെ, പെട്ടെന്നു നമ്മെ വി–
ട്ടണ്ടർനാടുറപ്പുക്ക നിന്നമ്മയോമനേ! 11

ദൃഷ്ടി നനച്ചേവമുച്ചരിച്ചൊന്നു വീർ–
പ്പിട്ടവൾ കുട്ടിയെത്തൊട്ടു തലോടിനാൾ;
കെട്ടഴിച്ചാളഥ തൻ സ്മൃതിഗ്രന്ഥവു–
മൊട്ടു കനത്തു വിളർത്തുള്ള ചുണ്ടിനാൽ; 12

ഇമ്മന്നിലപ്സരസ്ത്രീകൾ നാം, വേശ്യമാർ;
ധർമ്മം നമുക്കിങ്ങു രണ്ടേ വിനിശ്ചിതം:
നന്മയ്ക്കു കോവിലിൽപ്പോയ് നൃത്തമാടലും,
പുമ്മാനസങ്ങളെ നൃത്തമാടിയ്ക്കലും. 13

നർത്തനസേവയിൽ നെററിത്തടത്തിൽ നി–
ന്നെത്ര വിയർപ്പുനീരിററിററു വീഴുമോ,

(അത്രയും സമ്പന്നമാക്കി) കാണിച്ചുകൊടുക്കണം. നീ സീതയെ അനുഗമിക്കുകയല്ല, മരിച്ചുപോയ അമ്മയെ ആശ്വസിപ്പിക്കുകയാണ് വേണ്ടതെന്നഭിപ്രായം.

12 ദൃഷ്ടി നനച്ച് = മരിച്ചുപോയ മകളെപ്പററി ഓർത്തപ്പോൾ തള്ളയ്ക്കു കണ്ണീർ പുറപ്പെട്ടു. കെട്ട.... ണ്ടിനാൽ—വേശ്യാധർമ്മത്തെപ്പററി പറഞ്ഞുതുടങ്ങി.

13 വിനിശ്ചിതം=വിധിക്കപ്പെട്ടത്. ബ്രാഹ്മണർക്കു യജനയാജനാദിഷഡ്ധർമ്മങ്ങളുള്ളതുപോലെ യും മററും, നമുക്കുള്ള ധർമ്മം രണ്ടാണ്. പുമ്മാനസങ്ങൾ=പുരുഷന്മാരുടെ മനസ്സുകൾ. നൃത്തമാടിക്കൽ–കാമതരളമാക്കൽ.

14 ആ സ്വധർമ്മമാചരിച്ചാലത്തെ ഫലമോ? നർത്തനസേവ=നൃത്തംവെച്ച് (ഈശ്വരനെ) സേവിക്കുക. ദേവദാസികളുടെ സമ്പാദ്യം ദുർവൃത്തികൊണ്ടുള്ളതാണെന്നു ധരിയ്ക്കേണ്ട; ഈശ്വരസേവാ ഫലമാണത്: വിയർപ്പുതുള്ളിയ്ക്കും വെൺമുത്തിനും തമ്മിൽ സാദൃ

Digitized By Kerala Sahitya Akademi

അത്ര വെൺമുത്തുകൾ മുന്നിലുതിരുന്നു
നൽദ്ദേവദാസിമാർക്കീശ്വരപ്രീതിയാൽ. 14

ദേവാർച്ചനത്തിനായ് ലോകം സമർപ്പിച്ച
പൂവുകളാകുന്ന തേവിടിസ്ത്രീകളെ
മൂർദ്ധ്നാ വഹിക്കുന്നു വൈദികൻകൂടിയും,
ക്ഷേത്രപ്രസാദത്തെയെന്നപോലാദരാൽ. 15

പൂരുഷന്മാരൊക്കെയൊപ്പ;—മഭിജ്ഞയാം
വാരാംഗനയ്ക്കില്ല രാഗവും ദ്വേഷവും
ആരെയും തന്നിൽ മുഴുകിക്കയെല്ലാതെ.—
യാരിലും മുങ്ങുമാറില്ല വേശ്യാനദി. 16

ശ്യം. ഈശ്വരശബ്ദത്തിന്നു ധനികൻ എന്നും അർത്ഥമുണ്ട്.

15 ദേവദാസികളുടെ യോഗ്യതയോ? മൂർദ്ധ്നാ വഹിക്കുന്നു = തലയിൽ ചൂടുന്നു; ബഹുമാനിയ്ക്കുന്നു എന്നും. ദേവാർച്ചനത്തിന്നെടുത്ത താമരപ്പൂവായാലും തേവിടിപ്പൂവായാലും ആദരണീയമാണ്; വൈദികന്മാർതന്നെ വേശ്യകളോടു സംഗമിയ്ക്കാറുണ്ട്.

16 വേശ്യാധർമ്മത്തിൽ 'പ തി പ്രേ മ'ത്തിന്നു സ്ഥാനമില്ലെന്ന്: അഭിജ്ഞ = അറിവുള്ളവൾ. വാരാംഗന = വേശ്യാസ്ത്രീ: കുലസ്ത്രീകൾ ഭർത്താക്കന്മാരിൽ അനുരക്തരായിരിക്കയും, മററുള്ളവരിൽ അങ്ങിനെയാവാതിരിയ്ക്കയും ചെയ്യുന്നത്, 'രാഗ'വും 'ദ്വേഷ'വുമാണെന്നത്രേ വൃദ്ധയുടെ സിദ്ധാന്തം; അറിവുള്ളവർക്കുണ്ടോ, ആ രാഗദ്വേഷങ്ങൾ? മുഴുകിയ്ക്കുക = സ്നാനം ചെയ്യിക്കുക; കീഴ്പെടുത്തുക എന്നും (മുങ്ങുക എന്നതിനും ഇതുപോലെതന്നെ) വേശ്യകൾ നദികളെപ്പോലെ പരിശുദ്ധകളാണ്; അവരെന്തിനു മററൊന്നിൽ ചെന്നു മുങ്ങുന്നു?

Digitized By Kerala Sahitya Akademi

അട്ടശകണ്ഠൻ കിഴിഞ്ഞതപേക്ഷിയ്ക്കിലു-
മത്ര പതിഭക്തി കാണിച്ച സീതയെ
പത്തും തികഞ്ഞനാളൃക്ഷതരക്ഷൂക്കാം
തത്തിന കാട്ടിൽക്കളഞ്ഞീലയോ പ്രിയൻ! 17

നിച്ചിലും സ്വാർത്ഥമേ നോക്കും ചില നര-
രിച്ചുപോലെ കുടുക്കിട്ടു നല്ലാർകളെ
മൊച്ചകളിപ്പിയ്ക്കുവാനായ് വിരചിച്ച
തൃച്ചങ്ങലയ്ക്കാം, സതീധർമ്മമെന്ന പേർ. 18

ചാരിത്ര, മോമനേ, കാമൻ ദഹിച്ചതിൻ
ചാരമെന്നത്രേ ഗണിപ്പൂ ഗണികമാർ;
ഓരാതെടുത്തതു തേയ്ക്കൊലാ, ചന്ദന
ച്ചാറണിയേണ്ടുമീ യൌവനക്കൂമ്പുമേൽ. 19

17 'മറിച്ചു' സ്ത്രീ ഭർത്താവിന്നധീനയായാല ത്തെ ദോഷം, ആ കുമാരി മാതൃകയായി വിചാരി യ്ക്കുന്ന സീതയുടെ ചരിത്രത്തിൽനിന്നുതന്നെ ഉദാഹ രിയ്ക്കുന്നു ഋക്ഷ... ത്തിന=ആംക്കരടികളും പുലി കളും യഥേഷ്ടം പാഞ്ഞുനടക്കുന്ന.

18 ഇനി ചാരിത്രത്തെ നിന്ദിച്ചുതുടങ്ങുന്നു: നിച്ചിലും = നിത്യവും. മൊച്ച കളിപ്പിക്കുക=കുര ങ്ങിനെ കളിപ്പിക്കുന്നതുപോലെ കളിപ്പിയ്ക്കുക. തൃച്ചങ്ങല=പുറമെ വന്ദ്യമെന്നു തോന്നുന്നതും പരമാർ ത്ഥത്തിൽ സ്വാതന്ത്ര്യനാശകവുമായത്. പതിവ്രതാ ധർമ്മം പരിത്യാജ്യമാണെന്നു വെളിപ്പെടുത്തി.

19 അത് സുഖകരമാണെന്ന്: ഗണികമാർ= വേശ്യകാം. ഓരാതെ = ആലോചിക്കാതെ. യൌവന ക്കൂമ്പ് = യൌവനാരംഭം; സ്തനമെന്നും. യൌവനാ രംഭത്തിൽത്തന്നെ വേണമോ, സതീധർമ്മമെടുത്തു തുട ങ്ങുക?

Digitized By Kerala Sahitya Akademi

ജീവിതമെന്നാൽ യഥേഷ്ടം സുഖിയ്ക്കലാ–
ണാ, വഴിയ്ക്കല്ലീസ്സുതീവ്രതത്തിൻ ഗതി;
ഛീ, വർത്തമാനത്തെയിട്ടു ചീയിയ്ക്കയോ
ഭാവിക്കടയ്ക്കൽ വളംവെച്ചുകൊള്ളുവാൻ! 20

ഏകപത്നീത്വമെന്നുള്ളോരിടുങ്ങിയ
പാഴ്കോണി തേടുന്നതേതുൽഗതിയ്ക്കു നീ?
വൈകുണ്ഠസമ്പത്തുമുണ്ടിതാ, നിൻകാല്ക്കൽ
വാർകുനുചില്ലിത്തലപ്പൊന്നിളക്കിയാൽ! 21

20 ഇനി ജീവിതതത്വം ചിന്തിച്ചുനോക്കിയാലും, ചാരിത്രത്തിന്ന് അതിൽ സ്ഥാനമില്ലെന്നു പറയുന്നു: ഛീ..... ള്ളുവാൻ = ഭാവിയിൽ ഗുണം വരുമെന്നുവെച്ചു വർത്തമാനകാലത്തു കിടന്നു വലയുകയോ! വിഡ്ഢിത്തം!

21 എന്നു മാത്രമല്ല, ഇപ്പോഴം നേടാവുന്നതിലധികം ഒരു സുഖം ഭാവിയിൽ വരാനുമില്ല. ഏകപത്നീത്വം = ഒരേ ഒരാളുടെ പത്നിയായിരിയ്ക്കൽ. ഉൽഗതി = ശ്രേയസ്സ്; മേല്പോട്ടുകയറൽ എന്നും. പലരോടും സംഗമിയ്ക്കാമെന്ന വിശാലവും മനോഹരവുമായ സ്ഥിതിവിട്ട്, ഒരാളെ മാത്രം സ്വീകരിക്കുക എന്ന ഇടുങ്ങിയതും കെട്ടതുമായ വഴിയേ നീ എങ്ങോട്ടു പോകുന്നു? വൈകുണ്ഠംപോലും ഇതാ നിന്റെ അടുക്കലേക്ക് വരുന്നു; നിന്റെ വളർന്നു വളഞ്ഞ പുരികമൊന്നിളക്കി വിളിക്കുകയേ വേണ്ടു.

Digitized By Kerala Sahitya Akademi

സ്രഷ്ടാവു നല്കും വിഭൂഷ — വപുർ
ലക്ഷ്മി—
കിട്ടാത്ത പെണ്ണിന്നണിയാം സതീവ്രതം;
തമ്പുരാന്മാർക്കും കൊതിതോന്നുമെൻ പൊന്നു—
ചമ്പകത്തിന്നാ മുരിക്കുപൂവെന്തിനാം***? 22

22 വപുർലക്ഷ്മി=സൌന്ദര്യം. അണിയാം= ആഭരണമാവും. ജന്മസിദ്ധമായ സൌന്ദര്യമില്ലാത്തവർ പതിവ്രതമാരായിരുന്നുകൊള്ളട്ടെ; എന്റെ ഓമനയ്ക്കാകട്ടെ, രാജാക്കന്മാരെക്കൂടി ആകർഷിക്കുന്ന സൌന്ദര്യം സ്രഷ്ടാവു നല്കിയിട്ടുണ്ട്. പൊന്നുചമ്പകം എന്നതിൽ നായികയുടെ പേരുകൂടി സൂചിപ്പിക്കപ്പെടുന്നു. ആ മുരിക്കുപൂവ് — നിർഗന്ധപുഷ്പം പോലുള്ള സതീവ്രതം.

Digitized By Kerala Sahitya Akademi

II

(മാകന്ദമഞ്ജരി)

'ചമ്പകവല്ലി'യാം വായനക്കാരിയ-
ങ്ങമ്പേപ്പകച്ച തൻ കണ്ണിണയാൽ.
ഇത്തെറിപ്പാക്കു ചവയ്ക്കും കിഴവിതൻ
വക്ത്രമേ നോക്കിയുംകൊണ്ടിരുന്നാരം:
ദുർഗ്രഹമാമെന്തോ വർണ്ണിയ്ക്കും വാധ്യാർത-
ന്നഗ്രഭാഗത്തൊരു കുട്ടിപോലെ. 1

ഇല്ലായ്കയില്ലാ മനസ്സാക്ഷിയെന്നതി-
ത്തള്ളക്കുലടയ്ക്കുമുള്ളിലെ;ന്നാൽ

1 ഇത്തെറിപ്പാക്ക്=ഈ തെറിവാക്കാകുന്ന വരട്ടടയ്ക്ക. പല്ലില്ലാത്തവർ ഉണങ്ങിയ അടയ്ക്ക വളരെ നേരം കടിച്ചു ചവച്ചുകൊണ്ടിരിയ്ക്കുന്നതുപോലെ, ഈ തെറി (ചാരിത്രനിന്ദനം) ദീർഘമായുപന്യസിപ്പാനാണ് മുത്തശ്ശി ഒരുമ്പെട്ടിരുന്നത്; ചാരിത്രനിന്ദനം അവരംക്ക് ഒട്ടും അസാധാരണമല്ലതാനും. ദുർഗ്രഹം= മനസ്സിലാക്കാൻ പ്രയാസമുള്ളത്. വാധ്യാർ = ഗുരുനാഥൻ. അവരംക്കു വൃദ്ധ പറഞ്ഞത് തികച്ചും മനസ്സിലായില്ലായിരിയ്ക്കാം; എങ്കിലും അവളുടെ അഭിപ്രായത്തോട് ഒട്ടും പൊരുത്തമില്ലാത്ത വൃദ്ധാവാക്യം അവളെ പകപ്പിച്ചുകളഞ്ഞു.

2 ആ വൃദ്ധയിൽ അനുകമ്പ പൂണ്ടും അവളുടെ പേരിൽ വെറുപ്പുതോന്നിയിരിയ്ക്കാവുന്ന വായനക്കാരെ ആശ്വസിപ്പിച്ചുകൊണ്ടും കവി അവളുടെ 'അംബോപദേശ'ത്തെപ്പററി വിമർശിയ്ക്കുന്നു; ഇല്ല—

Digitized By Kerala Sahitya Akademi

തെല്ലൊന്നനങ്ങുവാൻപോലുമാളല്ലതു
കല്ലൊത്ത മാമൂലിൻ ഞെക്കൽമൂലം! 2

കള്ളു നിറച്ചു, പുറത്തു ഗംഗാംബുവെ-
ന്നുള്ള പേരൊട്ടിച്ച പാനികളാൽ
പാവങ്ങരം വഞ്ചിയ്ക്കപ്പെട്ടുപോയ്: കാൺകെത്ര
പാവനമാം പദം—'ദേവദാസി!' 3

ഇദ്ദേവദാസീവകുപ്പിനെസ്സൃഷ്ടിച്ച
പുത്തൻവിരിഞ്ചൻെറയിച്ഛയല്ലോ
സ്ത്രീകളാം വീചികരംക്കായ് നീക്കിവെച്ചതീ
ലോകസമുദ്രത്തിൽദ്ദാസ്യനൃത്തം. 4

തായാട്ടു പാടിപ്ഫലിപ്പിച്ച കൂട്ടർതൻ
താളത്തിനൊത്തിങ്ങു തുള്ളുകയാൽ,

മുള്ളിൽ കുലടാവൃത്തിയിൽ തഴക്കവും പഴക്കവും സിദ്ധിച്ചിരുന്നിട്ടും അവളുടെ മനസ്സാക്ഷി തീരെ കെട്ടടങ്ങിയിട്ടില്ല.

3 വൃദ്ധയെ ഞെക്കിനില്ക്കുന്ന മാമൂലിനെ നിന്ദിയ്ക്കുന്നു: ഗംഗാംബു=ഗംഗാതീർത്ഥം. പാനി =ചെറിയ കുടം. വ്യഭിചാരരൂപമായ ദുഷ്കൃത്യത്തെ പരിശുദ്ധമായ 'ദേവദാസീ'പദത്താൽ മറച്ചു സാധു സ്ത്രീകളെ അതിലേയ്ക്കാകർഷിച്ച ആ മാമൂൽ എത്ര ഗർഹണീയം!

4 പുത്തൻവിരിഞ്ചൻ=പുതിയ സൃഷ്ടികർത്താവ്. സമുദ്രത്തിൽ എല്ലാ തിരകളും നൃത്തം ചെയ്ക്കുന്നുണ്ട്; ലോകസമുദ്രത്തിലോ, ചില വീചികരം (സ്ത്രീകരം) മാത്രമേ ദാസിമാരായി നൃത്തം ചെയ്ക്കുകയുള്ളു. ഈ ഏർപ്പാടു ദേവദാസീ സ്രഷ്ടാവിൻെറ (സ്വാർത്ഥപരന്മാരുടെ) ഒരു പണിത്തരം തന്നെ; സ്ത്രീകളിൽ ചുമത്തപ്പെട്ട പാരതന്ത്ര്യം ധ്വനിയ്ക്കുന്നു.

5 'ഇമ്മന്നിലപ്സരസ്ത്രീകരം നാം.......' എന്ന

Digitized By Kerala Sahitya Akademi

അപ്സരസ്ത്രീകളേ, നിങ്ങൾ നരകത്തി-
ലത്രേ പുലരുന്നു, വിണ്ണിലല്ല! 5

എന്തിന്റെ തേജസ്സ്, രുന്ധതീനക്ഷത്ര-
മന്തരീക്ഷാന്തരേ നിത്യദീപ്തം,
അപ്പാതിവ്രത്യവും പാഴ്കരിക്കട്ടപോ-
ല;ദ്ഭുതം ദൃഷ്ടിമറിവിതയ്യോ! 6

ഏതോ ചെകുത്താനിളിച്ചു കാട്ടുന്നതായ്
വാദിക്കപ്പെട്ടേയ്ക്കാം കൂരിരുളാൽ;
എന്നാലുമിങ്ങു വെളിച്ചം വെളിച്ചം താൻ-
എന്നെന്നും, സത്യം താൻ സത്യമേ, നീ! 7

വൃദ്ധയുടെ സാഭിമാനമായ വാക്യത്തിനു മറുപടി പറയുന്നു: തായാട്ടു...പിച്ച—വേശ്യാധർമ്മം മുക്തിപ്രദമാണെന്ന വിശ്വാസം ഉണ്ടാക്കിത്തീർത്ത.

6 നിച്ചിലും സ്വാർത്ഥമേ....' എന്നു തുടങ്ങിയ ചാരിത്രനിന്ദയെപ്പററി കവി വ്യസനിയ്ക്കുന്നു. നിത്യദീപ്തം = എന്നും മിന്നിത്തിളങ്ങുന്നത്. പരിപൂതമായ പാതിവ്രത്യനിഷ്ഠയാലാണല്ലോ, അരുന്ധതീ ദേവി എന്നെന്നും ഉന്നതപദത്തിൽ മിന്നിത്തിളങ്ങുന്നത്. തേജസ്സിനേയും വെറും കരിക്കട്ടയായിക്കാണുന്ന ദൃഷ്ടിവൈപരീത്യം എത്രദയനീയം' ചാരിത്ര....ചാരമെന്നത്രേ' ഇത്യാദി വൃദ്ധാവാക്യം സ്മരിക്കുക.

7 കൂരിരുട്ട് (അജ്ഞാനം). അതിന്റെ പ്രതിയോഗിയായ വെളിച്ചത്തെ (സത്യത്തെ) ഏതോ ഒരു ചെകുത്താന്റെ ഇളിച്ചുകാട്ടലായിക്കരുതിയേയ്ക്കാം; എന്നാൽ അതുനിമിത്തം വെളിച്ചം ജുഗുപ്സാവഹമോ ത്യാജ്യമോ ആയിത്തീരുന്നില്ല. അതുപോലെ ഈ വൃദ്ധയെപ്പോലുള്ള വരാൽ പഴിയ്ക്കപ്പെട്ടാലും പാതിവ്രത്യം എന്നെന്നും പാവനധർമ്മംതന്നെ.

Digitized By Kerala Sahitya Akademi

വാർദ്ധകത്തിന്റെ ചുമയ്ക്കലൊലക്കെടു–
വാഗ്ദ്ധാരയൊന്നു മുറിഞ്ഞ ലാക്കിൽ,
പുല്പായിൽ നിന്നെഴുന്നേററിളം പെൺകൊടി
ശുഭ്രരാമായണപുസ്തകത്തെ,

ചെമ്പട്ടുകഞ്ചുകച്ഛന്നമായ്ത്താരുണ്യ–
സമ്പത്തുയർന്നുവരുന്ന മാറിൽ,
കല്ലും പവിഴവും പൊന്നുമണിഞ്ഞുള്ള
കണ്ഠം തൊടുമാറു വെച്ചഴകിൽ,

ഇത്തിരി ചാഞ്ഞൊരു തണ്ടലർപോലായ
വക്ത്രത്തിൻ കീഴ്വശംകൊണ്ടമർത്തി,
കമ്രോതിരമണിക്കൈത്താർകളാൽപ്പിന്നിൽ–
ക്കമ്രമാം കാർകൂന്തൽ കെട്ടിക്കൊണ്ടും,

പാവാടത്തുമ്പുകൾ മേൽപ്പുറം ചുംബിച്ച
പാടലപാദതലങ്ങളാലേ
കണ്ണാടിപോലാം നിലത്തു പദേ പദേ
കാശ്മീരച്ചാറു തളിച്ചുകൊണ്ടും,

വൃദ്ധാസമീപത്തുനിന്നു തൻസച്ചിന്താ–
ശുദ്ധമാം മച്ചിലേയ്ക്കായ്ഗ്ഗമിച്ചാൾ.

8 വൃദ്ധയുടെ ആ കെട്ട വാക്പ്രവാഹം, ഇത്തിരി നേരത്തേയ്ക്ക് ഒരു ചുമയാൽ തടയപ്പെടുകയുണ്ടായത്. താരുണ്യസമ്പത്ത്=സ്തനങ്ങൾ. കമ്രം= മനോഹരം. പാവാട.. ചുംബിച്ച; പുറവടിമേൽ പാവാടത്തുമ്പുവന്നു മുട്ടുന്ന. പാടലം=ചുവന്ന. പദേപദേ =ഓരോ കാൽവെപ്പിലും. കാശ്മീരം=കുങ്കുമം. നല്ല മിനുപ്പുള്ള ആ നിലത്തു കാലടികളുടെ ചുകപ്പു നിഴലിയ്ക്കയാൽ അവിടെ കുങ്കുമച്ചാറു തളിച്ചപോലെ തോന്നപ്പെട്ടു. സച്ചിന്താശുദ്ധം=അവൾ ഇരുന്നു നല്ലതുമാത്രം വിചാരിയ്ക്കാറുള്ളതുകൊണ്ടു പരി

Digitized By Kerala Sahitya Akademi

കാലേ കഥഞ്ചന പാഠാലയം വിട്ട
ബാലകർക്കുണ്ടാം തിടുക്കമോടേ. 8

യൗവനചൈത്രമച്ചമ്പകവല്ലിയെ-
പ്പൂവണിയിച്ചു തഴപ്പിയ്ക്കയായ്:
എത്രയ്ക്കെത്രയ്ക്കു തെളിഞ്ഞു വിളങ്ങിയോ
നർത്തകിതന്നുടൽ നാൾ്ൽ നാൾ്ൽ;
അത്രയ്ക്കത്രയ്ക്കു സുശോഭനമായി ത-
ച്ചിത്തവും സീതാഗുണാനുധ്യാനാൽ 9

എന്നാൽപ്പിടിച്ചു വലിച്ചിതു മുത്തശ്ശി
ദുർന്നയത്തിങ്കലേയ്ക്കോമലാളെ:
ഇന്നവ്യതാരുണ്യലാവണ്യം കാനന-
ചന്ദ്രികയായ്പ്പോകിലെത്ര കഷ്ടം—

ശുദ്ധം. കാലേ=തക്കസമയത്ത്. കഥഞ്ചന=വല്ല കണക്കിലും.

9 യൌവനചൈത്രം = യൌവനമാകുന്ന ചൈത്ര മാസം. (വസന്തർത്തുവിലെ ആദ്യത്തെ മാസം) ചമ്പകം പൂക്കുക വസന്തത്തിലാണ്. ചമ്പകവല്ലി ഋതുമതി യായി എന്നു സൂചിപ്പിയ്ക്കുന്നു ചമ്പകവല്ലിയുടെ ശരീരത്തിന്നു അഴകു വർദ്ധിച്ചു! സ്വഭാവത്തിൽ ഒരു സുഗന്ധവും വർദ്ധിച്ചു, അതുതന്നെ വിവരിയ്ക്കു ന്നു. നർത്തകി- ഉടൽ തെളിഞ്ഞു വിളങ്ങുവാൻ ആരോ ഗ്യകരമായ നർത്തനവ്യായാമം കാരണമായി=ഉദ്ദേശി യ ക്കപ്പെട്ടിട്ടുണ്ട്. സീതാഗുണാനുധ്യാനാൽ = സീത യുടെ ഗുണങ്ങളെപ്പററി ഇടവിടാതെ വിചാരിച്ചിരുന്ന തുകൊണ്ട്.

10 ദുർന്നയം=വ്യഭിചാരം. അവളെ അങ്ങിനെ സനിർബന്ധം പ്രേരിപ്പിയ്ക്കുമ്പോഴത്തെ വൃദ്ധയു ടെ വിചാരം ഇതായിരുന്നു; 'ഇന്നവ...ചിന്നെ?' നവ്യം

Digitized By Kerala Sahitya Akademi

വന്നേറീ കാവലയ്ക്കു ചാരിത്രപ്പാമ്പെങ്കി,-
ലിന്നിധികൊണ്ടെന്തു സാധ്യം പിന്നെ! 10

നിൻചേററിലുണ്ടായ്ക്കിളിർത്തതാണെങ്കിലു-
മഞ്ചിതമാകമീയാമ്പലിനെ
അച്ചേററിലേയ്ക്ക് താനാഴ്ത്താൻ ശ്രമിച്ചിട്ടെ-
ന്തുച്ചുപിടിച്ച വഴിക്കുളമോ? 11

വാശി വളർന്നു ദുരാശയാം വൃദ്ധയ്ക്കാ
പ്പേശലാംഗിയ്ക്കു പൊറുതികേടും;
ചേട്ടയും ലക്ഷ്മിയും തമ്മിലെശ്ശൂണ്ഠയാ
വീട്ടിലുണ്ടായ് വന്നു വീണ്ടും വീണ്ടും. 12

ഏകദാ, വല്ലിതൻ രാമായണോൽഗീത-
മാകർണ്ണനംചെയ്ത സൂര്യൻ ക്രമാൽ

=പുത്തൻ. ഇന്നിധി=ഈ യൌവനസൌന്ദര്യം.

11 ആ കുലടവൃദ്ധയെ ഉച്ചുപിടിച്ച വഴിക്കുളമായും വ്യഭിചാരവൃത്തിയെ ചേറായും, ചമ്പകവല്ലിയെ അതിൽ നിന്നുണ്ടായ ഒരാമ്പൽപ്പൂവായും അധ്യവസാനം ചെയ്തിരിയ്ക്കുന്നു. അഥവാ, വൃദ്ധയ്ക്ക് പ്രേരകമായ വേശ്യാധർമ്മംതന്നെ വഴിക്കുളമായി അധ്യവസാനം ചെയ്യപ്പെടാം. കിളിർക്കുക=പൊങ്ങുക. അഞ്ചിതം = മനോഹരം. വൃദ്ധയുടെ ദുഷ്പ്രേരണയാൽ കുമാരി അധഃപതിയ്ക്കുകയില്ലെന്നു വ്യംഗ്യം.

12 ദുരാശ=ദുഷിച്ച ആഗ്രഹത്തോടുകൂടിയവ൦: ഈ പൊറുതികേടു ചമ്പകവല്ലിയുടെ കത്തിൽനിന്നറിയാം.

13 ഏകദാ=ഒരുനാൾ. രാമായണോൽഗീതം=രാമായണം ഉച്ചത്തിൽ പാടൽ പര്യുജ്ഝിതോഷ്മാവ് ....ചൂടുവെടിഞ്ഞവൻ; വിഷയജ്വരം വിട്ടവൻ എന്നും. പശ്ചി...... പ്രാന്തം = അസ്തമയപർവതത്തിന്റെ ചെരിവ്. ആർഷസൂക്തശ്രവണത്താൽ വിഷയവൈ

Digitized By Kerala Sahitya Akademi

പര്യുജ്ഝിതോഷ്ടാവായ്
സ്സൗമ്യനായ്പ്പശ്ചിമ-
പർവതപ്രാന്തത്തിൽ വിശ്രമിയ്ക്കേ,
അമ്പതോളം വയസ്സാർന്നൊരു പൂരുഷൻ
സംഭൃതോദ്ദീപ്തസുഗന്ധിവേഷൻ
തത്ര വന്നൊ,ന്നു മുറുക്കി മുതുക്കിയു-
മൊത്തു സല്ലാപം തുടങ്ങി മെല്ലെ. 13

ഇമ്പമിയന്നപ്പുമാനുമയാളുടെ
വൻപണസ്സഞ്ചിയും മുമ്പുപിമ്പായ്
വന്ധകീവൃദ്ധതൻ മുന്നിൽസ്സമർപ്പിച്ചി-
തന്തർഗ്ഗതങ്ങളെയാകമാനം. 14

വൃദ്ധയോ, ദൌഹിത്രിയ്ക്കന്നാദ്യമായിട്ടു
ലബ്ധമായ് വന്ന പൊൻനാണ്യമെല്ലാം
രണ്ടുകൈകൊണ്ടുമെടുത്തു, ജരാക്രാന്തി-
കൊണ്ടൊളി മങ്ങിയ കണ്ണുകളിൽ
വെവ്വേറെ മൂന്നുരു വെച്ചു വെൺകക്കകൾ-
ക്കവ്യക്തമായൊരു മിന്നലേററി,

രാഗ്യംവന്നു സന്യസിച്ചു എന്നു ധ്വനി. സംഭൃ....വേഷൻ =മിന്നിത്തിളങ്ങുന്നതും സുഗന്ധമുള്ളതുമായ വേഷമണിഞ്ഞവൻ. തത്ര=ആ വീട്ടിൽ.

14 വന്ധകി=വേശ്യ. ആദ്യം ആ പുരുഷൻ തൻെറ അന്തർഗ്ഗതം (അഭിലാഷം) മുഴുവൻ ആ തള്ളയോടു പറഞ്ഞു; പിന്നെ അയാളുടെ വലിയ പണസ്സഞ്ചിയും തൻെറ അന്തർഗ്ഗതങ്ങളെ (ഉള്ളിലുള്ള പൊൻനാണ്യങ്ങളെ)യെല്ലാം, അവളുടെ മുമ്പിൽ ചൊരിഞ്ഞു.

15 ദൌഹിത്രി=മകളുടെ മകൾ. ജരാക്രാന്തി=വാർദ്ധക്യത്തിൻെറ ആക്രമണം. ആ വെൺകക്കകൾ=ജരമൂലം വിളർപ്പു കയറിയ കണ്ണുകൾ. അവ്യ...ലേററി—പൊൻ നാണ്യങ്ങൾ അടുപ്പിച്ചപ്പോൾ ആ കണ്ണുകൾ

Digitized By Kerala Sahitya Akademi

'വല്ലാത്ത നാണക്കുരുന്നാണ;-കത്തേയ്ക്കു,
ചെല്ലമുറങ്ങിയാൽച്ചെല്ലുകെ'ന്നാരം. 15

ഈ വാക്കൊരമ്പായ്പ്പതിച്ചു യദൃച്ഛയാ
കാർവേണിത്തയ്യലിൻകർണ്ണങ്ങളിൽ;
ആവതെന്തിങ്ങയ്യോ നിന്നെച്ചതിപ്പോനാം
രാവണനിപ്പുമാൻ കൊച്ചുസീതേ! 16

ആഗതയായിതു രാത്രിയും, ജാരന്റെ-
യാകുലാപേക്ഷയാലെന്നപോലെ;
പിമ്പൊരു കിങ്കരി വന്നാംഗ്യം കാണിയ്ക്കേ
വെമ്പിയെണീററാ വിരുന്നുകാരൻ
സഞ്ചിതതാംബൂലശോണിമാവാമൊരു
പുഞ്ചിരി സമ്മാനമായി നല്കി,

ക്ക് ഒരു മിന്നിച്ച വന്നു; സന്തോഷപ്രകാശം സ്ഫുരിച്ചു എന്നും. പണം കിട്ടിയാൽ അതെടുത്തു കണ്ണിൽ വെയ്ക്കുന്നത് ഒരു പഴയ നടപ്പാണ്. ചെല്ലം=ഓമന.

16 അമ്പായ്പ്പതിച്ചു = അമ്പുപോലെ ചെന്നു തറച്ചു കവി ചമ്പകവല്ലിയോടു പറയുന്നു: ആവതെ... സീതേ! 'അഥവാ അവളുടെ അന്തഃകരണംതന്നെ അവളോടു പറയുന്നതാണിത്. 'സീതയെപ്പോലെയാകാൻ' പലപ്പോഴും വിചാരിച്ചുകൊണ്ടിരിയ്ക്കാറുള്ള അവൾക്ക് ഈ വാക്കു കേട്ടപ്പോൾ രാവണന്റെ കഥ ഓർമ്മയിൽ വന്നു. 'സീതയെപ്പോലെയാകാൻ' ആഗ്രഹിയ്ക്കുന്ന എന്നെ ചതിയ്ക്കാൻ വന്ന 'രാവണനാണ്' ഈ മനുഷ്യൻ! അയ്യോ, ഞാനെന്തു വേണ്ടു!'

17 ആകുലാപേക്ഷ = കെഞ്ചിയപേക്ഷിയ്ക്കൽ. വൃദ്ധയുടെ വാക്കു കേട്ടതുമുതൽ ആ മനുഷ്യൻ രാത്രി വരുന്നതും കാത്തിരിപ്പായി എന്ന്, ആദ്യത്തെ ഈരടികൊണ്ടു പറഞ്ഞു. സഞ്ചി... മാവ് .. മുറുക്കിൻചുകപ്പോടുകൂടിയ. ആ വക പ്രഭുക്കന്മാർ തങ്ങളുടെ നേരെ ഒന്നു പുഞ്ചിരിയിടുന്നതു തന്നെ, ഭൃത്യ

Digitized By Kerala Sahitya Akademi

കാർത്തസ്വരക്കസവിട്ട പട്ടേറാപ്പു
കൈത്തണ്ടിൽ വീണതെടുത്തു വീണ്ടും
തോളത്തു—കണ്ഠസ്ഥകാഞ്ചനരുദ്രാക്ഷ-
നൂലിന്റെ ചാരത്തു-തന്നെ ചാർത്തി,
വൈരക്കടുക്കൻ ശരിയ്ക്കാക്കലാലങ്ങു
വേറെയും രണ്ടു ഗുളോപ്പു തൂക്കി,
കാമൻ കടുന്തുടി കൊട്ടുന്ന നെഞ്ചുമായ്
കാൽ മന്ദം വെച്ചു നടന്നു, താനേ,
അന്യായമിന്നോളം തീണ്ടിയിട്ടില്ലാത്ത
കന്യാനികേതത്തിൽച്ചെന്നുകേറി,
'എന്തിവരം മൂടിപ്പുതച്ചു കിടക്കുന്ന-
തെ'ന്നങ്ങു കട്ടിലിൽ വീണു-ഹാഹാ,
നിർമ്മീലിതങ്ങളായ്പ്പോയിതോ, ധർമ്മമേ
നിത്യവിനിദ്രങ്ങരം നിൻകൺകളും! 17

സ്ത്രീകരംക്കു പൊൻനാണ്യം സമ്മാനം കിട്ടലാണല്ലോ. കാർത്തസ്വരം = സ്വർണ്ണം. കണ്ഠ....നൂല് കഴുത്തിലിട്ട. പൊൻ പൊതിഞ്ഞ രുദ്രാക്ഷംകോർത്ത നൂല്. വൈര ....തൂക്കി—മറിഞ്ഞുകിടന്നിരുന്ന വൈരക്കടുക്കൻ. ശരിയാക്കിയപ്പോരം, ആ തളത്തിൽ ആദ്യമുണ്ടായിരുന്ന ഗുളോപ്പുകരംക്കു പുറമേ വേറെ രണ്ടു ഗുളോപ്പുകരം കൂടി തൂക്കിയാലത്തെപ്പോലെ, അവ കിടന്നു മിന്നി. കാമൻ—ഞ്ചുമായ് = കാമവികാരത്താലുള്ള നെഞ്ചിടി പ്പോടുകൂടി. കടുംതുടി=കൈയിൽ പിടിച്ചുകൊട്ടുന്ന തുടി. കന്യാനികേതം = കന്യകയുടെ അറ. നിർമ്മീ ലിതങ്ങരം — ചിമ്മപ്പെട്ടവ ആ 'ബാലിക ഉറങ്ങിപ്പോ യിരിയ്ക്കാം; എന്നാൽ ധർമ്മമേ, നിത്യവിനിദ്രങ്ങളായ = (ഒരിക്കലും ഉറക്കമില്ലാത്ത) അങ്ങയുടെ കണ്ണുകളും അടഞ്ഞുപോയോ! നിന്തിരുവടി ഇതു കാണുന്നില്ലേ എന്നു കവി സംഭ്രമിക്കുന്നു.

Digitized By Kerala Sahitya Akademi

ഇല്ലില്ല ഭാഗ്യത്താലപ്പുമാൻതൻ ഭുജ-
വല്ലിയാൽ വേഷ്ടിതമായ രൂപം,
ചേലുററ ചേലയാൽ മൂടിവെച്ചുള്ളൊരു
നീളൻതലയണയായിരുന്നു:
ജാലരന്ധ്രാപ്തനിലാവിനെ നക്കിനാൻ
പാലെന്നോർത്തിപ്പൂച്ച, പാവം, പാവം!
പൊൻപണം വാങ്ങിച്ചതിച്ചോ, മുതുമുത്തി?
ചമ്പകമെങ്ങുപോയെ,ങ്ങു പൊയ്പോയ്! 18

18 ഇല്ലില്ല —ധർമ്മം നിദ്രയിൽപ്പെട്ടിട്ടില്ല; ധർമ്മം അവളെ രക്ഷിച്ചുകഴിഞ്ഞിരിക്കുന്നു; അപ്പുമാൻ.... തമായ— അയാരം കൈകൊണ്ടു കടന്നാലിംഗനംചെയ്ത. ജാല....ലാവ് — ജനൽപ്പഴുതിലൂടെ വന്ന (അറയുടെ നിലത്തു തട്ടിയ) ചന്ദ്രിക; രാത്രിയിൽ 'കാൽ മന്ദം വെച്ചു പതുങ്ങിപ്പിടിച്ചുവന്ന ആ വൃദ്ധനെ പൂച്ചയായിക്കല്പിച്ചു; ചേലകൊണ്ടു മൂടിയ തലയണയെ, പാലാണെന്നു തെററിദ്ധരിയ്ക്കപ്പെട്ട നിലാവായും. 'പൊൻപ......പൊയ്പോയ്' എന്നത് ആ മനുഷ്യൻെറ താൽക്കാലികവിചാരത്തെ പകർത്തലാണ്.

Digitized By Kerala Sahitya Akademi

III

(പാന)

ചമ്പകവല്ലി വിട്ടോരെഴുത്തിതാ:
തൻപവിത്രഹൃദ്രക്തവിലിഖിതം;
അക്കഥ നോക്കി വായിച്ചുകൊൾകി'തി-
ല,ക്'ഷികൾക്കശ്രുബാധയില്ലാത്തവർ:- 1

''ദേവദാസി ഞാൻ മാനുഷദാസിയായ്
മേവണംപോലി,താണെൻ കുലാചാരം.
യൌവനോൽഗമേ ഞങ്ങൾ പറയടി-
ച്ചാ 'വയസ്സറിയിപ്പു' നടത്തണം; 2

1 പവി...ഖിതം=പരിശുദ്ധമായ ഹൃദയരക്തം കൊണ്ടെഴുതിയത്. ഹൃദയംപിളർന്നു (ഹൃദയവേദനയോടെ) എഴുതിയതിനെ ഹൃദയരക്തംകൊണ്ടെഴുതിയതായിക്കല്പിച്ചിരിയ്ക്കുന്നു. അക്കഥ — 'ചമ്പകമെങ്ങുപോയി' എന്ന കഥ. അക്'ഷി...ത്തവർ=കരച്ചിൽ വരാത്തവർ. കരയുന്നവരാണെങ്കിൽ ഇടയ്ക്കിടെ, കണ്ണുനീർവന്ന്, അക്ഷരങ്ങൾ കണ്ടില്ലെന്നു വരാം.

2 പേരുകൊണ്ടു ദേവദാസിയാണ്. ദേവദാസിയാകേണ്ടതോ, മനുഷ്യർക്ക്—ഇതാണത്രേ കുലാചാരം! യൌവനോൽഗമേ=യൌവനാരംഭത്തിൽ. ഒരു ദേവദാസി ഋതുമതിയായാൽ, ആ വൃത്താന്തം 'വയസ്സറിയിപ്പ്' എന്ന പേരിൽ പട്ടണത്തിൽ കൊട്ടിയറിയിയ്ക്കുക പതിവുണ്ട്.

Digitized By Kerala Sahitya Akademi

ഇപ്പെരുംപറ കൊട്ടലനാചാര-
ദുഷ്പ്രഭുത്വമേ, നിൻജയോൽഘോഷണം.
ശ്രോത്രഭേദി ഹാ, മർത്ത്യൻെറ സോദരീ-
ഗോത്രനിന്ദനശബ്ദകോലാഹലം! 3

കോവിലിൽ നൃത്തമാടുവാനല്ലാതെ,
പാഴ്‌വിടന്മാർക്കു പാവയായാടുവാൻ
ഞാനൊരുങ്ങീല; മാതാമഹിയ്ക്കിതു
ദൂനതയേററി രണ്ടാം ജരപോലെ. 4

സീതയെപ്പോലെ സുസ്ഥിരചാരിത്രോ-
പേതയാകണമെന്നൊരാശംസയാൽ,
സാധുരാമായണത്തിൻെറ രാജ്യത്തു
നീതിലംഘനക്കാരിയായ്ത്തീർന്നു ഞാൻ! 5

3 ശ്രോത്രഭേദി = ചെകിടു പിളർത്തുന്നത്. ഗോത്രം = വർഗ്ഗം. ഈ പെരുംപറയടി, അനാചാരത്തിൻെറ ജയഘോഷവും, അവൻെറ സോദരിമാരെ നിന്ദിയ്ക്കുന്ന കോലാഹലവുമാണ്!

4 മാതാമഹി = മുത്തശ്ശി. ദൂനത = ദുഃഖം മുത്തശ്ശിയ്ക്കു ജരവന്നതിലുണ്ടായ നഷ്ടമെന്തോ, അതു തന്നെയാണ് ദൌഹിത്രിയുടെ ഈ വ്രതനിശ്ചയംകൊണ്ടും ഉണ്ടാവുന്നത്; അതിനാലത്രേ, അതു രണ്ടാമതൊരു ജര വന്നപോലായത്.

5 സുസ്ഥി... ...പേത = ഏററവും ഉറച്ച ചാരിത്രത്തോടുകൂടിയവൾ. ഏതു രാജ്യത്ത് അതിന്നഭിമാനകരമാംവണ്ണം രാമായണമെന്ന ആ ലോകോത്തരഗ്രന്ഥം ഉണ്ടായോ, അവിടെ ആ ഗ്രന്ഥത്തിലെ പൂജാർഹമായ നായികയെ അനുസരിച്ചു ജീവിയ്ക്കുവാനാഗ്രഹിക്കുന്നത് അധർമ്മമായിപ്പോയല്ലോ! രാമായണം ഇത്ര സാധു (പാവം) ആയിപ്പോയല്ലോ! ചമ്പകവല്ലിയുടെ ചാരിത്രനിഷ്ഠ അധാർമ്മികമാണെന്നായിരുന്നു, വൃദ്ധയുടെ വാദം.

Digitized By Kerala Sahitya Akademi

'വിട്ടുപോയ് ദേവിസീതയ്ക്കു നൈവേദ്യം
മൃഷ്ടമായൊരൂക്കാനെ'ന്നിടയ്ക്കിടെ
പട്ടിണിയ്ക്കിട്ടു, തള്ളയില്ലാത്തൊരു
കുട്ടിയാമെന്നെ മുത്തശ്ശി രുഷ്ടയായ്. 6

ആ വിബാധമാം മാതൃസംലാളന-
ത്താഴ്വരയിൽ നിന്നിക്കൊച്ചരുവിയെ
ദൂരഗയാക്കിവിട്ടിതു, ദുർദ്ദിന-
കാരി യൌവനക്കാറിൻ സമാക്രമം! 7

വേളി വർജ്ജിതം വേശ്യമാർക്കു; മണ-
വാളരോ, യഥാകാമമനേകം പേർ;

6 ആ വൃദ്ധ ചമ്പകവല്ലിയെ 'സീതാദേവി' എന്ന് ഈർഷ്യയോടെ വിളിയ്ക്കുകയും, 'ഇന്നു സീതാദേവിയ്ക്കു നൈവേദ്യം തയ്യാറാക്കാൻ മറന്നുപോയി!' എന്നു പറഞ്ഞ് അവരംക്കു ഭക്ഷണം കൊടുക്കാതിരിക്കുകയും ചെയ്തിരുന്നു. രുഷ്ട=ശുണ്ഠിയെടുത്തവരം.

7 വിബാധം = ബാധയില്ലാത്തത്. മാതൃ......വര=മാതാവിന്റെ-(മുത്തശ്ശിയുടെ) ലാളനമാകുന്ന മലഞ്ചെരിവ്. ദൂരഗ=അകന്നുപോകുന്നവരം. ദുർദ്ദിനകാരി=ദുർദ്ദിനം (=കാർ മൂടിയ ദിവസം) ഉണ്ടാക്കുന്ന. മലയുടെ താഴ്വരയിൽ വിഹരിക്കുന്ന കൊച്ചരുവി, മഴ തുടങ്ങിയാൽ അവിടം വിട്ടു ദൂരത്തേയ്ക്കൊഴുകുന്നു. തള്ളയില്ലാത്ത കുട്ടിയും, ബാല്യത്തിൽ മുത്തശ്ശി അതിവാത്സല്യത്തോടെ ലാളിച്ചവളുമായ ചമ്പകവല്ലി, യൌവനം വന്നതോടുകൂടി മുത്തശ്ശിയുടെ വൈരത്തിന്നു പാത്രമായിപ്പോയി.

8 യഥാകാമം — കാമത്തിനൊത്തവണ്ണം. താളിയോലക്കുറിപ്പ്—ഗ്രന്ഥവരി (മാമൂൽ) തപ്താശ്രുക്ഷാളനം = ചുടുകണ്ണുനീർകൊണ്ടു കഴുകൽ. പനയോലയിലെ എഴുത്ത് വെള്ളം തട്ടിയാൽ അധികം

Digitized By Kerala Sahitya Akademi

താളിയോലക്കുറിപ്പിതെൻ തപ്താശ്രു–
ക്ഷാളനാലവർക്കേറെത്തെളികയായ്. 8

അല്ലലിൻ നവ്യനവ്യവീർപ്പാൽപ്പക–
ലല്ലുകളുന്തി നീക്കിക്കഴിയ്ക്കവേ,
നല്ല കന്മതിൽ ചുററുമുള്ളെൻ വീട്ടി-
ലില്ല രക്ഷയെൻ മാനത്തിനെന്നായി! 9

എൻനിധിയിതു കൂരിരുളിൽപ്പൊതി–
ഞ്ഞന്നിശികൊണ്ടു പോരാതിരിയ്ക്കിലോ,
വന്ന ചോരൻ കടന്നു കവർന്നേനേ;
വന്ദ്യ വൈദേഹി തക്കതു തോന്നിച്ചു! 10

ഊൺ കഴിച്ചു കിടന്നു കൺചിമ്മിയ
ഞാൻ കുറച്ചിടയ്ക്കുള്ളിൽ നിഗൂഢമായ്
വീടുവിട്ടു വെളിയ്ക്കു പോന്നോടിനേൻ
വേടനമ്പെയ്ത മാൻപേടപോലവേ. 11

തെളിയും. അവൾ എത്രത്തോളം വ്യസനിയ്ക്കുന്നുവോ അത്രത്തോളം വൃദ്ധയുടെ മാമൂൽപ്പിടുത്തം മുറുകുകയാണുണ്ടായത്.

9 നവ്യനവ്യവീർപ്പ്=പുതിയ പുതിയ നിശ്വാസം. ഓരോ ദിവസം ഓരോതരം 'പൊറുതികേട്' നേരിട്ടുകൊണ്ടിരുന്നു. നിശ്വാസത്തെ രാപ്പകലുകൾ ഉന്തിനീക്കുവാനുള്ള ഉപകരണമായിക്കല്പിച്ചിരിക്കുന്നു. നല്ല...ന്നായി—മതിൽ കെട്ടുന്നതു രക്ഷയ്ക്കു വേണ്ടിയാണല്ലോ.

10 എൻനിധി = മാനം, അവളുടെ ചാരിത്രധനത്തെ രക്ഷിക്കാൻ അന്നത്തെ കൂരിരുട്ടു കൂടുതൽ സഹായിച്ചു. വന്ന ചോരൻ—ആ ജാരൻ.

11 അവൾ കുറച്ചിട കൺചിമ്മിക്കിടന്നത് (ഉറക്കം നടിച്ചത്) ആ ദാസിയെ തെററിദ്ധരിപ്പിച്ചു തഞ്ചത്തിൽ പാഞ്ഞുപോരാനാണ്.

Digitized By Kerala Sahitya Akademi

അന്ധവിശ്വാസമെന്നപോലെമ്പാടു-
മന്ധകാരം പരന്നു കിടക്കിലും,
എൻതലയ്ക്കുമേൽക്കാണായി, സത്യത്തിൻ
പൊൻതെളിലിപിയോരോന്നുഡുച്ഛലാൽ. 12

താരകങ്ങളേ, നിങ്ങളിൽ വർത്തിച്ചു-
പോരുമെൻ മുതുമുത്തശ്ശിമാരെല്ലാം
ദൂരതകൊണ്ടു കാണുന്നതില്ലെന്നോ
ഭാരതത്തിൻെറ വൈപരീത്യങ്ങളെ: 13

മൃത്യുദണ്ഡിനെത്തന്നെയും തൃക്കാല്ക്കൽ
ക്ലുപ്തദണ്ഡനമസ്കാരമാക്കിയോർ;
അർക്കനെപ്പോലുമാജ്ഞാമഹത്ത്വത്താ-
ലല്ലിൽനിന്നു പൊന്താതേ നിറുത്തിയോർ;

12 ഉഡുച്ഛലാൽ — നക്ഷത്രമെന്ന വ്യാജേന. എല്ലായിടവും അജ്ഞാനവും അന്ധാചാരവുമായിരുന്നിട്ടും ചമ്പകവല്ലി സത്യത്തിൻെറ ഏതാനും കനകാക്ഷരങ്ങളെ തെളിഞ്ഞുകണ്ടു.

13 താരകങ്ങളേ—അന്നു കണ്ട നക്ഷത്രങ്ങളെത്തന്നെ സ്മരിക്കുന്നു. ദൂരതകൊണ്ട്—ഭൂമണ്ഡലത്തിൽനിന്നു നക്ഷത്രലോകത്തേയ്ക്കുള്ള അകൽച്ചമൂലം. വൈപരീത്യം— (പണ്ടത്തെ സ്ഥിതിയിൽനിന്നു) നേരെ വിപരീതമായ സ്ഥിതി.

14 ആ മുതുമുത്തശ്ശിമാരിൽ ചിലരെ—പുരാണേതിഹാസചരിത്രനായികമാരെ—ഓരോ ഈരടിയിലായി അനുസ്മരിക്കുന്നു. ക്ലുപ്തദണ്ഡനമസ്കാരം — ദണ്ഡനമസ്കാരം ചെയ്തത്. സാവിത്രി: അവൾ മൃത്യുവിനെ കീഴ്പെടുത്തി, നഷ്ടായുസ്സായ ഭർത്താവിനെ വീണ്ടെടുത്തുവല്ലോ, ആജ്ഞാമഹത്ത്വം = ശാസനത്തിൻെറ കരുത്ത്, അല്ലിൽ നിന്നുപൊന്തുക — ഉദിയ്ക്കുക — ശീലാവതി: അവൾ തൻെറ ഭർത്താവു മുനിശാപംമൂലം സൂര്യോദയത്തിൽ മരിയ്ക്കുമെന്നറിഞ്ഞ

Digitized By Kerala Sahitya Akademi

മൌഢ്യജാതമാം മുഷ്കിനെയാർദ്രമാം
നോട്ടമേ കൊണ്ടു ഭസ്മീകരിച്ചവർ;
നാട്ടിനൊട്ടുക്കു നേരിട്ട ദാഹത്തെ
നാലു കണ്ണുനീർത്തുള്ളിയാൽ നീക്കിയോർ;
പ്രേമശുദ്ധിയാൽ, നഞ്ഞുകുടിച്ചതും
യാമുനോദകപാനമെന്നാക്കിയോർ;

പ്പോഠ സൂര്യോദയം തന്നെ തടഞ്ഞുനിർത്തിയല്ലോ. മൌഢ്യജാതമാം മുഷ്ക് = അറിവില്ലായ്മയാൽ ബലാൽക്കാരത്തിന്നുവന്ന ആ വേടൻ. ആർദ്രം = ദയയോടു കൂടിയ; നനഞ്ഞ എന്നും ദമയന്തി. 'കഷ്ടം, അറിഞ്ഞുകൂടായ്കയാൽ ഇവൻ എന്നെ ഉപദ്രവിക്കുന്നുവല്ലോ' എന്നു അനുകമ്പയോടെ ഒന്നു നോക്കിയതുകൊണ്ടാണല്ലോ, വേടൻ വെന്തുപോയത്. നാട്ടി...നീക്കിയോർ — കാശ്മീർ രാജാവായ തുഞ്ജിനൻെറ പത്നിയായ വാക്പുഷ്ട, നാട്ടിലൊക്കെ ദുർഭിക്ഷം ബാധിച്ച് പ്രജകഠം പൈദാഹത്താൽ കുഴങ്ങിയ ഒരു സന്ദർഭത്തിൽ ദുഃഖിതയായി ദേവപൂജാദികഠം അനുഷ്ഠിച്ചു; അതിൻെറ ഫലമായി ആകാശത്തുനിന്നും പലതരം പക്ഷികളുടെ ശവങ്ങഠം വീണു; അവ ഭക്ഷിച്ചു പ്രജകഠം വിശപ്പടക്കി; ക്രമേണ നാട്ടിൽ ദുർഭിക്ഷവും ശമിച്ചു. അവളുടെ ആ പ്രജാനുകമ്പയെ നാലു കണ്ണുനീർത്തുള്ളിയായി കല്പിച്ചിരിയ്ക്കുന്നു.; അതനുസരിച്ചു നാട്ടിലെ ദുർഭിക്ഷത്തെ ദാഹമായിട്ടും. യാമുനോദകം = കാളിന്ദീജലം. വിഷവും കാളിന്ദീജലവും കറുത്തിട്ടാണല്ലോ. മേവാറിലെ മഹാറാണിയായിരുന്ന കുംഭൻെറ പത്നിയായ മീരാബായി: നന്നേ ചെറുപ്പം മുതല്ക്കേ താൻ ശ്രീകൃഷ്ണൻെറ പത്നിയാണെന്നു ധ്യാനിച്ചുപോന്ന മീരാബായി ശക്തിപൂജകനായിരുന്ന ഭർത്താവിന്ന് അനിഷ്ടയായി. അങ്ങിനെ അവളിൽ വ്യഭിചാരശങ്കിയായ റാണാ അവളെക്കൊണ്ടു നിർബന്ധിച്ചു വിഷം കുടിപ്പിച്ചു; പക്ഷേ അവഠം മരി

Digitized By Kerala Sahitya Akademi

മാനരക്ഷയ്ക്കു തീയിലും രക്താംബുജോ-
ദ്യാനവാപിയിൽപ്പോലെ മുഴുകിയോർ:– 14
അപ്പതിവ്രതമാരുടെ രാജ്യത്തു,
തൽപ്പരിഷയിൽത്തന്നേ ജനിച്ചവർ,
കാമകിങ്കരന്മാരുടെ കൈത്തൊഴി–
ലാമൊരുതരം കണ്ണട വെയ്ക്കയാൽ
വെണ്മയെക്കറുപ്പായിട്ടു നന്മയെ–
ത്തിന്മയായിട്ടു — കണ്ടുകണ്ടീവിധം
പാപദാരിദ്ര്യരോഗകൂപങ്ങളി-
ലാപതിച്ചടിഞ്ഞല്ലോ കിടക്കുന്നു!
(അക്ഷരമിങ്ങു കൈവിറയാൽച്ചെരി–
ഞ്ഞ, ശ്രുപാതാൽ നനഞ്ഞുമിരിയ്ക്കുന്നു.) 15

ച്ചില്ല. മാന....കയോർ — ചിററൂരിലെ റാണാവായ ഭീമസിംഹൻെറ പത്നിയായ പത്മിനി, അവളിൽ അനുരക്തനായ അലാവുഡീൻ വന്നു യുദ്ധം ചെയ്തു നഗരം കീഴടക്കി എന്നറിഞ്ഞപ്പോൾ മാനരക്ഷയ്ക്കായി നഗരത്തിലെ സ്ത്രീകളെല്ലാവരോടും കൂടി കത്തിപ്പടർന്ന തീയ്യിൽ, രക്താംബുജോദ്യാനവാപിയിൽ= (ഉദ്യാനത്തിലെ ചെന്താമരപ്പൊയ്കയിൽ) എന്നപോലെ നിശ്ശങ്കം ചാടി ദഹിച്ചു.

15 ആ ചാരിത്രശാലിനികളുടെ രാജ്യത്ത് ഇന്നെന്തായി സ്ഥിതി? തൽപ്പരിഷയിൽ—സ്ത്രീവർഗ്ഗത്തിൽ കാമകിങ്കരന്മാർ=കാമൻെറ ഭൃത്യന്മാർ (വിടന്മാർ) കാമന്നടിമകളായ ചില പുരുഷന്മാരുടെ മനോധർമ്മമായ ധർമ്മോപദേശം കേട്ടു വിശ്വസിച്ച് ഇതാ, പാപവും പഞ്ഞവും മഹാവ്യാധികളുമാകുന്ന പാഴ്കിണറുകളിൽ വീണടിഞ്ഞു കിടക്കുന്നു! മാതൃഭൂമിയുടെ ഈ അതിദയനീയമായ അവസ്ഥാപരിണാമത്തെപ്പററി എഴുതുമ്പോൾ, സാധ്വിയായ ചമ്പകവല്ലി തേങ്ങിക്കരഞ്ഞുപോയി എന്നു സൂചിപ്പിയ്ക്കുന്നതാണ്, 'അക്ഷര...രിയ്ക്കുന്നു' എന്ന വലയിതവാക്യം.

Digitized By Kerala Sahitya Akademi

മന്ദിരാൽപ്പാഞ്ഞു രാവിൻ മറയിൽവെ-
ച്ചന്നു സൂക്ഷിച്ച ചാരിത്രമെൻ ധനം
ഇന്നീമൃത്യുവിൻപെട്ടിയിൽത്താൻ കൊണ്ടു-
ചെന്നുവെയ്ക്കിലേ സംരക്ഷിതമാകൂ. 16

അപ്പരിഭ്രമപ്പാച്ചിലിൻ വൻകിത-
പ്പിപ്പൊഴും—പത്തുനാളിന്നുശേഷവും,
ഉൽപ്പതിപ്പതുണ്ടെൻ പ്രാണവായുത-
ന്നഭ്രയാത്രയ്ക്കകമ്പടിക്കാരനായ്! 17

ദ്യോവിലെത്തി ഞാൻ പ്രാചീന ഭാരത-
ദേവിമാരോടു നേരിട്ടുണർത്തുവൻ,
മത്സഹോദരിമാരുടെയിന്നത്തെ
നിസ്സഹായതാസങ്കടമൊക്കെയും. 18

ഇത്രയുംകൊണ്ടു, തുച്ഛമെൻ ജീവിത-
നർത്തനം കലാശിപ്പിച്ചുകൊള്ളുവാൻ,

16 മന്ദിരാൽ=വീട്ടിൽനിന്ന്. രാവിൻമറ - ഇരുട്ട്. എന്റെ ചാരിത്രം രക്ഷിപ്പാൻ ഇനി ആത്മഹത്യ ചെയ്യുകയേ നിർവ്വാഹമുള്ളു എന്ന് അവരംക്ക് ബോധപ്പെട്ടു കഴിഞ്ഞു.

17 ഉൽപതിയ്ക്കുക = പൊങ്ങിപ്പുറപ്പെടുക. അഭ്രയാത്ര=ആകാശ (പരലോക)യാത്ര. അന്നുണ്ടായ ചാരിത്രഭംഗഭയം ഇന്നും വിട്ടിട്ടില്ല; അതവളെപരലോകയാത്രയ്ക്കുത്സാഹിപ്പിയ്ക്കുന്നു.

18 ദ്യോവ്=വാന്. പ്രാചീ...വിമാർ-സാവിത്രി മുതൽപേർ. നിസ്സഹായതാസങ്കടം=അനാഥത്വം മൂലമുള്ള കഷ്ടപ്പാട്.

19 ദേവകരം, മുത്തശ്ശി, മാതൃഭൂമി എന്നിവരോടു ക്രമേണ യാത്ര പറയുന്നു. കാൽകുഴച്ചാൽപ്പിന്നെ നൃത്തം പിഴച്ചുതുടങ്ങും: അതുകൊണ്ട്, ഇതേവരെ ചെയ്ത നൃത്തം തുച്ഛമാണെങ്കിലും (കുറച്ചേ ആയുള്ളുവെങ്കിലും) അതു ഞാൻ കലാശിപ്പിയ്ക്കട്ടെ. ഇനിയും ജീവി

Digitized By Kerala Sahitya Akademi

ഉഠംകനിഞ്ഞനുവാദമരുളട്ടേ
കാൽകഴയ്ക്കുമിദ്ദാസിയ്ക്കു ദേവകാഠ! 19
അൻപിയന്നു പൊറുക്കുകെൻ മുത്തശ്ശി,
ചമ്പകക്കുട്ടിചെയ്ത തെററൊക്കെയും;
മുമ്പു ചെൽവനമുത്ര, ഭവതിയെ-
യെൻ പ്രിയാംബയോടൊത്തെതിരേല്ക്കുവാൻ 20
ഹാ, വിട നല്കുക,ന്ത്യനമസ്സിതാ,
ദേവി, ഭാരതധാത്രി, നിൻതൃക്കാല്ക്കൽ!
ജന്മമുണ്ടിനി മേലിലുമെങ്കിൽ ഞാൻ
നിൻമടിയിതിൽത്തന്നേ പിറക്കാവൂ;
സൂദിതപാരതന്ത്ര്യമാരാകിയ
സോദരിമാരെ നീളവേ കാണാവൂ! 21
മാത, രാർഷോക്തിമാധുരീതർപ്പണ
പ്രീതലോകേ, പ്രശസ്ത വിചേഷ്ടിതേ,

തനൃത്തം തുടർന്നാൽ ചാരിത്രഭംഗം വന്നേയ്ക്കുമെന്നു ഭയപ്പെടുന്നു എന്നു താല്പര്യം,

20 അൻപ് = ദയ. അമുത്ര=പരലോകത്തിൽ നമുക്ക് അടുത്തു പരലോകത്തിൽ കാണാമെന്നു വൃദ്ധയായ മുത്തശ്ശിയെ ആശ്വസിപ്പിയ്ക്കുന്നു.

21 അന്ത്യനമസ്സ് = ഒടുക്കത്തെ നമസ്കാരം. സൂദിതപാരതന്ത്ര്യമാർ = അസ്വാതന്ത്ര്യം നീക്കിയവർ. സ്ത്രീകഠംതന്നെ പരിശ്രമിച്ചേ, അവരുടെ ഇന്നത്തെ ഈ അസ്വാതന്ത്ര്യം—തങ്ങളുടെ ചാരിത്രം രക്ഷിപ്പാൻപോലും സ്വാതന്ത്ര്യമില്ലായ്മ — തീരുകയുള്ളു എന്നു 'സൂദിത' പദംകൊണ്ടു സൂചിപ്പിക്കപ്പെടുന്നു.

22 മാതഃ=അമ്മേ! ആർഷോ...ലോക– (വാല്മീകി തുടങ്ങിയ) ഋഷികളുടെ സൂക്തിമാധുര്യം വേണ്ടുവോളം നല്കിയതിനാൽ സന്തുഷ്ടരായ ലോകരോടുകൂടിയവഠ. പ്രശ......ഷ്ടിത=കേഠവി പൊങ്ങിയ

Digitized By Kerala Sahitya Akademi

ശീതപർവ്വതസേതുമധ്യസ്ഥിതേ,
സീതതൻ ജന്മഭൂവേ, ജയിച്ചാലും! 22

പത്തുനാലും തനിച്ചങ്ങിങ്ങു ചുററിയ
ബദ്ധധൈര്യയാം ചമ്പകത്തിൻേറതായ്
വിസ്തൃതലോകഭിത്തിമേലൊട്ടിച്ച
കത്തിതേ ബാക്കിയായുള്ള സാമ്പ്രതം. 23

സ്വാദുവാല്മീകി സൂക്തസംസേവനാൽ
ജാതബോധയാമക്കൊച്ചു മൈഥിലി
മാനരക്ഷാർത്ഥ,മാണ്ടു മറഞ്ഞുപോയ്
മാതൃഭൂവിൻ പിളർന്ന ഹൃദയത്തിൽ– 24

നടപടിയോടുകൂടിയവരം. ശീത=സ്ഥിത=ഹിമവാൻേറയും സേതുവിൻേറയും മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്നവരം. ഹിമവാനും സേതുവും പുണ്യസ്ഥലങ്ങളാണല്ലോ.

23 ബദ്ധധൈര്യ=ധൈര്യം പൂണ്ടവരം. ചാരിത്രഭംഗഭീതയായിട്ടും അവരം പത്തുനാലും തനിച്ചങ്ങിങ്ങു ചുററിയത്, ധൈ ര്യം കൊ ണ്ടു ത ന്നെ യാ ണ ല്ലോ. വിസ്തൃ...ട്ടിച്ച = ലോകമാകുന്ന വിസ്തീർണ്ണമായ ചുമരിന്മേൽ പതിച്ച– ലോകരെല്ലാം കാണുവാനായി എഴുതിയയച്ച; സാമ്പ്രതം=ഇപ്പോരം.

24 'ബാക്കിയായുള്ളു' എന്നതിനെ വിവരിയ്ക്കുന്നു: സ്വാദു ......വനാൽ=വാല്മീകിയുടെ ആസ്വാദ്യമായ കാവ്യം പരിശീലിച്ചതുകൊണ്ട്. സാക്ഷാൽ മൈഥിലി സ്വാഭിമാനം രക്ഷിപ്പാനായി, രാജസദസ്സിൽ വെച്ചു, തൻെറ പ്രാർത്ഥനയനുസരിച്ച് പിളർന്ന ഭൂമിയിൽ ആണ്ടുപോവുകയാണല്ലോ ഉണ്ടായത്; ചമ്പകവല്ലിയും മാനം (ചാരിത്രം) രക്ഷിപ്പാനായി (ആത്മഹത്യ ചെയ്തു) മണ്ണടിഞ്ഞു, പോയി; പിളർന്ന ഹൃദയത്തിൽ—അവളുടെ ആത്മഹത്യയിൽ മാതൃഭൂമിയ്ക്കുണ്ടായ ഹൃദയവേദനയെ ധ്വനിപ്പിയ്ക്കുന്നു.

Digitized By Kerala Sahitya Akademi

ക്ഷുദ്രധീത്വമേ. സ്വാർത്ഥപരത്വമേ,
നിർദ്ദയത്വമേ, നിന്നെരിതിയ്യിനാൽ
എത്ര ചമ്പകവല്ലിയുണ്ടിങ്ങനെ
ദഗ്ദ്ധയാകുന്നു ഭാരതപ്പൂങ്കാവിൽ! 25

25 ക്ഷുദ്രധീത്വം = ബുദ്ധിനികൃഷ്ടത. നിന്നെരിതിയ്യിനാൽ—നിങ്ങളുടെ നാശകാരിത്വത്താൽ. ചമ്പകവല്ലി=നായിക: ചമ്പകലത എന്നും. ദഗ്ദ്ധയാകുന്നു=ദഹിപ്പിയ്ക്കപ്പെടുന്നു. ഭാരതപ്പൂംകാവ്=ഇന്ത്യയാകുന്ന പൂന്തോട്ടം. 24ഉം 25ഉം പദ്യങ്ങളാൽ ചമ്പകവല്ലിയുടെ അനാഥ ശവം അയൽവാസികളാൽ കുഴിയിൽവെച്ചു ദഹിപ്പിയ്ക്കപ്പെട്ടു എന്ന് ഇതിവൃത്തം സൂചിപ്പിക്കുന്നു.

കുട്ടികൃഷ്ണമാരാര്

Digitized By Kerala Sahitya Akademi

കൊച്ചുസീത: ഒരു പഠനം

ഡോ: എം. ലീലാവതി

അറുപതു വയസ്സു തികഞ്ഞ ഒരു കാവ്യമാണ് കൊച്ചുസീത. 1928 ജനുവരിയിൽ വെളിച്ചം കണ്ട ഈ കൃതിക്ക് ഒരു കൊല്ലം മുമ്പെ ഷഷ്ടിപൂർത്തിയായിരിക്കുന്നു എങ്കിലും അതിന്റെ സൗന്ദര്യത്തിന് ജരാനരകളുടെ ബാധയുണ്ടായിട്ടില്ല. നിത്യതാരുണ്യമുള്ള മഹത്തായ സുകൃതികളുടെ ഗണത്തിൽ അതിന്നു സ്ഥാനമുണ്ട്. കാലം കൊണ്ടും ദേശംകൊണ്ടും കേരളീയ ജീവിതത്തിൽനിന്ന് അകന്ന ജീവിത സമസ്യയെക്കുറിച്ചുള്ള ഒരു കൃതിക്ക് കേരളീയരുടെ ഹൃദയത്തിൽ സ്ഥിര പ്രതിഷ്ഠ ലഭിക്കുമോ എന്ന് ചിലർ ചോദിച്ചേക്കാം. ദുഃഖഹേതുവായ ജീവിതസമസ്യകളൊന്നുംതന്നെ സഹൃദയചേതസ്സിന് അന്യമല്ല എന്നതാണ് ഇതിനുള്ള ഉത്തരം. ദേവദാസികൾ എന്ന ഒരു സമുദായം ഇന്നു കേരളത്തിലില്ല. കവിത ജനിച്ച കാലത്തും ഉണ്ടായിരുന്നില്ല. 1927 ജൂൺ 25-ാംനു- മാതൃഭൂമി ദിനപത്രത്തിൽ ''തന്റെ ചാരിത്രത്തെ സംരക്ഷിക്കുവാൻ ഒരു ബാലികയുടെ ജീവത്യാഗവും അതിൽനിന്നുള്ള പാഠവും'' എന്ന ശീർഷകത്തിൽ പ്രസിദ്ധപ്പെടുത്തിയ വാർത്തയാണ് കൊച്ചുസീതയിലെ കഥയ്ക്ക് ആധാരം. ആ സംഭവം നടന്നത് തമിഴ്നാട്ടിലാണ്. ദേവദാസികളുടെ കുലത്തിലാണ് പിറന്നതെങ്കിലും ചമ്പകവല്ലി എന്ന ബാലികയ്ക്ക് വിവാഹം ചെയ്ത് പതിവ്രതയായി ജീവിക്കാനായിരുന്നു ആഗ്രഹം. അതിന്നെതിരായിരുന്ന മുത്തശ്ശി അവളെ കുലവൃത്തിയിലേർപ്പെടുന്നതിന്നു പ്രേരിപ്പിക്കയും വഴങ്ങാതിരുന്നപ്പോൾ

Digitized By Kerala Sahitya Akademi

പീഡിപ്പിക്കയും ചെയ്തു. ഒരുനാരം ഒരു വലിയ ധനികനെത്തി. പണക്കൊതി മുത്തശ്ശിയെ കീഴടക്കിയെ ന്നു കണ്ട ചമ്പകവല്ലി വീട്ടിൽ നിന്നോടിപ്പോകയല്ലാതെ പോംവഴിയില്ലെന്നു മനസ്സിലാക്കി. അവരം വീടുവിട്ടു പോയതിന്നുശേഷം പല സ്ഥലത്തും സഞ്ചരിച്ചു. കുംഭകോണത്തുവെച്ച് ജഗദ്ഗുരു ശങ്കരാചാര്യരെ ദർശിക്കുകയുണ്ടായി എന്നും മരിക്കും മുമ്പെഴുതിയ കത്തിൽ അവരം പറഞ്ഞിരുന്നു. 'തമിഴ്നാട'' എന്ന പത്രത്തിൻെറ ഉടമ ഡോക്ടർ വരദരാജുലുനായിഡു വിന് ഒരു കത്തെഴുതി അയച്ച് അവരം ആത്മഹത്യ ചെയ്തു. ''എൻെറ വർഗ്ഗക്കാരായ യുവതികരം എന്നെപ്പോലെ ഈവിധം കഷ്ടപ്പെടുവാൻ ഇടവരരു തെന്നാണ് എൻെറ പ്രാർത്ഥന. ചാരിത്രത്തെ രക്ഷി ക്കുവാനാണ് ഞാൻ വീടുവിട്ടതെങ്കിലും ജീവിച്ചിരി ക്കുവാൻ എനിക്ക് ആഗ്രഹമില്ല. എൻെറ കത്തു പ്രസി ദ്ധപ്പെടുത്തുവാൻ അപേക്ഷിക്കുന്നു. വായനക്കാ രുടെ ദൃഷ്ടി അതിൽ പതിയുമ്പോഴേക്കും ഞാൻ ഇഹ ലോകവാസം വെടിഞ്ഞിരിക്കും. എൻെറ സഹോദരി മാരെ രക്ഷിക്കുവാൻ ഈശ്വരനോടു നേരിട്ടു പ്രാർ ത്ഥിക്കുവാൻ പരലോകത്തിൽ അവസരം ലഭിക്കു മെന്ന് ഞാൻ ആശിക്കയും വിശ്വസിക്കയും ചെയ്യുന്നു. എൻെറ മരണം മുത്തശ്ശിക്കു പാഠമായിരിക്കട്ടെ.'' എന്ന് അവരം അദ്ദേഹത്തിന്നെഴുതിയിരുന്നുവത്രെ. കത്തു പ്രസിദ്ധപ്പെടുത്തിയതിന്നുശേഷം നിയമസഭയിലെ ഡെപ്യൂട്ടി പ്രസിഡൻറായിരുന്ന ഡോക്ടർ മുത്തു ലക്ഷ്മി അമ്മാരം ദേവദാസീസമ്പ്രദായത്തെ വിമർശി ക്കുകയും ദേവദാസികുലത്തിലെ ബാലികമാരെ മോചി പ്പിക്കാൻ ഉദ്ബുദ്ധരും പുരോഗമനവാദികളും യത്നി ക്കണമെന്ന് അഭ്യർത്ഥിക്കയും ചെയ്തിരുന്നു. ചമ്പക വല്ലി എന്ന ഒരു കുമാരി മോചനം ആഗ്രഹിച്ചുവെന്ന തിനും ഒടുവിൽ ആത്മഹത്യയിൽ അഭയം തേടിയെന്ന തിന്നും തെളിവ് കത്തു മാത്രമാണെന്നേ പത്രവാർത്ത വായിച്ചാൽ തോന്നൂ. ജഡമോ മററന്തെങ്കിലും തെളി

Digitized By Kerala Sahitya Akademi

വുകളോ ഇല്ല. മുത്തശ്ശിയുടെ പിന്നത്തെ കഥയും അറിയില്ല. നികൃഷ്ടമായ ആചാരത്തെ തകർത്തു സ്ത്രീയുടെ മാന്യതയും മഹത്വവും സ്ഥാപിക്കാൻ ആഗ്രഹിക്കുന്നവർക്ക്, മുൻപറഞ്ഞ കത്ത് മൂർച്ചയുള്ള ഒരായുധമായിത്തീരുമെങ്കിൽ, നല്ലൊരു ലക്ഷ്യത്തിന്നു വേണ്ടി അത്തരം ഒരായുധമുണ്ടാക്കാൻ യാതൊരു പ്രയാസവുമില്ല. വീട്ടിൽനിന്ന് ഓടിപ്പോയതിന്നുശേഷം, ആത്മഹത്യയാണൊരേയൊരുപോംവഴിയെന്നു തോന്നത്തക്കവണ്ണം ചമ്പകവല്ലിക്ക് ദുസ്സഹങ്ങളായ തിക്താനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവയെപ്പററിയൊന്നും കത്തിൽ പറയുന്നില്ല. കത്തിലെ കഥ യഥാർത്ഥ സംഭവമാണെന്നതിന്ന് വിശ്വാസ്യമായ തെളിവുകളില്ലാത്തതിനാൽ യഥാർത്ഥ സംഭവത്തെ ആസ്പദമാക്കി എഴുതിയ ഒരു കൃതിയാണ് കൊച്ചുസീത എന്ന നിലയിൽ അതിനെ സമീപിക്കേണ്ടതുമില്ല. ഒരു കൃതിയെ മഹത്വപ്പെടുത്തുന്ന ഘടകം അതിലെ വർണ്യവിഷയം സംഭവിച്ചതാണോ അല്ലയോ എന്നതല്ലതന്നെ നേരിൽ കണ്ടനുഭവിച്ചതുപോലുള്ള പ്രതീതിയുളവാക്കുന്നതിലാണ് കവിയുടെ വിജയം കുടികൊള്ളുന്നത്. ഷേയ്ക്ക്സ്പിയറുടെ ഹാംലററ്, ഒഥെല്ലോ, റോമിയോവും ജൂലിയററും മുതലായ ദുരന്തനാടകങ്ങൾ മഹത്വപൂർണങ്ങളായത് അവ സംഭവകഥകളായതുകൊണ്ടല്ല സംഭവിക്കുന്നതായി തോന്നിപ്പിക്കുന്നതിൽ വിജയിച്ചതിനാലാണ്. കലാപരമായി ഇപ്രകാരം പൂർണവിജയം പ്രാപിക്കുന്ന ഒരു കൃതിയെ സംബന്ധിച്ചിടത്തോളം ഇതരപ്രദേശത്തുള്ള സംഭവമെന്നോ പഴയകാലത്തെ കഥയെന്നോ കല്പിതകഥയെന്നോ ഉള്ള വ്യത്യാസം ഇല്ല സഹൃദയചേതസ്സിന്ന് ഉത്തമകൃതികളിലെ ജീവിതസമസ്യകളൊന്നും അന്യമല്ല എന്ന് തുടക്കത്തിൽപ്പറഞ്ഞത് ഇക്കാരണത്താലാണ്. കേരളത്തിന്റേതല്ലാത്ത ഒരു ജീവിതപ്രശ്നം എന്ന് കൊച്ചുസീതയിലെ പ്രമേയത്തെപ്പററിപ്പറയാൻ തരമില്ല. എന്തെന്നാൽ അതിലെ യഥാർത്ഥപ്രശ്നം, നല്ലതെന്നു തോന്നുന്ന ജീവിത

Digitized By Kerala Sahitya Akademi

മാർഗ്ഗം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരെ ഗ്രസി ക്കുന്ന കടുത്ത പ്രതിബന്ധങ്ങളാണ്. അധീശശക്തി അടിച്ചേല്പിക്കുന്ന ആചാരമോ നിയമമോ വ്യക്തി യുടെ അഭിലാഷത്തിന്നും സ്വാതന്ത്ര്യത്തിന്നും എതിർ നില്ക്കുന്നു എന്നതാണ് സംഘർഷം സൃഷ്ടിക്കുന്ന സമസ്യ. ഇതാകട്ടെ, എന്നും എങ്ങും ആർക്കും അന്യ മെന്നു തള്ളിക്കളയാനാവാത്തതാണ്. കൊച്ചുസീതയി ലെ പ്രമേയത്തിനുള്ള ശാശ്വതമായ ഹൃദയസ്പർശി തയ്ക്ക് അടിസ്ഥാനം ഇതത്രെ. ചാരിത്രശുദ്ധിയെ മഹത്തായ മൂല്യമായിക്കരുതുന്ന ഒരു വ്യക്തിയാണ് ചമ്പകവല്ലി. അങ്ങനെ ജീവിതത്തെ നിരീക്ഷിക്കാൻ അവരംക്കു സ്വാതന്ത്ര്യമില്ലെന്നും 'കുലധർമ്മ'മെന്ന ആചാരത്തിൻെറ അനുശാസനങ്ങരംക്ക് അവരം വഴങ്ങണ മെന്നും വിധിക്കുന്ന അധീശശക്തിയാണ് മുത്തശ്ശി യും സമുദായവും. അവരോട് അവരം ഏററുമുട്ടി. അവരം പിന്തിരിയുകയോ അധീശശക്തിയുടെ അഭി ലാഷത്തിന്നു വഴങ്ങുകയോ ഉണ്ടായില്ല. മുത്തശ്ശി യുടെ ഇംഗിതമനുസരിച്ച് ധനികനെ സ്വാഗതം ചെ യ്യാൻ മുതിർന്നെങ്കിൽ അവളുടെ സ്വാതന്ത്ര്യബോധം തീർത്തും പരാജയപ്പെട്ടു എന്ന് അർത്ഥം. നേരെ മറിച്ച്, വിശ്വാസത്തിൻെറ രക്തസാക്ഷിയായിത്തീ രുന്നത് വിജയമാണ്. പൊരുതിമരിക്കുന്ന പടയാളി കളുടെ വീര സ്വർഗ്ഗംപോലെ. ലൗകികരീത്യാ ആത്മഹത്യകരം ഭീരുതയാണെങ്കിലും, വഴങ്ങുന്നതി നും അടിയറവു പറയുന്നതിനും എതിരായ ആത്മഹ ത്യകരംക്ക് ധീരതയുടേയും രക്തസാക്ഷിത്വത്തിൻേറ യും പരിവേഷമുണ്ട്. പക്ഷേ, ആ പരിവേഷം കലാ പരമായ ഒരു മങ്ങാത്ത പ്രഭാമണ്ഡലമാകണമെങ്കിൽ, പരിണാമത്തിൻെറ അനിവാര്യത സംശയാതീതമായി സ്ഥാപിതമാവണം. കൊച്ചു സീതയെന്ന കാവ്യ ത്തിലോ അതിന്നാസ്പദമായ കഥയിലോ ഈ അനി വാര്യത പൂർണമായി സ്ഥാപിതമായിട്ടില്ല. കാവ്യ ത്തിന്ന് കലാപരമായി കുറഞ്ഞൊരു അപകർഷമുണ്ടാ

Digitized By Kerala Sahitya Akademi

വാൻ ഇത് ഹേതുവായിത്തീരുകയും ചെയ്തു.

വിധിയോ, സാഹചര്യങ്ങളോ, പ്രബലശത്രുവോ, വ്യക്തിയുടെതന്നെ നിയന്ത്രണാതീതമായ മാനസിക പ്രവണതകളോ വ്യക്തിയെ നിരന്തരം വേട്ടയാടുകയും ദുരന്തഗർത്തത്തിൽ വീഴ്ത്തുകയും ചെയ്യുമ്പോൾ ഉളവാകുന്ന ശോകമെന്ന സ്ഥായീഭാവം സാധാരണീകൃതമായി കരുണരസാനുഭൂതിയിലെത്തുന്നു-എല്ലാ മഹത്തായ ദുരന്തകൃതികളിലും ഉള്ള ആനന്ദാത്മകമായ സൗന്ദര്യഘടകം ഇതാണ്. ഇതോടൊപ്പം ദുരന്തഹേതുവിനോട് പ്രതിഷേധവും അത് നിവാര്യമായ ജീവിതഘടകമാണെങ്കിൽ നിവാരണം ചെയ്യാനുള്ള തൃഷ്ണയും ഉണരും. അദൃശ്യമായ വിധിയാണ് ദുരന്തഹേതുവെങ്കിൽ അതിനു നേരെ പ്രതിഷേധത്തിന്റെയോ ക്രോധത്തിന്റെയോ അമ്പു തൊടുത്തിട്ടു കാര്യമില്ല. അപ്പോൾ ശോകം മാത്രമല്ല, അജയ്യനായ ശത്രുവിന്റെ മുമ്പിലുളവാകുന്ന ഭയവും സ്ഥായീഭാവമായിരിക്കും. അങ്ങനെയുള്ള ദുരന്തകൃതികളിൽ ഭയാനകരസവുമുണ്ടാവും. ഭയാനകവും കരുണവും ഒരുപോലെ അനുവാചകഹൃദയത്തെ മഥിക്കുകയും വിമലീകരിക്കുകയും ചെയ്യുന്ന രസങ്ങളായി അത്തരം കൃതികളിൽ അനുഭവപ്പെടും. നേരെ മറിച്ച് മനുഷ്യന് പരിഹരിക്കാവുന്ന തരത്തിലുള്ള അവസ്ഥാവിശേഷങ്ങളോ, മാനുഷികമായ ക്രൂരതകളോ ആണ് ദുരന്തഹേതുവായിത്തീരുന്നതെങ്കിൽ, അവയുടെ നേർക്കുള്ള അമർഷമായിരിക്കും ശോകത്തോടൊപ്പം വർത്തിക്കുന്ന ഇതര സ്ഥായീഭാവം. കരുണരസാനുഭൂതിയുടെ ഫലമായി അനുവാചക ഹൃദയത്തിലുളവാകുന്ന സംസ്കാരത്തിൽ ഈ ക്രോധത്തിന്നും പ്രതിഷേധത്തിന്നും വലിയ സ്ഥാനമുണ്ട്. അത് വ്യവസ്ഥിതിയെ മാററിമറിച്ച് ഭാവിദുരന്തങ്ങളെ ഒഴിവാക്കണമെന്ന തൃഷ്ണയെ ജ്വലിപ്പിക്കുന്നു. അത്തരം പ്രതിജ്ഞാബദ്ധതയോടുകൂടിയ കൃതികൾ വലിയ കോളിളക്കങ്ങൾ സൃഷ്ടിക്കുകയും സമൂഹത്തെ മാററിമറിക്കുന്നതിന്നു ഹേതുക്കളായിത്തീരുകയും പതിവു

Digitized By Kerala Sahitya Akademi

ണ്ട്. "അങ്കിൾ ടോംസ് ക്യാബിൻ" എന്ന നോവൽ (Uncle Tom's Cabin—Harriet - Beecher Stowe 1811– 1896) അമേരിക്കയിലെ അടിമവ്യാപാര നിർമ്മാർജ്ജനത്തിൽ വഹിച്ചിട്ടുള്ള പങ്ക് വിശ്വപ്രസിദ്ധമാണ്. അത് ആധുനികയുഗത്തിലെ കഥ. ഭാരതത്തിലെ ആദികാവ്യമായ രാമായണം അയോദ്ധ്യയിലെ ജനങ്ങൾക്ക് മനഃപരിവർത്തനമുണ്ടാക്കിയ കഥ നമുക്കറിയാം. ഒരു ജനതയെയൊട്ടാകെ പശ്ചാത്താപനിമഗ്നവും ലജ്ജാവിവശവുമാക്കാൻ ആ കാവ്യം ശക്തമായി. ഓരോ കാലഘട്ടത്തിലും ഓരോ ഭാഷയിലും ജനഗണമനത്തെ വശീകരിക്കുകയും വിമലീകരിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുന്നതിൽ വിജയം വരിക്കുന്ന കൃതികൾ ഉണ്ടാകാറുണ്ട്. രസാനുഭൂതിയിലൂടെ സാമൂഹിക കർത്തവ്യം നിറവേററുന്ന കൃതികളാണവ. കുമാരനാശാൻേറയും വള്ളത്തോളിൻേറയും കൃതികൾ കേരളീയരുടെ അവബോധത്തെ കാലോചിതമായി സംസ്കരിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. മുൻകാലഘട്ടങ്ങളിൽ തുഞ്ചത്തെഴുത്തച്ഛൻേറയും കുഞ്ചൻനമ്പ്യാരുടേയും പൂന്താനത്തിൻേറയും മററു കൃതികൾ കേരളീയ ചേതസ്സിനെ ഉദ്ബുദ്ധവും ഉത്ഫുല്ലവും സംസ്കാര സുരഭിലവുമാക്കി പരിരക്ഷിച്ചുപോന്നു ഇരുപതാംനൂററാണ്ടിൻെറ പശ്ചാത്തലത്തിൽ നൂതനമായ അവബോധങ്ങളിലൂടെ സമൂഹചേതസ്സിനെ ഉണർത്തുകയും ഉയർത്തുകയും ചെയ്യുന്നതിനുള്ള ചുമതല കവിത്രയം (ആശാൻ, വള്ളത്തോൾ, ഉള്ളൂർ) ഏറ്റെടുത്തു. "സ്വാതന്ത്ര്യംതന്നെയമൃതം സ്വാതന്ത്ര്യംതന്നെ ജീവിതം / പാരതന്ത്ര്യം മാനികൾക്കു മൃതിയേക്കാൾ ഭയാവഹം" എന്നു പാടിയ കുമാരനാശാൻ വ്യക്തിയുടെ ആത്യന്തികമായ ആത്മീയമോചനവും, ജാതി അനാചാരങ്ങൾ മുതലായ സാമൂഹികങ്ങളായ അനീതികളിൽനിന്നുള്ള മോചനവും സ്വാതന്ത്ര്യസങ്കല്പത്തിൻെറ അർത്ഥപരിധിയിലുൾപ്പെടുത്തിയിട്ടുണ്ട്. ജാതിയെന്ന തിന്മയോടു പോരാടാൻ പ്രേരി

Digitized By Kerala Sahitya Akademi

പ്പിക്കുന്ന പ്രതിഷേധം ജ്വലിപ്പിച്ച മുഖ്യകൃതികൾ 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യുമാണ്. കുലവൃത്തിസങ്കല്പത്തിന്റെ രക്തസാക്ഷിയായി ത്തീർന്ന ഗണികയുടെ കഥയായ 'കരുണ'യുടെ സമാ പ്തിയിൽ മോചനത്തിന്റെ ദിവ്യപ്രഭാപൂരമുണ്ടെങ്കി ലും ദുരാചാരവിമർശനം ആ കാവ്യത്തിന്റെ ഉപല ക്ഷ്യമാണ്. (കൊലയും കൊള്ളയും കൂടിക്കുലപാര മ്പരയായാൽ നലമെന്നു ചൊല്ലും നീതി നുണ താൻ നൂനം–) 'കൊച്ചുസീതയിലെ ചമ്പകവല്ലി മോചനം ലഭിക്കാതെ നിപതിക്കുന്ന രക്തസാക്ഷിയാകുന്നു. അവളെ ഒരു ചെറുകിരണംപോലുമില്ലാത്ത, 'അതി മാത്രമിരുൾ തിങ്ങുന്ന, അന്ധകാര' കൂപത്തിലേക്കു വലിച്ചെറിഞ്ഞ മനുഷ്യസമൂഹത്തോടും സാഹചര്യങ്ങ ളോടും തീവ്രമായ പ്രതിഷേധം നമ്മിലുണർത്താൻ ആ കൃതിയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഭാരതീയ സമുദായങ്ങ ളിൽ അന്നും ഇന്നും സംഭവിക്കാവുന്ന ഒരു ദുരന്തം ആണ് അത്. ദേവദാസിയെന്ന ഒരു വർഗ്ഗം എല്ലാ പ്രവിശ്യകളിലും പഴയ കാലത്തെന്നപോലെ ഇപ്പോഴി ല്ലായിരിക്കും. (കർണാടകത്തിലും മഹാരാഷ്ട്രത്തിലും മററുമുണ്ട്) പക്ഷേ ചാരിത്രവതികളായി ജീവിക്കാ നാഗ്രഹിക്കയും, ആ ആഗ്രഹം സാക്ഷാത്കരിക്കാനാ വാതെ, മൃതിയോ ച്യുതി (പതനം)യോ ഒഴികെ മറെറാരു ഗതിയില്ലാത്തവരായി നിപതിക്കുകയും ചെയ്യുന്ന ഭാരതസ്ത്രീകളുടെ ഭാവശുദ്ധിക്കു സംഭവി ക്കുന്ന ദുരന്തം ഏതു പ്രവിശ്യയിലും അതിസാധാരണ മാണ്. അതിനാൽ അഭിലാഷത്തെ ചാമ്പലാക്കുന്ന പ്രബല പ്രതിബന്ധങ്ങൾ, സ്വാതന്ത്ര്യബോധത്തെ പരാജയപ്പെടുത്തുന്ന അധീശശക്തികൾ എന്നിവയുടെ കാലാതീതത്വത്തോടൊപ്പം ഈ കവിതയിലെ സമസ്യ യ്ക്ക് കാലികപ്രാധാന്യവും ഉണ്ട്. കരുണരസത്തി ന്റെ ദീപ്തിയിൽ 'കരുണ' (ആശാൻ)യോടൊപ്പമെ ത്താൻ ഈ കാവ്യത്തിന്നു കഴിഞ്ഞിട്ടില്ല, ദുരന്തഹേതു ക്കൾക്കെതിരായ പ്രതിഷേധവും വിമർശനവും 'കരുണ'

Digitized By Kerala Sahitya Akademi

യിലെന്നപോലെ ഇതിൽ ഉപലക്ഷ്യമല്ല, ലക്ഷ്യം തന്നെയാണ്. 'കരുണ' സാക്ഷാത്ക്കരിക്കുന്ന മനസ്സംസ്കരണത്തിൽ കരുണരസത്തിന്ന് ഒന്നാംസ്ഥാനവും വിമർശനപ്രതിഷേധാദികളോടൊപ്പമുള്ള അമർഷത്തിൻെറ ധ്വനിക്കു രണ്ടാംസ്ഥാനവുമാണുള്ളതെങ്കിൽ, 'കൊച്ചുസീത'യുളവാക്കുന്ന മനസ്സംസ്കരണത്തിൽ അമർഷത്തിന്ന് അംഗിത്വവും കരുണത്തിന്ന് അംഗത്വവുമാണുള്ളത്. മനസ്സംസ്കരണം എന്ന ലക്ഷ്യം നേടുന്നതിൽ അതിന്നു വിജയം ഉണ്ടായി. കരുണരസധ്വനിയേക്കാരം അമർഷധ്വനിയാണ് അതിലേക്കു മാർഗ്ഗമായി ഭവിച്ചത്. കരുണം ചേതസ്സിനെ ആർദ്രമാക്കുന്നു; ദ്രവീകരിക്കുന്നു. അമർഷം ചേതസ്സിനെ ജ്വലിപ്പിക്കുന്നു. കരുണരസാനുഭൂതിയ്ക്ക് കലാപരമായ ഉദാത്തതയിൽ മികവു കൂടും എന്ന പക്ഷത്തോടാണ് സാമാന്യമായി കലാതത്ത്വവിജ്ഞന്മാർക്ക് ആഭിമുഖ്യം. എങ്കിലും സമൂഹമനസ്സിനെ സംസ്കരിക്കാനുതകത്തക്കവണ്ണം അമർഷം ജ്വലിപ്പിക്കുന്നതിൽ വിജയിക്കുന്ന കൃതികളുടെ മേന്മ നിസ്സാരമാണെന്നാരും കരുതാറില്ല.

പീഡകരായ അധീശശക്തികളോടുള്ള ധിക്കാരവും പ്രതിഷേധവും വള്ളത്തോളിൻെറ മികവുററ കൃതികളിൽ പലതിലും അന്തർധാരയാണ്. ഈ കൃതിയുടെ സംസ്കാരമൂല്യത്തിന്നാലംബവും അതാണ്. അതിനാൽ കരുണരസാവിഷ്കരണത്തിൽ 'കരുണ'പോലുള്ള കാവ്യങ്ങളോടു സമശീർഷമായ ഉദാത്തസൗന്ദര്യം ഈ കൃതിക്ക് അവകാശപ്പെടാനാവില്ലെങ്കിലും അനാചാര വിമർശനമെന്ന ആശയധ്വനിയിലും ദുഷിച്ച വ്യവസ്ഥിതിയോടുള്ള പ്രതിഷേധമുറപ്പെട്ട അമർഷധ്വനിയിലും കൊച്ചുസീത 'ദുരവസ്ഥ'യോടും 'ചണ്ഡാലഭിക്ഷുകി'യോടും സമശീർഷമാണ്. സാമൂഹികമായ പ്രതിജ്ഞാബദ്ധത നിർവഹിക്കുകയെന്ന മൂല്യമാനകത്തെ ആസ്പദമാക്കുമ്പോരം ആ വകുപ്പിൽപ്പെട്ട ഏതു് ഉദാത്ത മലയാള കൃതിയേക്കാളും താഴെയല്ല

Digitized By Kerala Sahitya Akademi

കൊച്ചുസീത.

മൂന്നു ഖണ്ഡങ്ങളുള്ള ഈ കൊച്ചു ഭാവാത്മക ഖണ്ഡകാവ്യം രൂപശില്പത്തിന്റെ കൂററിണക്കത്തിലും അംഗാംഗിപ്പൊരുത്തത്തിലും അനുപാതസൗന്ദര്യത്തിലും ഉണ്ടാകേണ്ട ഔചിത്യമഹിമയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ കുററമററതാണ്. ഒന്നാം ഖണ്ഡത്തിൽ രാമായണപാരായണത്തിൽ മുഴുകിയ നായികയുടെ അവതരണം, അവളുടെ വിചാരധാര, വിചാരസാരമായ ഇംഗിതത്തിന്റെ നൈസർഗിക പ്രകാശനം, മുത്തശ്ശിയുടെ ക്ഷോഭപൂർണമായ പ്രതികരണം—ഇത്രയും വസ്തുതകൾ ഒതുക്കിയിരിക്കുന്നു. വെറും അമ്പത്തൊന്ന് ഈരടികളിൽ ഒരു കുടുംബത്തിന്റെ ചരിത്രവും പശ്ചാത്തലവും കുടുംബത്തിലെ രണ്ടംഗങ്ങളുടെ ജീവിതലക്ഷ്യങ്ങളും ജീവിത തത്ത്വശാസ്ത്രങ്ങളും അവയ്ക്ക് ഭൂമികയായി വർത്തിക്കുന്ന സാമൂഹികാവസ്ഥകളും ഒരംഗത്തിന്റെ (മുത്തശ്ശി) പൊലിഞ്ഞുപോയ ഗതകാല വിഭൂതികളും, മറേറ അംഗത്തിന്റെ (നായിക) ആത്മീയ സൗന്ദര്യപ്പൊലിമയും സൗകുമാര്യ ചാരുതകളും മററും സുവ്യക്തമായി അവതരിപ്പിക്കാനും അവതരണഭംഗികൊണ്ട് അനുവാചകനെ ആകർഷിച്ചു പിടിച്ചു നിർത്താനും കഴിയുക എന്നത് വാഗ്മിതയുടെ പരമവിജയമാണ്. ''മിതം ച സാരം ച വചോ ഹി വാഗ്മിതാ'' എന്നുണ്ടല്ലോ, ആ ചൊല്ലിന്റെ മുൻവാക്യം, ''ഗരൗ ഗിരഃ പല്ലവനാർത്ഥലാഘവേ'' എന്നാണ്. ആവർത്തിച്ചു പന്തലിപ്പിക്കുന്നതും അർത്ഥഗൗരവമില്ലാതാക്കുന്നതും വാങ്മയകലയ്ക്കു രണ്ടു വിഷബാധകളാകുന്നു. ഈ കാവ്യത്തിലെ വാങ്മയ സിരാകൂടത്തിലൊഴുകുന്ന ഭാവരക്തത്തിൽ ഈ വിഷങ്ങൾ അണുമാത്രപോലും കലർന്നിട്ടില്ല.

പത്രവാർത്തയിൽ കഥയേയുള്ളൂ. നാടകീയമായ രംഗവിധാനവും ഭാവചൈതന്യവും കവിയുടെ കല്പനാസൃഷ്ടിയാണ്. ദേവദാസിമാരുടെ കുലത്തിൽ

Digitized By Kerala Sahitya Akademi

പിറന്നു വളർന്ന ഒരുവൾക്ക് കുലാചാരവിരുദ്ധമായ ഒരു ചര്യയോട് ആകർഷണം തോന്നി എന്നവസ്തുത സ്വാഭാവികവും വിശ്വാസ്യവുമാക്കി അവതരിപ്പിക്കുന്നതിലാണ് കവിയുടെ സർഗശക്തി വിജയം നേടേണ്ടത് അതിന്നു തികച്ചും ഉതകുന്ന ഒരു രംഗമാണ് ഒന്നാമതായി സംവിധാനം ചെയ്യേണ്ടത്. കാരണം കൂടാതെ ഒരു കാര്യവും സംഭവിക്കുന്നില്ല. ഗണികാവൃത്തിക്കനുകൂലമായ ഉപദേശങ്ങൾ പതിവായി കൊടുത്തുകൊണ്ടിരിക്കുന്ന മുത്തശ്ശിയുടെ പ്രേരണയെ അധഃകരിക്കുന്ന മറ്റൊരു സുശക്തമായ പ്രേരണയുണ്ടെങ്കിലേ വ്യത്യസ്തമായ ജീവിതവൃത്തിക്കുവേണ്ടിയുള്ള ചമ്പകവല്ലിയുടെ അന്തസ്ത്വര വിശ്വാസ്യവും സ്വാഭാവികവുമായിത്തീരു. ഈ പ്രേരണ തീവ്രമായ ഒരു അഭിനിവേശമായിരിക്കണം. ഈ മനസ്തത്ത്വത്തിൽ ഊന്നിക്കൊണ്ടാണ് മഹാകവി രാമായണപാരായണരംഗം സംവിധാനം ചെയ്തിരിക്കുന്നത്. വീരാരാധന, പ്രേമം, മൈത്രി മുതലായവ മാനവമനസ്സിനെ മാററിമറിക്കുന്ന സുശക്തങ്ങളായ വൈകാരികാവസ്ഥകളാണ്. ചമ്പകവല്ലിക്ക് ഒരു കാമുകനുണ്ടായിരുന്നുവെന്ന് വിഭാവനം ചെയ്താൽ കഥയാകെ മാറും. കുലീനയായ ഒരു കൂട്ടുകാരിയുടെ പ്രേരണ സങ്കല്പിച്ചാലും അപ്രകാരം തന്നെ. കഥയിൽ സംഭവിച്ചതുപോലുള്ള ഒരു ദുരന്തത്തിന്ന് പിന്നെ പ്രസക്തി കുറയും. ഭാരതസ്ത്രീകളുടെ ആരാധ്യദേവതയായ സീതയെ മാതൃകയാക്കാനുള്ള വാസനയെ പ്രേരണാശക്തിയായി വർണിച്ചു ഫലിപ്പിച്ചത് ഈ കാവ്യത്തിലെ ഭാവൗചിത്യത്തിന്ന് ഉറപ്പുററ ഒരടിത്തറയായിത്തീർന്നു. പതിവായി വായിച്ചുപോന്ന കാവ്യവും പ്രധാന കഥാപാത്രവും അവളുടെ അന്തരാത്മാവിലലിഞ്ഞു ചേർന്നു. ഈ വസ്തുത കഥയിലുണ്ടെങ്കിലും അവളുടെ ആരാധനാഭാവത്തിൻെറ ധവളോജ്ജ്വല കാന്തികൊണ്ട് നമ്മുടെ ചേതസ്സിൽ ദീപ്തിചൊരിയാൻ കഴിഞ്ഞത് കവി കല്പനയുടെ വിജയമാണ്. വള്ളത്തോളിൻെറ പ്രധാനപ്പെട്ട നാടകീയ

Digitized By Kerala Sahitya Akademi

ഭാവകാവ്യങ്ങളിലെല്ലാമുണ്ട്. അനാശാസ്യമായ പുരുഷാധിപത്യത്തോട് പ്രതിഷേധിക്കുന്ന സ്ത്രീയുടെ ചിത്രം. 'ഗണപതി'യിലും 'ശിഷ്യനും മകനും' എന്ന കൃതിയിലും പതിയോട് ഏറ്റുമുട്ടുന്ന പത്നി; 'ബന്ധനസ്ഥനായ അനിരുദ്ധ'നിൽ പിതാവിൻെറ അധീശഭാവത്തോട് ഏറ്റുമുട്ടുന്ന പുത്രി; 'മഗ്ദലന മറിയ'ത്തിൽ ദരിദ്രയായ യുവസുന്ദരിയെ അപഥത്തിലേയ്ക്കു തള്ളിവിടുന്ന പുരുഷവർഗ്ഗത്തെ വെറുത്ത് പ്രവാചകൻെറ വിശുദ്ധമാർഗ്ഗത്തിലെത്തുന്ന മറിയം: 'അച്ഛനും മകളും' എന്നകൃതിയിൽ സന്തതിയെ യഥാകാലം സംരക്ഷിക്കാത്ത പിതാവിനോടുള്ള എതിർപ്പ് പ്രകടമാക്കുന്ന പുത്രി—ഇങ്ങനെ വിവിധ രൂപങ്ങളിൽ ആവിഷ്കൃതമാകുന്നഭാവം അടിസ്ഥാനപരമായി ഒന്നാണ്. അനാശാസ്യമായ അധീശത്വത്തോടുള്ള ധിക്കാരം കൂടുതലറിയാൻ 'അധീശത്വത്തിന്നെതിരെ' (നവതരംഗം—എം, ലീലാവതി,) നോക്കുക. മഹാകവിയുടെ ദേശാഭിമാന പ്രധാനമായ കവിതകളിൽ സാമ്രാജ്യശക്തിയോടുള്ള എതിർപ്പായി അവതരിക്കുന്നതും ഈ ഭാവംതന്നെ. കൊച്ചുസീതയിൽ കാമകിങ്കരന്മാരായ പുരുഷന്മാരുടെ അധീശത്വത്തോടുള്ള പ്രതിഷേധമാണ് അവളുടെ ആത്മഹത്യ. ഇവിടെ സവിശേഷശ്രദ്ധ പതിയേണ്ടുന്ന ഒരു വസ്തുതയുണ്ട്. അതിതാണ്: സ്നേഹപ്രേരിതമായ ഭർത്തൃഭാവത്തെയല്ല, അനാശാസ്യമായ അധീശത്വത്തെയാണ് മഹാകവി വിമർശിച്ചത്. 'കൊച്ചുസീത'യിൽ വിനാശകമായ അധീശത്വത്തോടുള്ള ധർഷണം പ്രേമപാത്രമാവുന്ന ഒരു പുരുഷനോടുള്ള വിധേയതയുടെ മറുവശം മാത്രമാണ്. രണ്ടുതരം സ്വാതന്ത്ര്യബോധങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിന്നും കവി ഈ കൃതിയിൽ കളമൊരുക്കിയിട്ടുണ്ട്. കാമകിങ്കരന്മാരുടെ അഭിലാഷ പൂരണത്തിന്നായി അവരുടെ 'പാവയായാടുവാൻ' ഒരുങ്ങുന്നതാണ് ചമ്പകവല്ലിയുടെ ദൃഷ്ടിയിൽ പാരതന്ത്ര്യം; ദേവദാസിയെന്ന 'പാവനപദം' മാത്രമേയുള്ളു. ഫലത്തിൽ

Digitized By Kerala Sahitya Akademi

മാനവദാസികളാണ്-'' പാഴ്‌വിടന്മാരുടെ പാവയായാടുക'' (കോവിലിൽ നൃത്തമാടുവാനല്ലാതെ പാഴ്‌വിടന്മാർക്ക് പാവയായാടുവാൻ ഞാനൊരുങ്ങീല-3, 4) എന്ന് ചമ്പകവല്ലി വിവരിക്കുന്ന ജീവിതരീതിയെ മുത്തശ്ശി വിശേഷിപ്പിക്കുന്നത് 'പുമ്മാനസങ്ങളെ നൃത്തമാടിക്കൽ' എന്നാണ്. അവരുടെ നോട്ടത്തിൽ പതിവ്രതാഭാവും ചാരിത്രബോധവും ആണ് പാരതന്ത്ര്യം. അവയുടെ ചരടുകൾകൊണ്ട് പുരുഷന്മാർ സ്ത്രീകളെ മൊച്ചക്കുരങ്ങുകളെയെന്നപോലെ കെട്ടിയിട്ടുകളിപ്പിക്കുന്നു. മുത്തശ്ശിയുടെ ഈ സർവതന്ത്ര സ്വാതന്ത്ര്യബോധം, സ്ത്രീവിമോചന പ്രസ്ഥാനങ്ങളിൽ, ലൈംഗികസ്വാതന്ത്ര്യം, വിവാഹ നിന്ദനം, മാതൃത്വവിദ്വേഷം എന്നിവയെ ലക്ഷ്യങ്ങളാക്കുന്ന ഒരു വിഭാഗത്തിന്റെ ആധുനികദർശനത്തോടടുത്തിരിക്കുന്നു. ചമ്പകവല്ലിയുടെ വീക്ഷണത്തിലുള്ള സ്ത്രീവിമോചനം അതല്ല. കാമകിങ്കരന്മാരായ പുരുഷന്മാരുടെ സ്വാർത്ഥതാത്പര്യങ്ങൾ മുത്തശ്ശിയെപ്പോലുള്ളവരുടെ വീക്ഷണത്തെ വികലമാക്കുകയും 'വെണ്മയെ കറുപ്പായും നന്മയെ തിന്മയായും' കാണുന്ന ശീലം വളർത്തുകയും (3-15) ചെയ്തു എന്നറിയുന്ന അവൾ ചിരകാലമായി അരക്കിട്ടുറപ്പിച്ച ആ വീക്ഷണ വൈകല്യത്തോടു പൊരുതിമരിയ്ക്കുന്ന രക്തസാക്ഷിയാവാനാണ്, അതിന്നു കീഴടങ്ങി നശിക്കാനല്ല ഇഷ്ടപ്പെട്ടത്. അവൾക്ക് ഈ പുതിയ വീക്ഷണവും പുതിയ സ്വാതന്ത്ര്യബോധവും നല്കിയ ഗുരു ആരാണ്? രാമായണകാവ്യവും രാമായണത്തിലെ സീതയും. ഏകലവ്യൻ ഗുരുവിന്റെ പ്രതിമ പൂജിച്ച് സ്വയം വിദ്യയഭ്യസിച്ചതുപോലെ, രാമായണപാരായണത്തിലൂടെ: സീതാവിഗ്രഹപൂജയിലൂടെ അവൾ നൂതന സംസ്കാരവിദ്യ നേടി.

''സീതയെപ്പോലെ പതിപ്രേമ ചാരിത്ര-
പൂതമാക്കാവു ഞാനെന്നുടെ ജീവിതം!''

എന്ന അഭിലാഷത്തിന്റെ ബീജത്തെ അവളുടെ ആർദ്ര

Digitized By Kerala Sahitya Akademi

വും സന്നദ്ധവുമായ ചേതസ്സിന്നു പാകിയത് രാമായണകാവ്യമാണ്. മഹത്തായ സാഹിത്യകൃതികൾ മനുഷ്യമനസ്സിനെ സംസ്കരിക്കുന്നു. അവയിലെ ഉദാത്ത ജീവിതമാതൃകകൾ ചിലപ്പോൾ ജീവനുള്ള മഹാത്മാക്കളേക്കാൾ കൂടുതൽ വ്യക്തികളെ സ്വാധീനിക്കുന്നു. വിശേഷിച്ചും വിടരുന്ന കൗമാരദശയിൽ ഈദൃശപ്രേരണശക്തികൾ ആഴത്തിൽ വേരോടും. ഹരിശ്ചന്ദ്രന്റെ കഥ കൗമാരത്തിൽ തന്റെ ആത്മാവിൽ പുതിയ പ്രകാശം വിതച്ച കഥ ഗാന്ധിജി രേഖപ്പെടുത്തിയിട്ടുണ്ട്.

രാമായണപാരായണം ഇന്ന് 'മല്ലീശരന്റെ ഒടിഞ്ഞ വില്ലായി'ത്തീർന്ന ആ മുത്തശ്ശിയുടെ കൗമാരത്തിലും ദിനകൃത്യങ്ങളിലൊന്നായിരിക്കണം. നർത്തനം, ഗാനാലാപനം എന്നീ കലകളിൽ വൈദഗ്ദ്ധ്യം നേടുന്നത് ദേവദാസികളുടെ ജീവിതശൈലിയിൽ അനിവാര്യമാണ്. പുമ്മാനസങ്ങളെ നൃത്തമാടിക്കാൻ വടിവൊത്ത കോമളശരീരവും നർത്തനനൈപുണ്യവും കോമളശാരീരത്തിലുള്ള ഗാനാലാപനമാധുര്യവും മററും വേണം. വഴിപോക്കർ ഉച്ചക്കൊടുംവെയിലിന്റെ ഉഗ്രതാപം മറന്ന്, വെണ്ണിലാവിലെന്നപോലെ കാവ്യഗാനാമൃതമാധുര്യം നുകർന്ന് സ്തബ്ധരായി നിന്നുപോകുന്ന ചിത്രം നാം കൊച്ചുസീതയുടെ പ്രാരംഭപേദ്യങ്ങളിലെ അർത്ഥധ്വനിയിൽ കാണുന്നുണ്ട്. (സൂര്യൻ നിശ്ചലം നിന്നുപോയോ എന്നു തോന്നുമെന്ന ഉൽപ്രേക്ഷയിലും മുഖചന്ദ്രനിൽനിന്നൊഴുകുന്ന ഗാനാമൃതം കൊടുംവെയിലിനെ വെണ്ണിലാവാക്കിയെന്ന രൂപകാനുപ്രാണിതമായ ഉത്പ്രേക്ഷയിലും ഈ വ്യംഗ്യം ഉണ്ട്) ചമ്പകവല്ലിയുടെ മുത്തശ്ശിയും സ്വന്തം കൗമാരത്തിൽ രാമായണ ഗാനാലാപമാധുരികൊണ്ട് വഴിപോക്കരെ സ്തബ്ധരാക്കിയിട്ടുണ്ടാവും. എങ്കിലും സീതയെപ്പോലെ പതിപ്രേമവും ചാരിത്രവുംകൊണ്ടു വിശുദ്ധമായ ജീവിതത്തിന്നു വേണ്ടിയുള്ള തൃഷ്ണ അവളുടെ മനസ്സിൽ നീറിപ്പിടിച്ചില്ല. ആർദ്രവും സന്നദ്ധ

Digitized By Kerala Sahitya Akademi

വുമായ മണ്ണിൽ പാകിയ വിത്തേ മുളച്ചു വളരുകയുള്ളു. പാറപ്പുറത്ത് എറിയുന്നവ കരിഞ്ഞുപോകും. മുൻതലമുറകളുടെ തീവ്രാഭിനിവേശങ്ങൾക്ക് കടകവിരുദ്ധമായ വൈകാരിക പ്രതികരണങ്ങൾ പിൻതലമുറകളിലുണ്ടാവുക എന്ന പ്രതിഭാസം ജീവിതത്തിലെ വൈരുദ്ധ്യാത്മക സത്യങ്ങളിലൊന്നാണ്. നാസ്തികനായ ഹിരണ്യന്റെ പുത്രനാണ് ആസ്തികരിലാദ്യനായ പ്രഹ്ലാദൻ. ഹിരണ്യായനമഃ (ഹിരണ്യം—സ്വർണം; സമ്പത്ത്) എന്നു ജപിച്ച ഒരു തലമുറയുടെ പിമ്പെ 'ഹരേ! കൃഷ്ണ' ജപിച്ച് തെരുവിലേക്കിറങ്ങിയ, നിഷ്കിഞ്ചനതയെ പുല്കിയ ഒരു തലമുറ വളർന്നത് അടുത്ത കാലത്ത് അമേരിക്കയിൽക്കണ്ട ഒരു ചരിത്രപ്രതിഭാസമാണ്. ഗണികാവൃത്തിയോടു വൈരാഗ്യമുള്ള മാനസികപ്രവണതയുള്ളവളായിരുന്നു ചമ്പകവല്ലി. അതിന്റെ പിന്നിലുള്ള തത്ത്വം മുൻപറഞ്ഞ വൈരുദ്ധ്യാത്മക പ്രതികരണമാണ്. അതിലൈംഗികജീവിതത്തോട് അവൾക്ക് അറപ്പും വെറുപ്പും തോന്നി എന്നതിന് വൈവാഹിക ജീവിതത്തിന്നർഹയോ അശക്തയോ ആക്കുന്ന മനോവൈകല്യങ്ങളെന്തെങ്കിലും ഉണ്ടായിരുന്നെന്ന അർത്ഥമൊന്നുമില്ല. നല്ലൊരു പുരുഷനെ വിവാഹം ചെയ്ത് മാന്യമായ ഒരു കുടുംബജീവിതം നയിക്കാൻ അവൾ കൊതിച്ചു. പക്ഷേ ഗണികയുടെ കുലത്തിൽ പിറന്ന ഒരുവൾക്ക് അതിന്നർഹതയില്ലെന്നു സമുദായം വിധിച്ചു. ഈ വിധിക്കു വഴങ്ങുന്നതാണ് അടിമത്തമെന്ന് അവൾ ഉറച്ചു. സീതയെ മനസാ പൂജിച്ചുംകൊണ്ട് ആത്യന്തികമായ ത്യാഗത്തിന്നു വേണ്ടുന്ന കരുത്ത് അവൾ നേടി.

പുരുഷസമൂഹത്തിന്റെ സ്വാർത്ഥതാത്പര്യങ്ങൾക്ക് അടിമപ്പെട്ടു നശിക്കാൻ ഒരുക്കമില്ല എന്ന അവളുടെ ശാഠ്യത്തെ മുത്തശ്ശി നേരിടുന്നത് പുരുഷന്റെ സ്വാർത്ഥലക്ഷ്യങ്ങൾക്കടിമപ്പെട്ടു രക്തസാക്ഷിയാവുന്ന ചാരിത്രവതിയുടെ പരിത്രമെന്ന മൂർച്ചയുള്ള ആയുധം കൊണ്ടാണ്. സീത കണവന്റെ പിന്നാ

Digitized By Kerala Sahitya Akademi

ലെ നടന്നു; ഉച്ചണ്ഡ കാനനപ്പുൽപരപ്പിനെ പച്ച നീരാളത്തിരുമെത്തയാക്കി; കൈലാസംകൊണ്ടു പന്താടിയ കൈകരംക്കു പോലും അവളുടെ സുസ്ഥിര ചിത്തത്തെ ഇളക്കാൻ കഴിഞ്ഞില്ല; അവളുടെ ചാരിത്രാഗ്നിയിൽ തീയും തണുത്തുപോയി — ഇവയൊക്കെ അവളെ ആരാധിക്കാനുള്ള പ്രേരണയെ കൊളുത്തിക്കൊടുക്കുന്ന മഹത്വതേജഃപുഞ്ജങ്ങളാണെന്നു കണ്ട്, മുത്തശ്ശി ആ സീതയ്ക്കുണ്ടായ വിധിപരിണതി ചൂണ്ടിക്കാണിച്ചു കൊണ്ടാണ് ആരാധനയുടെ പൊള്ളത്തം തെളിയിക്കാൻ ശ്രമിക്കുന്നത്. പത്തും തികഞ്ഞനാറം വന്യമൃഗങ്ങരം നിറഞ്ഞ കൊടുങ്കാട്ടിൽ സീത പരിത്യക്തയായില്ലേ? അതു ചെയ്ത സ്വാർത്ഥിയും കഠിനഹൃദയനുമായ പുരുഷനെപ്പോലുള്ള ഒരു പതിയെ കിട്ടാൻ ബുദ്ധിയുള്ള ഏതൊരു കുമാരിയെങ്കിലും തപസ്സു ചെയ്യുമോ? മുത്തശ്ശിയുടെ ഈ ആയുധത്തിന്നുള്ള മൂർച്ച കൊടിയതാണ്. എങ്കിലും സീതാവിഗ്രഹത്തെ അവളുടെ ചേതസ്സിൽ നിന്നു പിഴുതു കളയാൻ ഈ ആയുധം പര്യാപ്തമായില്ല. ഭോഗത്യാഗം എന്ന യജ്ഞാഗ്നി അവളുടെ ഉള്ളിൽ ഉണ്ട്. സീതാപരിത്യാഗം ഉത്തമപുരുഷൻെറ ഭോഗത്യാഗവും പ്രജാഹിതപരിപാലനത്തെ പരമധർമ്മമായി കാണുന്ന രാജാവിൻെറ സ്വാർത്ഥത്യാഗവുമായിരുന്നെന്നു വിശ്വസിക്കുന്ന വിഭാഗത്തിൻെറ കൂടെ നില്ക്കാൻ സ്വന്തം ഉള്ളിലുള്ള യജ്ഞാഗ്നി അവളെ ശക്തയാക്കി—അങ്ങനെ ‘‘വേശത്തെരുവിൽ ചാരിത്ര സൗരഭം’’ എന്ന വൈരുധ്യം ഒരു യാഥാർത്ഥ്യമായി- ഈ വൈരുധ്യത്തെ മുൻ വിവരിച്ചതുപോലുള്ള ചരിത്രപരമായ വൈകാരിക പ്രതികരണമായിട്ടല്ല വള്ളത്തോരം കാണുന്നത്. ഭാരതീയ പാരമ്പര്യത്തിൻെറ വൈരുദ്ധ്യാത്മകമായ മഹത്വപൂർണ്ണ പ്രതിഭാസങ്ങളിലൊന്നായിട്ടാണ്. ഋഷിഭൂമിയിൽ മാത്രമേ പോർക്കളത്തിൽനിന്ന് നിഷ്കാമ കർമ്മയോഗതത്ത്വം പിറക്കുക (ഭഗവത്ഗീത) എന്ന അത്ഭുതം സംഭവിക്കൂ. അതുപോലെ, വേടക്കുടിലിൽ

Digitized By Kerala Sahitya Akademi

പിറന്ന ബ്രാഹ്മണ്യത്തിൻെറ (വാല്മീകി) ചൈതന്യത്തിൽ നിന്നാണല്ലോ രാമായണകാവ്യംതന്നെ ഉറപ്പെട്ടുത്തത്. (1-9) ഭാരത മഹത്വ പ്രകീർത്തനത്തിന്ന് കിട്ടുന്ന സന്ദർഭങ്ങളൊന്നും മഹാകവി വിട്ടുകളയാറില്ല. വൈരുധ്യങ്ങൾ ഉത്കർഷോന്മുഖമാവുമ്പോൾ അവ മഹത്വസങ്കീർത്തനത്തിന്നു തെളിവുകളാവുമെങ്കിലും മറിച്ചു സംഭവിച്ചാൽ വാഴ്ത്തലിന്നു പ്രസക്തി നഷ്ടപ്പെടും. അതുകൊണ്ട്, സംഭവങ്ങളുടേയും കഥാപാത്ര സ്വഭാവങ്ങളുടേയും യുക്തിയുക്തമായ വിശ്വാസ്യതയന്വേഷിക്കാൻ ബാധ്യസ്ഥരായ ആസ്വാദക വ്യാഖ്യാതൃസമൂഹത്തിന്ന് മനോരഹസ്യ നിഷ്ഠമായ ജീവിത പ്രതിഭാസങ്ങളാണ്, 'അത്ഭുത'ങ്ങളല്ല, രസനീയതയ്ക്കാലംബമായ സത്യങ്ങളായി അനുഭവപ്പെടുക.

രണ്ടുതരം സ്വാതന്ത്ര്യബോധങ്ങൾ തമ്മിലുള്ള ഏററുമുട്ടൽ എന്ന നിലയ്ക്ക് കൊച്ചുസീതയിലെ ഒന്നാം ഖണ്ഡത്തിനുള്ള നാടകീയ സൗന്ദര്യം അനുപമമാണ്. ഈ ഏററുമുട്ടലിൻെറ പ്രസക്തി കാലഹരണപ്പെട്ടിട്ടില്ല. ഇതിന്നു കാരണം ദേവദാസിയെന്ന വർഗ്ഗമില്ലെങ്കിലും, "ലോകത്തിലെ ഏററവും പ്രാചീനമായ തൊഴിൽ" എന്ന് പരിഹാസപൂർവ്വം പരാമർശിക്കാറുള്ള വ്യഭിചാരവൃത്തി ലോകത്തെങ്ങും നിലനിന്നുപോരുന്നുവെന്നതും കൂടിയാണെന്ന് മുമ്പെ വ്യക്തമാക്കിയല്ലോ. മണിപ്രവാളസാഹിത്യത്തിലെ ഗണികാപദാനശാഖ പരിശോധിച്ചാൽ സ്വൈരിണീത്വത്തെ വാഴ്ത്തുന്ന ഒരു സമീപനം ഇവിടെ നിലനിന്നുപോന്നിട്ടുണ്ടെന്നും വ്യക്തമാകും. വൈശികതന്ത്രം മുതലായ കൃതികളുടെ വഴിപിടിച്ച് വെണ്മണി കാലഘട്ടത്തിൽ കവികൾ ധാരാളം അംബോപദേശങ്ങളെഴുതിയിട്ടുണ്ട്. വള്ള

Digitized By Kerala Sahitya Akademi

ത്തോരം അതിന്നു മുതിർന്നിട്ടില്ല. നേരെ മറിച്ച്, സ്വൈരിണീത്വം സ്വാതന്ത്ര്യമല്ല എന്നു സ്ഥാപിച്ച് നവയുഗ വിശുദ്ധസംസ്കാരത്തിൻെറ കാഹള വാദക നാവാൻ അദ്ദേഹം തൃഷ്ണ പൂണ്ടു. തൻെറ കഥാപാത്ര മായ മുത്തശ്ശി നല്കിയ അംബോപദേശത്തെ "കിഴവി യുടെ തെറിപ്പാക്കു ചവയ്ക്കലെന്നാ"ണദ്ദേഹം വിശേ ഷിപ്പിച്ചത്. (2-1) എങ്കിലും സ്ത്രീവിമോചന പ്രസ്ഥാനത്തിലെ ആത്യന്തികവാദക്കാരുടെ ആശയങ്ങ ളെക്കാരം മൂർച്ചയുള്ള വിചാരങ്ങരം മുത്തശ്ശിയുടെ ആവ നാഴിയിലുണ്ട്. ദേവദാസികരം പുരുഷന്മാരുടെ പാവ കളായി ആടുന്നവരല്ല; പുരുഷന്മാരെ പാവകളാക്കി ആടിക്കുന്നവരാണ്; സമുദായത്തിലെ ഏററവും ഉന്നതർ പോലും അവരെ ആദരിക്കുന്നു; രാഗദ്വേഷങ്ങരംക്കതീ തരായ വാരാംഗനകരം ജിതേന്ദ്രിയന്മാരുടെ ഉയർന്നനില പ്രാപിച്ചവരാണ്; വാരനാരി നദിപോലെയാണ്; ആരെ യും മുഴുകിക്കും. ആരിലും മുഴുകുകയില്ല; ഗർഭിണി യായ സീതയെ പരിത്യജിച്ച രാമനെപ്പോലുള്ള പതി കളെ വിശ്വസിക്കുന്നത് മൗഢ്യമാണ്; സ്ത്രീകളെ കുരങ്ങുകളിപ്പിക്കാൻ പുരുഷന്മാരുണ്ടാക്കിയ അടിമച്ച ങ്ങലയുടെ പേരാണ് സതീധർമ്മം; കാമൻ ദഹിച്ചതി ൻെറ ചാരമാണ് ചാരിത്രം; ചന്ദനച്ചാറണിയേണ്ട യൗവ നക്കുമ്പിൽ ആ ഭസ്മം പൂശാമോ? ജീവിതം ഭോഗത്തി നുള്ളതാണ്; ത്യാഗത്തിനുള്ളതല്ല. ഇഹലോകം ചീഞ്ഞു പരലോകത്തിന്നു വളമായിട്ടെന്തു കാര്യം? ഉണ്ടോ ഇല്ല യോ എന്നറിയാത്ത 'പര'ത്തിന്നുവേണ്ടി കയ്യിൽ കിട്ടിയ 'ഇഹ'ത്തെ നശിപ്പിക്കാമോ? പാതിവ്രത്യംകൊണ്ട് ഉദ്ഗ തിയുണ്ടാവില്ല. നേരെമറിച്ച് വിശ്വം വെല്ലുന്ന കടക്ക ണ്ണൊന്നിളക്കിയാൽ സമ്പത്തു കാൽക്കൽ കുമിഞ്ഞു

Digitized By Kerala Sahitya Akademi

കൂടും; സൗന്ദര്യം ഈശ്വരന്റെ വരമാണ്; അതു കിട്ടാത്തവർക്ക് പാതിവ്രത്യം കൊള്ളാം. കാൽകീഴിൽ വീണുരുളാൻ തയ്യാറായി എത്രയോ അഴകിയ രാവണന്മാർ കാത്തുകെട്ടികിടക്കുമ്പോൾ വിശ്വസുന്ദരിയായ ഒരുവൾ ഒരേയൊരു പുരുഷന്റെ അടിമയായടിയുന്നതെന്തിന്?''

ഇത്തരം ചിന്തകൾ മനസ്സിലുദിക്കുകയും അവ നിർദ്ദേശിക്കുന്ന ജീവിതചര്യയോട് മനസ്സ് ഇണങ്ങുകയും ചെയ്യുന്ന ഒരു വ്യക്തി ഒരുവനു കീഴടങ്ങിക്കഴിഞ്ഞുകൂടുന്നത് പാതിവ്രത്യമല്ല; മററു ഗതികളില്ലാത്തതുകൊണ്ട് സഹിക്കുന്ന അടിമത്തമാണ്. തികഞ്ഞ ആത്മവഞ്ചനയുമാണ്. പാതിവ്രത്യം ഗതികെട്ടവരുടെ അബലാത്വമല്ല; സ്നേഹചോദിതമായ നിഷ്ഠയുടെ പ്രബലതയാണ്. അതുള്ളവരെ സംബന്ധിച്ചിടത്തോളം മുത്തശ്ശി ഉന്നയിച്ച വാദങ്ങളും ചോദ്യങ്ങളും ഉത്ഭവിക്കുന്നതേയില്ല. അതുകൊണ്ട് അവയ്ക്കു മറുപടി തേടേണ്ടതുമില്ല. എല്ലാംകേട്ട് ചമ്പകവല്ലി ഒരക്ഷരം മറുപടിയരുളാത്തതിന്റെ ധ്വനിസൗന്ദര്യം അതാണ്. പ്രേമപരിശുദ്ധിക്കുവേണ്ടി മറെറന്തും ത്യജിക്കുക എന്ന തത്വശാസ്ത്രം മുത്തശ്ശിക്കോ, ധനാർജനത്തെ പരമജീവിതമൂല്യമായിക്കാണുന്നതത്ത്വശാസ്ത്രം ചമ്പകവല്ലിക്കോ മനസ്സിലാവില്ല. അവരുടെ ചേതസ്സുകൾക്കു തമ്മിൽ ഉരിയാട്ടം കുറഞ്ഞുകുറഞ്ഞു വന്നു. ഒരേ ഗൃഹത്തിൽ രണ്ടു ലോകങ്ങളിലായി അവർ കഴിഞ്ഞുകൂടി. പേരക്കിടാവിനെ സ്വന്തം വഴിക്കെത്തിക്കാൻ ചതുരുപായങ്ങളും വൃദ്ധപരീക്ഷിച്ചു നോക്കി. ഫലിച്ചില്ല. വഞ്ചനകൊണ്ടു കീഴ്പ്പെടുത്താനുള്ള വൃദ്ധയുടെ യത്നം ഒരു സ്ഫോടനത്തിൽ കലാശിച്ചു. കനത്ത പണക്കിഴിയുമേന്തി എത്തിയ വിടനിൽനിന്നു രക്ഷപ്രാപിക്കാൻ വേണ്ടി അവൾ വീടുവിട്ട് ഓടിപ്പോയി. രണ്ടാം ഖണ്ഡത്തിൽ പ്രതിപാദിച്ച ഈ സംഭവത്തിന്നും നിറഞ്ഞ നാടകീയചാരുതയുണ്ട്.

Digitized By Kerala Sahitya Akademi

മൂന്നാം ഖണ്ഡത്തിൽ, കാവ്യത്തിന്നാസ്പദമായ കഥയിലെന്നപോലെ, ആത്മഹത്യയെന്ന സംഭവം 'ഒടുക്കത്തെ കുറിപ്പി'ലൂടെയാണ് അനാവൃതമാവുന്നത്. ആ തീരുമാനത്തിലേയ്ക്ക് നായികയെ നയിച്ച വിശേഷ പരിതഃസ്ഥിതികൾ കഥയിലില്ലാത്തതുപോലെ കാവ്യത്തിലും വർണിക്കപ്പെട്ടിട്ടില്ല. കഥയിലെ സംഭവം തെളിവുകളുടെ ബലംകൊണ്ട് വിശ്വാസ്യത നേടിയിട്ടില്ലെന്നു മുമ്പേ സൂചിപ്പിച്ചു. ആ കോട്ടം കാവ്യത്തിൽ പരിഹരിക്കേണ്ടതായിരുന്നു. 'അവൾക്കു മറ്റൊരു പോംവഴിയില്ലായിരുന്നു' എന്ന് തോന്നിക്കും വിധം സാഹചര്യങ്ങൾ സംവിധാനം ചെയ്തിരുന്നെങ്കിൽ ദുരന്തശോകം ഒരു തീവ്രാനുഭൂതിയാക്കാൻ കഴിയുമായിരുന്നു. അവൾ അശ്രുതൂകിക്കൊണ്ടെഴുതിയ കത്താണെന്നു കവി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. (അക്ഷരമിഞ്ഞുകൈവിറയാൽച്ചെരിഞ്ഞശ്രുപാതാൽ നനഞ്ഞുമിരിക്കുന്നു—3, 15) സംഭവത്തിന്റെ സാഹചര്യങ്ങൾ ദാരുണപരിണാമത്തെ സാധൂകരിക്കത്തക്കവണ്ണം സംവിധാനം ചെയ്തിരുന്നെങ്കിൽ വക്താവിന്റെ വികാരാവസ്ഥയുടെ ഇപ്രകാരമുള്ള തെളിവുകൾ വിഭാവനം ചെയ്യേണ്ട ആവശ്യംവരില്ല. അതുപോലെ 'അക്ഷികൾക്ക് അശ്രുബാധയില്ലാത്തവർക്ക്' മാത്രമേ, എഴുത്ത് കരയാതെ വായിച്ചു തീർക്കാൻ കഴിയൂ എന്ന ശപഥത്തോടെ (3-1) ലിഖിതത്തിന്ന് ആമുഖമെഴുതിച്ചേർത്താലും കണ്ണീരൊഴുക്കുണ്ടാവണമെങ്കിൽ കഥ കരുണരസം കരകവിയുന്ന ഒന്നാവണം, അതിന്ന് സഹായിക്കുക ദുരന്തത്തിന്റെ അനിവാര്യസാഹചര്യങ്ങളുടെ വർണ്ണനമാണ്. ഈ എഴുത്തിൽ വർണിച്ച വസ്തുതകളിൽ, വീട്ടിൽനിന്നോടിപ്പോരുംവരെയുള്ള സാഹചര്യങ്ങളുടെ വർണനത്തിലാണ് കരുണത്തിന്നു കൂടുതൽ മിഴിവു കിട്ടിയിരിക്കുന്നത്. അമ്മയില്ലാത്ത കുട്ടിയെ മുത്തശ്ശി പട്ടിണിക്കിട്ട കഥയും മററും ഹൃദയദ്രവീകരണ ക്ഷമമായിരിക്കുന്നു. മാനം കാക്കാൻ വീടുവിട്ടോടിയ കുട്ടി പെട്ടെന്ന് ഉദ്ദീപ്തമായ വികാരവൈവശ്യ

Digitized By Kerala Sahitya Akademi

ത്താൽ കടുംകയ്യു ചെയ്യുകയാണെങ്കിൽ അലഞ്ഞു തിരിഞ്ഞ നാളുകളിലെ അനുഭവങ്ങളെന്തെന്ന ചോദ്യം ഉദ്ഭവിക്കുകയില്ല. അനിഷ്ടമായ വിവാഹത്തിൽ നിന്നു രക്ഷപ്പെടാൻ വേണ്ടി ഓടിപ്പോയ നളിനി (കുമാരനാശാൻെറ കാവ്യത്തിൽ) ആത്മഹത്യയ്ക്കു ശ്രമിച്ചതിൽ അവിശ്വാസ്യത അനുഭവപ്പെടുന്നില്ലല്ലോ. 'കൊച്ചുസീത'യ്ക്കാലംബമായ കഥയിൽ അവരം പല സ്ഥലത്തും സഞ്ചരിച്ചതും കുംഭകോണത്തുവെച്ചു ജഗദ്ഗുരു ശങ്കരാചാര്യരെ കണ്ടതും പറയുന്നുണ്ട്. രണ്ടാമത്തേത് കവിവിട്ടുകളഞ്ഞു. ആത്മീയാചാര്യന്മാർക്കുപോലും വിശുദ്ധയായ അവരംക്ക് രക്ഷാമാർഗ്ഗം നിർദ്ദേശിച്ചു കൊടുക്കാൻ കഴിഞ്ഞില്ല എന്ന അസുഖകരമായ വ്യംഗ്യം ഉദിക്കേണ്ട എന്ന് കവി നിശ്ചയിച്ചിരിക്കാം. ഔചിത്യബോധമാണ് അതിന്നു പ്രേരകമായതെങ്കിൽ അതേ ഔചിത്യബോധംകൊണ്ട് പത്തു ദിവസത്തെ സഞ്ചാര പരിപാടിയേയും ഒഴിവാക്കാമായിരുന്നു. അത് ഒഴിവാക്കാത്ത സ്ഥിതിക്ക് ആ ദിവസങ്ങളിലെ ചില തിക്താനുഭവങ്ങരം വിഭാവനത്തിലൂടെ കൂട്ടിച്ചേർത്ത് കഥയിലെ വിടവ് പൂരിപ്പിച്ച് ഇതിവൃത്തത്തിന് കലാശില്പപരമായ ഭദ്രതയുണ്ടാക്കാമായിരുന്നു. മുമ്പു പറഞ്ഞതുപോലെ ഈ വിടവ് കരുണരസദീപ്തിക്കേ കുറച്ചു മങ്ങലേല്പിച്ചിട്ടുള്ളു. സമൂഹവ്യവസ്ഥിതിയെ വിമർശിക്കുക; അതിനോടുള്ള പ്രതിഷേധത്തിലൂടെ അമർഷം ജ്വലിപ്പിക്കുക എന്ന ലക്ഷ്യങ്ങരം സാക്ഷാത്കരിക്കുന്നതിൽ കാവ്യം വിജയിച്ചു.

മൂന്നാം ഖണ്ഡത്തിൽ ഭാരതസ്ത്രീകളുടെ ഭാവശുദ്ധിയ്ക്കുള്ള മഹിത പാരമ്പര്യത്തിൻെറ പശ്ചാത്തലത്തിൽ (3–34) പില്ക്കാലത്തു സംഭവിച്ച അധഃപതനത്തെയും അതിൻെറ ഒന്നാം കാരണമായ വിടവർഗ്ഗാധീശത്വത്തെയും അപലപിക്കുന്നതിലൂടെ കവി കാലോചിതമായ രണ്ടു കൃത്യങ്ങരംകൂടി ലക്ഷ്യമാക്കുന്നുണ്ട്, ഒന്ന്–നിലവിലുള്ള ദുഷിച്ച സംസ്കാരം

Digitized By Kerala Sahitya Akademi

ഭാരതീയ സാംസ്കാരിക പൈതൃകത്തിലുറപ്പെട്ടതല്ല എന്ന് ഉദ്ബോധിപ്പിക്കുക. രണ്ടു-സമൂഹാർധമായ സ്ത്രീവർഗത്തെ പുരുഷൻെറ ഭോഗോപകരണമെന്ന നിലയിൽ കരുതുന്നിടത്തോളം കാലം യഥാർത്ഥമോചനം ഇല്ല എന്ന് സ്ഥാപിക്കുക. ഇതു രണ്ടും ഇന്ത്യയിലെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൻെറ ഊർജ്ജശേഖരത്തിലുറപ്പെട്ട ആശയങ്ങളായിരുന്നു. ഗതകാല മഹത്വ പ്രകീർത്തനത്തിലൂടെ ആത്മവീര്യം വീണ്ടെടുക്കാനുള്ള പ്രത്യായന വിദ്യ പ്രയോഗിക്കൽ വള്ളത്തോളിൻെറ ദേശാഭിമാനകവിതകളുടെ സാമാന്യ ധർമ്മമായിരുന്നല്ലോ. നിദ്രാണമായ സ്ത്രീശക്തിയുടെ ഉയിർത്തെഴുന്നേല്പിന്നായി കവിതയുടെ മന്ത്രശക്തി പ്രസരിപ്പിക്കുന്നതും, അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ, അടിമത്തത്തിന്നെതിരെ അമ്പെയ്യുന്ന അടരിൻെറ അടവുകളിൽ മുഖ്യമായിരുന്നു. അവയൊക്കെ കാവ്യശില്പചാരുതയുടെ ചെലവിൽ നേടാൻ പുറപ്പെടുകയാണെങ്കിൽ, നേട്ടമേ ഉണ്ടാവില്ലെന്ന കലാമർമ്മജ്ഞത, ആവേശത്തിരക്കിൽ ചിലപ്പോഠ അടിപെട്ടുപോകാം. കൊച്ചുസീതയിലെ ആശയധ്വനനത്തിൽ അതു സംഭവിച്ചിട്ടില്ല. ഗതകാല മഹത്വ പ്രകീർത്തനം അതി വാചാലമായിപ്പോയി എന്ന വിമർശനത്തിന്നു പഴുതില്ലെന്നില്ല. എങ്കിലും "താരകങ്ങളേ, നിങ്ങളിൽ വർത്തിച്ചു പോരുമെൻ മുത്യമുത്തശ്ശിമാരെല്ലാം" എന്നു തുടങ്ങുന്ന ആ അനുസ്മരണത്തിൽ വക്താവിൻെറ വികാരങ്ങഠക്കുള്ള ഊഷ്മളതയും ആത്മാർത്ഥതയും ഭാവയിത്രീ പ്രതിഭയുള്ള ഭാവുകരെ സ്പർശിക്കാതിരിക്കയില്ല. കരുണരസധ്വനിയെക്കുറിച്ച് ഇത്രത്തോളം അവകാശപ്പെടാൻ നിവൃത്തിയുമില്ല.

കല്പനകളും കാവ്യബിംബങ്ങളും ഉക്തിവൈചിത്ര്യങ്ങളും വസ്തു (ആശയ) ധ്വനനത്തിന്നും രസഭാവധ്വനനത്തിന്നും ഉള്ള ഉപായങ്ങളാണ്. അവ ഉപേയങ്ങളല്ല. എങ്കിലും ആ ഉപായങ്ങഠ കൂടാതെ ധ്വനന വിദ്യ സാക്ഷാത്കരിക്കാനാവില്ല. ധ്വനിക്കുന്ന

Digitized By Kerala Sahitya Akademi

വസ്തുഭാവാദികൾ അനുവാചക ചേതസ്സിന്ന് വെളിച്ചവും ചൂടും കാററും പ്രദാനം ചെയ്യുന്ന ചൈതന്യപ്രവാഹമാണെങ്കിൽ അവയെ അനുഭവപ്പെടുത്തത്തക്കവണ്ണം ചൈതന്യത്തെ സംവഹിക്കുന്ന ശലാകയാണ് കല്പനകളും കാവ്യബിംബങ്ങളും ഉക്തിവൈചിത്ര്യങ്ങളുമുൾപ്പെട്ട പദസഞ്ചയം. വള്ളത്തോളിൻെറ കാവ്യബിംബങ്ങളിലും കല്പനാവൈചിത്ര്യങ്ങളിലും വലിയൊരു വിഭാഗം വസ്തുഭാവധ്വനികൾകൊണ്ട് ചൈതന്യവത്തായിരിക്കുന്നു. അവ ചത്ത കമ്പികളാവുന്നില്ല. നിശ്ചലനായി നിന്നുപോകുന്ന സൂര്യൻ; ഗാനാമൃതധാരകൊണ്ട് വെണ്ണിലാവുപോലെയാകുന്ന കൊടുംവെയിൽ; മല്ലീശരൻെറ ഒടിഞ്ഞ വില്ല്, പാട്ടിന്നു കാതോർത്തു നില്ക്കുന്ന വളർത്തുമാൻ, പൂന്തോപ്പിൻെറ നെടുവീർപ്പ്, പർവ്വതംകൊണ്ടു പന്താടിയ കൈകൾക്കുപോലും ഇളക്കാനാവാത്ത സുസ്ഥിരചിത്തം, വാരാംഗനാനദി, മൊച്ചച്ചങ്ങലയായ സതീധർമ്മം, ചാരിത്രമെന്ന ചാരം, ചന്ദനച്ചാറണിയേണ്ടുന്ന യൗവനക്കൂമ്പ്, ഗംഗാജലമെന്ന് പേരൊട്ടിച്ച കള്ളുകുടം, പദേപദേ കാശ്മീരച്ചാറു തളിക്കുന്ന പാടല പാദങ്ങൾ, ചേർക്കുളത്തിലെ ആമ്പൽ, നിലത്തു പരന്ന നിലാവ് പാലെന്നു കരുതി നക്കുന്ന പൂച്ച—ഇങ്ങനെ ഒന്നും രണ്ടും ഖണ്ഡങ്ങളിൽ ഉള്ള കല്പനകൾ സന്ദർഭത്തിനൊത്ത ആശയങ്ങളുടേയും ഭാവങ്ങളുടേയും ധ്വനനംകൊണ്ടാണ് ഹൃദ്യമായിത്തീരുന്നത്. സവിശേഷചമത്കാരങ്ങളൊന്നുമില്ലാതെ പഴകിത്തേഞ്ഞുപോയ ഉപമകളും രൂപകങ്ങളും മററും ഇവയോടൊപ്പം പ്രയോഗിച്ചിട്ടില്ലേ? തീർച്ചയായും ഉണ്ട്. അവ മാത്രമേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ അനുഭവപ്പെടുമായിരുന്ന വിരസത ഒഴിവായിരിക്കുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. പിങ്ഗളപോലുള്ള കൃതികളിൽ കാണുന്ന മട്ടിലുള്ള അംഗോപാംഗവർണ്ണനകളോ, പഴക്കമെണംകൊണ്ട് അരോചകമായിത്തീരുന്ന ഔപമ്യപരമ്പരകളോ ഇല്ല. ഭാവകേന്ദ്രിതമാണ് പ്രായേണ വർണ്ണനങ്ങളെല്ലാം. കണ്ഠം തൊട്ടു

Digitized By Kerala Sahitya Akademi

മാറ് മാറത്തുവച്ച പുസ്തകം മുഖം താഴ്ത്തി കീഴ്വശംകൊണ്ടമർത്തിപ്പിടിച്ച്, മുടി കെട്ടിവച്ചതിന്നു ശേഷം മൂകയായി നടന്നുപോകുന്ന ബാലികയെ ചിത്രണം ചെയ്ത രീതി ഒരു ഉദാഹരണം. താമരപ്പൂപോലുള്ള മുഖം, കൂമ്പിയ മാറിടം, തഴച്ചുവളർന്ന മുടി, ചുവന്ന കാലടി—എല്ലാം വർണിച്ചിട്ടുണ്ട്. പക്ഷേ, ഈ കേശാദിപാദവർണനം ഉപമാനങ്ങൾ തൂക്കിയിടാനുള്ള ഒരു മരവടിയുടേയോ ജീവനില്ലാത്ത ഒരു വടിവൊത്ത വിഗ്രഹത്തിൻേറയോ പ്രതീതി ജനിപ്പിക്കുന്നില്ല. വ്യക്തിയുടെ ചേഷ്ടകളിലും ഭാവങ്ങളിലുമാണ് കവിയുടെ കണ്ണ്. ബാഹ്യതലങ്ങളിലല്ല അമ്പെയ്യുമ്പോൾ ലക്ഷ്യത്തിലൊഴികെ മററുള്ളവയിൽ കണ്ണോടാതിരിക്കുകയെന്ന അർജ്ജുനനൈപുണ്യം ശബ്ദാർത്ഥവിദ്യയിൽ എത്രമാത്രം പ്രസക്തമാണെന്ന് ശക്തിമാന്മാരായ കവികൾ വാസനാബലംകൊണ്ടു തന്നെ അറിയുന്നു. മൂന്നാംഖണ്ഡത്തിൽ, ജീവിതത്തിന്നു വിരാമമിടുന്നതിന്നു മുമ്പ് അകലെത്തിളങ്ങുന്ന താരകങ്ങളുടെ ആത്മാവുകളിലേക്ക് ചമ്പകവല്ലിയുടെ ചേതസ്സു കുതിക്കുന്നതും (നളിനീകാവ്യത്തിലെന്നപോലെ) അവരോട് അവൾ ഭാഷണം ചെയ്യുന്നതും, മൺമറഞ്ഞുപോയ മഹാമാതാക്കളെ അവരിൽ തെളിഞ്ഞു കാണുന്നതും, അമ്മമാരുടെ അങ്കതലത്തിലേയ്ക്കെന്നപോലെ മൃത്യുവിന്നപ്പുറത്തുള്ള തമോലോകത്തിലേയ്ക്കെടുത്തുചാടാൻ വേണ്ടുന്ന കരുത്ത് അവൾ നേടുന്നതും വർണ്ണിക്കുന്ന ഭാഗത്തിന്ന് ഉദാത്തതയുടെ പ്രഭാപരിവേഷം ലഭിച്ചിട്ടുണ്ട്. പുരാവൃത്തങ്ങൾ നേരെ പറയുകയും പുരാണനായികമാരുടെ പേരുവിവരപ്പട്ടിക കൊടുക്കുകയും ചെയ്താൽ ആശയം സമാനമായിരിക്കും. എന്നാൽ 'മൃത്യുദണ്ഡിനെ ക്ലിപ്തദണ്ഡനമസ്കാരമാക്കുക', അർക്കനെ ആജ്ഞാമഹത്വത്താൽ അല്പിൽനിന്നു പൊന്താതെ നിർത്തുക, 'ആർദ്രമാം നോട്ടമേകൊണ്ട് മുഷ്കിനെ ഭസ്മീകരിക്കുക' (നോട്ടം ക്രൂരമല്ല ആർദ്രമായിരുന്നു: എന്നിട്ടും...) 'നാലു കണ്ണു

Digitized By Kerala Sahitya Akademi

നീർത്തുള്ളികൊണ്ട് നാടിന്റെ ദാഹമടക്കുക', പ്രേമ ശുദ്ധികൊണ്ട് നഞ്ഞിനെ യമുനാജലമാക്കുക', 'മാന രക്ഷക്കായി ചെന്താമരപ്പൂക്കുളത്തിലെന്നപോലെ ചെന്തീനാളങ്ങളിൽ മുഴുകുക' — എന്നിങ്ങനെയുള്ള ഹ്രസ്വങ്ങളായ പര്യായോക്തങ്ങളിലൂടെ കഥാകാ സംഗ്രഹിച്ചപ്പോൾ ഭാവോദാത്തതയ്ക്ക് അനുപമഭാസു രതയുളവായി. പുരാവൃത്ത പരാമർശമുള്ളിടത്തൊക്കെ ഉദാത്തതയുടെ ഈ തിളക്കം ഉണ്ടായിക്കോളുമെന്നു കരു തുന്നതു വ്യാമോഹമാണ്. ആശയമുണ്ടായാൽപ്പോരാ, അതിന്നു ഭാവദീപ്തി വേണം എന്ന നിഷ്കർഷശീല മായി ഉറച്ചവർക്കേ ഇത്തരം കലാതന്ത്രങ്ങൾ സ്വാഭാവിക മായി കൈവരൂ.

ചമ്പകവല്ലിയുടെ ആത്മഹത്യ ഭീരുതയല്ല; അട രാടി മരിയ്ക്കുന്നവരുടെ ഗണത്തിലാണവൾ എന്നു സ്ഥാപിക്കാൻ 'ബദ്ധധൈര്യ' (3-23) എന്ന ഒരു വിശേഷണം പോരാത്തതുകൊണ്ട് കവി രാമായണ സീതയുടെ തിരോധാനത്തോടാണ്, മാനരക്ഷക്കു വേണ്ടിയുള്ള ആത്യന്തികകൃത്യമെന്ന നിലയിൽ അതി നെ സദൃശപ്പെടുത്തിയിരിക്കുന്നത്. ഈ ഔപമ്യം പൂർണമായി സാധൂകരിക്കാൻ കഴിയുമായിരുന്നു, പരി ണാമം അനിവാര്യമെന്നു വ്യഞ്ജിക്കുംവിധം പത്തു നാളിലെ അനുഭവം വിഭാവനം ചെയ്തിരുന്നെങ്കിൽ. അതിന്റെ അഭാവത്തെ, ചന്ദ്രനിലെ കളങ്കംപോലെ എന്ന ഉപമയുടെ സഹായത്തോടെ അവഗണിക്കുന്നത് ഭാവ യിത്രീപ്രതിഭയുള്ളവരുടെ ദാക്ഷിണ്യവും ഔദാര്യവു മായിരിക്കും.

കാവ്യമഞ്ജുഷ

വള്ളത്തോൾ

'ക്ലാസിസിസ'ത്തിന്റെ ആഭിജാത്യവും കാല്പനികതയുടെ ശാലീനസൗന്ദര്യവും. ഇവയുടെ ചേർച്ച ഏതു പ്രതിഭാശാലിക്കും വെല്ലുവിളിതന്നെയാണ്. അദൃഷ്ടപൂർവമായ മട്ടിൽ വള്ളത്തോൾ ഇവ ഇണക്കിയിരിക്കുന്നു. 'വിഷ്ണുരമയ്ക്കു, നിശയ്ക്കു ശശാങ്കൻ, ഉമയ്ക്കു ഹരൻ' എന്നു പറഞ്ഞതുപോലെ ഈ ചേർച്ച ഏതു കാവ്യാസ്വാദനകുതുകിക്കും അനർഘനിമിഷങ്ങൾ വാരിക്കോരിക്കൊടുക്കുന്നു. വള്ളത്തോളിനെ കണ്ടെത്തുക, കാവ്യതീർത്ഥാടനത്തിലെ ധന്യമുഹൂർത്തമാണ്. കാവ്യാനന്ദം ബ്രഹ്മാനന്ദസഹോദരമാണ് എന്നൊക്കെ പറയുന്നത് സത്യം മാത്രമാണെന്ന് വള്ളത്തോൾ തെളിയിക്കുന്നു.'

പൂർണ പബ്ലിക്കേഷൻസ്
കോഴിക്കോട്

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi